# ഏതാണ് സത്യമതം?

ഗ്രന്ഥകാരൻ
അബ്ദുറഹ്മാൻ ബ്ൻ ഹമ്മാദ് അൽ ഉമർ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻറെ നാമത്തിൽ

# ആമുഖം

الحمد لله رب العالمين، والصلاة والسلام على جميع رسل الله، وبعد:

രക്ഷയിലേക്കുള്ള ക്ഷണമാണ് ഈ ഗ്രന്ഥം. മനുഷ്യരായി പിറന്ന സർവ്വർക്കും മുൻപിൽ ഞാൻ ഈ ഗ്രന്ഥം മുന്നോട്ടു വെക്കുന്നു. സർവ്വ ശക്തനായ അല്ലാഹു ഇത് മുഖേന അവന്റെ വഴിയിൽ നിന്ന് തെറ്റിപ്പോയവർക്ക് മാർഗദർശനം നൽകട്ടെ! എനിക്കും ഈ ഗ്രന്ഥം പ്രചരിപ്പിക്കാൻ ശ്രമിച്ചവർക്കും അല്ലാഹു പ്രതിഫലം നൽകുകയും ചെയ്യട്ടെ.

ബുദ്ധിയുള്ള മനുഷ്യരേ! ഈ ജീവിതത്തിലും, ഇവിടേക്ക് ശേഷം നിന്നെ കാത്തിരിക്കുന്ന പരലോകജീവിതത്തിലും രക്ഷയും സൗഭാഗ്യവുമാണ് നീ ആഗ്രഹിക്കുന്നത് എങ്കിൽ... നിന്നെ സൃഷ്ടിച്ച നിന്റെ രക്ഷിതാവിനെ അറിയുകയും, അവനിൽ വിശ്വസിക്കുകയും അവനെ മാത്രം ആരാധിക്കുകയും വേണം. അതോടൊപ്പം നിന്നിലേക്കും സർവ്വ മനുഷ്യരിലേക്കും അവൻ നിയോഗിച്ച ദൂതനെ അറിയുകയും, അദ്ദേഹത്തിൽ വിശ്വസിക്കുകയും, ആ പ്രവാചകനെ പിൻപറ്റുകയും ചെയ്യണം. നിന്റെ സ്രഷ്ടാവ് അവതരിപ്പിച്ച ശരിയായ മതം ഏതാണെന്ന് മനസ്സിലാക്കുകയും, അതിൽ നീ വിശ്വസിക്കുകയും, അത് പ്രാവർത്തികമാക്കുകയും വേണം.

അതീവ പ്രാധാന്യമുള്ള ഈ വിഷയങ്ങൾ വിവരിക്കുന്ന ഗ്രന്ഥമാണിത്. ഇവ പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നത് നിന്റെ മേൽ നിർബന്ധമാണ്. ചില വിഷയങ്ങളിൽ ആവശ്യമായ കൂടുതൽ വിവരണങ്ങൾ ഞാൻ അടിക്കുറിപ്പുകളായി ചേർക്കുകയും ചെയ്തിട്ടുണ്ട്. അവക്കെല്ലാമുള്ള അവലംബമായി വിശുദ്ധ ഖുർആനിലെ ആയത്തുകളും, നബി -ﷺ- യുടെ ഹദീഥുകളും നൽകിയിട്ടുണ്ട്. ശരിയായ മതവും ആദർശവും ഏതാണെന്ന് തിരിച്ചറിയാനും ഖുർആനും ഹദീഥുമല്ലാതെ മറ്റൊരു വഴിയുമില്ല എന്നതാണല്ലോ യാഥാർത്ഥ്യം?!

അനേകം ജനങ്ങളെ വഴികേടിലാക്കിയ അന്ധമായ തഖ്ലീദ് (അന്ധമായ അനുകരണം) എന്ന അപകടം ഞാൻ ഈ ഗ്രന്ഥത്തിൽ ഉപേക്ഷിച്ചിരിക്കുന്നു. സത്യമാർഗത്തിലാണ് തങ്ങളും നിലകൊള്ളുന്നത് എന്ന് അവകാശപ്പെടുന്ന ചില പിഴച്ച കക്ഷികളെ കുറിച്ചുള്ള താക്കീതുകളും ഈ ഗ്രന്ഥത്തിലുണ്ട്. അറിവില്ലാത്ത പാമരജനങ്ങൾ അത്തരക്കാരുടെ കുതന്ത്രത്തിൽ പെട്ടുപോകാതിരിക്കുന്നതിന് വേണ്ടിയാണ് അതു കൂടി ഉൾപ്പെടുത്തിയത്. അല്ലാഹുവിൽ ഭരമേൽപ്പിച്ചു കൊണ്ട് ഞാൻ ആരംഭിക്കട്ടെ...

ഗ്രന്ഥകർത്താവ്

അബ്ദുർ റഹ്മാൻ ബ്ൻ ഹമ്മാദ് ആലു ഉമർ
പ്രൊഫസർ - മതവിജ്ഞാനീയങ്ങൾ

# അദ്ധ്യായം ഒന്ന്: ഉന്നതനായ സ്രഷ്ടാവിനെ -അല്ലാഹുവിനെ- (1) അറിയുക

ബുദ്ധിമാനായ മനുഷ്യാ! അറിയുക. നിന്നെ ശൂന്യതയിൽ നിന്ന് സൃഷ്ടിക്കുകയും, അനുഗ്രഹങ്ങളുടെ സമുദ്രം നൽകി നിന്നെ വളർത്തുകയും ചെയ്തവനാണ് ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹു. അല്ലാഹു തആലാ(2)യിൽ വിശ്വസിക്കുന്നവരാണ് യഥാർത്ഥ ബുദ്ധിമാന്മാർ. അവർ അവനെ തങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടിട്ടില്ലെങ്കിലും അവനുണ്ട് എന്ന കാര്യം വ്യക്തമായി ബോധ്യപ്പെടുത്തുന്ന അനേകം തെളിവുകൾ അവർ ദർശിച്ചിട്ടുണ്ട്. സർവ്വ പ്രപഞ്ചങ്ങളെയും സൃഷ്ടിച്ചവനും അവയെ നിയന്ത്രിക്കുന്നവനും തങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവാണ് എന്ന് അവർക്ക് ബോധ്യം വരികയും ചെയ്തിട്ടുണ്ട്. ഈ തെളിവുകളിൽ ചിലത് താഴെ പറയാം:

ഒന്ന്:

പ്രപഞ്ചവും മനുഷ്യനും ജീവനുമെല്ലാം അല്ലാഹുവുണ്ട് എന്ന് അറിയിക്കുന്നു. ഈ വസ്തുക്കളെല്ലാം ആരംഭവും അവസാനവുമുള്ളവയാണ്. അവയൊന്നും സ്വയം പര്യാപ്തവുമല്ല. പുതുതായി രൂപപ്പെട്ടതോ, സ്വയം പര്യാപ്തമല്ലാത്തതോ ആയ ഏതൊരു വസ്തുവും സൃഷ്ടിക്കപ്പെട്ടതായിരിക്കണം എന്നത് കേവല ബുദ്ധിയാണ്. സൃഷ്ടികൾക്ക് സ്രഷ്ടാവുണ്ടാവുക എന്നതും അതു പോലെത്തന്നെ. സർവ്വതിനെയും സൃഷ്ടിച്ച ആ രക്ഷിതാവിന്റെ പേരാണ് അല്ലാഹു എന്നത്. സർവ്വ പ്രപഞ്ചത്തെയും സൃഷ്ടിക്കുന്നതും നിയന്ത്രിക്കുന്നതും ഞാനാണെന്ന് അല്ലാഹു തന്നെ നമ്മെ അറിയിച്ചിരിക്കുന്നു. അല്ലാഹു നിയോഗിച്ച അവന്റെ ദൂതന്മാരിലൂടെയും, അവർക്ക് മേൽ അവൻ അവതരിപ്പിച്ച ഗ്രന്ഥങ്ങളിലൂടെയുമാണ് ഇക്കാര്യം അല്ലാഹു അറിയിച്ചത്.

മനുഷ്യരിലേക്ക് നിയോഗിക്കപ്പെട്ട ഈ ദൂതന്മാർ അല്ലാഹുവിന്റെ വചനങ്ങൾ ജനങ്ങൾക്ക് എത്തിച്ചു നൽകിയവരാണ്. അല്ലാഹുവിൽ വിശ്വസിക്കണമെന്നും, അവനെ മാത്രമേ ആരാധിക്കാവൂ എന്നും അവർ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. അല്ലാഹു അവന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ പറഞ്ഞതു നോക്കൂ: "തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറു ദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനത്തിൽ ആരോഹണം ചെയ്തിരിക്കുന്നു. രാത്രിയെകൊണ്ടവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടിച്ചെല്ലുന്നു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും തന്റെ കൽപനക്ക് വിധേയമാക്കപ്പെട്ട നിലയിൽ (അവൻ സൃഷ്ടിച്ചിരിക്കുന്നു). അറിയുക, സൃഷ്ടിപ്പും ശാസനാധികാരവും അവനു തന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു അനുഗ്രഹ സമ്പൂർണ്ണനായിരിക്കുന്നു." (അഅ്റാഫ്: 54)

ഈ ആയത്തിന്റെ ചുരുങ്ങിയ വിശദീകരണം ഇപ്രകാരമാണ്:

അല്ലാഹുവാണ് സർവ്വ ജനങ്ങളുടെയും രക്ഷിതാവ്. അവനാണ് അവരെയെല്ലാം സൃഷ്ടിച്ചത്. ആകാശഭൂമികളെ ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചതും അവൻ തന്നെ. (3) അവൻ സിംഹാസനത്തിന് മുകളിൽ ആരോഹിതനാണെന്നും അല്ലാഹു അറിയിക്കുന്നു. (4)

ആകാശങ്ങൾക്ക് മുകളിലാണ് അല്ലാഹുവിന്റെ സിംഹാസനമുള്ളത്. ഏറ്റവും മുകളിലുള്ളതും, ഏറ്റവും വിശാലമായതുമായ സൃഷ്ടിയാണ് അല്ലാഹുവിന്റെ സിംഹാസനം. അല്ലാഹു ഈ സിംഹാസനത്തിന് (അർശ്) മുകളിലാണ്; അല്ലാഹു അവന്റെ അറിവിനാലും കേൾവിയാലും കാഴ്ചയാലും എല്ലാ സൃഷ്ടികളോടുമൊപ്പമുണ്ട് താനും. അവരുടെ ഒരു കാര്യവും അവന് അവ്യക്തമാവുകയില്ല. പകലിന് മുകളിൽ രാത്രിയെ അതിന്റെ ഇരുട്ട് കൊണ്ട് അവൻ മൂടുന്നു. വേഗതയിൽ അത് പകലിനെ പിന്തുടർന്നെത്തുന്നു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും അവനാണ് സൃഷ്ടിച്ചത്. അവയെല്ലാം അല്ലാഹുവിന്റെ നിശ്ചയപ്രകാരം തങ്ങളുടെ ഭ്രമണപഥങ്ങളിൽ ചുറ്റിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റേതാണ് സർവ്വ സൃഷ്ടികളും; അവന് മാത്രമാണ് സൃഷ്ടികളോട് കൽപ്പിക്കാനുള്ള അധികാരമുള്ളതും. അല്ലാഹു അവന്റെ അസ്തിത്വത്തിലും വിശേഷണങ്ങളിലും അതിമഹോന്നതനും സർവ്വ പൂർണ്ണതയുമുള്ളവനുമാകുന്നു. ലോകങ്ങളുടെ രക്ഷിതാവും, അവയെ സൃഷ്ടിച്ചവനുമാകുന്നു അല്ലാഹു.

അല്ലാഹു പറയുന്നു: "അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യന്നോ, ചന്ദ്രന്നോ നിങ്ങൾ സുജൂദ് (സാഷ്ടാംഗം) ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന്ന് നിങ്ങൾ സുജൂദ് ചെയ്യുക; നിങ്ങൾ അവനെ മാത്രമാണ് ആരാധിക്കുന്നതെങ്കിൽ." (ഫുസ്സിലത്: 37)

ഈ ആയത്തിന്റെ ചുരുങ്ങിയ വിശദീകരണം ഇപ്രകാരമാണ്:

അല്ലാഹുവിനെ കുറിച്ച് അറിയിക്കുന്ന അവന്റെ മഹത്തരമായ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് രാത്രിയും പകലും സൂര്യനും ചന്ദ്രനുമെല്ലാം. സൂര്യനും ചന്ദ്രനും സാഷ്ടാംഗം നമിക്കുന്നതും അവയെ പ്രണമിക്കുന്നതും അല്ലാഹു വിലക്കുന്നു; കാരണം അവ രണ്ടും മറ്റെല്ലാ സൃഷ്ടികളെയും പോലുള്ള സൃഷ്ടികൾ മാത്രമാണ്. സൃഷ്ടിക്കപ്പെട്ട ഒന്നിനെ ആരാധിക്കുക എന്നത് ഒരിക്കലും ശരിയല്ല. സാഷ്ടാംഗം (സുജൂദ്) ചെയ്യുക എന്നത് ആരാധനയുടെ ഇനങ്ങളിൽ പെടുന്ന പ്രവർത്തിയാണ്. അതിനാൽ ഏകനായ അല്ലാഹുവിന് മാത്രം സാഷ്ടാംഗം ചെയ്യാൻ ഈ ആയത്തിലൂടെ അല്ലാഹു മനുഷ്യരോട് കൽപ്പിക്കുന്നു. അല്ലാഹുവിന് മാത്രമേ സുജൂദ് പാടുള്ളൂ എന്ന കാര്യം മറ്റുള്ള പല ആയത്തുകളിലും വന്നിട്ടുണ്ട്. കാരണം അവനാകുന്നു സർവ്വതിന്റെയും സ്രഷ്ടാവും, എല്ലാത്തിനെയും നിയന്ത്രിക്കുന്നവനും, എല്ലാ ആരാധനകൾക്കും അർഹതയുള്ളവനും.

രണ്ട്:

അല്ലാഹു പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചിരിക്കുന്നു. പുരുഷനും സ്ത്രീയുമുണ്ട് എന്നത് അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള തെളിവുകളിലൊന്നാണ്.

മൂന്ന്:

ഭാഷകളിലും നിറങ്ങളിലുമുള്ള വ്യത്യാസം. ഒരേ ശബ്ദമുള്ള രണ്ടു പേരോ, ഒരേ നിറമുള്ള രണ്ട് പേരോ ഇല്ല. മറിച്ച് രണ്ടു പേർക്കുമിടയിൽ വ്യത്യാസങ്ങളും വേർതിരിവുകളും പ്രകടമാണ്.

നാല്:

മനുഷ്യർക്ക് നൽകപ്പെട്ട വിഭവങ്ങളിലുള്ള വ്യത്യാസം. ചിലർ സമ്പന്നരും ചിലർ ദരിദ്രരുമായിരിക്കുന്നു. ചിലർ നേതാക്കളും മറ്റു ചിലർ അനുയായികളുമാണ്. എന്നാൽ ഇവർക്കെല്ലാം ബുദ്ധിയും ചിന്തയും അറിവുമെല്ലാം നൽകപ്പെട്ടിരിക്കുന്നു. പക്ഷേ ഒരു പോലെ പരിശ്രമിച്ചിട്ടും ചിലർക്ക് ലഭിച്ച സമ്പന്നതയും സ്ഥാനങ്ങളും നല്ല ഇണയും മറ്റു ചിലർക്ക് ലഭിക്കുന്നില്ല. ഒരാൾക്കും അല്ലാഹു ഉദ്ദേശിച്ചതിനപ്പുറം ഒന്നും നേടിയെടുക്കാൻ കഴിയുന്നില്ല.

മഹത്തരമായ ഒരു യുക്തി ഈ പറഞ്ഞതിന് പിന്നിലുണ്ട്. അല്ലാഹു സുബ്ഹാനഹു(5) ഉദ്ദേശിച്ച ആ ഹിക്മത് എന്താണ്? മനുഷ്യരിൽ ചിലർ മറ്റു ചിലർക്ക് പരീക്ഷണമാവുക എന്നതാണത്. അവരിൽ ചിലർ മറ്റു ചിലരെ സേവിക്കുന്നതിനും, എല്ലാവരുടെയും പ്രയോജനങ്ങൾ ഇല്ലാതെയാകാതിരിക്കുന്നതിനും വേണ്ടിയുമാണത്.

ഇഹലോകത്ത് വിഭവങ്ങൾ കുറഞ്ഞു പോയവൻ -അല്ലാഹുവിൽ വിശ്വസിച്ചു കൊണ്ടാണ് മരണപ്പെട്ടത് എങ്കിൽ- പരലോകത്ത് അല്ലാഹു അവന് സ്വർഗീയാനുഗ്രഹങ്ങൾ അധികരിപ്പിച്ചു നൽകുന്നതാണ്. അതോടൊപ്പം, ദരിദ്രർക്ക് മാനസികവും ശാരീരികവുമായ ചില മേന്മകൾ ഇഹലോകത്ത് തന്നെ അനുഭവിക്കാൻ സാധിക്കാറുമുണ്ട്; അത് പലപ്പോഴും സമ്പന്നർക്ക് ഉണ്ടായിരിക്കുകയുമില്ല. ഇതെല്ലാം അല്ലാഹുവിന്റെ യുക്തിയുടെയും നീതിയുടെയും ഭാഗമാണ്.

അഞ്ച്:

ഉറക്കവും, സ്വപ്നങ്ങളും. എത്രയോ സ്വപ്നങ്ങളിൽ മനുഷ്യർ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ -സന്തോഷവാർത്തയായോ താക്കീതിന്റെ രൂപത്തിലോ- ദർശിക്കാറുണ്ട്. (അല്ലാഹു ഉണ്ട് എന്നറിയിക്കുന്ന തെളിവുകളിലൊന്നാണ് ഇത്).

ആറ്:

ആത്മാവ്; അല്ലാഹുവിനല്ലാതെ അതിന്റെ യാഥാർത്ഥ്യത്തെ കുറിച്ച് അറിയുകയില്ല.

ഏഴ്:

മനുഷ്യൻ; അവന്റെ ശരീരത്തിലുള്ള അവയവങ്ങളും, പഞ്ചേന്ദ്രിയങ്ങളും നാഡീഞരമ്പുകളും തലച്ചോറും ദഹനശേഷിയും മറ്റുമെല്ലാം.

എട്ട്:

നിർജ്ജീവമായ ഭൂമിയിൽ അല്ലാഹു മഴ ഇറക്കുന്നു. അങ്ങനെ വ്യത്യസ്തമായ നിറങ്ങളിലും രൂപങ്ങളിലും, പല തരം പ്രയോജനങ്ങളും രുചികളും നൽകുന്ന ചെടികളും മരങ്ങളും മുളച്ചു പൊന്തുകയും ചെയ്യുന്നു. നൂറുകണക്കിന് തെളിവുകളിൽ പെട്ട ചിലത് മാത്രമാണ് ഈ പറഞ്ഞതെല്ലാം. അല്ലാഹുവിന്റെ അസ്തിത്വം സ്ഥിരീകരിക്കുന്നതും, അവനാണ് സ്രഷ്ടാവും നിയന്താവുമായ രക്ഷിതാവ് എന്നും സ്ഥിരപ്പെടുത്തുന്ന തെളിവുകളാണിവ.

ഒൻപത്:

അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്ന ശുദ്ധപ്രകൃതി മനുഷ്യരെ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു സ്രഷ്ടാവിൽ വിശ്വസിക്കുന്നുണ്ട്. ആരെങ്കിലും അതിനെ നിഷേധിക്കുന്നു എങ്കിൽ അവൻ സ്വന്തം മനസ്സിന്റെ ചോദനകളെ തന്നെയാണ് നിഷേധിക്കുന്നതും ധിക്കരിക്കുന്നതും. ദൗർഭാഗ്യത്തിലേക്കാണ് അവൻ സ്വന്തത്തെ നയിക്കുന്നത്. കമ്യൂണിസ്റ്റുകാർ (6) ഉദാഹരണം. ഈ ലോകത്ത് അവന്റെ ജീവിതം നിരർത്ഥകമായിരുന്നു; മരണശേഷം അവൻ ചെന്നെത്താനിരിക്കുന്നത് നരകത്തിലേക്കുമാണ്. തന്നെ സൃഷ്ടിച്ച രക്ഷിതാവിനെ നിഷേധിച്ചതിനുള്ള പ്രതിഫലമാണത്; അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും അവനിൽ വിശ്വസിക്കുകയും, ഇസ്ലാം സ്വീകരിക്കുകയും, മുഹമ്മദ് നബി -ﷺ- യെ അനുസരിക്കുകയും ചെയ്യാത്തവരുടെയെല്ലാം അവസ്ഥ ഇപ്രകാരം തന്നെ.

പത്ത്:

ചില സൃഷ്ടികളിൽ കണ്ടെത്താവുന്ന അനുഗ്രഹവും വർദ്ധനവും; ഉദാഹരണത്തിന് ആടുകളിലും മറ്റും കാണപ്പെടുന്നത്. എന്നാൽ അതിന് വിപരീതമായി നായകളിലും പൂച്ചകളിലും ഈ അനുഗ്രഹം കാണപ്പെടുന്നുമില്ല.

***

അല്ലാഹുവിന്റെ ചില വിശേഷണങ്ങൾ നോക്കൂ!

അവൻ ആരംഭമില്ലാത്തവനാണ്; എന്നേയുള്ളവനാണവൻ. എന്നെന്നും ജീവിച്ചിരിക്കുന്ന, അവസാനമോ മരണമോ ഇല്ലാത്തവനാണവൻ. സർവ്വധന്യതയും അവനുണ്ട്; അവൻ സ്വയം നിലനിൽക്കുന്നു; മറ്റൊരാളുടെയും ആവശ്യം അവനില്ല. ഏകനും, യാതൊരു പങ്കുകാരനുമില്ലാത്തവനുമാണ് അല്ലാഹു. അവൻ പറയുന്നു: "(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു സർവ്വരുടെയും ആശ്രയമായ, എന്നാൽ സ്വയം നിരാശ്രയനായ (സ്വമദ്) ആകുന്നു. അവൻ (ആർക്കും) ജന്മം നല്കിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും." (ഇഖ്ലാസ്:1-4)

ഖുർആനിലെ മഹത്തരമായ ഈ അദ്ധ്യായത്തിന്റെ വിശദീകരണം ഇപ്രകാരമാണ്:

അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിച്ചവർ മുഹമ്മദ് നബി -ﷺ- യോട് അല്ലാഹുവിന്റെ വിശേഷണങ്ങളെ കുറിച്ച് ചോദിച്ചു. അപ്പോൾ അവർക്കുള്ള മറുപടിയായി കൊണ്ടാണ് ഈ വചനങ്ങൾ അല്ലാഹു അവതരിപ്പിച്ചത്. ചോദ്യകർത്താക്കളോട് മറുപടിയായി പറയാൻ മുഹമ്മദ് നബി -ﷺ- യോട് അല്ലാഹു കൽപ്പിക്കുന്നു:

അല്ലാഹു ഏകനാണ്; അവന് യാതൊരു പങ്കുകാരനുമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും സർവ്വതിനെയും നിയന്ത്രിക്കുന്നവനുമാണ്. സർവ്വ പ്രപഞ്ചവും മനുഷ്യരും എല്ലാ വസ്തുക്കളും അവനിലേക്ക് ആശ്രിതരാണ്. മനുഷ്യരെല്ലാം തങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്നതിന് അവരുടെ സ്രഷ്ടാവായ അല്ലാഹുവിലേക്ക് മാത്രമാണ് മടങ്ങേണ്ടത്.

അവൻ ആരുടെയെങ്കിലും സന്താനമോ, ആരുടെയെങ്കിലും പിതാവോ അല്ല. അവന് ഒരു പുത്രനോ പുത്രിയോ പിതാവോ മാതാവോ ഇല്ല. മറിച്ച്, അവയൊന്നും തനിക്കില്ലെന്ന കാര്യം ഏറ്റവും ശക്തമായ രൂപത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. കാരണം മക്കളുണ്ടാവുക എന്നതും തലമുറകൾ തുടർന്നു വരിക എന്നതുമെല്ലാം സൃഷ്ടികളുടെ മാത്രം വിശേഷണമാണ്. ഈസാ അല്ലാഹുവിന്റെ സന്താനമാണെന്ന് വാദിച്ച നസ്വാറാക്കൾക്കും, ഉസൈർ അല്ലാഹുവിന്റെ സന്താനമാണെന്ന് വാദിച്ച യഹൂദർക്കും, മലക്കുകൾ അല്ലാഹുവിന്റെ പെണ്മക്കളാണെന്ന് ജൽപ്പിച്ചവർക്കും അല്ലാഹു ശക്തമായ ഭാഷയിൽ മറുപടി നൽകിയിട്ടുണ്ട്. അവരുടെ ഈ വാദത്തിലെ മ്ലേഛതയെ കുറിച്ച് അവൻ ഓർമ്മപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഈസാ -عَلَيْهِ السَّلَامُ- നെ ഒരു പിതാവില്ലാതെ, മാതാവിൽ നിന്ന് മാത്രമായി സൃഷ്ടിച്ചു എന്ന കാര്യം വിശുദ്ധ ഖുർആനിൽ അല്ലാഹു അറിയിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ശക്തിയും കഴിവും ബോധ്യപ്പെടുത്തുന്ന കാര്യമാണത്. മനുഷ്യപിതാവായ ആദം -عَلَيْهِ السَّلَامُ- നെ പിതാവോ മാതാവോ ഇല്ലാതെ അവൻ സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യരുടെ മാതാവായ ഹവ്വാഇനെ ആദമിന്റെ വാരിയെല്ലിൽ നിന്നും അവൻ സൃഷ്ടിച്ചിരിക്കുന്നു. അതിന് ശേഷം മനുഷ്യരെയെല്ലാം പിതാവിന്റെയും മാതാവിന്റെയും ഇന്ദ്രിയങ്ങളിൽ നിന്ന് അവൻ സൃഷ്ടിച്ചിരിക്കുന്നു. ഇതിനെല്ലാം മുൻപ്, സർവ്വ പ്രപഞ്ചത്തെയും അവൻ ശൂന്യതയിൽ നിന്ന് സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. തന്റെ സൃഷ്ടികൾക്ക് ഒരിക്കലും മാറ്റം വരുത്താൻ സാധ്യമല്ലാത്ത കൃത്യമായ നടപടിക്രമം മനുഷ്യരുടെ സന്താനോൽപ്പാദനത്തിനായി അവൻ നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ അവൻ ഉദ്ദേശിച്ചാൽ ഈ നടപടി ക്രമങ്ങളിൽ അവൻ മാറ്റം വരുത്തുന്നതാണ്.

ഈസാ നബി -عَلَيْهِ السَّلَامُ- പിതാവില്ലാതെ ജനിച്ചു എന്നത് പോലെ, അദ്ദേഹം തൊട്ടിലിൽ കിടന്ന് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. മൂസാ നബി -عَلَيْهِ السَّلَامُ- യുടെ ദൃഷ്ടാന്തം അദ്ദേഹത്തിന്റെ കയ്യിലെ വടി സർപ്പമായി മാറുമെന്നതായിരുന്നു. അത് കൊണ്ട് സമുദ്രത്തിൽ അടിച്ചപ്പോൾ അത് രണ്ടായി പിളരുക എന്നതും അദ്ദേഹത്തിന് ലഭിച്ച അത്ഭുത സംഭവങ്ങളിലൊന്നാണ്. മുഹമ്മദ് നബി -ﷺ- ചന്ദ്രനെ പിളർത്തി എന്നത് അവിടുത്തേക്ക് നൽകപ്പെട്ട ദൃഷ്ടാന്തമായിരുന്നു. അവിടുന്ന് നടന്നു പോകുമ്പോൾ വൃക്ഷങ്ങൾ അവിടുത്തേക്ക് സലാം പറയുമായിരുന്നു. ജനങ്ങൾ കേൾക്കുന്ന രൂപത്തിൽ മൃഗങ്ങൾ അവിടുത്തെ പ്രവാചകത്വത്തിൽ സാക്ഷ്യം പറയുമായിരുന്നു. മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുന്നബവിയിലേക്ക് അവിടുന്ന് ബുറാഖ് എന്ന വാഹനപ്പുറത്തേറി യാത്ര ചെയ്യുകയും, ശേഷം ജിബ്രീൽ -عَلَيْهِ السَّلَامُ- എന്ന മലക്കിനോടൊപ്പം ആകാശലോകത്തേക്ക് കയറിപ്പോവുകയും ചെയ്തിട്ടുണ്ട്. അല്ലാഹു അവിടുത്തോട് സംസാരിക്കുകയും, അഞ്ചു നേരത്തെ നിസ്കാരം നിർബന്ധമാക്കപ്പെട്ടതും ഈ വേളയിലാണ്. പിന്നീട് നബി -ﷺ- മസ്ജിദുൽ ഹറമിലേക്ക് തിരിച്ചെത്തുകയും, തന്റെ മടക്കയാത്രക്കിടയിൽ ആകാശലോകത്തുള്ളവരെ കാണുകയും ചെയ്തു. ഇതെല്ലാം പുലരി ഉദിക്കുന്നതിനിടയിൽ, ഒരു രാത്രി കൊണ്ട് സംഭവിച്ച കാര്യമാണ്. ഇസ്രാഅ് മിഅ്റാജ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ സംഭവം വിശുദ്ധ ഖുർആനിലും ഹദീഥുകളിലും ചരിത്രഗ്രന്ഥങ്ങളിലും സ്ഥിരപ്പെട്ട കാര്യമാണ്.

***

വിശുദ്ധ ഖുർആനിലും ഹദീഥുകളിലും പഠിപ്പിക്കപ്പെട്ട മറ്റനേകം അല്ലാഹുവിന്റെ വിശേഷണങ്ങളുണ്ട്. അവയിൽ പെട്ടതാണ്:

1- അല്ലാഹുവിന്റെ കേൾവിയും കാഴ്ച്ചയും അവന്റെ അറിവും ശക്തിയും ഉദ്ദേശ്യവും. അല്ലാഹു എല്ലാ കാര്യങ്ങളും കാണുകയും കേൾക്കുകയും ചെയ്യുന്നു. അവന്റെ കേൾവിയെയോ കാഴ്ച്ചയെയോ മറക്കാവുന്ന ഒരു മറയുമില്ല.

ഗർഭപാത്രങ്ങൾക്കുള്ളിലുള്ളത് അല്ലാഹു അറിയുന്നു. മനുഷ്യർ അവരുടെ ഹൃദയങ്ങളിൽ ഒളിപ്പിച്ചു വെക്കുന്നതും, സംഭവിച്ചു കഴിഞ്ഞതും സംഭവിക്കാനിരിക്കുന്നതുമായ കാര്യങ്ങളും അവൻ അറിയുന്നു. എല്ലാ കാര്യങ്ങളും സാധിക്കുന്നവനാണവൻ; എന്തെങ്കിലുമൊരു കാര്യം ഉണ്ടാകണമെന്ന് അവൻ ഉദ്ദേശിച്ചാൽ ഉണ്ടാകൂ എന്ന് അവൻ പറയേണ്ട താമസം അതുണ്ടാകും.

2- അല്ലാഹു അവൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഉദ്ദേശിക്കുന്ന സന്ദർഭങ്ങളിൽ സംസാരിക്കുന്നവനാണ്. മൂസാ നബി -عَلَيْهِ السَّلَامُ- യോടും, അന്തിമ പ്രവാചകനായ മുഹമ്മദ് നബി -ﷺ- യോടും അവൻ സംസാരിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സംസാരത്തിൽ പെട്ടതാണ് വിശുദ്ധ ഖുർആൻ; അതിലെ വാക്കുകളും അർത്ഥവും അവന്റെ സംസാരം തന്നെ. നബി -ﷺ- ക്ക് മേൽ അവതരിപ്പിക്കപ്പെട്ട ഈ ഗ്രന്ഥം അല്ലാഹുവിന്റെ വിശേഷണങ്ങളിലൊരു വിശേഷണം മാത്രമാണ്. വഴിപിഴച്ച കക്ഷികളിൽ പെട്ട മുഅ്തസലികൾ പറയുന്നത് പോലെ, വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ സൃഷ്ടിയല്ല. (7)

3- അല്ലാഹുവിന്റെ മുഖവും അവന്റെ രണ്ട് കൈകളും, അല്ലാഹുവിന്റെ സിംഹാസനാരോഹണവും, അവൻ ഇറങ്ങിവരും എന്നതും (8), അവന്റെ തൃപ്തിയും കോപവും. അല്ലാഹു തന്റെ വിശ്വാസികളായ ദാസന്മാരെ തൃപ്തിപ്പെടുകയും, നിഷേധികളോടും അല്ലാഹുവിന്റെ കോപത്തിന് കാരണമാകുന്ന കാര്യങ്ങൾ പ്രവർത്തിക്കുന്നവരോടും കോപിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ മറ്റു വിശേഷണങ്ങൾ പോലെയാണ് അവന്റെ കോപവും തൃപ്തിയും. സൃഷ്ടികളുടെ വിശേഷണങ്ങൾക്ക് സമാനമല്ല അതൊന്നും. അതിനാൽ അവന്റെ വിശേഷണങ്ങളെ വ്യാഖ്യാനിക്കുകയോ, അവയുടെ രൂപം പറയുകയോ ചെയ്യരുത്.

അന്ത്യനാളിൽ ജനങ്ങൾ ഒരുമിച്ചുകൂട്ടുന്ന വേളയിലും, സ്വർഗത്തിൽ വെച്ചും വിശ്വാസികൾ അല്ലാഹുവിനെ കാണുന്നതാണ് എന്ന കാര്യവും ഖുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ടിട്ടുണ്ട്. ഇതു പോലെ അല്ലാഹുവിന്റെ അനേകം വിശേഷണങ്ങൾ ഖുർആനിലും നബി -ﷺ- യുടെ ഹദീഥുകളിലും സ്ഥിരപ്പെട്ടിട്ടുണ്ട്.

***

## എന്തിന് വേണ്ടിയാണ് അല്ലാഹു മനുഷ്യരെയും ജിന്നുകളെയും സൃഷ്ടിച്ചത്?

ബുദ്ധിയുള്ള സഹോദരാ! നിന്നെ സൃഷ്ടിച്ചവൻ അല്ലാഹുവാണ് എന്ന കാര്യം നിനക്ക് ബോധ്യപ്പെട്ടാൽ അടുത്തതായി പഠിക്കുക: അല്ലാഹു നിന്നെ വെറുതെ സൃഷ്ടിച്ചതല്ല. മറിച്ച്, അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിന് വേണ്ടിയാണ് അവൻ നിന്നെ സൃഷ്ടിച്ചത്. അല്ലാഹുവിന്റെ ഈ വാക്കുകൾ അതിനുള്ള തെളിവാണ്. "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് (അവർക്കും അതുപോലെ എന്റെ മറ്റു സൃഷ്ടികൾക്കും) ഉപജീവനം ഒന്നും ഉദ്ദേശിക്കുന്നില്ല. അവർ എനിക്ക് (അഥവാ, അവർക്കും അതുപോലെ എന്റെ മറ്റു സൃഷ്ടികൾക്കും) ഭക്ഷണം നൽകണമെന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഏവർക്കും ഉപജീവനം നൽകുന്നവനും ശക്തിയുള്ളവനും ഏറ്റവും കഴിവുള്ളവനും." (ദാരിയാത്ത്: 56-58)

മേലെ നൽകിയ ആയത്തുകളുടെ ഒരു ചുരുങ്ങിയ വിശദീകരണം ഇപ്രകാരമാണ്:

ഒന്നാമത്തെ ആയത്തിൽ: ജിന്നുകളെയും (9) മനുഷ്യരെയും അല്ലാഹുവിനെ ആരാധിക്കുക എന്നതിന് വേണ്ടിയാണ് ഞാൻ സൃഷ്ടിച്ചിരിക്കുന്നത് എന്ന് അല്ലാഹു അറിയിക്കുന്നു. രണ്ടാമത്തെയും മൂന്നാമത്തെയും ആയത്തിൽ തന്റെ സൃഷ്ടികളുടെ യാതൊരു ആവശ്യവും അല്ലാഹുവിന് ഇല്ല എന്നും, അവൻ പരിപൂർണ്ണ ധന്യനാണെന്നും, അവരിൽ നിന്ന് ഉപജീവനമോ ഭക്ഷണമോ അവൻ ഉദ്ദേശിക്കുന്നില്ല എന്നും അല്ലാഹു അറിയിച്ചിരിക്കുന്നു. കാരണം അവനാകുന്നു സർവ്വർക്കും ഉപജീവനം നൽകുന്നവൻ; അവനിൽ നിന്നല്ലാതെ മനുഷ്യർക്കോ മറ്റാർക്കെങ്കിലുമോ യാതൊരു ഉപജീവനവും ലഭിക്കുന്നില്ല. അവനാകുന്നു മഴ വർഷിക്കുന്നവനും ഭൂമിയിൽ നിന്ന് ഭക്ഷണം പുറത്തു കൊണ്ടുവരുന്നവനും.

ഭൂമിയിലുള്ള മറ്റു സൃഷ്ടികളെയെല്ലാം അല്ലാഹു മനുഷ്യർക്ക് വേണ്ടിയാണ് പടച്ചിട്ടുള്ളത്. അല്ലാഹുവിനെ അനുസരിക്കാൻ സഹായകമാവേണ്ടതിനാണ് അവയെല്ലാം ഉള്ളത്. അവന്റെ വിധിവിലക്കുകൾ അവരുടെ കാര്യത്തിൽ മനുഷ്യർ പാലിക്കേണ്ടതുമുണ്ട്. ചുരുക്കത്തിൽ, പ്രപഞ്ചത്തിലെ ഓരോ ചലനവും നിശ്ചലതയും അല്ലാഹു നിശ്ചയിച്ചത് മഹത്തരമായ ലക്ഷ്യത്തോടെയാണ്; വിശുദ്ധ ഖുർആനിൽ അല്ലാഹു അവ വിവരിച്ചിരിക്കുന്നു. ഇസ്ലാമിക വിധിവിലക്കുകളിലെ പാണ്ഡിത്യത്തിന്റെ തോതനുസരിച്ച് ഓരോരുത്തർക്കും അതിൽ ബോധ്യങ്ങൾ നൽകപ്പെടുന്നതാണ്. മനുഷ്യരുടെ ആയുസ്സിലും സമ്പത്തിലും സംഭവങ്ങളിലും ദുരിതങ്ങളിലുമുള്ള വ്യത്യാസങ്ങളിൽ വരെ കൃത്യമായ യുക്തിയും ലക്ഷ്യവുമുണ്ട് എന്നർത്ഥം. അവയെല്ലാം അല്ലാഹുവിന്റെ അനുമതിയോടെ സംഭവിക്കുന്നതാണ്; തന്റെ ബുദ്ധിമാന്മാരായ അടിമകളെ അവൻ അതിലൂടെ പരീക്ഷിക്കുന്നു. ഒരാൾ അല്ലാഹുവിന്റെ വിധിയിൽ തൃപ്തിപ്പെടുകയും, അതിന് കീഴൊതുങ്ങുകയും അല്ലാഹുവിന് തൃപ്തികരമായത് പ്രവർത്തിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ തൃപ്തി അവന് നേടിയെടുക്കാം. ഇഹലോകത്തും മരണശേഷം പരലോകത്തും സൗഭാഗ്യമാണ് അവനെ കാത്തിരിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ വിധിനിർണ്ണയത്തിൽ അതൃപ്തി പുലർത്തുകയും, അതിന് കീഴൊതുങ്ങുകയോ അല്ലാഹുവിനെ അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന ഒരാൾക്ക് ലഭിക്കുന്നത് അല്ലാഹുവിന്റെ കോപമാണ്. ഇഹലോകത്തും പരലോകത്തും ദൗർഭാഗ്യമല്ലാതെ അവനില്ല.

അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടി നാം അവനോട് ചോദിക്കുകയും, അവന്റെ കോപത്തിൽ നിന്ന് അവനോട് നാം രക്ഷ ചോദിക്കുകയും ചെയ്യുന്നു.

***

## മരണത്തിന് ശേഷമുള്ള പുനരുത്ഥാനവും വിചാരണവും, പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമെന്നതും, സ്വർഗനരകങ്ങളും

ബുദ്ധിയുള്ള എന്റെ സുഹൃത്തേ! അല്ലാഹു അവനെ മാത്രം ആരാധിക്കുന്നതിന് വേണ്ടിയാണ് നിന്നെ സൃഷ്ടിച്ചത് എന്ന് നിനക്ക് ബോധ്യമായാൽ നീ അറിയുക: അല്ലാഹു അവന്റെ ദൂതന്മാർക്ക് മേൽ അവതരിപ്പിച്ച എല്ലാ വേദഗ്രന്ഥങ്ങളിലും അറിയിച്ച ഒരു കാര്യമുണ്ട്; മരണശേഷം അവൻ നിന്നെ പുനരുജ്ജീവിപ്പിക്കും എന്നതാണത്. നിന്റെ പ്രവർത്തനങ്ങൾക്ക് അവൻ പ്രതിഫലം നൽകുന്നതാണ്. കാരണം, മനുഷ്യൻ ഭൂമിയിലെ ജീവിതം അവസാനിച്ച ശേഷം പ്രവർത്തനങ്ങളുടെ നശ്വരമായ ലോകത്ത് നിന്ന് യാത്രയാകുന്നത് അനശ്വരമായ പ്രതിഫലത്തിന്റെ ലോകത്തേക്കാണ്. മരണത്തിന് ശേഷമുള്ള ജീവിതമാണത്. അല്ലാഹു മനുഷ്യന് നിശ്ചയിച്ച ആയുസ്സ് അവസാനിച്ചാൽ അല്ലാഹു മരണത്തിന്റെ മലക്കിനോട് അവന്റെ ആത്മാവിനെ പിടികൂടാൻ പറയും. അവന്റെ ശരീരത്തിൽ നിന്ന് ആത്മാവ് പിടികൂടപ്പെട്ടാൽ അവൻ മരണപ്പെടുന്നതാണ്.

ആത്മാവ് വിടപറയുന്ന വേളയിൽ മരണത്തിന്റെ കയ്പ്പ് അനുഭവിച്ചതിന് ശേഷമാണ് അവൻ വിടപറയുക. എന്നാൽ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ച മനുഷ്യന്റെ ആത്മാവ് അവന്റെ മരണശേഷം സ്വർഗത്തിലേക്ക് യാത്രയാകും. നിഷേധികളുടെ -അല്ലാഹുവിനെയും പരലോകത്തെയും നിഷേധിച്ചവരുടെ- ആത്മാവ് മരണശേഷം ശിക്ഷയുടെ ലോകമായ നരകത്തിലേക്കും ചെന്നെത്തും. ഭൂമി അവസാനിക്കുകയും, അന്ത്യനാൾ സംഭവിക്കുകയും, എല്ലാ മനുഷ്യരും ഒന്നടങ്കം മരണപ്പെടുകയും ചെയ്താൽ അല്ലാഹു മാത്രമാണ് പിന്നീട് ബാക്കിയുണ്ടാവുക. ശേഷം അല്ലാഹു സർവ്വ സൃഷ്ടികളെയും ഉയിർത്തെഴുന്നേൽപ്പിക്കും; മൃഗങ്ങൾ വരെ അക്കൂട്ടത്തിൽ പുനരുജ്ജീവിപ്പിക്കപ്പെടുന്നതാണ്. എല്ലാ ആത്മാവും അവയുടെ ശരീരങ്ങളിലേക്ക് മടക്കപ്പെടുകയും, ശരീരം പഴയതു പോലെ അതിന്റെ സൃഷ്ടിപ്പിലേക്ക് മടക്കപ്പെടുകയും ചെയ്യും. മനുഷ്യരെ വിചാരണ ചെയ്യുന്നതിനും, അവർക്ക് പ്രതിഫലം നൽകുന്നതിനും വേണ്ടിയത്രെ ഇതെല്ലാം. പുരുഷനും സ്ത്രീയും, ഭരണാധികാരിയും ഭരണീയനും, സമ്പന്നനും ദരിദ്രനും... എല്ലാവർക്കും പ്രതിഫലം നൽകപ്പെടും. ഒരാളോടും അന്ന് അനീതി കാണിക്കപ്പെടുകയില്ല. അതിക്രമിക്കപ്പെട്ടവന് അതിക്രമിയുടെ അടുത്ത് നിന്ന് പകരം നൽകപ്പെടും. എന്തിനധികം! മറ്റൊരു ജീവിയോട് അതിക്രമം പ്രവർത്തിച്ച മൃഗങ്ങളുടെ കാര്യത്തിൽ വരെ പരിപൂർണ്ണ നീതി നടപ്പിലാക്കപ്പെടും. ശേഷം മനുഷ്യർക്ക് പുറമെയുള്ള ഈ ജീവികളോട് 'നിങ്ങൾ മണ്ണാകൂ' എന്ന് പറയപ്പെടും; അവക്ക് സ്വർഗമോ നരകമോ ഉണ്ടായിരിക്കുന്നതല്ല. മനുഷ്യരിലും ജിന്നുകളിലും പെട്ട സർവ്വർക്കും അവരുടെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പ്രതിഫലം നൽകപ്പെടും. അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ അനുസരിക്കുകയും, അല്ലാഹുവിന്റെ ദൂതന്മാരെ പിൻപറ്റുകയും ചെയ്തവർ സ്വർഗത്തിൽ പ്രവേശിക്കും; അവർ മനുഷ്യരിൽ എത്രതന്നെ ദരിദ്രരായി കഴിഞ്ഞു കൂടിയവരായിരുന്നെങ്കിലും. അല്ലാഹുവിനെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തവർ നരകത്തിൽ പ്രവേശിക്കും; അവൻ ഭൂമിയിലെ ഏറ്റവും വലിയ ധനികനായിരുന്നെങ്കിലും! അല്ലാഹു പറയുന്നു: "നിങ്ങളിൽ അല്ലാഹുവിന്റെ അരികിൽ ഏറ്റവും ആദരണീയർ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠയുള്ളവരാണ്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും ഏറ്റവും സൂക്ഷ്മമായി അറിയുന്നവനുമാകുന്നു." (ഹുജുറാത്: 13)

സ്വർഗമെന്നാൽ സർവ്വ അനുഗ്രഹങ്ങളുടെയും ഗേഹമാണ്. എല്ലാ നിലക്കുള്ള സുഖാനുഗ്രഹങ്ങളും അവിടെയുണ്ട്; അവയുടെ യാഥാർത്ഥ്യം വിശദീകരിക്കാൻ വാക്കുകൾ കൊണ്ട് സാധ്യമല്ല. സ്വർഗത്തിൽ നൂറു പദവികളുണ്ട്; ഓരോ പദവികളിലും അവിടെ വസിക്കുന്നവരുമുണ്ട്. അല്ലാഹുവിലുള്ള ഓരോരുത്തരുടെയും വിശ്വാസത്തിന്റെ ശക്തിയും അവനോടുള്ള അവരുടെ അനുസരണത്തിന്റെ തോതുമനുസരിച്ചാണ് അവരവിടെ ജീവിക്കുക. ഭൂമിയിലെ ഒരു രാജാവിന് നൽകപ്പെട്ടതിന്റെ അനേകം മടങ്ങുകൾ ഇരട്ടിയായിരിക്കും സ്വർഗത്തിലെ ഏറ്റവും താഴെ പദവിയിലുള്ള മനുഷ്യന് നൽകപ്പെടുക. (10)

നരകമാകട്ടെ, മരണശേഷമുള്ള പരലോകത്ത് നിഷേധികളെ കാത്തിരിക്കുന്ന ശിക്ഷയുടെ ലോകമാണത്. അല്ലാഹു നാമേവരെയും അതിൽ നിന്ന് കാത്തുരക്ഷിക്കട്ടെ. ചിന്തിക്കുന്ന ഏതൊരാളുടെ ഹൃദയത്തെയും ഭയവിഹ്വലമാക്കുകയും, ഏതു കണ്ണുകളെയും ഈറനണിയിക്കുകയും ചെയ്യുന്ന വിവിധങ്ങളായ ശിക്ഷകളും ഭീകരതകളും അവിടെ കാത്തിരിക്കുന്നുണ്ട്.

പരലോകത്ത് മരണമെങ്ങാനും ഉണ്ടായിരുന്നുവെങ്കിൽ നരകാവകാശികൾ നരകം കാണുന്നതോടെ തന്നെ മരണം വരിക്കുമായിരുന്നു. എന്നാൽ ഇഹലോകത്ത് നിന്ന് പരലോകത്തേക്കുള്ള യാത്രയിൽ മാത്രമേ മരണം മനുഷ്യൻ നേരിടാൻ പോകുന്നുള്ളൂ. വിശുദ്ധ ഖുർആനിൽ മരണത്തിന്റെ വിശേഷണങ്ങൾ വ്യക്തമായി അല്ലാഹു നൽകിയിട്ടുണ്ട്. അതിന് ശേഷമുള്ള പുനരുത്ഥാനത്തിന്റെയും വിചാരണയുടെയും സ്വർഗനരകങ്ങളുടെയും വിവരണവും ഖുർആനിലുണ്ട്. ഇത്രയും നാം പറഞ്ഞത് ചില സൂചനകൾ മാത്രമാണ്.

മരണത്തിന് ശേഷമുള്ള പുനരുത്ഥാനത്തിന്റെയും വിചാരണയുടെയും പ്രതിഫലത്തിന്റെയും തെളിവുകൾ അനേകമുണ്ട്. അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ പറയുന്നു: "അതിൽ (മണ്ണിൽ) നിന്നാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. അതിലേക്ക് തന്നെ നിങ്ങളെ നാം മടക്കുന്നു. അതിൽ നിന്ന് തന്നെ മറ്റൊരു പ്രാവശ്യം നിങ്ങളെ നാം പുറത്ത് കൊണ്ടു വരികയും ചെയ്യും." (ത്വാഹാ: 55) അല്ലാഹു പറയുന്നു: "അവൻ നമ്മോട് ഒരു ഉപമ പറയുന്നു; തന്റെ സൃഷ്ടിപ്പിനെ കുറിച്ച് അവൻ മറന്നു കളയുകയും ചെയ്തു! അവൻ പറയുന്നു: എല്ലുകൾ ദ്രവിച്ച് പോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നല്കുന്നത്?" (യാസീൻ: 78-79) അല്ലാഹു പറയുന്നു: "തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു. (നബിയേ) പറയുക: അതെ, എന്റെ രക്ഷിതാവിനെ തന്നെയാണ, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു." (തഗാബുൻ: 7)

മേലെ നൽകിയ ആയത്തുകളുടെ ഒരു ചുരുങ്ങിയ വിശദീകരണം താഴെ പറയാം:

1- മനുഷ്യരെ അല്ലാഹു ഭൂമിയിൽ നിന്നാണ് സൃഷ്ടിച്ചത് എന്ന് ഒന്നാമത്തെ ആയത്തിലൂടെ അല്ലാഹു അറിയിക്കുന്നു. മനുഷ്യപിതാവായ ആദമിനെ മണ്ണിൽ നിന്നാണല്ലോ സൃഷ്ടിച്ചത്?! മരണശേഷം മനുഷ്യരെ അല്ലാഹു ഭൂമിയിലേക്ക് -അതായത് ഖബ്റുകളിലേക്ക്- മടക്കുന്നതാണ്; അവർക്കുള്ള ആദരവായി കൊണ്ടാണത്. പിന്നീട് അവിടെ നിന്ന് അവരെ അല്ലാഹു ഉയിർത്തെഴുന്നേൽപ്പിക്കും. അങ്ങനെ മനുഷ്യർ ഖബ്റുകളിൽ നിന്ന് ജീവനോടെ എഴുന്നേറ്റുവരും. ആദ്യത്തെ മനുഷ്യൻ മുതൽ അവസാനത്തെ മനുഷ്യൻ വരെ ഇപ്രകാരമാണ്. ശേഷം അല്ലാഹു അവരെ വിചാരണ ചെയ്യുകയും, അവർക്ക് പ്രതിഫലം നൽകുകയും ചെയ്യും.

2- രണ്ടാമത്തെ ആയത്ത് പുനരുത്ഥാനത്തെ നിഷേധിച്ചവർക്കുള്ള മറുപടിയാണ്. എല്ലുകൾ നുരുമ്പിപ്പോയതിന് ശേഷം അവക്ക് ജീവൻ നൽകപ്പെടുമെന്നതിൽ മനുഷ്യൻ അമ്പരപ്പ് പ്രകടിപ്പിക്കുന്നു. എന്നാൽ ശൂന്യതയിൽ നിന്ന് അവരെ ആദ്യം പടച്ചവനായ റബ്ബ് ഒരിക്കൽ കൂടി അവരെ മടക്കി കൊണ്ടുവരിക തന്നെ ചെയ്യുമെന്ന് അറിയിക്കുന്നു,

3- മരണശേഷമുള്ള ജീവിതത്തെ നിഷേധിക്കുന്നവർക്കുള്ള മറുപടി തന്നെയാണ് മൂന്നാമത്തെ ആയത്തിലുമുള്ളത്. അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്തു കൊണ്ട് അക്കൂട്ടരോട് പറയാൻ നബി -ﷺ- യോട് അല്ലാഹു കൽപ്പിക്കുന്നു: അല്ലാഹു അവരെ ഉയിർത്തെഴുന്നേൽപ്പിക്കുക തന്നെ ചെയ്യുന്നതാണ്. ശേഷം അവർ പ്രവർത്തിച്ചതെല്ലാം അവരെ അറിയിക്കുകയും, അതിനുള്ള പ്രതിഫലം അവർക്ക് നൽകുകയും ചെയ്യുന്നതാണ്. ഇതെല്ലാം അല്ലാഹുവിന് തീർത്തും നിസ്സാരമായ കാര്യമാകുന്നു.

പുനരുത്ഥാനത്തെയും നരകത്തെയും നിഷേധിക്കുന്നവരെ ഉയിർത്തെഴുന്നേൽപ്പിച്ചാൽ അല്ലാഹു അവരെ നരകാഗ്നിയിൽ പ്രവേശിപ്പിക്കുമെന്നും വിശുദ്ധ ഖുർആനിൽ അല്ലാഹു അറിയിച്ചിട്ടുണ്ട്: "നിങ്ങൾ നിഷേധിച്ചു കൊണ്ടിരുന്ന നരകശിക്ഷ നിങ്ങൾ അനുഭവിച്ചു കൊള്ളുക." (സജ്ദഃ: 20)

മനുഷ്യരുടെ വാക്കുകളും പ്രവർത്തനങ്ങളും രേഖപ്പെടുത്തൽ

ഓരോ മനുഷ്യനും പറയാനും ചെയ്യാനും പോകുന്ന എല്ലാ പ്രവർത്തികളും -നന്മകളും തിന്മകളും- അല്ലാഹു അറിഞ്ഞിരിക്കുന്നു. അതിൽ രഹസ്യമെന്നോ പരസ്യമെന്നോ ഉള്ള യാതൊരു വ്യത്യാസവുമില്ല. ഇതെല്ലാം അല്ലാഹു ലൗഹുൽ മഹ്ഫൂദ്വിൽ അവന്റെ പക്കൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആകാശഭൂമികളെയും മനുഷ്യരെയും മറ്റുമെല്ലാം സൃഷ്ടിക്കുന്നതിന് മുൻപാണ് ഈ രേഖപ്പെടുത്തൽ കഴിഞ്ഞത്. എന്നാൽ ഇതോടൊപ്പം അല്ലാഹു ഓരോ മനുഷ്യനോടുമൊപ്പം രണ്ട് മലക്കുകളെ നിയോഗിച്ചിരിക്കുന്നു; അവരിൽ ഒരാൾ വലതു ഭാഗത്തും രണ്ടാമത്തെയാൾ ഇടതു ഭാഗത്തും നിലയുറപ്പിക്കുകയും, വലതുള്ള മലക്ക് മനുഷ്യന്റെ നന്മകൾ രേഖപ്പെടുത്തുകയും, ഇടതുള്ള മലക്ക് തിന്മകൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഒരു കാര്യവും അവർ രേഖപ്പെടുത്താതെ വിടുകയില്ല. മനുഷ്യർ പറഞ്ഞതും പ്രവർത്തിച്ചതുമായ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയ ഗ്രന്ഥം വിചാരണയുടെ നാളിൽ മനുഷ്യർക്ക് നൽകപ്പെടുന്നതാണ്; അവ വായിച്ചു നോക്കുന്ന ഒരാൾ പോലും അതിലൊന്നും നിഷേധിക്കുകയില്ല. ആരെങ്കിലും എന്തെങ്കിലുമൊന്ന് നിഷേധിച്ചാൽ അവന്റെ കണ്ണും കാതും കൈകളും കാലുകളും തൊലികളും അവന്റെ പ്രവർത്തനങ്ങളെല്ലാം ഏറ്റുപറയുന്നതാണ്.

വിശുദ്ധ ഖുർആനിൽ ഇക്കാര്യമെല്ലാം അല്ലാഹു വിശദമായി വിവരിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു: "അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല." (ഖാഫ്: 18) അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്. രേഖപ്പെടുത്തിവെക്കുന്ന ചില മാന്യന്മാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു." (ഇൻഫിത്വാർ: 10-12)

ഈ ആയത്തുകളുടെ വിശദീകരണം ഇപ്രകാരമാണ്:

അല്ലാഹു ഓരോ മനുഷ്യർക്കും രണ്ട് മലക്കുകളെ നിശ്ചയിച്ചിരിക്കുന്നു. ഒരാൾ അവന്റെ വലതു ഭാഗത്തിരുന്ന് നന്മകൾ രേഖപ്പെടുത്തുകയും, മറ്റൊരാൾ അവന്റെ ഇടതുഭാഗത്തിരുന്ന് തിന്മകൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. മാന്യരായ ചില മലക്കുകളാണവർ. മനുഷ്യരുടെ സർവ്വ പ്രവർത്തികളും അവർ രേഖപ്പെടുത്തി വെക്കുന്നു. അവരുടെ എല്ലാ പ്രവർത്തനങ്ങളും ഈ മലക്കുകൾക്ക് അറിയാൻ സാധിക്കും. ചുരുക്കത്തിൽ മലക്കുകൾ മനുഷ്യരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നു; അതിന് മുൻപ് സർവ്വരെയും സൃഷ്ടിക്കുന്നതിന് മുൻപ് അല്ലാഹു ലൗഹുൽ മഹ്ഫൂദ്വിൽ മനുഷ്യരുടെ പ്രവർത്തനങ്ങളെല്ലാം രേഖപ്പെടുത്തി വെക്കുകയും ചെയ്തിരിക്കുന്നു.

സാക്ഷ്യവചനം

അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നും, സ്വർഗം സത്യമാണെന്നും, നരകം സത്യമാണെന്നും, അന്ത്യനാൾ വന്നെത്തുമെന്നും അതിൽ യാതൊരു സംശയവുമില്ലെന്നും, ഖബ്റുകളിലുള്ളവരെ അല്ലാഹു ഉയിർത്തെഴുന്നേൽപ്പിക്കുകയും അവരെ വിചാരണ നടത്തുകയും അവർക്ക് അനുയോജ്യമായ പ്രതിഫലം നൽകുകയും ചെയ്യുമെന്നും, അല്ലാഹു അവന്റെ വേദഗ്രന്ഥത്തിലും മുഹമ്മദ് നബി -ﷺ- അവിടുത്തെ വചനങ്ങളിലൂടെയും പറഞ്ഞതെല്ലാം സത്യമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അതിനാൽ -ബുദ്ധിയുള്ള സഹോദരാ!- ഈ വാക്കുകൾ നീ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യണമെന്ന് ഞാൻ നിന്നോട് ആവശ്യപ്പെടുന്നു. അത് നീ പരസ്യമാക്കുകയും, അതിന്റെ അർത്ഥം അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. അതാകുന്നു രക്ഷയുടെ മാർഗം.

# അദ്ധ്യായം രണ്ട്: മുഹമ്മദ് നബി -ﷺ- യെ അറിയുക.

അല്ലാഹുവാണ് നിന്നെ സൃഷ്ടിച്ചത് എന്നും, അവൻ നിന്നെ മരണശേഷം ഉയിർത്തെഴുന്നേൽപ്പിക്കുകയും നിന്റെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നതാണെന്നും മനസ്സിലാക്കിയാൽ അറിയുക! അല്ലാഹു നിന്നിലേക്കും സർവ്വ മനുഷ്യരിലേക്കുമായി കൊണ്ട് ഒരു ദൂതനെ നിയോഗിച്ചിരിക്കുന്നു. ആ പ്രവാചകനെ അനുസരിക്കാനും അവിടുത്തെ പിൻപറ്റാനും അവൻ നിന്നോട് കൽപ്പിച്ചിരിക്കുന്നു. അല്ലാഹുവിനെ ആരാധിക്കേണ്ട ശരിയായ വിധവും രൂപവും തിരിച്ചറിയാൻ നബി -ﷺ- യെ പിൻപറ്റുക എന്നതല്ലാത്ത മറ്റൊരു വഴിയുമില്ല.

സർവ്വ മനുഷ്യരും നിർബന്ധമായും പിൻപറ്റിയിരിക്കേണ്ട, അല്ലാഹുവിൽ നിന്നുള്ള ദൂതനാണ് മുഹമ്മദ് നബി -ﷺ-. പ്രവാചകന്മാരിൽ അവസാനത്തെ കണ്ണിയാണ് അവിടുന്ന്. സർവ്വ മനുഷ്യരിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതൻ. നിരക്ഷരനായിരുന്ന ഈ പ്രവാചകനെ കുറിച്ച് മൂസാ നബി -عليه السلام- യും ഈസാ നബി -عليه السلام- യും സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്. തൗറാത്തിലും ഇഞ്ചീലിലും നാൽപ്പതിലധികം സ്ഥലങ്ങളിൽ ഇക്കാര്യം കണ്ടെത്താൻ കഴിയും. യഹൂദരും നസ്വാറാക്കളും അവരുടെ വേദഗ്രന്ഥങ്ങളിൽ കൈകടത്തലുകൾ നടത്തുകയും, അവ മാറ്റിത്തിരുത്തുകയും ചെയ്യുന്നതിന് മുൻപ് ഈ വചനങ്ങൾ അവയിൽ അവർ വായിച്ചിരുന്നു. (11)

മാന്യനായ ഈ പ്രവാചകൻ അല്ലാഹു നിയോഗിച്ച ദൂതന്മാരിൽ അവസാനത്തെ ദൂതനാണ്. അവിടുന്ന് സർവ്വ മനുഷ്യരിലേക്കുമായാണ് നിയോഗിക്കപ്പെട്ടത്. അബ്ദുല്ലയുടെ മകനായി, അറബികളിലെ ഖുറൈശ് ഗോത്രത്തിൽ, ഹാശിം കുടുംബത്തിലാണ് അവിടുന്ന് ജനിച്ചത്. ഭൂമിയിലെ ഏറ്റവും പരിശുദ്ധമായ ഗോത്രത്തിൽ ഏറ്റവും നല്ല കുടുംബത്തിലാണ് അവിടുന്ന് വളർന്നത്. അല്ലാഹുവിന്റെ ദൂതനായിരുന്ന ഇബ്രാഹീം നബി -عليه السلام- യുടെ സന്താനമായ ഇസ്മാഈൽ നബി -عليه السلام- ന്റെ സന്തതിപരമ്പരയിലാണ് അവിടുന്ന് ജനിച്ചത്. ക്രിസ്താബ്ദം 570 ലായിരുന്നു അത്. നബി -ﷺ- ജനിച്ച രാത്രിയിൽ -അവിടുന്ന് തന്റെ മാതാവിന്റെ ഉദരത്തിൽ നിന്ന് പുറത്തു വന്ന ദിവസം- പ്രപഞ്ചം മുഴുവൻ മഹത്തരമായ പ്രകാശം പരക്കുകയും, ജനങ്ങൾ അത്ഭുതപരതന്ത്രരാവുകയും ചെയ്തു. ചരിത്രഗ്രന്ഥങ്ങളിൽ ഇങ്ങനെയൊരു കാര്യം സ്ഥിരപ്പെട്ടിട്ടുണ്ട്. ഖുറൈശികൾ കഅ്ബയുടെ അരികിൽ ആരാധിച്ചിരുന്ന വിഗ്രഹങ്ങൾ തലകുത്തി വീഴുകയും, റോമാ ചക്രവർത്തിയായിരുന്ന കിസ്റയുടെ കൊട്ടാരത്തൂണുകൾ വിറകൊള്ളുകയും, അതിൽ നിന്ന് ചില ഭാഗങ്ങൾ താഴെ വീഴുകയും ചെയ്തു. രണ്ടായിരം വർഷം തുടർച്ചയായി കത്തിക്കൊണ്ടിരുന്ന പേർഷ്യയിലെ അഗ്നിയാരാധകരുടെ തീ കെട്ടുപോവുകയും ചെയ്തു. (ഈ പറഞ്ഞ

സംഭവങ്ങൾ ചരിത്രഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ടെങ്കിലും അവ സ്ഥിരപ്പെട്ട രൂപത്തിൽ നിവേദനം ചെയ്യപ്പെട്ടിട്ടില്ല. നബി -ﷺ- യുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്ഥിരപ്പെട്ട നിവേദനങ്ങളിലൂടെ വന്നാൽ മാത്രമേ സ്ഥിരീകരിക്കപ്പെടുകയുള്ളൂ - വിവ)

അന്തിമ പ്രവാചകന്റെ ജനനത്തെ കുറിച്ച് അല്ലാഹു മനുഷ്യരെ അറിയിക്കുകയായിരുന്നു. അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങൾ അവിടുന്ന് തകർക്കുകയും, റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളെ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്ക് അവിടുന്ന് ക്ഷണിക്കുകയും ചെയ്യുമെന്ന സൂചനകൾ അതിലുണ്ട്. അവർ ഒന്നല്ലെങ്കിൽ ഇസ്ലാം സ്വീകരിക്കുകയോ, അതല്ലെങ്കിൽ അവിടുന്ന് തന്നെ പിൻപറ്റിയവരോടൊപ്പം അവർക്കെതിരെ യുദ്ധം നടത്തുകയോ ചെയ്യുന്നതാണ്. അല്ലാഹു അവിടുത്തെ സഹായിക്കുകയും, അവിടുത്തെ മതം ഭൂമിയിൽ മുഴുവൻ പ്രകാശമായി വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്. ഈ പറഞ്ഞതെല്ലാം അതു പോലെ തന്നെ സംഭവിക്കുകയും ചെയ്തു എന്ന് നബി -ﷺ- യുടെ ചരിത്രം പരിശോധിച്ചാൽ ബോധ്യപ്പെടും.

മുൻപ് കഴിഞ്ഞു പോയ ദൂതന്മാരിൽ നിന്ന് അല്ലാഹുവിന്റെ റസൂൽ -ﷺ- ക്ക് നൽകപ്പെട്ട ചില പ്രത്യേകതകളും ശ്രേഷ്ഠതകളുമുണ്ട്. അവയിൽ ചിലത് താഴെ പറയാം:

ഒന്ന്: അവിടുന്ന് നബിമാരിൽ അവസാനത്തെ കണ്ണിയാണ്. അവിടുത്തേക്ക് ശേഷം ഇനിയൊരു റസൂലോ നബിയോ വരാനില്ല.

രണ്ട്: അവിടുത്തെ പ്രവാചകത്വം സർവ്വ മനുഷ്യരിലേക്കുമാണ്. നബി -ﷺ- യുടെ നിയോഗത്തിന് ശേഷം മനുഷ്യരെല്ലാം അവിടുത്തെ ഉമ്മത്തിൽ പെട്ടവരാണ്; അവരിൽ നബി -ﷺ- യെ അനുസരിച്ചവർ സ്വർഗത്തിലും, അവിടുത്തെ ധിക്കരിച്ചവർ നരകത്തിലുമായിരിക്കും. യഹൂദരും നസ്വാറാക്കളും വരെ അവിടുത്തെ പിൻപറ്റാൻ ബാധ്യസ്ഥരാണ്. ആരെങ്കിലും നബി -ﷺ- യെ പിൻപറ്റാതിരിക്കുകയോ, അവിടുത്തെ വിശ്വസിക്കാതിരിക്കുകയോ ചെയ്താൽ അവൻ മൂസാ -عليه السلام- യെയും ഈസാ -عليه السلام- യെയും മറ്റെല്ലാ പ്രവാചകന്മാരെയും നിഷേധിച്ചവനാണ്. മുഹമ്മദ് നബി -ﷺ- യിൽ വിശ്വസിക്കാത്ത എല്ലാ മനുഷ്യരിൽ നിന്നും മൂസാ -عليه السلام- യും ഈസാ -عليه السلام- യും മറ്റെല്ലാ നബിമാരും ബന്ധവിഛേദത്തിലാണ്. കാരണം നബി -ﷺ- യെ കുറിച്ച് സന്തോഷവാർത്ത അറിയിക്കാൻ അല്ലാഹു അവരോട് കൽപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം അവരെല്ലാം തങ്ങളുടെ ജനതയെ മുഹമ്മദ് നബി -ﷺ- നിയോഗിക്കപ്പെട്ടാൽ അവിടുത്തെ പിൻപറ്റണമെന്നതിലേക്ക് ക്ഷണിച്ചിട്ടുമുണ്ട്. കാരണം അല്ലാഹു നബി -ﷺ- യുടെ കൈകളിൽ മനുഷ്യരാശിക്ക് എത്തിച്ച് നൽകിയ മതം തന്നെയാണ് അവിടുത്തേക്ക് മുൻപുള്ള സർവ്വ പ്രവാചാകന്മാരും കൊണ്ടുവന്നത്. എന്നാൽ ആ മതത്തിന്റെ പൂർണ്ണതയും അതിന്റെ ലാളിത്യവും നബി -ﷺ- യുടെ കാലഘട്ടത്തിലാണ് സംഭവിച്ചത്. അതിനാൽ മുഹമ്മദ് നബി -ﷺ- നിയോഗിക്കപ്പെട്ടതിന് ശേഷം ഇനിയൊരാൾക്കും മറ്റൊരു മതവും സ്വീകരിക്കാൻ യാതൊരു അനുവാദവുമില്ല. കാരണം സർവ്വ മതങ്ങളെയും അല്ലാഹു ഈ മതത്തോടെ -ഇസ്ലാമിനോടെ- ദുർബലപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിനാൽ സംരക്ഷിക്കപ്പെട്ട ഏകമതം ഇനി ഇസ്ലാം മാത്രമാണ്.

ഇന്ന് നിലനിൽക്കുന്ന യഹൂദ ക്രൈസ്തവ മതങ്ങളാകട്ടെ, തീർത്തും മനുഷ്യരുടെ കൈകടത്തലുകൾ സംഭവിച്ചു കഴിഞ്ഞ മതങ്ങളാണ്. അതിനാൽ മുഹമ്മദ് നബി -ﷺ- യെ പിൻപറ്റുന്ന ഏതൊരു മുസ്ലിമും യഥാർത്ഥത്തിൽ മൂസാ നബി -عليه السلام- യെയും ഈസാ നബി -عليه السلام- യെയും സർവ്വ പ്രവാചകന്മാരെയും പിൻപറ്റുന്നവനാണ്. ഇസ്ലാമിനെ ഉപേക്ഷിക്കുന്ന ഏതൊരു വ്യക്തിയും മൂസായെയും ഈസായെയും മറ്റു പ്രവാചകന്മാരെയും നിഷേധിച്ചവനാണ്; താൻ മൂസായുടെയും ഈസായുടെയും അനുയായിയാണെന്ന് അവൻ സ്വയം വാദിച്ചാൽ പോലും.

ഇതു കൊണ്ടാണ് യഹൂദരിലും നസ്വാറാക്കളിലും പെട്ട അനേകം ബുദ്ധിമാന്മാരായ പണ്ഡിതന്മാരും പുരോഹിതന്മാരും ഇസ്ലാം സ്വീകരിക്കാനും മുഹമ്മദ് നബി -ﷺ- യെ പിൻപറ്റാനും തയ്യാറായത് എന്ന കാര്യം കൂടി ഇതിനോട് കൂട്ടിവായിക്കുക.

***

നബി -ﷺ- യുടെ അത്ഭുത സംഭവങ്ങൾ (12)

മുഹമ്മദ് നബി -ﷺ- യുടെ പ്രവാചകത്വത്തിന്റെ തെളിവുകളായ അത്ഭുതസംഭവങ്ങൾ രേഖപ്പെടുത്തിയ പണ്ഡിതന്മാരിൽ ചിലർ അത് ആയിരത്തോളമുണ്ടെന്ന് രേഖപ്പെടുത്തിയതായി കാണാം. അവയിൽ ചിലത് മാത്രം താഴെ പറയട്ടെ:

1- നബി -ﷺ- യുടെ പിന്നിൽ രണ്ട് ചുമലുകൾക്കിടയിലുണ്ടായിരുന്ന പ്രവാചകമുദ്ര. ഒരു തഴമ്പിന്റെ രൂപത്തിലായിരുന്നു അതുണ്ടായിരുന്നത്. (13)

2- ഉഷ്ണം നിറഞ്ഞ പകലുകളിൽ സൂര്യതാപത്തിൽ നിന്ന് അവിടുത്തെ സംരക്ഷിക്കാൻ മേഘങ്ങൾ നബി -ﷺ- ക്ക് തണൽ വിരിക്കുമായിരുന്നു.

3- നബി -ﷺ- യുടെ കൈകളിൽ ചരൽക്കല്ലുകൾ തസ്ബീഹ് ചൊല്ലുകയും, മരങ്ങൾ അവിടുത്തേക്ക് സലാം പറയുകയും ചെയ്യുമായിരുന്നു.

4- അന്ത്യനാളിൽ സംഭവിക്കുന്ന കാര്യങ്ങളെ കുറിച്ച് നബി -ﷺ- പ്രവചിച്ചിട്ടുണ്ട്; അവിടുന്ന് പറഞ്ഞതു പോലെ അവയെല്ലാം ഘട്ടംഘട്ടമായി സംഭവിച്ചു കൊണ്ടേയിരിക്കുന്നു.

നബി -ﷺ- യുടെ മരണത്തിന് ശേഷം സംഭവിച്ചു തുടങ്ങിയ, ലോകാവസാനം വരെ സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ കാര്യങ്ങൾ അല്ലാഹു നബി -ﷺ- ക്ക് അറിയിച്ചു നൽകിയ അദൃശ്യ വിജ്ഞാനങ്ങളിൽ പെട്ടതാണ്. ഇവയെല്ലാം ഹദീഥിന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ട നിലയിലുണ്ട്. അന്ത്യനാളിന്റെ അടയാളങ്ങൾ എന്ന പേരിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങളിലും ഇവ വായിക്കാവുന്നതാണ്. ഇബ്നു കഥീർ രചിച്ച അന്നിഹായഃ തുടങ്ങിയ അനേകം ഗ്രന്ഥങ്ങൾ ഈ വിഷയത്തിൽ വിരചിതമായിട്ടുണ്ട്. മുൻപുള്ള നബിമാർക്ക് നൽകപ്പെട്ട അത്ഭുതസംഭവങ്ങൾക്ക് സമാനമാണ് നബി -ﷺ- യുടെ ജീവിതത്തിൽ സംഭവിച്ച ഈ കാര്യങ്ങളും.

എന്നാൽ കാലത്തിന്റെ ഏടുകളിൽ എന്നുമെന്നും ബാക്കി നിൽക്കുന്ന, അന്ത്യനാൾ വരെ നിലകൊള്ളുന്ന ബുദ്ധിപരമായ ഒരു അത്ഭുതം കൂടി അല്ലാഹു നബി -ﷺ- ക്ക് പ്രത്യേകമായി നൽകിയിട്ടുണ്ട്. മറ്റൊരു നബിക്കും അതിന് സമാനമായത് നൽകപ്പെട്ടിട്ടില്ല. വിശുദ്ധ ഖുർആനാകുന്ന, അല്ലാഹുവിന്റെ സംസാരമാണത്. ഈ ഗ്രന്ഥത്തിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. ഒരു കൈകടത്തലിനും വിധേയമാക്കാൻ സാധ്യമാകാത്ത വിധം അല്ലാഹു അതിനെ സംരക്ഷിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനിലെ ഒരു അക്ഷരമെങ്കിലും ആരെങ്കിലും മാറ്റാൻ ശ്രമിച്ചാൽ അത് ഉടനടി പിടിക്കപ്പെടുന്നതാണ്.

മുസ്ലിമീങ്ങളുടെ കൈകളിലുള്ള കോടിക്കണക്കിന് വിശുദ്ധ ഖുർആനിന്റെ കോപ്പികൾ നോക്കൂ; അവയെല്ലാം ഒരു പോലെത്തന്നെ. അതിലൊന്ന് പോലും മറ്റൊന്നിൽ നിന്ന് ഒരക്ഷരമെങ്കിലും മാറിയ വിധത്തിൽ നിലകൊള്ളുന്നത് നിനക്ക് കാണാൻ സാധിക്കില്ല.

എന്നാൽ തൗറാത്തിന്റെയും ഇഞ്ചീലിന്റെയും കാര്യമോ; യഹൂദ നസ്വാറാക്കൾ അവയിൽ കൈകടത്തിയതിന്റെയും അവ മാറ്റിത്തിരുത്തിയതിന്റെയും ഫലമായി വ്യത്യസ്ത നിലയിലാണ് അവ കാണപ്പെടുന്നത്. അല്ലാഹു അവരുടെ മേൽ അതിന്റെ സംരക്ഷണം ഏൽപ്പിച്ചിരുന്നു. എന്നാൽ വിശുദ്ധ ഖുർആനിന്റെ സംരക്ഷണം അല്ലാഹു മനുഷ്യരെ ഏൽപ്പിച്ചില്ല; മറിച്ച് അത് അവൻ സ്വയം ഏറ്റെടുത്തു. അല്ലാഹു തന്നെ പറഞ്ഞു പോലെ: "തീർച്ചയായും നാമാണ് ഈ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്." (ഹിജ്ർ:9)

### ഖുർആൻ അല്ലാഹുവിന്റെ സംസാരമാണെന്നതിനും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നതിനുമുള്ള ബുദ്ധിപരമായ തെളിവുകൾ

മുൻകഴിഞ്ഞ സമുദായങ്ങൾ അവരുടെ റസൂലുകളെ നിഷേധിച്ചതുപോലെ, മുഹമ്മദ് നബി -ﷺ- യെ മക്കയിലുണ്ടായിരുന്ന ഖുറൈശികൾ നിഷേധിച്ച് തള്ളിയപ്പോൾ വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ സംസാരമാണെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിൽ നിന്നുള്ള ദൂതനാണെന്നും തെളിയിക്കുന്ന ബുദ്ധിപരവും യുക്തിപരവുമായ ഒരു തെളിവ് അല്ലാഹു മുന്നിൽ വെച്ചു. വിശുദ്ധ ഖുർആനിന് സമാനമായ ഒരു ഗ്രന്ഥം കൊണ്ടുവരാൻ അല്ലാഹു അവരെ വെല്ലുവിളിച്ചു. എന്നാൽ അവരുടെ ഭാഷയിൽ അവതരിച്ച ഒരു ഗ്രന്ഥമായിട്ടു കൂടി അവർക്കാ വെല്ലുവിളിയെ നേരിടാൻ കഴിഞ്ഞില്ല. അവരിലാകട്ടെ വാക്ചാതുര്യമുള്ള പ്രഭാഷകരും ഭാഷാനൈപുണ്യമുള്ള സാഹിത്യകാരന്മാരും ഉന്നതരായ കവികളും ധാരാളമുണ്ടായിരുന്നു. പക്ഷേ അവർക്കൊന്നും ഈ വെല്ലുവിളിയെ നേരിടാൻ കഴിഞ്ഞില്ല. ശേഷം ഖുർആനിലെ പത്ത് അദ്ധ്യായങ്ങൾക്ക് സമാനമായതെങ്കിലും കൊണ്ടുവരൂ എന്ന് അല്ലാഹു അവരെ വെല്ലുവിളിച്ചു; അതും അവർക്ക് സാധ്യമായില്ല. അവസാനം ഖുർആനിലെ ഒരു അദ്ധ്യായത്തിന് സമാനമായത് കൊണ്ടുവരൂ എന്നായി ഖുർആനിന്റെ വെല്ലുവിളി; പക്ഷേ അവർക്കത് അസാധ്യമാണെന്ന കാര്യം ഊട്ടിയുറപ്പിച്ചു കൊണ്ട് -ജിന്നുകൾക്കും മനുഷ്യർക്കും ഒന്നടങ്കം ശ്രമിച്ചാലും അതിന് സമാനമായതൊന്ന് കൊണ്ടുവരാൻ കഴിയില്ലെന്ന് ബോധ്യപ്പെടുത്തി കൊണ്ട് അല്ലാഹു പറഞ്ഞു: "(നബിയേ,) പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ട് വരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ട് വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും." (ഇസ്റാഅ്: 88)

വിശുദ്ധ ഖുർആൻ മുഹമ്മദ് നബി -ﷺ- യുടെ സംസാരമായിരുന്നെങ്കിൽ അവിടുന്നല്ലാത്ത മറ്റു മനുഷ്യർക്കും അതു പോലൊന്ന് കൊണ്ടുവരാൻ സാധിക്കേണ്ടതായിരുന്നു.

ഏറ്റവും കുറഞ്ഞത് ഭാഷാനൈപുണ്യം കൊണ്ട് അറിയപ്പെട്ട അവിടുത്തെ നാട്ടുകാർക്കെങ്കിലും അത് സാധിക്കണമായിരുന്നു. എന്നാൽ അല്ലാഹുവിന്റെ സംസാരമാണത്; അല്ലാഹുവിന്റെ സംസാരത്തിന് മനുഷ്യരുടെ സംസാരത്തിന് മുകളിലുള്ള ശ്രേഷ്ഠത സ്രഷ്ടാവിന് സൃഷ്ടിയുടെ മേലുള്ള ശ്രേഷ്ഠത പോലെയാണ്.

കാരണം അല്ലാഹുവിന് സമനോ തുല്യനോ ആയ ആരും തന്നെയില്ല. അതു പോലെ, അവന്റെ സംസാരത്തിനു തുല്യമായ സംസാരവുമില്ല. വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ സംസാരമാണെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നും ഇതിൽ നിന്ന് ബോധ്യമാകുന്നു. അല്ലാഹുവിൽ നിന്നുള്ള ദൂതനല്ലാതെ മറ്റൊരാൾക്കും അവനിൽ നിന്നുള്ള സംസാരം കൊണ്ടുവരിക എന്നത് സാധ്യമല്ലല്ലോ?! അല്ലാഹു പറയുന്നത് നോക്കൂ: "മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല.പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും നബിമാരിൽ അന്തിമനുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു." (അഹ്സാബ്: 40) അല്ലാഹു പറയുന്നു: "നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നല്കുവാനും ആയികൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷെ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല." (സബഅ്: 28) അല്ലാഹു പറയുന്നു: "ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല." (അൻബിയാഅ്: 107)

മേലെ നൽകിയ ആയത്തുകളുടെ ഒരു ചുരുങ്ങിയ വിശദീകരണം താഴെ പറയാം:

1- ഒന്നാമത്തെ ആയത്തിൽ അല്ലാഹു പറയുന്നു: മുഹമ്മദ് നബി -ﷺ- ജനങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാണ്. നബിമാരിൽ അന്തിമനാണ് അവിടുന്ന്. അവിടുത്തേക്ക് ശേഷം ഇനിയൊരു നബിയില്ല. തന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചു നൽകുന്നതിനും, തന്റെ ദൂതന്മാരിൽ അന്തിമനാകുന്നതിനും വേണ്ടി അല്ലാഹുവാണ് അവിടുത്തെ തിരഞ്ഞെടുത്തത്. കാരണം ജനങ്ങളിൽ ഈ ദൗത്യം ഏറ്റെടുക്കാൻ ഏറ്റവും അർഹതയുള്ളത് അവിടുത്തേക്കാണെന്ന് അല്ലാഹുവിന് അറിയാം.

2- രണ്ടാമത്തെ ആയത്തിൽ നബി -ﷺ- ജനങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാണെന്നും, വെളുത്തവരും കറുത്തവരും അറബികളും അനറബികളുമടങ്ങുന്ന സർവ്വരും അതിൽ ഉൾപ്പെടുമെന്നും അല്ലാഹു അറിയിക്കുന്നു. ജനങ്ങളിൽ ബഹുഭൂരിപക്ഷത്തിനും സത്യം അറിയുകയില്ലെന്നും, അതു കൊണ്ടാണ് അവർ നേരായ മാർഗത്തിൽ നിന്ന് തെറ്റിപ്പോവുകയും മുഹമ്മദ് നബി -ﷺ- യെ പിൻപറ്റാൻ തയ്യാറാകാതിരിക്കുന്നതെന്നും അല്ലാഹു അറിയിക്കുന്നു.

3- മൂന്നാമത്തെ ആയത്തിൽ അല്ലാഹു തന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- യെ അഭിസംബോധന ചെയ്തു കൊണ്ട് പറയുന്നു: ലോകർക്കെല്ലാം കാരുണ്യമായി കൊണ്ടാണ് നാം താങ്കളെ നിയോഗിച്ചിരിക്കുന്നത്. അല്ലാഹു ജനങ്ങൾക്ക് ഔദാര്യമായി നൽകിയ കാരുണ്യമാണ് അവിടുന്ന്. ആരെങ്കിലും നബി -ﷺ- യിൽ വിശ്വസിക്കുകയും അവിടുത്തെ പിൻപറ്റുകയും അല്ലാഹുവിന്റെ കാരുണ്യം സ്വീകരിക്കുകയും ചെയ്താൽ അവന് സ്വർഗമുണ്ട്. മുഹമ്മദ് നബി -ﷺ- യിൽ ഒരാൾ വിശ്വസിക്കാതിരിക്കുകയും, അവിടുത്തെ പിൻപറ്റാതിരിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ കാരുണ്യത്തെ അവൻ നിരാകരിച്ചിരിക്കുന്നു. അതിനാൽ അവൻ നരകാവകാശിയായിത്തീരുകയും ചെയ്തിരിക്കുന്നു.

### അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കൂ!

ബുദ്ധിയുള്ള സഹോദരാ! നീ അല്ലാഹുവിനെ നിന്റെ രക്ഷിതാവായും, മുഹമ്മദ് നബി -ﷺ- യെ അവന്റെ ദൂതനായും അംഗീകരിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുക. അവിടുത്തെ പിൻപറ്റുകയും, അവിടുന്ന് പഠിപ്പിച്ച മതവിധികൾ പ്രാവർത്തികമാക്കുകയും ചെയ്യുക. വിശുദ്ധ ഖുർആനും, അന്തിമപ്രവാചകൻ മുഹമ്മദ് നബി -ﷺ- യുടെ ഹദീഥുകളും പ്രമാണമായുള്ള ഇസ്ലാം മതം നീ സ്വീകരിക്കുക. തിന്മകളിലോ അബദ്ധങ്ങളിലോ പെട്ടുപോകുന്നതിൽ നിന്ന്

സുരക്ഷിതനായിരുന്ന നബി -ﷺ-; അല്ലാഹുവിന്റെ കൽപ്പനകളല്ലാതെ അവിടുന്ന് കൽപ്പിക്കുകയോ, അവൻ വിലക്കിയതല്ലാതെ അവിടുന്ന് വിലക്കുകയോ ചെയ്തിട്ടില്ല. അതിനാൽ നിഷ്കളങ്കമായ ഹൃദയത്തോടെ പറയൂ: ഞാൻ അല്ലാഹുവിനെ എന്റെ രക്ഷിതാവായും ഏക ആരാധ്യനായും തൃപ്തിപ്പെട്ടിരിക്കുന്നു. പറയുക! മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ വിശ്വസിക്കുകയും, അവിടുത്തെ പിൻപറ്റാൻ ഞാൻ തയ്യാറാവുകയും ചെയ്തിരിക്കുന്നു. ഈ പറഞ്ഞത് കൊണ്ടല്ലാതെ നിനക്ക് രക്ഷയോ വിജയമോ ഇല്ല.

അല്ലാഹു എനിക്കും നിനക്കും സൗഭാഗ്യം സ്വീകരിക്കാനും വിജയം കൈവരിക്കാനും തൗഫീഖ് നൽകുമാറാകട്ടെ.

***

# അദ്ധ്യായം മൂന്ന്: ഇസ്ലാമാകുന്ന ശരിയായ മതത്തെ കുറിച്ച് അറിയുക.

ബുദ്ധിമാനായ സുഹൃത്തേ! അല്ലാഹുവാണ് നിന്നെ സൃഷ്ടിക്കുകയും നിനക്ക് ഉപജീവനം നൽകുകയും ചെയ്യുന്ന സ്രഷ്ടാവ് എന്നും, അവനല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റൊരാളുമില്ലെന്നും, അവന് യാതൊരു പങ്കുകാരനുമില്ലെന്നും, അവനെ മാത്രം ആരാധിക്കുക എന്നത് നിന്റെ മേൽ നിർബന്ധമാണെന്നും, മുഹമ്മദ് നബി -ﷺ- നിന്നിലേക്ക് നിയോഗിക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാണെന്നും, ജനങ്ങളിലേക്കെല്ലാമുള്ള പ്രവാചകനാണെന്നും നിനക്ക് ബോധ്യപ്പെട്ടു കഴിഞ്ഞല്ലോ?! എങ്കിൽ ഇസ്ലാം മതത്തെ കുറിച്ച് അറിയുകയും, അതിൽ വിശ്വസിക്കുകയും, അത് പ്രാവർത്തികമാക്കുകയും ചെയ്യാതെ അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള നിന്റെ വിശ്വാസം ശരിയാവുകയില്ല എന്ന് കൂടി നീ മനസ്സിലാക്കുക. കാരണം അല്ലാഹു തൃപ്തിപ്പെട്ട ഏകമതവും, അവൻ തന്റെ ദൂതനോട് കൽപ്പിച്ച മതവും, അന്തിമപ്രവാചകൻ ജനങ്ങൾക്കെല്ലാം എത്തിച്ചു നൽകിയ ആദർശവുമാണത്. അതിനാൽ ഈ മതം പ്രാവർത്തികമാക്കുക എന്നത് നിർബന്ധമാണ്.

***

ഇസ്ലാമിനെ അറിയുക

നബിമാരിൽ അന്തിമനും അല്ലാഹു ജനങ്ങളിലേക്കെല്ലാം നിയോഗിച്ച അവന്റെ ദൂതനുമായ മുഹമ്മദ് -ﷺ- പറയുന്നു: "ഇസ്ലാം എന്നാൽ നീ അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരും ഇല്ലെന്നും, മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെന്നും (അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്) എന്ന് സാക്ഷ്യം വഹിക്കലും, നിസ്കാരം നിലനിർത്തലും, സകാത്ത് നൽകലും, റമദാൻ മാസത്തിൽ നോമ്പ് അനുഷ്ഠിക്കലും, കഅ്ബയിലേക്ക് -നിനക്ക് സാധിക്കുമെങ്കിൽ- തീർത്ഥാടനം (ഹജ്ജ്) നടത്തലുമാണ്." (14)

അല്ലാഹു സർവ്വ മനുഷ്യരോടും പിൻപറ്റാൻ പറഞ്ഞ ലോകമതമാണ് ഇസ്ലാം. അല്ലാഹുവിന്റെ ദൂതന്മാരെല്ലാം ഈ മതത്തിൽ തന്നെയാണ് വിശ്വസിച്ചത്. അവരെല്ലാം തങ്ങൾ അല്ലാഹുവിന് സമർപ്പിതരായ മുസ്ലിംകളാണെന്ന് പരസ്യമാക്കിയവരാണ്. ഈ മതം മാത്രമാണ് ശരിയായ ഏകമതമെന്ന് അല്ലാഹുവും വിശുദ്ധ ഖുർആനിലൂടെ അറിയിച്ചിട്ടുണ്ട്. ഇതല്ലാത്ത മറ്റൊരു മതവും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. "തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്ലാമാകുന്നു." (ആലു ഇംറാൻ: 19)

അല്ലാഹു പറയുന്നു: "ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ: 85)

മേലെ നൽകിയ ആയത്തുകളുടെ ഒരു ചുരുങ്ങിയ വിശദീകരണം താഴെ പറയാം:

1- ഇസ്ലാം മാത്രമാണ് അല്ലാഹുവിങ്കൽ പരിഗണിക്കപ്പെടുന്ന മതം എന്ന് അല്ലാഹു ഈ വചനത്തിലൂടെ അറിയിക്കുന്നു.

2- ഒരാളിൽ നിന്നും ഇസ്ലാമല്ലാത്ത മറ്റൊരു മതവും അല്ലാഹു സ്വീകരിക്കുന്നതല്ല എന്ന് രണ്ടാമത്തെ ആയത്തിൽ അവൻ അറിയിക്കുന്നു. മരണശേഷം സൗഭാഗ്യം നേടിപ്പിടിക്കാൻ കഴിയുക ഇസ്ലാം സ്വീകരിച്ചവർക്ക് മാത്രമായിരിക്കും എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഇസ്ലാമല്ലാത്ത ഏതൊരു മതം സ്വീകരിച്ചവരും പരലോകത്ത് നഷ്ടക്കാരായിരിക്കും. നരകശിക്ഷയാണ് അവരെ കാത്തിരിക്കുന്നത്.

ഇതു കൊണ്ടാണ് സർവ്വ നബിമാരും തങ്ങൾ ഇസ്ലാം സ്വീകരിച്ചവരാണെന്ന് പ്രഖ്യാപിച്ചത്. ഇസ്ലാം സ്വീകരിക്കാത്തവരിൽ നിന്ന് അവർ അകലം പാലിച്ചു. അതിനാൽ വിജയവും സൗഭാഗ്യവും ആഗ്രഹിക്കുന്ന ഏതൊരു യഹൂദനോ നസ്വറാനിയോ മറ്റാരെങ്കിലുമോ ഉണ്ടാകട്ടെ; അവർ ഇസ്ലാം സ്വീകരിക്കേണ്ടതുണ്ട്. ഇസ്ലാമിന്റെ പ്രവാചകനായ മുഹമ്മദ് നബി -ﷺ- യെ പിൻപറ്റുക എന്നത് അവന്റെ മേൽ നിർബന്ധമാണ്. എങ്കിൽ മാത്രമേ അവർ മുൻകഴിഞ്ഞ പ്രവാചകന്മാരായ മൂസായെയും ഈസായെയും പിൻപറ്റിയവരിൽ ഉൾപ്പെടുകയുള്ളൂ. കാരണം ഈ പ്രവാചകന്മാരെല്ലാം -മൂസായും ഈസായും -عليهما السلام- മുഹമ്മദ് നബി -ﷺ- യുമെല്ലാം- ഇസ്ലാം സ്വീകരിച്ചവരും, അതിലേക്ക് ജനങ്ങളെ ക്ഷണിച്ചവരുമായിരുന്നു. ആ മതം കൊണ്ടായിരുന്നു അല്ലാഹു അവരെയെല്ലാം ജനങ്ങളിലേക്ക് നിയോഗിച്ചത്. അതിനാൽ മുഹമ്മദ് നബി -ﷺ- യുടെ നിയോഗത്തിന് ശേഷം ജീവിക്കുന്ന അന്ത്യനാൾ വരെയുള്ള ഏതൊരു മനുഷ്യനും ഇസ്ലാം സ്വീകരിക്കുക എന്നത് നിർബന്ധമാണ്. അല്ലാഹുവിൽ നിന്ന് നിയോഗിക്കപ്പെട്ട പ്രവാചകനായ മുഹമ്മദ് നബി -ﷺ- യിൽ വിശ്വസിക്കുന്നത് വരെ ഒരാൾ മുസ്ലിമാവുകയില്ല; അവൻ അല്ലാഹുവിന് സമർപ്പിച്ചവനാണ് താൻ എന്ന് സ്വയം വാദിച്ചാലും ജൽപ്പിച്ചാലും. നബി -ﷺ- യെ പിൻപറ്റുകയും വിശുദ്ധ ഖുർആൻ പ്രാവർത്തികമാക്കുകയും ചെയ്യുക എന്നത് എല്ലാവരുടെയും ബാധ്യതയാണെന്ന് ചുരുക്കം. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: "(നബിയേ) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്ത് തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ." (ആലു ഇംറാൻ: 31)

മേലെ നൽകിയ ആയത്തിന്റെ ഒരു ചുരുങ്ങിയ വിശദീകരണം ഇപ്രകാരമാണ്:

അല്ലാഹു തന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- യോട് പറയുന്നു: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ട് എന്ന് വാദിക്കുന്നുണ്ടെങ്കിൽ... നിങ്ങളുടെ അവകാശവാദം സത്യമാണെങ്കിൽ നിങ്ങൾ എന്നെ പിൻപറ്റൂ എന്ന് അവരോട് പറയുക. എങ്കിൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കുന്നതാണ്. അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- യിൽ വിശ്വസിക്കുകയും

അവിടുത്തെ നിങ്ങൾ പിൻപറ്റുകയും ചെയ്യുന്നത് വരെ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയോ നിങ്ങളുടെ തിന്മകൾ പൊറുത്തു നൽകുകയോ ഇല്ല.

അല്ലാഹു തൻ്റെ ദൂതൻ്റെ പക്കൽ അയച്ചു നൽകിയ ഈ മതം -ഇസ്‌ലാം- സർവ്വ മനുഷ്യരിലേക്കുമുള്ള അവൻ്റെ മതമാകുന്നു. ഇസ്‌ലാമാകട്ടെ, സമ്പൂർണ്ണവും ലളിതവും സമഗ്രവുമാണ്. അല്ലാഹു ഈ മതം പൂർത്തീകരിക്കുകയും തൃപ്തിപ്പെടുകയും തൻ്റെ അടിമകളിൽ നിന്ന് സ്വീകരിക്കുന്ന ഏകമതമായി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. നബിമാരെല്ലാം സന്തോഷവാർത്ത അറിയിക്കുകയും, അവരെല്ലാം വിശ്വസിക്കുകയും ചെയ്ത ഏകമതമാണത്. അല്ലാഹു ഖുർആനിൽ പറയുന്നു: "ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എൻ്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു, മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു." (മാഇദഃ: 3)

മേലെ നൽകിയ ആയത്തിൻ്റെ ഒരു ചുരുങ്ങിയ വിശദീകരണം ഇപ്രകാരമാണ്:

നബി -ﷺ- തൻ്റെ അവസാന ഹജ്ജിൽ, മക്കയിലുള്ള അറഫയിൽ മുസ്‌ലിംകളോടൊപ്പം നിൽക്കുന്ന വേളയിലാണ് അല്ലാഹു ഈ വചനം അവതരിപ്പിച്ചത്. അവരെല്ലാം അല്ലാഹുവിനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കെ, നബി -ﷺ- തൻ്റെ ജീവിതത്തിൻ്റെ അവസാന ഘട്ടത്തിലായിരിക്കെ അവിടുത്തേക്ക് മേൽ അവതരിപ്പിക്കപ്പെട്ട ആയത്താണ് ഇത് എന്ന് ചുരുക്കം. അല്ലാഹുവിൻ്റെ പക്കൽ നിന്നുള്ള സഹായവും, ഇസ്‌ലാമിൻ്റെ പ്രചാരണവും വിശുദ്ധ ഖുർആനിൻ്റെ അവതരണവും പൂർത്തീകരിക്കപ്പെടുകയും ചെയ്ത സന്ദർഭം കൂടിയായിരുന്നു അത്.

മുസ്‌ലിംകൾക്ക് അവരുടെ ദീൻ പൂർത്തീകരിച്ചു നൽകിയെന്നും, തൻ്റെ അനുഗ്രഹം പൂർണ്ണമാക്കിയിരിക്കുന്നു എന്നും അല്ലാഹു ഈ വചനത്തിലൂടെ അറിയിക്കുന്നു. മുഹമ്മദ് നബി -ﷺ- യെ നിയോഗിച്ചതും, വിശുദ്ധ ഖുർആൻ അവിടുത്തേക്ക് അവതരിപ്പിച്ചതും ആ കാരുണ്യത്തിൻ്റെ ഭാഗമാണ്. അവർക്ക് മതമായി അല്ലാഹു ഇസ്‌ലാമിനെ തൃപ്തിപ്പെട്ടു നൽകുകയും ചെയ്തിരിക്കുന്നു. അതിലെ ഒരു നിയമവും അല്ലാഹുവിന് കോപകരമല്ല. മറ്റൊരു ദീനും മതവും അല്ലാഹു ഇനി ഒരാളിൽ നിന്ന് സ്വീകരിക്കുകയുമില്ല.

മുഹമ്മദ് നബി -ﷺ- യുടെ പക്കൽ അല്ലാഹു അയച്ചു നൽകിയ ഇസ്‌ലാമാകുന്ന ഈ മതം സർവ്വ മനുഷ്യരിലേക്കും ഉള്ളതാണ്. പരിപൂർണ്ണവും സമഗ്രവും എല്ലാ കാലഘട്ടത്തിലേക്കും എല്ലാ സ്ഥലത്തേക്കും എല്ലാ ജനങ്ങൾക്കും അനുയോജ്യമാണത്. വിജ്ഞാനത്തിൻ്റെയും ലാളിത്യത്തിൻ്റെയും നീതിയുടെയും നന്മയുടെയും മതമാണത്. വ്യക്തവും പൂർണ്ണവും ഋജുവുമായ മാർഗമാണത്. ജീവിതത്തിൻ്റെ വ്യത്യസ്തങ്ങളായ മേഖലകളിലെല്ലാം ഇസ്‌ലാമിക വിധിവിലക്കുകൾ ഈ നന്മകൾ പുലർത്തുന്നു. ഭരണവും കോടതിയും എല്ലാം ഈ മതത്തിലുണ്ട്. രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവുമായ സർവ്വ മേഖലകളെയും അത് സ്പർശിക്കുന്നു. മനുഷ്യർക്ക് അവരുടെ ഭൗതിക ജീവിതത്തിൽ ആവശ്യമായ എല്ലാ മേഖലകളെയും അത് കൃത്യമായി കൈകാര്യം ചെയ്യുന്നു. മരണശേഷമുള്ള പാരത്രിക ജീവിതത്തിൽ സൗഭാഗ്യം നൽകാനും അത് വഴിയൊരുക്കുന്നു.

***

ഇസ്‌ലാമിൻ്റെ സ്തംഭങ്ങൾ

അല്ലാഹു അവൻ്റെ ദൂതനായ മുഹമ്മദ് നബി -ﷺ- ക്ക് നൽകിയ പരിപൂർണ്ണമായ ഇസ്‌ലാം അഞ്ച് സ്തംഭങ്ങൾക്ക് മേലാണ് നിലകൊള്ളുന്നത്. ഒരാൾ യഥാർത്ഥ മുസ്‌ലിമാകണമെങ്കിൽ ഈ അഞ്ച് കാര്യങ്ങളും അവൻ വിശ്വസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതുണ്ട്. അവ താഴെ പറയാം:

1- 'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി ആരുമില്ല, മുഹമ്മദ് നബി അല്ലാഹുവിൻ്റെ ദൂതനാണ്) എന്ന് സാക്ഷ്യം വഹിക്കൽ.

2- നിസ്കാരം നിലനിർത്തൽ.

3- സകാത്ത് നൽകൽ.

4- റമദാനിൽ നോമ്പെടുക്കൽ.

5- സാധ്യമായ സ്ഥിതിയുണ്ട് എങ്കിൽ, അല്ലാഹുവിൻ്റെ പരിശുദ്ധ ഭവനമായ കഅ്ബയിൽ ചെന്ന് ഹജ്ജ് നിർവ്വഹിക്കൽ. (15)

സ്തംഭം ഒന്ന്:

'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി ആരുമില്ല, മുഹമ്മദ് നബി അല്ലാഹുവിൻ്റെ ദൂതനാണ്) എന്ന് സാക്ഷ്യം വഹിക്കൽ.

ഈ സാക്ഷ്യവചനത്തിൻ്റെ അർത്ഥം പഠിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുക എന്നത് ഓരോ മുസ്‌ലിമിനു് മേലും നിർബന്ധമായ കാര്യമാണ്. എന്നാൽ കേവലം നാവു കൊണ്ട് ഇത് ഉച്ചരിക്കുകയും, അതിൻ്റെ അർത്ഥത്തെ കുറിച്ച് അജ്ഞനായിരിക്കുകയും, അത് പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുന്നവന് ഈ സാക്ഷ്യവചനം ഒരു പ്രയോജനവും ചെയ്യുകയില്ല.

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യവചനത്തിൻ്റെ ഉദ്ദേശം ആകാശത്തിലോ ഭൂമിയിലോ ആരാധനക്ക് അർഹനായി അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല എന്നാണ്. അവനാകുന്നു സാക്ഷാൽ ആരാധ്യൻ. അവന് പുറമെ ആരാധിക്കപ്പെടുന്നവയെല്ലാം നിരർത്ഥകങ്ങളായ ആരാധ്യവസ്തുക്കളാണ്. ഇലാഹ് എന്നതിൻ്റെ അർത്ഥം ആരാധ്യൻ എന്നാണ്.

അല്ലാഹുവിന് പുറമെ മറ്റൊരാളെ ആരാധിക്കുന്നവൻ അല്ലാഹുവിനെ നിഷേധിക്കുകയും അവനിൽ പങ്കുചേർക്കുകയും ചെയ്തവനാണ്. അഥവാ അവൻ കാഫിറും മുശ്രിക്കുമാണ്. അവൻ നബിയെയോ വലിയ്യിനെയോ ആരാധിച്ചാലും അവൻ ബഹുദൈവാരാധകരിൽ തന്നെയാണ് ഉൾപ്പെടുക. തങ്ങൾ അല്ലാഹുവിലേക്ക് സാമീപ്യം തേടുന്നതിന് വേണ്ടിയാണ് അവരെ ആരാധിക്കുന്നത് എന്നോ, അവരെ അല്ലാഹുവിലേക്ക് മദ്ധ്യസ്ഥരാക്കുകയാണെന്നോ പറഞ്ഞാലും അവൻ്റെ അവസ്ഥ ഇതു തന്നെ. കാരണം നബി -ﷺ- ക്കെതിരെ യുദ്ധം പ്രഖ്യാപിച്ച മക്കയിലെ ബഹുദൈവാരാധകരുടെ ന്യായവാദവും ഇത് തന്നെയായിരുന്നു. എന്നാൽ ഈ ന്യായവാദം നിരർത്ഥകവും അസ്വീകാര്യവും തന്നെയാണ്. കാരണം അല്ലാഹുവല്ലാത്തവർക്ക് ആരാധന നൽകിക്കൊണ്ട് അവനും സൃഷ്ടികൾക്കുമിടയിൽ മദ്ധ്യസ്ഥരെ നിശ്ചയിച്ചു കൊണ്ടോ അല്ല

അല്ലാഹ‍ുവിലേക്ക് സാമീപ്യം തേടേണ്ടത്. മറിച്ച്, അല്ലാഹ‍ുവിന്റെ നാമഗുണ വിശേഷണങ്ങൾ കൊണ്ടും, അല്ലാഹ‍ു കൽപ്പിച്ച നിസ്കാരവും ദാനധർമ്മവും ദിക്റും നോമ്പും ജിഹാദും ഹജ്ജും മാതാപിതാക്കളോട് നന്മ പ്രവർത്തിക്കലും പോലുള്ള നന്മകൾ ചെയ്തുകൊണ്ടുമാണ് അവനിലേക്ക് സാമീപ്യം തേടേണ്ടത്. ജീവിച്ചിരിക്കുന്ന തന്റെ മുൻപിലുള്ള ഒരു സഹോദരനോട് തനിക്ക് വേണ്ടി അല്ലാഹ‍ുവിനോട് പ്രാർത്ഥിക്കണം എന്നു പറയുന്നതും അനുവദനീയം തന്നെ.

അല്ലാഹ‍ുവിനുള്ള ആരാധനകൾ ധാരാളമുണ്ട്. അതിൽ ചിലത് താഴെ പറയാം:

1- പ്രാർത്ഥന.

അല്ലാഹ‍ുവിനല്ലാതെ മറ്റാർക്കും സാധിക്കാത്ത കാര്യങ്ങൾ ചോദിക്കുക എന്നതാണ് പ്രാർത്ഥന എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് ഒരാൾ മഴ പെയ്യിക്കാനോ, രോഗം സുഖപ്പെടുത്താനോ, സൃഷ്ടികൾക്ക് നീക്കം ചെയ്യാനാകാത്ത പ്രയാസങ്ങൾ നീക്കാനോ, സ്വർഗം നൽകാനോ നരകത്തിൽ നിന്ന് രക്ഷപ്പെടുത്താനോ, സന്താനങ്ങളെ ലഭിക്കാനോ, ഉപജീവനമോ സൗഭാഗ്യമോ നേടാനോ തേടിയാൽ അത് പ്രാർത്ഥനയാകുന്നു.

ഈ പറഞ്ഞതെല്ലാം അല്ലാഹ‍ുവിനോട് മാത്രമേ തേടാവൂ. ആരെങ്കിലും ജീവിച്ചിരിക്കുന്നവരോടോ മരണപ്പെട്ടവരോടോ ഈ പറഞ്ഞ കാര്യങ്ങളിലേതെങ്കിലും തേടിയാൽ അവൻ അയാളെ ആരാധിച്ചിരിക്കുന്നു. അല്ലാഹ‍ു തന്റെ അടിമകളോട് തന്നെ മാത്രം വിളിച്ചു പ്രാർത്ഥിക്കണമെന്നും, പ്രാർത്ഥന ആരാധനയാണെന്നും, അത് അല്ലാഹ‍ുവല്ലാത്തവർക്ക് നൽകിയാൽ അവൻ നരകത്തിലാണെന്നും വ്യക്തമായി അറിയിച്ചിട്ടുണ്ട്. അല്ലാഹ‍ു പറയുന്നു: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായികൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച." (ഗാഫിർ: 60) അല്ലാഹ‍ുവിന് പുറമെ വിളിച്ചു പ്രാർത്ഥിക്കപ്പെടുന്ന ഒരാൾക്കും എന്തെങ്കിലുമൊരു ഉപകാരമോ ഉപദ്രവമോ ഉടമപ്പെടുത്താൻ സാധിക്കില്ലെന്ന് അല്ലാഹ‍ു വ്യക്തമായി ഖുർആനിലൂടെ അറിയിച്ചിട്ടുണ്ട്. ഈ വിധി നബിമാർക്കും ഔലിയാക്കൾക്കുമെല്ലാം ബാധകവുമാണ്. "(നബിയേ,) പറയുക: അല്ലാഹ‍ുവിന് പുറമെ നിങ്ങൾ (ദൈവങ്ങളെന്ന്) വാദിച്ച് പോന്നവരെ നിങ്ങൾ വിളിച്ച് നോക്കൂ. നിങ്ങളിൽ നിന്ന് ഉപദ്രവം നീക്കുവാനോ (നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല." (ഇസ്റാഅ്: 56) അല്ലാഹ‍ു പറയുന്നു: "മസ്ജിദുകളെല്ലാം അല്ലാഹ‍ുവിന്റേതാകുന്നു. അതിനാൽ അല്ലാഹ‍ുവിനോടൊപ്പം ഒരാളെയും നിങ്ങൾ വിളിച്ചു തേടരുത്." (ജിന്ന്: 18)

2- ബലികർമവും നേർച്ചയും സൽകർമങ്ങളും സമർപ്പിക്കൽ.

അല്ലാഹ‍ുവല്ലാത്തവർക്ക് ബലിയർപ്പിച്ചു കൊണ്ടോ, ബലിമൃഗത്തെ സമർപ്പിച്ചു കൊണ്ടോ, നേർച്ച നേർന്നു കൊണ്ടോ സാമീപ്യം തേടുക എന്നത് പാടില്ല. ഒരാൾ അല്ലാഹ‍ുവല്ലാത്തവർക്ക് ബലിയർപ്പിച്ചാൽ -ഉദാഹരണത്തിന് ജിന്നുകൾക്കോ ഖബ്റുകൾക്കോ ബലി നൽകിയാൽ- അവൻ അല്ലാഹ‍ുവല്ലാത്തവരെ ആരാധിച്ചിരിക്കുന്നു. അല്ലാഹ‍ുവിന്റെ ശാപത്തിനാണ് ഈ പ്രവർത്തിയിലൂടെ അവൻ അർഹനായിരിക്കുന്നത്. അല്ലാഹ‍ു പറഞ്ഞു: "പറയുക, തീർച്ചയായും എന്റെ നിസ്കാരവും, എന്റെ ബലികർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹ‍ുവിനുള്ളതാകുന്നു." (അൻആം: 162-163)

നബി -ﷺ- പറഞ്ഞു: "അല്ലാഹ‍ുവല്ലാത്തവർക്ക് ബലിയറുത്തവനെ അല്ലാഹ‍ു ശപിച്ചിരിക്കുന്നു." (16)

'എനിക്ക് ഇന്നയിന്നത് ലഭിച്ചാൽ ഞാൻ ഇന്നയാളുടെ പേരിൽ ഇത്രയിത്ര ദാനങ്ങൾ നൽകിക്കൊള്ളാം' എന്ന് ഒരാൾ പറഞ്ഞാൽ അല്ലാഹ‍ുവിൽ പങ്കുചേർക്കുന്ന തരത്തിലുള്ള നേർച്ചയാണത്. കാരണം സൃഷ്ടികൾക്കുള്ള നേർച്ചകളിലാണത് ഉൾപ്പെടുക. നേർച്ച ആരാധനയാണ്. അത് അല്ലാഹ‍ുവിനല്ലാതെ ചെയ്യരുത്. ഇസ്ലാമിലെ നേർച്ചയെന്നാൽ "എനിക്ക് ഇന്നയിന്നത് സംഭവിച്ചാൽ ഞാൻ അല്ലാഹ‍ുവിന് വേണ്ടി ഇത്ര ദാനം ചെയ്യുമെന്നോ, അല്ലാഹ‍ുവിന് വേണ്ടി ഇന്നയിന്ന കർമ്മങ്ങൾ പ്രവർത്തിക്കുമെന്നോ' പറയലാണ്.

3- ഇസ്തിഗാഥ, ഇസ്തിആനഃ, ഇസ്തിആദഃ (17)

അല്ലാഹ‍ുവിനോടല്ലാതെ ഇസ്തിഗാഥയോ (സഹായതേട്ടം) ഇസ്തിആനയോ (തേട്ടങ്ങൾ) നടത്താൻ പാടില്ല. അവനോടല്ലാതെ ഇസ്തിആദഃയും (രക്ഷാതേട്ടം) നടത്താൻ പാടില്ല. പരിശുദ്ധ ഖുർആനിലൂടെ അല്ലാഹ‍ു പഠിപ്പിക്കുന്നു: "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു." (ഫാതിഹഃ: 5) അല്ലാഹ‍ു പറയുന്നു: "പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്ന്." (ഫലഖ്: 1-2) നബി -ﷺ- പറഞ്ഞിരിക്കുന്നു: "നിശ്ചയം, എന്നോടു സഹായാർത്ഥന (ഇസ്തിഗാഥ) പാടില്ല, സഹായാർത്ഥന അല്ലാഹ‍ുവോടു മാത്രം." നബി -ﷺ- പറഞ്ഞു: "നീ ചോദിച്ചാൽ അല്ലാഹ‍ുവിനോട് മാത്രം ചോദിക്കുക. നീ സഹായം തേടുന്നെങ്കിൽ അല്ലാഹ‍ുവിനോട് മാത്രം സഹായം തേടുക." (19)

ഒരു ജീവനുള്ള മനുഷ്യൻ നിന്റെ മുൻപിൽ സന്നിഹിതനായിരിക്കുമ്പോൾ അവനോട് സഹായം തേടുക എന്നത് അനുവദനീയമാണ്; പക്ഷേ അവന് സാധിക്കുന്ന കാര്യങ്ങളിൽ മാത്രമേ ഈ സഹായതേട്ടം പാടുള്ളൂ. എന്നാൽ രക്ഷാതേട്ടം അല്ലാഹ‍ുവിനോട് മാത്രമേ പാടുള്ളൂ. മരിച്ചവരോടോ മറഞ്ഞിരിക്കുന്നവരോടോ സഹായം തേടാനോ രക്ഷ ചോദിക്കാനോ പാടില്ല. കാരണം അവർ യാതൊന്നും ഉടമപ്പെടുത്തുന്നില്ല. നബിമാരാണെങ്കിലും ഔലിയാക്കളാണെങ്കിലും മലക്കുകളാണെങ്കിലും ഈ പറഞ്ഞ വിധി ബാധകമാണ്.

മറഞ്ഞ കാര്യങ്ങൾ അല്ലാഹ‍ുവിനല്ലാതെ മറ്റാർക്കും അറിയുകയില്ല. ആരെങ്കിലും തനിക്ക് മറഞ്ഞ കാര്യങ്ങൾ അറിയാൻ സാധിക്കുമെന്ന് പറയുന്നുവെങ്കിൽ അവൻ അല്ലാഹ‍ുവിനെ നിഷേധിച്ച കാഫിറുകളിലാണ് ഉൾപ്പെടുക. അവൻ പറയുന്നത് കളവാണെന്ന് വ്യക്തമാക്കൽ നിർബന്ധമാണ്. അവൻ പറഞ്ഞത് വല്ലതും യാഥാർഥ്യത്തോട് യോജിച്ചുവന്നാൽ അത് യാദൃശ്ചികം മാത്രമാണ്. നബി -ﷺ- പറഞ്ഞിരിക്കുന്നു: "ആരെങ്കിലും ഒരു ജ്യോൽസ്യനെയോ കണക്കുനോട്ടക്കാരനെയോ സമീപിക്കുകയും അവൻ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ മുഹമ്മദി(ﷺ)ന് അവതരിപ്പിക്കപ്പെട്ടതിൽ (ഖുർആനിൽ) അവൻ അവിശ്വസിച്ചിരിക്കുന്നു." (20)

തവക്കുൽ (ഭരമേൽപ്പിക്കൽ), റജാഅ് (പ്രതീക്ഷ), ഖുശൂഅ് (ഭയഭക്തി) എന്നീ കാര്യങ്ങൾ അല്ലാഹ‍ുവിന് മാത്രം അർപ്പിക്കേണ്ട ആരാധനകളിലാണ് പെടുക. (21) അല്ലാഹ‍ുവിന്റെ മേലല്ലാതെ ഭരമേൽപ്പിക്കാനോ, അവനിലല്ലാതെ പ്രതീക്ഷ വെക്കാനോ, അവനോടല്ലാതെ ഭയഭക്തി കാണിക്കാനോ പാടില്ല.

എന്നാൽ ഏറെ സങ്കടകരമായ കാര്യം തങ്ങളും മുസ്ലിംകളാണെന്ന് പറയുന്ന അനേകം പേർ അവരറിയാതെ അല്ലാഹുവിൽ പങ്കുചേർത്തു കൊണ്ടിരിക്കുന്നു എന്നതാണ്. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ അനേകം പേരെ ആദരവെന്ന പേരിൽ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. അവരുടെ ഖബ്റുകൾ ത്വവാഫ് ചെയ്യുകയും, അവരോട് തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ഇതെല്ലാം അല്ലാഹുവല്ലാത്തവർക്കുള്ള ആരാധനയിലാണ് പെടുക; അത് ചെയ്യുന്നവൻ മുസ്ലിമല്ല; അവൻ താൻ ഇസ്ലാമിലാണ് എന്ന് വാദിച്ചാലും. അവൻ ശഹാദത്ത് കലിമ ഉച്ചരിക്കുകയും, നിസ്കാരം നിർവ്വഹിക്കുകയും നോമ്പെടുക്കുകയും ഹജ്ജ് നിർവ്വഹിക്കുകയും ചെയ്താലും അവൻ ശിർക് ചെയ്തിട്ടുണ്ടെങ്കിൽ മുസ്ലിമല്ല. അല്ലാഹു പറയുന്നു: "തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ; (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ഉൾപ്പെടുകയും ചെയ്യും." (സുമർ: 65) അല്ലാഹു പറയുന്നു: "ആര് അല്ലാഹുവിൽ പങ്കു ചേർത്തുവോ അവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. അവന്റെ സങ്കേതം നരകമാകുന്നു. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല." (മാഇദ:72) തന്റെ ജനതയോട് പറയുന്നതിനായി അല്ലാഹു മുഹമ്മദ് നബി -ﷺ- യോട് കൽപ്പിച്ചത് നോക്കൂ. "നബിയേ, പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഏക ആരാധ്യനായ അല്ലാഹു മാത്രമാണെന്ന് എനിക്ക് സന്ദേശം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തന്റെ റബ്ബിനെ കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ." (കഹ്ഫ്: 110)

പാമരന്മാരായ ഈ ജനങ്ങളെ വഞ്ചിച്ചത് വഴികേടിന്റെ നേതാക്കന്മാരായ പുരോഹിതന്മാരാണ്. അവർക്ക് ചിലപ്പോൾ മതപരമായ ചില കർമ്മശാസ്ത്ര വിധികളിൽ വിവരമുണ്ടായിരിക്കാം; എന്നാൽ ഇസ്ലാമിന്റെ അടിത്തറയായ തൗഹീദിനെ കുറിച്ച് അവർക്ക് കടുത്ത അജ്ഞതയുണ്ട്. അതിനാൽ ബഹുദൈവാരാധനയിലേക്കാണ് അവർ ജനങ്ങളെ ക്ഷണിച്ചു കൊണ്ടിരിക്കുന്നത്. എന്താണ് ശഫാഅത് (ശുപാർശ) എന്നോ, വസീലഃ (അല്ലാഹുവിലേക്ക് അടുപ്പം സിദ്ധിക്കൽ) എന്നോ മനസ്സിലാക്കാതെ, ഖുർആനിലെയും സുന്നത്തിലെയും പ്രമാണങ്ങളിൽ ചിലത് അടർത്തിയെടുത്ത് അവക്ക് നിരർത്ഥകമായ വ്യാഖ്യാനങ്ങൾ നൽകുകയും, നബി -ﷺ- യുടെ മേൽ കെട്ടിച്ചമക്കപ്പെട്ട ഹദീഥുകൾ പ്രചരിപ്പിച്ചും, പിശാച് നിർമ്മിച്ചുണ്ടാക്കുന്ന സ്വപ്നക്കഥകളും തോന്നലുകളും പറഞ്ഞു കൊണ്ടും ഇവർ ജനങ്ങളെ വഴിതെറ്റിക്കുന്നു. സമാനമായ അനേകം വഴികേടുകൾ ഇത്തരക്കാരുടെ ഗ്രന്ഥങ്ങളിൽ കണ്ടെത്താൻ സാധിക്കും. അല്ലാഹുവല്ലാത്തവർക്ക് ആരാധനകൾ സമർപ്പിക്കുക എന്ന തങ്ങളുടെ വഴികേടിനുള്ള ന്യായീകരണമായാണ് ഇതെല്ലാം അവർ കൊണ്ടുവരുന്നത്. പിശാചിനെ പിൻപറ്റുകയും ദേഹേഛകൾക്ക് വഴിപ്പെടുകയും, പ്രപിതാക്കളെ അന്ധമായി പിൻപറ്റുകയും ചെയ്യുന്ന ഈ നടപടി ആദ്യകാല ബഹുദൈവാരാധകരുടെ പ്രവർത്തനങ്ങൾക്ക് സമാനമാണെന്നതിൽ സംശയമില്ല.

വിശുദ്ധ ഖുർആനിൽ അല്ലാഹുവിലേക്ക് സാമീപ്യം തേടാനും, വസീലഃ അന്വേഷിക്കാനും പറഞ്ഞിട്ടുണ്ട് (മാഇദഃ 35) എന്നത് ശരിയാണ്. പക്ഷേ അത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അല്ലാഹുവിനെ ഏകനാക്കുകയും, നിസ്കാരവും ദാനവും നോമ്പും ഹജ്ജും ജിഹാദും നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും കുടുംബബന്ധം ചേർക്കലും പോലുള്ള നന്മകൾ ചെയ്തു കൊണ്ടും അല്ലാഹുവിലേക്ക് സാമീപ്യം തേടലാണ്. അതല്ലാതെ മരിച്ചവരോട് പ്രാർത്ഥിക്കുകയോ പ്രയാസങ്ങളിലും ദുരിതങ്ങളിലും അവരോട് സഹായം തേടുകയോ ചെയ്യാൻ ആ ആയത്തിലെവിടെയും പറയുന്നില്ല. അതെല്ലാം അല്ലാഹുവല്ലാത്തവർക്കുള്ള ആരാധനയും, തനി ബഹുദൈവാരാധനയുടെ രൂപവുമാണ്.

ഇനി നബിമാരും ഔലിയാക്കളും മറ്റു മുസ്ലിംകളും നിർവ്വഹിക്കുന്ന ശഫാഅത്തുകളുടെ കാര്യമാണുള്ളത്; അല്ലാഹു അനുമതി നൽകുമ്പോൾ മുസ്ലിംകൾക്ക് വേണ്ടി അവർ ശുപാർശ നടത്തുമെന്ന കാര്യം നാം അംഗീകരിക്കുന്നുണ്ട്. എന്നാൽ ഈ ശുപാർശ ഒരിക്കലും മരണപ്പെട്ടവരോട് തേടിക്കൂടാ. കാരണം ശഫാഅത് അല്ലാഹുവിന്റെ മാത്രം അവകാശമാണ്. അവന്റെ അനുമതിയില്ലാതെ അത് ഒരാൾക്കും നൽകപ്പെടുകയില്ല. അല്ലാഹുവിനെ ഏകനാക്കുന്ന ഒരാൾ അവനോടല്ലാതെ അത് ചോദിക്കരുത്. 'അല്ലാഹുവേ! എന്റെ കാര്യത്തിൽ നിന്റെ റസൂലിന്റെയും സച്ചരിതരായ നിന്റെ ദാസന്മാരുടെയും ശുപാർശ എനിക്ക് നൽകേണമേ!' എന്ന് അവൻ അല്ലാഹുവിനോടാണ് പ്രാർത്ഥിക്കേണ്ടത്. അതല്ലാതെ മരിച്ചവരോട് എനിക്ക് വേണ്ടി ശുപാർശ ചെയ്യണേ! എന്ന് അവൻ പറയരുത്. കാരണം മരിച്ചവരോട് യാതൊരു കാര്യവും തേടാൻ പാടില്ല. അല്ലാഹു പറഞ്ഞത് നോക്കൂ: "പറയുക: അല്ലാഹുവിനാകുന്നു ശുപാർശ (ശഫാഅത്ത്) മുഴുവൻ. അവന്നാകുന്നു ആകാശങ്ങളുടെയും, ഭൂമിയുടെയും ആധിപത്യം. പിന്നീട് അവങ്കലേക്ക് തന്നെയാകുന്നു നിങ്ങൾ മടക്കപ്പെടുന്നത്." (സുമർ: 44)

നബി -ﷺ- വിലക്കിയ നിഷിദ്ധമായ പുത്തനാചാരങ്ങളിൽ പെട്ട മറ്റൊരു പ്രവർത്തിയെ കുറിച്ച് കൂടി ഇവിടെ പറയേണ്ടതുണ്ട്. അനേകം ഹദീഥുകളിലൂടെ നബി -ﷺ- വിലക്കിയ കാര്യമാണത്; ഖബ്റുകളെ മസ്ജിദുകളാക്കുകയും, അവിടെ വിളക്കുകൾ കൊളുത്തുകയും, ഖബ്റുകൾക്ക് മീതെ കെട്ടിടങ്ങൾ നിർമ്മിക്കുകയും, അവ കുമ്മായമിടുകയും, ഖബ്റുകൾക്ക് മീതെ എഴുതിവെക്കുകയും, ഖബ്ർ മൂടുകയും അവിടെ നിസ്കാരം നിർവ്വഹിക്കുകയും ചെയ്യുക എന്നതാണത്. ഈ പറഞ്ഞതെല്ലാം നബി -ﷺ- ശക്തമായി വിലക്കിയ കാര്യത്തിൽ പെട്ടതാണ്. കാരണം ഇതെല്ലാം ആ ഖബ്റിൽ കിടക്കുന്നവരെ ആരാധിക്കാൻ കാരണമാകുന്ന ഏറ്റവും വലിയ വഴികളിൽ പെട്ടതാണ്.

ഇത്രയും പറഞ്ഞതിൽ നിന്ന് ഒരു കാര്യം മനസ്സിലാക്കാം; അനേകം നാടുകളിൽ വിവരമില്ലാത്ത ചിലർ ഖബ്റിനരികിൽ ചെയ്യുന്ന പല പ്രവർത്തനങ്ങളും വ്യക്തമായ ശിർകാണ്. ഈജിപ്തിലെ ബദവിയുടെയും സയ്യിദഃ സൈനബിന്റെയും ഖബ്റിനരികിലും, ഇറാഖിലെ അബ്ദുൽ ഖാദിർ ജീലാനിയുടെ ഖബ്റിനരികിലും, നജഫിലും കർബലാഇലും അഹ്ലുൽ ബൈത്തിന്റെ ഖബ്ർ എന്ന പേരിൽ പ്രചരിപ്പിക്കപ്പെട്ട ഖബ്റുകളിലും ഇത്തരം അനേകം പ്രവർത്തനങ്ങൾ കാണാം. ഖബ്റുകൾ പ്രദക്ഷിണം നടത്തുക എന്നതും, ഖബ്റിൽ കിടക്കുന്നവരോട് തങ്ങളുടെ ആവശ്യങ്ങൾ പറയുക എന്നതും, അവർക്ക് ഉപകാരോപദ്രവങ്ങൾ ചെയ്യാൻ സാധിക്കുമെന്നുള്ള വിശ്വാസവുമെല്ലാം അനേകമനേകം നാടുകളിൽ വ്യാപകമാണ്.

ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നവർ വ്യക്തമായ ബഹുദൈവാരാധകരും വഴിപിഴച്ചവരുമാണ്. അവർ തങ്ങൾ മുസ്ലിംകളാണെന്ന് അവകാശപ്പെടുകയും, നിസ്കാരവും നോമ്പും ഹജ്ജും നിർവ്വഹിക്കുകയും, ശഹാദത്ത് കലിമ ഉച്ചരിക്കുകയും ചെയ്താലും അവർക്കത് പ്രയോജനം ചെയ്യുകയില്ല. കാരണം ശഹാദത് കലിമ ചൊല്ലിയവർ അതിന്റെ അർത്ഥം പഠിക്കുകയും, അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നത് വരെ അല്ലാഹുവിനെ ഏകനാക്കിയവനാവില്ല. ഒരു അമുസ്ലിമായ മനുഷ്യൻ ശഹാദത്ത്

ചൊല്ലിയാൽ അതോടെ അവൻ മുസ്ലിമാകുമെന്നതിൽ സംശയമില്ല; ബഹുദൈവാരാധനയിൽ തന്നെയാണ് അവൻ നിലകൊള്ളുന്നത് എന്ന് വ്യക്തമാകുന്ന എന്തെങ്കിലും പ്രവർത്തി അവനിൽ കാണപ്പെടാത്തിടത്തോളം അവൻ മുസ്ലിം തന്നെ. എന്നാൽ അങ്ങനെ വല്ലതും സ്ഥിരപ്പെട്ടാൽ അവനും നേരത്തെ പറഞ്ഞ കൂട്ടരും ഒരേ പോലെത്തന്നെയാണ്. ഇസ്ലാമിലെ ഏതെങ്കിലും നിർബന്ധകർമ്മങ്ങൾ വിശദീകരിക്കപ്പെട്ടു കഴിഞ്ഞതിന് ശേഷം ഒരാൾ അവയെ നിഷേധിക്കുകയോ, ഇസ്ലാമല്ലാത്ത മറ്റേതെങ്കിലും മതത്തിൽ ഒരാൾ വിശ്വസിക്കുകയോ ചെയ്താലുള്ള അതേ അവസ്ഥ തന്നെയാണ് ഈ പറഞ്ഞതിനുമുള്ളത്.

നബിമാരും ഔലിയാക്കളും (22) അവരെ വിളിച്ചു പ്രാർത്ഥിക്കുകയും അവരോട് സഹായതേട്ടം നടത്തുകയും ചെയ്യുന്ന ഇത്തരം ജനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തവരാണ്. അല്ലാഹു അവന്റെ ദൂതന്മാരെ മുഴുവൻ നിയോഗിച്ചത് തന്നെ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന് ജനങ്ങളെ പഠിപ്പിക്കുന്നതിനാണ്. അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന നബിമാരെയും വലിയ്യുകളെയും ആരാധിക്കുന്നത് വെടിയാനായിരുന്നു ആ നബിമാരെല്ലാം തങ്ങളുടെ ജനതയെ ഓർമ്മപ്പെടുത്തിയത്.

അല്ലാഹുവിന്റെ റസൂൽ -ﷺ- യെ സ്നേഹിക്കുക എന്നതും, അവിടുത്തെ പിൻപറ്റിയ യഥാർത്ഥ ഔലിയാക്കളെ സ്നേഹിക്കുക എന്നതും കൊണ്ട് ഉദ്ദേശിക്കുന്നത് അവരെ ആരാധിക്കണം എന്നല്ല. അവരെ ആരാധിക്കുക എന്നത് യഥാർത്ഥത്തിൽ അവരോട് ശത്രുത പ്രകടിപ്പിക്കലാണ്. മറിച്ച് അവരെ പിൻപറ്റി കൊണ്ടും അവരുടെ മാർഗത്തിൽ ചരിച്ചു കൊണ്ടുമാണ് അവരെ സ്നേഹിക്കേണ്ടത്. യഥാർത്ഥ മുസ്ലിം അല്ലാഹുവിന്റെ ദൂതന്മാരെയും ഔലിയാക്കളെയും സ്നേഹിക്കുന്നവരാണ്; പക്ഷേ ഒരിക്കലും അവരെ അവൻ ആരാധിക്കുകയില്ല.

നബി -ﷺ- യെ സ്നേഹിക്കുക എന്നത് ഓരോ മുസ്ലിമിന്റെ മേലും നിർബന്ധമാണ്. സ്വന്തത്തേക്കാളും നമ്മുടെ കുടുംബത്തേക്കാളും മക്കളേക്കാളും സർവ്വ ജനങ്ങളേക്കാളും അവിടുത്തെ സ്നേഹിക്കുക എന്നത് നിർബന്ധമാണെന്ന് നാം വിശ്വസിക്കുന്നു.

***

വിജയിച്ച കക്ഷി

മുസ്ലിംകൾ എണ്ണത്തിൽ അനേകമുണ്ട്. എന്നാൽ കാമ്പും മൂല്യവുമുള്ളവർ ഏറെ കുറവാണ്. ഇസ്ലാമിലേക്ക് ചേർത്തി പറയുന്ന എഴുപത്തി മൂന്നോളം കക്ഷികളുമുണ്ട്. ഒരു ബില്ല്യൺ മനുഷ്യർ ഇവയിലെല്ലാം ചിതറിക്കിടക്കുന്നു. (23) എന്നാൽ ഇവയിൽ യഥാർത്ഥ മുസ്ലിം വിഭാഗം എന്ന് പറയാവുന്നത് ഒരൊറ്റ കക്ഷി മാത്രമാണ്. അല്ലാഹുവിനെ ഏകനാക്കുകയും, മുഹമ്മദ് നബി -ﷺ- യും സ്വഹാബികളും നിലകൊണ്ട മാർഗത്തിൽ ചരിക്കുകയും ചെയ്യുന്നവർ മാത്രമാണ് ആ കക്ഷി. വിശ്വാസത്തിലും കർമ്മത്തിലും അവരുടെ മാർഗം പിന്തുടരുന്ന ഈ കൂട്ടരെ കുറിച്ചാണ് നബി -ﷺ- ഇപ്രകാരം പറഞ്ഞത്: "യഹൂദർ എഴുപത്തി ഒന്ന് കക്ഷികളായി ഭിന്നിച്ചു. നസ്വാറാക്കൾ എഴുപത്തിരണ്ട് കക്ഷികളായും ഭിന്നിച്ചു. ഈ ഉമ്മത്ത് എഴുപത്തി മൂന്ന് കക്ഷികളായി ഭിന്നിക്കുന്നതാണ്; അവരെല്ലാം നരകത്തിലാണ്. ഒരു കക്ഷിയൊഴികെ." സ്വഹാബികൾ ചോദിച്ചു: "ഏതാണ് ആ കക്ഷി, അല്ലാഹുവിന്റെ റസൂലേ?!" നബി -ﷺ- പറഞ്ഞു: "ഇന്ന് ഞാനും എന്റെ സഹാബാക്കളും ഏതൊരു മാർഗ്ഗത്തിലാണോ നിലകൊള്ളുന്നത് ആ മാർഗം സ്വീകരിക്കുന്നവരാകുന്നു അവർ." (24)

നബി -ﷺ- യും സ്വഹാബത്തും നിലകൊണ്ട മാർഗം ഏതായിരുന്നു?! അവർ ശഹാദത്ത് കലിമയുടെ ഉദ്ദേശ്യം അറിയുകയും, അത് പ്രാവർത്തികമാക്കുകയും, അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കുകയും, അവന് മാത്രം ബലിയർപ്പിക്കുകയും നേർച്ച നേരുകയും, അല്ലാഹുവിനോട് മാത്രം സഹായം തേടുകയും രക്ഷ ചോദിക്കുകയും ചെയ്തവരായിരുന്നു. അല്ലാഹുവിന് മാത്രമേ ഉപകാരോപദ്രവങ്ങൾ ചെയ്യാൻ സാധിക്കൂ എന്നും അവർക്കറിയാമായിരുന്നു. ഇസ്ലാം കാര്യങ്ങൾ നിഷ്കളങ്കമായ ഹൃദയത്തോടെ നിർവ്വഹിക്കുകയും, അല്ലാഹുവിന്റെ മലക്കുകളെയും വേദഗ്രന്ഥങ്ങളെയും ദൂതന്മാരെയും വിചാരണയെയും സ്വർഗത്തെയും നരകത്തെയും അവർ സത്യപ്പെടുത്തുകയും ചെയ്തു. അല്ലാഹുവിന്റെ വിധിയിലും അതിന്റെ നന്മയിലും തിന്മയിലും അവർ വിശ്വസിച്ചു. വിശുദ്ധ ഖുർആനും തിരുസുന്നത്തും ജീവിതത്തിന്റെ നിഖിലങ്ങളായ മേഖലകളിൽ തങ്ങളുടെ വിധികർത്താവാണെന്ന് അവർ പ്രഖ്യാപിക്കുകയും, അതിലെ വിധികളിൽ അവർ തൃപ്തിയടയുകയും ചെയ്തു. അല്ലാഹുവിന്റെ ഇഷ്ടദാസന്മാരെ സ്നേഹിക്കുകയും, അവന്റെ ശത്രുക്കളെ വെറുക്കുകയും, അല്ലാഹുവിലേക്ക് ക്ഷണിക്കുകയും, അവന്റെ മാർഗത്തിൽ യുദ്ധം നിർവ്വഹിക്കുകയും, അതിനായി അവർ ഒരുമിച്ചു നിലകൊള്ളുകയും ചെയ്തു. ഇസ്ലാമിക ഭരണാധികാരികളുടെ വാക്കുകൾ -അവർ നന്മ കൽപ്പിക്കുമ്പോഴെല്ലാം- കേൾക്കുകയും അനുസരിക്കുകയും, എവിടെയാണെങ്കിലും സത്യം തുറന്നു പറയുകയും, നബി -ﷺ- യുടെ പത്നിമാരെയും അവിടുത്തെ കുടുംബത്തെയും സ്നേഹിക്കുകയും, അവിടുത്തെ സ്വഹാബിമാരെ സ്നേഹിക്കുകയും അവരുടെ ശ്രേഷ്ഠതകൾ മനസ്സിലാക്കി കൊണ്ട് അവരുടെ പദവികൾ തിരിച്ചറിയുകയും അവർക്കെല്ലാം അല്ലാഹുവിന്റെ തൃപ്തി ലഭിക്കാനായി പ്രാർത്ഥിക്കുകയും അവർക്കിടയിൽ സംഭവിച്ച അഭിപ്രായഭിന്നതകളെ കുറിച്ച് തർക്കം നടത്താതിരിക്കുകയും ചെയ്യുക എന്നതാണ് അവരുടെ മാർഗം. (25) സ്വഹാബികളിൽ ചിലരെ കുറിച്ച് കപടവിശ്വാസികൾ പറഞ്ഞു പരത്തിയ കള്ളക്കഥകൾ അവർ വിശ്വസിക്കുകയില്ല. അതിലൂടെ മുസ്ലിംകളെ ഭിന്നിപ്പിക്കാനാണ് അവർ ഉദ്ദേശിച്ചത്. എന്നാൽ ഇത്തരം കള്ളക്കഥകൾ സത്യമാണെന്ന ധാരണയിൽ അവ തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയ ചില പണ്ഡിതന്മാരുടെ കാര്യമാകട്ടെ; അവർക്ക് യഥാർത്ഥത്തിൽ അബദ്ധം പിണയുകയാണുണ്ടായത്.

തങ്ങൾ അഹ്ലുൽ ബൈത്തിൽ പെട്ടവരാണെന്ന് പറയുന്നവരോട് ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്താൻ ഒരു കാര്യമുണ്ട്; തങ്ങളുടെ പരമ്പര ശരിയായ പരമ്പരയാണോ എന്ന കാര്യം അവർ ഉറപ്പു വരുത്തേണ്ടതുണ്ട്. കാരണം തന്റെ പിതാവിലേക്കല്ലാതെ ചേർത്തി പറയുന്നവരെ അല്ലാഹു ശപിച്ചിട്ടുണ്ട്. ഇനി തങ്ങളുടെ പരമ്പര നബി -ﷺ- യിലേക്ക് എത്തുന്നുണ്ട് എന്ന് അവർക്ക് ബോധ്യപ്പെട്ടാലാകട്ടെ, അവർ അല്ലാഹുവിന്റെ ദൂതരെ പിൻപറ്റാനാണ് ശ്രമിക്കേണ്ടത്. തൗഹീദ് പാലിച്ചു കൊണ്ടും, തിന്മകൾ ഉപേക്ഷിച്ചു കൊണ്ടും, ജനങ്ങൾ തങ്ങളുടെ മുൻപിൽ വണങ്ങി നിൽക്കാൻ ആഗ്രഹിക്കാതെയും അവരത് ചെയ്താൽ അതിൽ തൃപ്തിപ്പെടാതെയുമാണ് അവർ കഴിയേണ്ടത്. തങ്ങളുടെ കാൽപ്പാദങ്ങൾ ജനങ്ങൾ ചുംബിക്കുന്നതും മറ്റും അവർ ഇഷ്ടപ്പെടാനേ പാടില്ല. മുസ്ലിംകളായ തങ്ങളുടെ സഹോദരങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്ന എന്തെങ്കിലും പ്രത്യേക വസ്ത്രധാരണ രീതി സ്വീകരിക്കുക എന്നതും അവർക്ക് പാടില്ല. കാരണം ഇതെല്ലാം

അല്ലാഹുവിന്റെ റസൂൽ -ﷺ- നിലകൊണ്ടിരുന്ന മാർഗത്തിന് വിരുദ്ധമാണ്. അവിടുന്ന് ഇത്തരം കാര്യങ്ങളിൽ നിന്നെല്ലാം ഏറെ അകലം പാലിച്ചിരുന്നു. അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയർ അവനെ ഏറ്റവും സൂക്ഷിക്കുന്നവരാണെന്ന ബോധ്യം ഏവർക്കും വേണ്ടതുണ്ട്.

നമ്മുടെ പ്രവാചകനായ മുഹമ്മദ് നബിയിലും അവിടുത്തെ മുഴുവൻ കുടുംബങ്ങളിലും അനുചരൻമാരിലും അല്ലാഹുവിൻറെ രക്ഷയും സമാധാനവും വർഷിക്കുമാറാകട്ടെ.

***

നിയമനിർമ്മാണവും വിധിവിലക്കുകൾ തീരുമാനിക്കലും അല്ലാഹുവിന്റെ അവകാശമാണ്; ഇസ്ലാമിക മതവിധികൾ നിലകൊള്ളുന്നിടത്ത് മാത്രമാണ് നീതിയും കാരുണ്യവും ശ്രേഷ്ഠതയുമുള്ളത്

ലാ ഇലാഹ ഇല്ലല്ലാഹ് (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല) എന്ന വാക്കിന്റെ അർത്ഥങ്ങളിൽ പെട്ടതാണ് ഇക്കാര്യം. നിയമനിർമ്മാണവും വിധിവിലക്കുകൾ തീരുമാനിക്കലും അല്ലാഹുവിന്റെ അവകാശമാണ്. അതിനാൽ മനുഷ്യർക്ക് അല്ലാഹുവിന്റെ മതനിയമങ്ങൾക്ക് വിരുദ്ധമായി നിയമം സൃഷ്ടിക്കാനോ ഭരണഘടന രൂപപ്പെടുത്താനോ അനുവാദമില്ല. ഇത് ഏതു കാര്യത്തിലും ബാധകവുമാണ്. അല്ലാഹു അവതരിപ്പിച്ച ഖുർആനും സുന്നത്തും കൊണ്ടല്ലാതെ ഒരാൾക്കും വിധി പറയാൻ അനുവാദവുമില്ല. ഇസ്ലാമിക വിധിവിലക്കുകളോട് വിരുദ്ധമാകുന്ന ഏതെങ്കിലും നിയമം ഒരാൾ തൃപ്തിപ്പെടുന്നതോ, അല്ലാഹു നിഷിദ്ധമാക്കിയ ഏതെങ്കിലും കാര്യം ഒരാൾ അനുവദിക്കുന്നതോ, അനുവദിച്ച ഒരു കാര്യം നിഷിദ്ധമാക്കുന്നതോ ഒന്നും പാടില്ല. അല്ലാഹുവിന് വിരുദ്ധമാകുക എന്ന ഉദ്ദേശ്യത്തോടെ ബോധപൂർവ്വം ആരെങ്കിലും അപ്രകാരം ചെയ്താൽ -അതല്ലെങ്കിൽ ആരെങ്കിലും അതിൽ തൃപ്തിയടഞ്ഞാൽ- അവൻ അല്ലാഹുവിനെ നിഷേധിച്ചവനായിരിക്കും. അല്ലാഹു പറയുന്നു: "അല്ലാഹു അവതരിപ്പിച്ച് തന്നത് (ഖുർആനും, ഹദീസും) അനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു കാഫിറുകൾ." (മാഇദഃ: 44)

***

അല്ലാഹു ദൂതന്മാരെ ഏൽപ്പിച്ച ദൗത്യം

അല്ലാഹുവിനെ ഏകനാക്കുക എന്ന കലിമതുത്തൗഹീദിലേക്കുള്ള ക്ഷണമായിരുന്നു പ്രവാചകന്മാരുടെ ദൗത്യം. ഈ വചനം ജീവിതത്തിലൂടെ പ്രാവർത്തികമാക്കുകയും, അല്ലാഹുവിനെ മാത്രം ആരാധിക്കുകയും സൃഷ്ടികളെ ആരാധിക്കുന്നത് വെടിയുകയും അവരുടെ നിയമങ്ങളിൽ നിന്ന് പുറത്തു കടക്കുകയും, അല്ലാഹുവിന്റെ മതനിയമങ്ങൾ മാത്രം പാലിക്കുകയും ചെയ്യുക എന്നതിലേക്കായിരുന്നു അവർ ക്ഷണിച്ചത്.

വിശുദ്ധ ഖുർആൻ ഉറ്റാലോചിച്ചു കൊണ്ട് വായിക്കുന്ന, അന്ധമായ അനുകരണം ഉപേക്ഷിക്കാൻ തയ്യാറുള്ള ഏതൊരാൾക്കും നാം ഈ വിശദീകരിച്ചതാണ് സത്യമെന്ന് വളരെ എളുപ്പം ബോധ്യപ്പെടും. മനുഷ്യനും അവന്റെ സ്രഷ്ടാവും തമ്മിലുള്ള ബന്ധവും, സൃഷ്ടികൾ തമ്മിലുള്ള ബന്ധവും അല്ലാഹു കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട് എന്നും, അല്ലാഹുവിൽ വിശ്വസിക്കുന്ന അവന്റെ ദാസന്മാർ സർവ്വ ആരാധനകളും അല്ലാഹുവിന് മാത്രമേ സമർപ്പിക്കാവൂ എന്നും അവന് ബോധ്യപ്പെടും. ആരാധനകളിൽ യാതൊന്നും അല്ലാഹുവല്ലാത്തവർക്ക് നൽകാൻ അവന് അനുവാദമില്ല. എന്നാൽ നബിമാരോടും അല്ലാഹുവിന്റെ സ്വാലിഹീങ്ങളായ ദാസന്മാരോടും പാലിക്കേണ്ട ബന്ധം അവരെ അല്ലാഹുവിന് വേണ്ടി സ്നേഹിക്കുകയും മാതൃകയാക്കുകയും ചെയ്യുക എന്നതായിരിക്കണം. അല്ലാഹുവിനെ നിഷേധിച്ച അവന്റെ ശത്രുക്കളോടുള്ള ബന്ധം അകൽച്ചയിലും വിദ്വേഷത്തിലുമാണ് എന്നതും അതോടൊപ്പം മനസ്സിലാക്കുക; കാരണം അല്ലാഹു അവരോട് കോപിച്ചിരിക്കുന്നു. പക്ഷേ ഇതോടൊപ്പം അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കാനും നാം മറന്നു കൂടാ; കാരണം അവർ സന്മാർഗം സ്വീകരിക്കാൻ അത് വഴിയൊരുക്കിയേക്കാം. ഇസ്ലാമിനെ നിഷേധിക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നവർക്കെതിരെ വൈജ്ഞാനികവും സൈനീകവുമായ നടപടികളും മുസ്ലിംകളുടെ മേൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്; ഭൂമിയിൽ കുഴപ്പങ്ങൾ ബാക്കി നിൽക്കാതെ മതം അല്ലാഹുവിന് മാത്രമാകുന്നതിന് വേണ്ടിയാകുന്നു അത്. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന കലിമതുത്തൗഹീദിന്റെ വിശദീകരണത്തിൽ പെട്ടതാണ് ഈ പറഞ്ഞ കാര്യങ്ങളെല്ലാം. ഇവയെല്ലാം പഠിക്കുക എന്നതും അവ പ്രാവർത്തികമാക്കുക എന്നതും ഓരോ മുസ്ലിമിന് മേലും നിർബന്ധമായ കാര്യമാണ്. കാരണം അപ്പോൾ മാത്രമേ അവൻ യഥാർത്ഥ മുസ്ലിമാവുകയുള്ളൂ.

'മുഹമ്മദുൻ റസൂലുല്ലാഹ്' എന്നതിന്റെ അർത്ഥം

മുഹമ്മദുൻ റസൂലുല്ലാഹ് എന്ന് വിശ്വസിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയും മുഹമ്മദ് നബി -ﷺ- ജനങ്ങളിലേക്ക് മുഴുവനായും നിയോഗിക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാണെന്ന് വിശ്വസിക്കണം. അവിടുന്ന് അല്ലാഹുവിന്റെ ദാസൻ മാത്രമാണെന്നും അവിടുത്തെ ആരാധിക്കരുതെന്നും, അവിടുന്ന് അല്ലാഹുവിന്റെ ദൂതനാണെന്നും അതിനാൽ അവിടുത്തെ അവിശ്വസിക്കരുതെന്നും അവന് വിശ്വാസമുണ്ടായിരിക്കണം. നബി -ﷺ- യെ അനുസരിച്ചവൻ സ്വർഗത്തിലും അവിടുത്തെ ധിക്കരിക്കുന്നവൻ നരകത്തിലും പ്രവേശിക്കുന്നതാണ്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട നിഖില മേഖലകളിലും അവിടുത്തെ അദ്ധ്യാപനങ്ങളെയാണ് ഒരു മുസ്ലിം മാതൃകയാക്കേണ്ടത്. ആരാധനാകർമ്മങ്ങളുടെ വിഷയത്തിലും, ഭരണപരമായ കാര്യങ്ങളിലും, ഹലാൽ ഹറാമുകൾ നിശ്ചയിക്കുന്നതിലുമെല്ലാം അവിടുത്തെ വാക്കുകളാണ് ഓരോ മുസ്ലിമും അംഗീകരിച്ചിരിക്കേണ്ടത്. കാരണം അല്ലാഹുവിന്റെ ദൂതർ അല്ലാഹുവിന്റെ വിധിവിലക്കുകളാണ് നമുക്ക് എത്തിച്ചു തന്നത്. അവിടുത്തെ മാർഗത്തിലൂടെയല്ലാതെ വന്നെത്തിയ വിധിവിലക്കുകളെ സ്വീകരിക്കുക എന്നത് ഒരു മുസ്ലിമിന് യോജിച്ചതല്ല. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്." (ഹശ്ർ:7) അല്ലാഹു പറയുന്നു: "ഇല്ല, നിന്റെ റബ്ബ് (അല്ലാഹു) തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ താങ്കളെ വിധികർത്താവാക്കുകയും, താങ്കൾ വിധികല്പിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല." (നിസാഅ്: 65)

മേൽ പറഞ്ഞ രണ്ട് ആയത്തുകളുടെ വിശദീകരണം ഇപ്രകാരമാണ്:

1- അല്ലാഹ്വിന്റെ റസൂലായ മുഹമ്മദ് നബി -ﷺ- യെ അനുസരിക്കണമെന്ന് അല്ലാഹു മനുഷ്യരോട് കൽപ്പിക്കുന്നു. അവരോട് കൽപ്പിക്കപ്പെട്ട എല്ലാ കാര്യങ്ങളും പാലിക്കുകയും, വിലക്കപ്പെട്ട എല്ലാ കാര്യങ്ങളും ഉപേക്ഷിക്കുകയും ചെയ്യണം. കാരണം അല്ലാഹുവിന്റെ കൽപ്പനകളും വിലക്കുകളും മാത്രമാണ് അവിടുന്ന് നമുക്ക് അറിയിച്ചു തന്നിട്ടുള്ളത്.

2- രണ്ടാമത്തെ ആയത്തിൽ അല്ലാഹു അവന്റെ മേൽ സത്യം ചെയ്തു കൊണ്ട് പറയുന്നു; ഒരു മനുഷ്യൻ അല്ലാഹുവിലും അവന്റെ റസൂലിലും യഥാർത്ഥ രൂപത്തിൽ വിശ്വസിച്ചവനാകണമെങ്കിൽ തനിക്കുണ്ടാകുന്ന ഏതൊരു അഭിപ്രായഭിന്നതയിലും അല്ലാഹുവിന്റെ റസൂൽ -ﷺ- യെ അവൻ തന്റെ വിധികർത്താവായി സ്വീകരിക്കണം. (26) അതോടൊപ്പം അവിടുത്തെ വിധിവിലക്കുകൾ അവൻ തൃപ്തിപ്പെടുകയും, തനിക്ക് അനുകൂലമോ എതിരോ ആകട്ടെ- അതിന് പരിപൂർണ്ണമായി കീഴ്പ്പെടുകയും വേണം. നബി -ﷺ- പറയുന്നു: "നമ്മുടെ കല്പനയില്ലാത്ത വല്ല കർമ്മങ്ങളും ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്."

***

ഈ ക്ഷണം സ്വീകരിക്കാതെ പോകരുതേ!

ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ് എന്നതിന്റെ അർത്ഥം ഇത്രയും നാം വിശദീകരിച്ചു. ഇസ്ലാമിന്റെ താക്കോലും അതിന്റെ കെട്ടുറപ്പ് നിർമ്മിക്കപ്പെട്ട അടിത്തറയും ഈ ശഹാദത്ത് കലിമയാണ്. അതിനാൽ ഹൃദയത്തിൽ നിന്ന് നിഷ്കളങ്കമായി പറയുക: 'അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' ഈ സാക്ഷ്യവചനത്തിന്റെ അർത്ഥം ജീവിതത്തിൽ നീ പ്രാവർത്തികമാക്കുകയും ചെയ്യുക. ഇഹപരലോകങ്ങളിലെ സൗഭാഗ്യം നിനക്ക് നേടിപ്പിടിക്കണമെങ്കിൽ ഇതല്ലാതെ മറ്റൊരു മാർഗമില്ല. മരണശേഷമുള്ള നരകശിക്ഷയിൽ നിന്ന് രക്ഷപ്പെടാനും ഇതല്ലാത്ത വഴിയില്ല.

ഈ സാക്ഷ്യവചനം അംഗീകരിക്കുന്നവർ ഇസ്ലാമിലെ മറ്റു സ്തംഭങ്ങൾ കൂടി ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. കാരണം അല്ലാഹുവിന് വേണ്ടി നിഷ്കളങ്കവും സത്യസന്ധവുമായ ഹൃദയത്തോടെ ഈ ആരാധനാകർമ്മങ്ങളെല്ലാം നിർവ്വഹിക്കുക എന്നത് അല്ലാഹു അവന്റെ മേൽ നിർബന്ധമാക്കിയ കാര്യമാണ്. ആരെങ്കിലും യാതൊരു ഒഴിവുകഴിവുമില്ലാതെ ഈ സ്തംഭങ്ങളിലേതെങ്കിലുമൊന്ന് ഉപേക്ഷിച്ചാൽ അവൻ ശഹാദത്ത് കലിമയുടെ അർത്ഥത്തിൽ കുറവ് വരുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യവചനം യഥാർത്ഥ രൂപത്തിൽ ശരിയായിട്ടില്ല.

***

ഇസ്ലാമിലെ രണ്ടാമത്തെ സ്തംഭം: നിസ്കാരം

ഇസ്ലാമിലെ രണ്ടാമത്തെ സ്തംഭം നിസ്കാരമാണ്. രാവിലെയും രാത്രിയിലുമായി മുസ്ലിമായ ഓരോ മനുഷ്യനും നിർവ്വഹിക്കേണ്ട അഞ്ചു നേരത്തെ നിർബന്ധ നിസ്കാരങ്ങളുണ്ട്. ഓരോ മുസ്ലിമിനും തന്റെ റബ്ബുമായുള്ള ബന്ധം നിലനിർത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് അല്ലാഹു ഇക്കാര്യം അവന്റെ മേൽ നിർബന്ധമാക്കിയിരിക്കുന്നത്. നിസ്കാരത്തിൽ തന്റെ രക്ഷിതാവിനോട് അവൻ രഹസ്യസംഭാഷണം നടത്തുകയും, അവനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിസ്കാരം അവനെ തിന്മകളിൽ നിന്നും മ്ലേഛവൃത്തികളിൽ നിന്നും തടയുന്നു. അവന്റെ മനസ്സിന് അത് സമാധാനവും ശരീരത്തിന് ആശ്വാസവും പകരുന്നു. അതോടൊപ്പം ഇഹപരലോകങ്ങളിൽ അവന് സൗഭാഗ്യങ്ങൾ ഏകാനും അത് വഴിയൊരുക്കുന്നു.

നിസ്കാരം നിർവ്വഹിക്കുന്നതിന് മുൻപ് ശരീരവും വസ്ത്രവും, നിസ്കരിക്കാൻ നിൽക്കുന്ന സ്ഥലവും ശുദ്ധീകരിക്കുക എന്നതും ഇസ്ലാമിലെ നിയമങ്ങളിൽ പെട്ടതാണ്. ശുദ്ധീകരിക്കാൻ കഴിയുന്ന വെള്ളം കൊണ്ട് ശരീരവും വസ്ത്രവും, നിസ്കരിക്കാൻ നിൽക്കുന്ന സ്ഥലവും മാലിന്യങ്ങളിൽ നിന്ന് വൃത്തിയാക്കണം; ഉദാഹരണത്തിന് മലമൂത്ര വിസർജ്യങ്ങൾ അവിടെയുള്ള നിലയിൽ നിസ്കരിക്കാൻ പാടില്ല. പുറമേക്ക് കാണാവുന്ന മാലിന്യങ്ങൾ നീക്കുന്നതു പോലെ പ്രധാനമാണ് മനസ്സിലെ മാലിന്യങ്ങൾ നീക്കം ചെയ്യുക എന്നത് കൂടി പ്രത്യേകം ഓർക്കുക.

നിസ്കാരം ദീനിന്റെ ഏറ്റവും വലിയ അടിത്തറയാണ്. രണ്ട് സാക്ഷ്യവചനങ്ങൾ കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണത്. ഓരോ മുസ്ലിമും പ്രായപൂർത്തിയായത് മുതൽ മരണം വരെ ഇക്കാര്യം ശ്രദ്ധയോടെ നിർവ്വഹിക്കണം. അതോടൊപ്പം തന്റെ വീട്ടുകാരോടും മക്കളോടും ഏഴു വയസ്സു മുതൽ നിസ്കരിക്കാൻ അവൻ കൽപ്പിക്കുകയും വേണം. പ്രായപൂർത്തിയാകുമ്പോഴേക്ക് അവർ നിസ്കാരം ശീലിച്ചു തുടങ്ങുന്നതിന് വേണ്ടിയാണത്. അല്ലാഹു പറയുന്നു: "തീർച്ചയായും നിസ്കാരം വിശ്വാസികളുടെ മേൽ സമയബന്ധിതമായ നിർബന്ധ കർമ്മമാണ്." (നിസാഅ്:103) അല്ലാഹു പറയുന്നു: "കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കികൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും, സക്കാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം." (ബയ്യിന: 5)

മേലെ നൽകിയ ആയത്തുകളുടെ ഒരു ചുരുങ്ങിയ വിശദീകരണം താഴെ പറയാം:

1- നിസ്കാരം എല്ലാ മുഅ്മിനീങ്ങൾക്കും മേൽ നിർബന്ധമായ കർമ്മമാണെന്നും, അവർ നിസ്കാരം അതിന്റെ സമയത്ത് തന്നെ നിർവ്വഹിക്കണമെന്നും അല്ലാഹു ആദ്യത്തെ ആയത്തിലൂടെ ഓർമ്മപ്പെടുത്തുന്നു.

2- അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചതിന്റെ പിന്നിലുള്ള ലക്ഷ്യവും, അവരോട് കൽപ്പിച്ച കാര്യവും അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതും, ആ ആരാധനകൾ അല്ലാഹുവിനു മാത്രം നിഷ്കളങ്കമാക്കുക എന്നതും, നിസ്കാരം നേരാംവണ്ണം നിലനിർത്തുക എന്നതും, സകാത്ത് അതിന്റെ അവകാശപ്പെട്ടവർക്ക് നൽകുക എന്നതുമാണെന്ന് രണ്ടാമത്തെ വചനത്തിലൂടെ അല്ലാഹു അറിയിക്കുന്നു.

നിസ്കാരം എല്ലാ മുസ്ലിമിന്റെ മേലും നിർബന്ധമാണ്. എല്ലാ സന്ദർഭങ്ങളിലും അത് അവന്റെ മേലുള്ള മാറ്റിവെക്കാൻ പാടില്ലാത്ത ബാധ്യതയാണ്. ഭയത്തിന്റെയോ രോഗത്തിന്റെയോ വേളകളിൽ പോലും നിസ്കാരം ഒഴിവാക്കാൻ പാടില്ല. മറിച്ച്, തനിക്ക് സാധ്യമാകുന്ന രൂപത്തിൽ അവൻ നിസ്കാരം നിർവ്വഹിക്കണം. നിൽക്കാൻ കഴിയുമെങ്കിൽ നിന്നു കൊണ്ടോ, ഇല്ലെങ്കിൽ ഇരുന്നു കൊണ്ടോ, ഇല്ലെങ്കിൽ കിടന്നു കൊണ്ടോ അവൻ നിസ്കരിക്കണം. ഇനി അതിനൊന്നും കഴിയില്ല, കേവലം കണ്ണ് കൊണ്ട് ചലിപ്പിക്കാനോ ഹൃദയത്തിൽ വിചാരിക്കാനോ മാത്രമേ കഴിയുകയുള്ളൂ എങ്കിൽ അങ്ങനെ അവൻ നിസ്കരിക്കണം. നിസ്കാരം ഉപേക്ഷിച്ചവൻ -പുരുഷനാകട്ടെ സ്ത്രീയാകട്ടെ, അവർ- മുസ്ലിമല്ല എന്ന് നബി -ﷺ-

അറിയിച്ചിട്ടുണ്ട്. നബി -ﷺ- പറഞ്ഞു: "നമുക്കും അവർക്കും (മുസ്ലിംകൾക്കും അല്ലാത്തവർക്കും) ഇടയിലുള്ള കരാർ നിസ്കാരമാണ്. ആരെങ്കിലും അത് ഉപേക്ഷിച്ചാൽ അവൻ കാഫിറായി." (28)
നിർബന്ധമായ അഞ്ചു നേരത്തെ നിസ്കാരങ്ങൾ ഇനി പറയുന്നവയാണ്.
ഫജ്ർ നിസ്കാരം, ദ്വുഹ്ർ നിസ്കാരം, അസ്വ്ർ നിസ്കാരം, മഗ്‌രിബ് നിസ്കാരം, ഇശാഅ് നിസ്കാരം.
കിഴക്ക് ഭാഗത്ത് പ്രകാശ കിരണങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നതോടെ പുലരിയിലെ നിസ്കാരമായ ഫജ്ർ നിസ്കാരത്തിന്റെ സമയം ആരംഭിക്കും; സൂര്യൻ ഉദിച്ചു കഴിഞ്ഞതോടെ സമയം അവസാനിക്കുകയും ചെയ്യും. ഈ അവസാന സമയത്തേക്ക് നിസ്കാരം വൈകിപ്പിക്കുക എന്നത് അനുവദനീയമല്ല. ദ്വുഹ്ർ നിസ്കാരത്തിന്റെ സമയം സൂര്യൻ മദ്ധ്യത്തിൽ നിന്ന് തെറ്റുന്നത് മുതൽ ഒരാളുടെ നിഴൽ അയാളുടെ വലുപ്പത്തിന് സമാനമാകുന്നത് വരെയാണ്. അസ്വ്ർ നിസ്കാരം ദ്വുഹ്റിന്റെ സമയം അവസാനിച്ചത് മുതൽ സൂര്യന് മഞ്ഞ നിറം ബാധിക്കുന്നത് വരെയാണ്. അവസാന സമയത്തേക്ക് അസ്വ്ർ നിസ്കാരം നീട്ടിവെക്കുന്നത് അനുവദനീയമല്ല. മറിച്ച്, സൂര്യൻ വെളുത്ത നിറത്തിൽ ബാക്കി നിൽക്കുന്ന വേളയിൽ തന്നെ അത് നിസ്കരിച്ചു തീർക്കണം. സൂര്യൻ അസ്തമിച്ചത് മുതൽ മഗ്‌രിബ് നിസ്കാരത്തിന്റെ സമയം ആരംഭിക്കും; ചക്രവാളത്തിലെ ചുവന്ന നിറം അവസാനിക്കുന്നതോടെ സമയം അവസാനിക്കുകയും ചെയ്യും. ഈ നിസ്കാരവും അവസാന സമയത്തേക്ക് നീട്ടിവെക്കാൻ പാടില്ല. ഇശാ നിസ്കാരം മഗ്‌രിബ് നിസ്കാരത്തിന്റെ സമയം അവസാനിക്കുന്നത് മുതൽ രാത്രിയുടെ അവസാന ഭാഗം വരെ നീളുന്നതാണ്; അതിന് ശേഷത്തേക്ക് ഈ നിസ്കാരം വൈകിപ്പിക്കാൻ പാടില്ല.
ഇസ്ലാമികമായ എന്തെങ്കിലുമൊരു തടസ്സമില്ലാതെ, തന്റെ കഴിവിനപ്പുറത്തുള്ള എന്തെങ്കിലും ഒഴിവുകഴിവില്ലാതെ ഒരാൾ ഏതെങ്കിലുമൊരു നിസ്കാരം അതിന്റെ സമയത്തിനപ്പുറത്തേക്ക് വൈകിപ്പിച്ചാൽ അവൻ വളരെ ഗുരുതരമായ തിന്മ പ്രവർത്തിച്ചിരിക്കുന്നു. അല്ലാഹുവിനോട് ഈ തിന്മയിൽ നിന്ന് അവൻ പശ്ചാത്തപിച്ചു മടങ്ങുകയും, ഇനിയൊരിക്കലും ആ തിന്മയിലേക്ക് മടങ്ങിപ്പോകില്ലെന്ന് അവൻ ഉറച്ച തീരുമാനമെടുക്കുകയും വേണം. അല്ലാഹു പറയുന്നു: "എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം. തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരാണവർ." (മാഊൻ: 4-5)
***

നിസ്കാരത്തിന്റെ വിധിവിലക്കുകൾ
ഒന്ന്: ശുദ്ധീകരണം.
നിസ്കാരത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് ആദ്യം ശുദ്ധീകരണം നിർവ്വഹിക്കണം. മല മൂത്ര വിസർജനം നടത്തിയിട്ടുണ്ട് എങ്കിൽ അവയുടെ സ്ഥാനങ്ങൾ വൃത്തിയാക്കുകയും, ശേഷം വുദൂഅ് നിർവ്വഹിക്കുകയും ചെയ്യണം.
വുദൂഇന്റെ രൂപം ഇനി പറയുന്നതാണ്: ആദ്യം ഹൃദയത്തിൽ വുദൂഅ് എടുക്കാനുള്ള ഉദ്ദേശ്യം (നിയ്യത്ത്) കരുതുക; ഇത് നാവ് കൊണ്ട് പറയേണ്ടതില്ല. കാരണം അല്ലാഹു ഹൃദയങ്ങളിലുള്ളത് അറിയുന്നവനാണ്. നബി -ﷺ- ഒരിക്കൽ പോലും നിയ്യത്ത് ചൊല്ലിപ്പറഞ്ഞിട്ടുമില്ല. ശേഷം 'ബിസ്മില്ലാഹ്' എന്ന് പറയുകയും, അതിന് ശേഷം വായ കൊപ്ലിക്കുകയും, പിന്നീട് മൂക്കിൽ വെള്ളം കയറ്റി ചീറ്റിക്കളയുകയും ചെയ്യുക. അതിന് ശേഷം മുഖം മുഴുവൻ കഴുകുകയും, പിന്നീട് രണ്ട് കൈകളും കൈപ്പത്തി മുതൽ മുട്ടുകൾ വരെ കഴുകുകയും ചെയ്യുക. വലതു കയ്യാണ് ആദ്യം കഴുകേണ്ടത്. ശേഷം തല മുഴുവനായി രണ്ട് കൈകളും കൊണ്ട് തടവുകയും, രണ്ട് ചെവികളും തടവുകയും, ശേഷം തന്റെ രണ്ട് കാലുകളും നെരിയാണി ഉൾപ്പെടെ കഴുകുകയും ചെയ്യുക. ഇവിടെയും ആദ്യം വലതു കാലാണ് കഴുകേണ്ടത്.
ശുദ്ധീകരണം നിർവ്വഹിച്ചതിന് ശേഷം മൂത്രമൊഴിക്കുകയോ മല വിസർജ്ജനം നടത്തുകയോ കീഴ്ശ്വാസം പോവുകയോ, ഉറക്കമോ ബോധക്ഷയമോ മൂലം ബുദ്ധി മറയുകയോ ചെയ്താൽ പിന്നീട് നിസ്കരിക്കാൻ ഉദ്ദേശിക്കുമ്പോൾ വുദൂഅ് വീണ്ടും ആവർത്തിക്കണം. ഇനി ഒരാൾക്ക് ജനാബത്ത് (വലിയ അശുദ്ധി) ബാധിക്കുകയും, അവനോ അവൾക്കോ ഉറക്കത്തിൽ സ്ഖലനം സംഭവിക്കുകയും ചെയ്താൽ തന്റെ ശരീരം മുഴുവൻ കഴുകുന്ന വിധത്തിൽ കുളിച്ചു കൊണ്ട് അവൻ ജനാബത്തിൽ നിന്ന് ശുദ്ധിയാകണം. സ്ത്രീകൾ ആർത്തവത്തിൽ നിന്നോ പ്രസവരക്തത്തിൽ നിന്നോ ശുദ്ധിയായാലും അവൾ ശരീരം മുഴുവൻ നനയുന്ന വിധത്തിൽ കുളിക്കുക എന്നത് നിർബന്ധമാണ്. കാരണം ആർത്തവകാരിയുടെയും പ്രസവരക്തമുള്ള സ്ത്രീയുടെയും നിസ്കാരം ഈ അവസ്ഥയിൽ സ്വീകരിക്കപ്പെടുന്നതല്ല. ശുദ്ധിയാകുന്നത് വരെ അവരുടെ മേൽ നിസ്കാരം നിർബന്ധമല്ല. അല്ലാഹു അവർക്ക് നൽകിയ ഇളവിന്റെ ഭാഗമാണത്; അവർ ഈ സമയങ്ങളിൽ നഷ്ടപ്പെട്ട നിസ്കാരങ്ങൾ വീണ്ടും ഖദാ വീട്ടി (മടക്കി) നിസ്കരിക്കേണ്ടതില്ല. എന്നാൽ ഇതല്ലാത്ത സമയങ്ങളിൽ നിസ്കാരം നഷ്ടമായാൽ അവ -പുരുഷന്മാരെ പോലെ തന്നെ- അവളും മടക്കി നിസ്കരിക്കേണ്ടതാണ്.
ഇനി ആർക്കെങ്കിലും വുദൂഅ് ചെയ്യാനോ കുളിക്കാനോ വെള്ളം ലഭിച്ചില്ലെങ്കിൽ, അതുമല്ലെങ്കിൽ വെള്ളം ഉപയോഗിക്കുന്നത് അവന് പ്രയാസം സൃഷ്ടിക്കുമെങ്കിൽ -ഉദാഹരണത്തിന് രോഗിയോ മറ്റോ ആണെങ്കിൽ- അവൻ തയമ്മും ചെയ്താൽ മതി. തയമ്മുമിന്റെ രൂപം ഇപ്രകാരമാണ്: ആദ്യം ഹൃദയത്തിൽ ശുദ്ധീകരണത്തിന്റെ നിയ്യത്ത് (ഉദ്ദേശ്യം) കരുതുക; ശേഷം ബിസ്മി ചൊല്ലുകയും, തന്റെ രണ്ട് കൈകളും കൊണ്ട് ഭൂമിയിൽ ഒരു തവണ അടിക്കുകയും ചെയ്യുക. അതിന് ശേഷം ഈ രണ്ട് കൈപ്പത്തികളും കൊണ്ട് മുഖവും ശേഷം വലതു കൈപ്പത്തിയുടെ പുറംഭാഗം ഇടതു കൈപ്പത്തിയുടെ ഉൾഭാഗം കൊണ്ടും, ഇടതു കൈപ്പത്തിയുടെ പുറംഭാഗം വലതു കൈപ്പത്തിയുടെ ഉൾഭാഗം കൊണ്ടും തടവുകയും ചെയ്യുക. ഇതോടെ അവന്റെ ശുദ്ധീകരണം പൂർത്തിയായി. ആർത്തവകാരികളും പ്രസവിച്ച സ്ത്രീകളും ശുദ്ധിയാവുകയും, വെള്ളം ലഭ്യമല്ലാത്തതോ ഉപയോഗിക്കാൻ കഴിയാത്തതോ ആയ സ്ഥിതിവിശേഷം അവർക്ക് ഉണ്ടാവുകയും ചെയ്താൽ അവരും തയമ്മും ചെയ്താൽ മതിയാകും. ഇതു പോലെത്തന്നെയാണ് ജനാബത്ത് ബാധിച്ചവരുടെയും കാര്യം.
രണ്ട്: നിസ്കാരത്തിന്റെ രൂപം.
1- ഫജ്ർ (സുബ്ഹ്) നിസ്കാരം.
രണ്ട് റക്അത്തുകളാണ് ഫജ്ർ നിസ്കാരത്തിലുള്ളത്. ഖിബ്‌ലയിലേക്ക് -അതായത് മക്കയിലുള്ള കഅ്ബയുടെ, മസ്ജിദുൽ ഹറമിന്റെ- ദിശയിലേക്ക് ആദ്യം തിരിഞ്ഞു നിൽക്കുകയും, ഫജ്ർ നിസ്കാരം നിർവ്വഹിക്കാൻ പോകുന്നു എന്ന് മനസ്സിൽ കരുതുകയും ചെയ്യുക. ഇവിടെയും നിയ്യത്ത് പ്രത്യേകം ചൊല്ലിപ്പറയേണ്ടതില്ല. ശേഷം 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് തക്ബീർ കെട്ടുകയും, അതിന് ശേഷം പ്രാരംഭപ്രാർത്ഥന ചൊല്ലുകയും വേണം. 'അല്ലാഹുവേ! നിന്നെ പരിശുദ്ധിപ്പെടുത്തുന്നതോടൊപ്പം ഞാൻ നിന്നെ സ്തുതിക്കുന്നു. നിന്റെ നാമം അനുഗ്രഹപൂർണ്ണമായിരിക്കുന്നു. നിന്റെ മഹത്വം

ഉന്നതമായിരിക്കുന്നു. നീയല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല." എന്ന അർത്ഥം വരുന്ന പ്രാർത്ഥന ഒരു ഉദാഹരണം. പിന്നീട് 'ആട്ടിയകറ്റപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിനോട് രക്ഷ ചോദിക്കുന്നു' എന്ന അർത്ഥമുള്ള ഇസ്തിആദഃ നിർവ്വഹിക്കുകയും, അതിന് ശേഷം സൂറതുൽ ഫാതിഹഃ പാരായണം ചെയ്യുകയും വേണം. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. സർവ്വ സ്തുതികളും സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു. സർവ്വ വിശാലമായ കാരുണ്യമുള്ളവനും, അങ്ങേയറ്റം കരുണ ചൊരിയുന്നവനുമായ (അല്ലാഹുവിന്). പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥന്. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ഞങ്ങളെ നീ നേരായ മാർഗത്തിൽ (ഇസ്ലാമിൽ) ചേർക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല. (ഫാതിഹഃ: 1-7) വിശുദ്ധ ഖുർആൻ സാധിക്കുന്നവർ അറബി ഭാഷയിൽ തന്നെ പാരായണം ചെയ്യുക എന്നത് നിർബന്ധമാണ്. ഫാതിഹഃ പാരായണം ചെയ്ത ശേഷം 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് റുകൂഇലേക്ക് പോവുക; തന്റെ ശിരസ്സും മുതുകും കുനിക്കുകയും, കൈപ്പത്തി കാൽമുട്ടിന് മേൽ വെച്ചു കൊണ്ട് നിൽക്കുകയും ചെയ്യുക; ഈ സന്ദർഭത്തിൽ 'അതിമഹോന്നതനായ എന്റെ രക്ഷിതാവിനെ ഞാൻ സ്തുതിക്കുന്നു' എന്ന അർത്ഥം വരുന്ന പ്രാർത്ഥന ചൊല്ലുക. ശേഷം 'അല്ലാഹുവിനെ സ്തുതിച്ചവനെ അവൻ കേട്ടിരിക്കുന്നു' എന്ന അർത്ഥം വരുന്ന ദിക്ർ ചൊല്ലിക്കൊണ്ട് റുകൂഇൽ നിന്ന് ഉയരുകയും നേരെ നിൽക്കുകയും, 'ഞങ്ങളുടെ റബ്ബേ! നിനക്ക് സർവ്വ സ്തുതികളും' എന്ന് പറയുകയും ചെയ്യുക. ശേഷം അല്ലാഹു അക്ബർ എന്നു പറഞ്ഞു കൊണ്ട് ഭൂമിക്ക് മുകളിൽ സുജൂദ് (സാഷ്ടാംഗം) നിർവ്വഹിക്കുക. ഏഴ് അവയവങ്ങൾക്ക് മേലാണ് സുജൂദ് ചെയ്യേണ്ടത്; രണ്ട് കാലിലെയും വിരലുകളുടെ അറ്റങ്ങൾ, കാൽമുട്ടുകൾ, കൈപ്പത്തികൾ, നെറ്റിയും മൂക്കും; ഇവയാണവ. 'ഉന്നതനായ എന്റെ രക്ഷിതാവിനെ ഞാൻ സ്തുതിക്കുന്നു' എന്ന സാരം വരുന്ന ദിക്റാണ് സുജൂദിൽ ചൊല്ലേണ്ടത്. പിന്നീട് അല്ലാഹു അക്ബർ എന്ന് പറഞ്ഞു കൊണ്ട് സുജൂദിൽ നിന്ന് എഴുന്നേറ്റിരിക്കുകയും, 'എന്റെ രക്ഷിതാവേ! എനിക്ക് പൊറുത്തു തരണേ!' എന്നർത്ഥമുള്ള പ്രാർത്ഥന ചൊല്ലുകയും വേണം. ശേഷം അല്ലാഹു അക്ബർ എന്നു പറഞ്ഞു കൊണ്ട് രണ്ടാമതും സുജൂദ് ചെയ്യുകയും, നേരത്തെ സുജൂദിൽ പറഞ്ഞത് ആവർത്തിക്കുകയും ചെയ്യുക. അതിന് ശേഷം അല്ലാഹു അക്ബർ എന്ന് പറഞ്ഞു കൊണ്ട് എഴുന്നേറ്റു നിൽക്കുകയും, മുൻപ് ഫാതിഹഃ പാരായണം ചെയ്തതു പോലെ ഇത്തവണയും ചെയ്യുക. പിന്നീട് നേരത്തെ പറഞ്ഞതു പോലെ റുകൂഉം, അതിൽ നിന്ന് ഉയരലും, രണ്ട് സുജൂദുകളും അതിനിടയിലുള്ള ഇരുത്തവും നിർവ്വഹിക്കുക. ഇവിടെയെല്ലാം മുൻപ് പറഞ്ഞതു പോലെത്തന്നെയാണ് പറയേണ്ടത്.

ശേഷം സുജൂദുകൾക്ക് ഇടയിൽ ഇരിക്കുന്നത് പോലെ ഇരിക്കുക. എന്നിട്ട് ഈ അർത്ഥം വരുന്ന ദിക്ർ ചൊല്ലുക. "സർവ്വ അഭിവാദനങ്ങളും ആരാധനാകർമ്മങ്ങളും സൽകർമ്മങ്ങളും അല്ലാഹുവിന് മാത്രമാകുന്നു. അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹങ്ങളും -നബിയേ- താങ്കൾക്ക് മേലെയുണ്ടാകട്ടെ! നമ്മുടെ മേലും, അല്ലാഹുവിന്റെ സച്ചരിതരായ അടിമകളുടെ മേലും അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ! അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ! ഇബ്രാഹീം നബിയുടെയും അദ്ദേഹത്തിന്റെ കുടുംബത്തിനും മേൽ നീ സ്വലാത് വർഷിച്ചതു (അല്ലാഹുവിന്റെ ഉന്നതമായ സദസ്സിൽ അവൻ നബിയെ സ്മരിക്കലാണ് അല്ലാഹുവിന്റെ സ്വലാത് എന്നത് കൊണ്ടുള്ള ഉദ്ദേശം) പോലെ, മുഹമ്മദ് നബിയുടെ മേലും അവിടുത്തെ കുടുംബത്തിന് മേലും നീ സ്വലാത് വർഷിക്കേണമേ. തീർച്ചയായും നീ അങ്ങേയറ്റം സ്തുത്യർഹനും അതീവ മഹത്വമുള്ളവനുമാകുന്നു. അല്ലാഹുവേ! ഇബ്രാഹീം നബിയുടെയും അദ്ദേഹത്തിന്റെ കുടുംബത്തിനും മേൽ നീ അനുഗ്രഹം ചൊരിഞ്ഞതു പോലെ, മുഹമ്മദ് നബിയുടെ മേലും അവിടുത്തെ കുടുംബത്തിന് മേലും നീ അനുഗ്രഹം ചൊരിയേണമേ! തീർച്ചയായും നീ അങ്ങേയറ്റം സ്തുത്യർഹനും അതീവ മഹത്വമുള്ളവനുമാകുന്നു." ശേഷം വലതു ഭാഗത്തേക്ക് മുഖം തിരിച്ചു കൊണ്ട് 'അസ്സലാമു അലൈകും വറഹ്മതുല്ലാഹി' എന്ന് പറയുകയും, ശേഷം ഇടതുഭാഗത്തേക്ക് മുഖം തിരിച്ചു കൊണ്ട് ഇതേ പോലെ വീണ്ടും പറയുകയും ചെയ്യുക. ഇതോടെ സുബ്ഹി നിസ്കാരം അവസാനിച്ചു.

2- ദ്വുഹർ, അസ്വർ, ഇശാഅ് നിസ്കാരങ്ങളുടെ രൂപം താഴെ പറയുന്നത് പോലെയാണ്.

ഈ നിസ്കാരങ്ങളെല്ലാം നാല് റക്അത്തുകളാണ്. ആദ്യത്തെ രണ്ട് റക്അത്തുകൾ ഫജ്ർ നിസ്കാരത്തിന്റേത് പോലെത്തന്നെ നിർവ്വഹിക്കുകയും, അവക്ക് ശേഷം തശഹ്ഹുദിന് വേണ്ടി ഇരിക്കുകയും ചെയ്യുക. സലാം വീട്ടുന്നതിന് മുൻപ് പറഞ്ഞതിന് സമാനമായത് ഇവിടെയും പറയുക; പക്ഷേ അത് പറഞ്ഞു കഴിഞ്ഞാൽ സലാം വീട്ടരുത്. മറിച്ച്, എഴുനേറ്റ്, ആദ്യത്തെ രണ്ട് റക്അത്തുകൾ നിസ്കരിച്ചതു പോലെ ഇനിയും രണ്ട് റക്അത്തുകൾ നിസ്കരിക്കുക. പിന്നീട് രണ്ടാമതൊരിക്കൽ കൂടി തശഹ്ഹുദിന് വേണ്ടി ഇരിക്കുകയും ആദ്യത്തെ ഇരുത്തത്തിൽ പറഞ്ഞതു പോലെ ഇവിടെയും പറയുകയും ചെയ്യുക. പിന്നീട് നബി -ﷺ- യുടെ മേൽ സ്വലാത്ത് ചൊല്ലുകയും, അതിന് ശേഷം മുൻപ് ചെയ്തതു പോലെ രണ്ട് വശത്തേക്കുമായി സലാം വീട്ടുകയും ചെയ്യുക.

3- മഗ്'രിബ് നിസ്കാരം.

മൂന്നു റക്അത്തുകളാണ് ഈ നിസ്കാരമുള്ളത്. ആദ്യത്തെ രണ്ട് റക്അത്തുകൾ മുൻപ് പറഞ്ഞതു പോലെത്തന്നെ നിർവ്വഹിക്കുകയും, ശേഷം ഇരിക്കുകയും, മറ്റു നിസ്കാരങ്ങളിൽ തശഹ്ഹുദിന്റെ വേളയിൽ പറഞ്ഞതു പോലെ ഇവിടെയും പറയുകയും ചെയ്യുക. ശേഷം സലാം വീട്ടാതെ എഴുന്നേൽക്കുകയും, മൂന്നാമത്തൊരു റക്അത്ത് കൂടെ നിസ്കരിക്കുകയും ചെയ്യുക. ഇതിലും മുൻപ് ചെയ്തതു പോലെയെല്ലാം ചെയ്യുകയും, പറഞ്ഞതു പോലെയെല്ലാം പറയുകയും ചെയ്യുക. മൂന്നാമത്തെ റക്അത്തിൽ രണ്ടാമത്തെ സുജൂദ് നിർവ്വഹിച്ച ശേഷം മുൻപുള്ള നിസ്കാരങ്ങളിലെ അവസാനത്തെ തശഹ്ഹുദിൽ പറഞ്ഞതു പോലെത്തന്നെ പറയുക. അതിന് ശേഷം രണ്ടു വശങ്ങളിലേക്കും സലാം വീട്ടുക. റുകൂഇലും സുജൂദിലും പറയുന്ന പ്രാർത്ഥനകളും ദിക്റുകളും ആവർത്തിക്കുന്നതും അധികരിപ്പിക്കുന്നതും കൂടുതൽ ശ്രേഷ്ഠകരമാണ്.

ഈ പറയപ്പെട്ട നിർബന്ധ നിസ്കാരങ്ങളെല്ലാം ഒരു ഇമാമിന് പിറകിൽ, ജമാഅത്തായി, മസ്ജിദുകളിൽ വെച്ചു കൊണ്ട് നിസ്കരിക്കുക എന്നതാണ് പുരുഷന്മാരുടെ മേൽ നിർബന്ധമായിട്ടുള്ളത്. ഖുർആൻ ഏറ്റവും നന്നായി പാരായണം ചെയ്യാനറിയുന്ന, നിസ്കാരത്തിന്റെ വിധിവിലക്കുകളെ കുറിച്ച് ഏറ്റവും അറിവുള്ള, മതനിഷ്ഠ പുലർത്തുന്നതിൽ ശ്രദ്ധിക്കുന്നവരാണ് നിസ്കാരങ്ങളിൽ ഇമാമാകേണ്ടത്. സുബ്ഹ് നിസ്കാരത്തിലെ രണ്ട് റക്അത്തുകളിലും, മഗ്രിബ്-ഇശാ

നിസ്കാരങ്ങളുടെ ആദ്യത്തെ രണ്ട് റക്അത്തുകളിലും ഇമാം ഖുർആൻ പാരായണം ഉച്ചത്തിലാക്കണം. പിറകിൽ നിൽക്കുന്നവർ ഇമാമിന്റെ പാരായണം ശ്രദ്ധിച്ച് കേൾക്കുകയും വേണം.

സ്ത്രീകൾ വീടുകളിൽ നിസ്കരിക്കുകയാണ് വേണ്ടത്. അതാണ് അവരുടെ മറ നിലനിർത്താനും, അവളുടെ സുരക്ഷക്കും നല്ലത്. രണ്ട് കൈപ്പത്തികളും കാൽമടമ്പുകളും അടക്കം ശരീരം മുഴുവൻ മറച്ച് കൊണ്ടാണ് അവർ നിസ്കരിക്കേണ്ടത്. കാരണം സ്ത്രീകളുടെ മുഖം ഒഴികെ ബാക്കിയെല്ലാം ഔറത്താണ്. എന്നാൽ അവൾ പുരുഷന്മാരിൽ നിന്ന് മുഖമടക്കം തന്റെ ശരീരം മുഴുവനായി മറക്കണം; കാരണം അവൾ ശരീരം മറക്കാതിരിക്കുന്നത് കുഴപ്പങ്ങൾ സൃഷ്ടിക്കാൻ വഴിയൊരുക്കുകയും, അവൾ ഉപദ്രവിക്കപ്പെടാൻ കാരണമാവുകയും ചെയ്യും. ഒരു സ്ത്രീ മസ്ജിദിൽ നിസ്കരിക്കാൻ ആഗ്രഹിച്ചാൽ അവൾക്ക് അത് തടയപ്പെടാൻ പാടില്ല. ശരീരം മറച്ച നിലയിൽ, സുഗന്ധമോ മറ്റോ പുരട്ടാതെ അവൾക്ക് മസ്ജിദിലേക്ക് പോകാൻ അനുവാദമുണ്ട്. പുരുഷന്മാർക്ക് പിറകിലാണ് അവൾ നിസ്കാരവേളകളിൽ നിൽക്കേണ്ടത്; കാരണം സ്ത്രീകൾ പുരുഷന്മാർക്കോ പുരുഷന്മാർ സ്ത്രീകൾക്കോ കുഴപ്പത്തിലേക്ക് വഴി നയിക്കാതിരിക്കാൻ അതാണ് വേണ്ടത്.

അല്ലാഹുവിന് വേണ്ടിയാണ് ഓരോ മുസ്ലിമും നിസ്കരിക്കേണ്ടത്; അതാകട്ടെ ഭയഭക്തിയോടെയും താഴ്മയോടെയും ഹൃദയസാന്നിദ്ധ്യത്തോടെയുമായിരിക്കണം നിർവ്വഹിക്കേണ്ടത്. തന്റെ നിറുത്തത്തിലും റുകൂഇലും സുജൂദിലുമെല്ലാം ഇത് പാലിക്കണം. നിസ്കാരം ധൃതിയാക്കുകയോ, നിസ്കാരത്തിൽ അനാവശ്യകാര്യങ്ങൾ പ്രവർത്തിക്കുകയോ, മുകളിലേക്ക് കണ്ണുകളുയർത്തുകയോ ഒന്നും ചെയ്യരുത്. ഖുർആനോ, നിസ്കാരത്തിലെ ദിക്റുകൾ അതിന്റെ സ്ഥാനങ്ങളിൽ നിർവ്വഹിക്കുക എന്നതോ അല്ലാത്ത ഒരു സംസാരവും നിസ്കാരത്തിൽ പാടില്ല. (30) കാരണം അല്ലാഹു അവനെ സ്മരിക്കുന്നതിനും ദിക്ർ ചൊല്ലുന്നതിനും വേണ്ടിയാണ് നിസ്കാരം നിർവ്വഹിക്കാൻ കൽപ്പിച്ചിട്ടുള്ളത്.

വെള്ളിയാഴ്ച്ച ദിവസം മുസ്ലിംകൾ നിർവ്വഹിക്കേണ്ട ജുമുഅ നിസ്കാരത്തെ കുറിച്ചും സൂചിപ്പിക്കാം; രണ്ട് റക്അത്തുകളാണ് ഈ നിസ്കാരം. ഫജ്ർ നിസ്കാരം പോലെ, ഇമാം ഉറക്കെ ഓതിക്കൊണ്ടാണ് ഈ നിസ്കാരം നിർവ്വഹിക്കേണ്ടത്. നിസ്കാരത്തിന് മുൻപ് രണ്ട് ഖുത്വുബകളും (പ്രഭാഷണങ്ങളും) അദ്ദേഹം നിർവ്വഹിക്കണം. മുസ്ലിംകൾക്ക് ഉത്ബോധനം നൽകുകയും, അവരുടെ മതപരമായ കാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള പ്രഭാഷണമാണ് ഈ സന്ദർഭത്തിൽ നടത്തേണ്ടത്. ഈ നിസ്കാരം ഇമാമിനോടൊപ്പം നിർവ്വഹിക്കുക എന്നത് പുരുഷന്മാരുടെ മേൽ നിർബന്ധമാണ്; വെള്ളിയാഴ്ച്ച ദിവസത്തെ ദുഹർ നിസ്കാരത്തിന് പകരമാണിത്.

***

ഇസ്ലാമിലെ മൂന്നാമത്തെ സ്തംഭം: സകാത്ത്.

'നിസ്വാബ്' (31) എത്തിയ സമ്പത്തിന് സകാത്ത് നൽകണം എന്നത് അല്ലാഹു ഓരോ മുസ്ലിമിനോടും കൽപ്പിച്ച കാര്യമാണ്. വർഷത്തിൽ ഒരു തവണയാണ് സകാത്ത് നൽകേണ്ടത്. സകാത്ത് നൽകുന്നത് അനുവദനീയമായവർക്കാണ് ഈ സമ്പത്ത് കൈമാറേണ്ടത്. വിശുദ്ധ ഖുർആനിൽ ഇതിന്റെ വിധിവിലക്കുകൾ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്.

സ്വർണ്ണത്തിന്റെ നിസ്വാബ് ഇരുപത് മിഥ്ഖാലും, വെള്ളിയുടെ നിസ്വാബ് ഇരുന്നൂറ് ദിർഹവുമാണ്. ഇതിന്റെ മൂല്യത്തിന് തുല്യമായ പണം (കാഷ്) കയ്യിലുണ്ടെങ്കിലും അതിന് സകാത്ത് നൽകണം. കച്ചവടച്ചരക്കായി കയ്യിൽ വെക്കുന്ന വസ്തുക്കളും നിസ്വാബ് തികയുകയും ഒരു (ഹിജ്റ) വർഷം ഉടമസ്ഥന്റെ കയ്യിൽ തുടരുകയും ചെയ്താൽ അതിന്റെ സകാത്ത് നൽകുക എന്നതും നിർബന്ധമാണ്. മൂന്നൂറ് സ്വാഉണ്ടെങ്കിൽ ധാന്യത്തിന് സകാത്ത് നൽകണം. കച്ചവട ഉദ്ദേശ്യത്തിൽ വെച്ചിരിക്കുന്ന റിയൽ എസ്റ്റേറ്റിനും മൂല്യം കണക്കാക്കിയ ശേഷം സ്വർണ്ണത്തിന്റെ നിസ്വാബ് എത്തിയിട്ടുണ്ട് എങ്കിൽ സകാത്ത് നൽകണം. വാടകക്ക് നൽകുന്ന വസ്തുവാണെങ്കിൽ വാടകത്തുകക്ക് സകാത്ത് നൽകിയാൽ മതി. സ്വർണ്ണത്തിന്റെയും വെള്ളിയുടെയും കച്ചവടവസ്തുക്കളുടെയും സകാത്തായി നൽകേണ്ടത് കയ്യിലുള്ളതിന്റെ രണ്ടര ശതമാനമാണ്. ധാന്യവിളകൾ കൃഷിക്കാരന്റെ പരിശ്രമമില്ലാതെ (സ്വാഭാവികമായി) -മഴവെള്ളം നനഞ്ഞും, ഉറവകൾ മൂലവും നദിയിലെ വെള്ളം കൊണ്ടും- വളർന്നതാണെങ്കിൽ അതിന് പത്തു ശതമാനവും, കർഷകന്റെ പരിശ്രമഫലമായി -മോട്ടോറോ മറ്റോ ഉപയോഗിച്ച് കൊണ്ട്- വളർന്നതാണെങ്കിൽ അഞ്ച് ശതമാനവും നൽകണം.

ധാന്യവിളകളുടെ സകാത്ത് നൽകേണ്ടത് അതിന്റെ വിളവെടുക്കുന്ന സമയമാണ്. ഒരു വർഷത്തിൽ രണ്ടോ മൂന്നോ തവണ വിളവെടുക്കുന്നുണ്ടെങ്കിൽ ആ ഓരോ സന്ദർഭങ്ങളിലും അവൻ അതിന്റെ സകാത്ത് നൽകിയിരിക്കണം. കന്നുകാലികളുടെ കാര്യത്തിലും സകാത്ത് നിർബന്ധമാക്കപ്പെട്ടിട്ടുണ്ട്; അതിന്റെ കണക്കുകൾ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്. ആവശ്യമെങ്കിൽ അവ പരിശോധിക്കുക. അല്ലാഹു പറയുന്നു: "കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കികൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും, സക്കാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം." (ബയ്യിന: 5) സകാത്ത് നൽകുന്നതിലൂടെ ദരിദ്രരുടെ മനസ്സിന് ആശ്വാസം പകരാനും, അവരുടെ പ്രയാസങ്ങൾ പരിഹരിക്കാനും, ദരിദ്രർക്കും ധനികർക്കുമിടയിലെ സ്നേഹബന്ധം കാത്തുസൂക്ഷിക്കപ്പെടാനും സാധിക്കും.

സാമൂഹിക കെട്ടുറപ്പും സാമ്പത്തിക സഹകരണവും നിലനിർത്താൻ സകാത്ത് നിർബന്ധമാക്കി എന്നതിൽ ഇസ്ലാമിന്റെ നിർദേശങ്ങൾ ഒതുങ്ങുന്നില്ല. മറിച്ച്, ദരിദ്രരെ ആവശ്യസന്ദർഭങ്ങളിൽ സഹായിക്കുക എന്നത് ധനികന്റെ നിർബന്ധ ബാധ്യതയാണ്. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറച്ചുണ്ണുന്നത് ഇസ്ലാം നിഷിദ്ധമാക്കിയിരിക്കുന്നു. ഇതോടൊപ്പം പെരുന്നാൾ ദിവസം ഫിത്വർ സകാത്ത് നൽകുക എന്നതും അല്ലാഹു അവരുടെ മേൽ നിർബന്ധമാക്കിയിരിക്കുന്നു. തന്റെ വീട്ടിലെ കുട്ടികളും വേലക്കാരും അടക്കമുള്ള എല്ലാവരുടെയും എണ്ണത്തിന് തുല്യമായി ഓരോ വീട്ടിലെയും രക്ഷാധികാരികൾ നൽകേണ്ട നിശ്ചിത അളവ് ഭക്ഷണമാണ് ഫിത്വർ സകാത്ത് കൊണ്ട് ഉദ്ദേശ്യം. ഇതോടൊപ്പം ശപഥം ലംഘിച്ചാൽ അതിന്റെ പ്രായശ്ചിത്തമായും അല്ലാഹു ദരിദ്രർക്ക് ഭക്ഷണം നൽകുക എന്ന നിയമം നിശ്ചയിച്ചിരിക്കുന്നു. ഇതിനെല്ലാം പുറമെ ഐഛികമായ ദാനധർമ്മങ്ങൾ വേറെയുമുണ്ട്; അല്ലാഹുവിന്റെ മാർഗത്തിൽ ദാനം ചെയ്യുന്നവർക്ക് വലിയ പ്രതിഫലവും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവരുടെ പ്രതിഫലം ഇരട്ടിയിരട്ടിയായി വർദ്ധിപ്പിച്ചു നൽകുമെന്നതാണ് അവന്റെ വാഗ്ദാനം; ഓരോ നന്മകളും പത്തു മുതൽ എഴുന്നൂറ് ഇരട്ടി വരെയും അതിലുമുപരി എത്രയോ മടങ്ങായും അല്ലാഹു വർദ്ധിപ്പിച്ചു നൽകുന്നതാണ്.

***

ഇസ്ലാമിലെ നാലാമത്തെ സ്തംഭം: നോമ്പ്
റമദാൻ മാസത്തിൽ നോമ്പെടുക്കുക എന്നത് നിർബന്ധമാണ്. ഹിജ്റ വർഷത്തിലെ ഒൻപതാമത്തെ മാസമാണ് റമദാൻ.
നോമ്പിന്റെ രൂപം ഇപ്രകാരമാണ്:
പുലരി ഉണ്ടാകുന്നതിന് മുൻപ് നോമ്പ് നോൽക്കാനുള്ള ഉദ്ദേശം മനസിലുണ്ടായിരിക്കണം. പുലരി ഉദിച്ചതിന് ശേഷം ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ലൈംഗികബന്ധത്തിൽ ഏർപ്പെടുകയോ ചെയ്യരുത്. ഈ നിലയിൽ സൂര്യൻ അസ്തമിക്കുന്നത് വരെ തുടരുകയും, സൂര്യൻ അസ്തമിച്ച ശേഷം നോമ്പ് തുറക്കുകയും വേണം. റമദാൻ മാസം മുഴുവൻ ഇപ്രകാരം ചെയ്യേണ്ടതുണ്ട്. അല്ലാഹുവിന്റെ തൃപ്തിയും അവനെ ആരാധിക്കുക എന്ന ഉദ്ദേശ്യത്തോടെയുമാണ് ഈ പ്രവർത്തി നിർവ്വഹിക്കേണ്ടത്.
നോമ്പ് കൊണ്ട്, എണ്ണിക്കണക്കാക്കാൻ കഴിയാത്ത അനേകം പ്രയോജനങ്ങളുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ചിലത് ഇവിടെ പറയാം.
- അല്ലാഹുവിനുള്ള ആരാധനയാണ് നോമ്പ്. അവന്റെ കൽപ്പന അനുസരിച്ച് കൊണ്ടാണ് ഓരോ മുസ്ലിമും തന്റെ ദേഹേഛകളെയും ഭക്ഷണത്തോടും വെള്ളത്തോടുമുള്ള താൽപ്പര്യത്തെയും തടഞ്ഞു വെക്കുന്നത്. അല്ലാഹുവിനോടുള്ള ധർമ്മനിഷ്ഠ വർദ്ധിക്കാൻ ഏറ്റവും സഹായിക്കുന്ന കാരണങ്ങളിലൊന്നാണത്.
- നോമ്പ് കൊണ്ടുള്ള ആരോഗ്യപരവും സാമ്പത്തികവും സാമൂഹികവുമായ പ്രയോജനങ്ങളും ധാരാളമുണ്ട്. വിശ്വാസത്തോടെയും ദൃഢബോധ്യത്തോടെയും നോമ്പെടുക്കുന്ന ഏതൊരാൾക്കും അത് ബോധ്യപ്പെടുന്നതാണ്. അല്ലാഹു പറയുന്നു: "(അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിച്ചവരേ! നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെയത്. എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) (ഞെരുങ്ങിക്കൊണ്ട് മാത്രം) അതിന്നു സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവന്നുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നന്മചെയ്താൽ അതവന്ന് ഗുണകരമാകുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നതാകുന്നു നിങ്ങൾക്ക് കൂടുതൽ ഉത്തമം. ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതു കൊണ്ട് നിങ്ങളിൽ ആര് ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കല്പിച്ചിട്ടുള്ളത്.)" (ബഖറ: 183-185)
***

നോമ്പുമായി ബന്ധപ്പെട്ട അനേകം വിധിവിലക്കുകൾ വിശുദ്ധ ഖുർആനിലും നബി -ﷺ- യുടെ ഹദീഥുകളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. അതിൽ ചിലത് താഴെ പറയാം:
1- രോഗികൾക്കും യാത്രക്കാർക്കും നോമ്പ് മുറിക്കാനും, നഷ്ടപ്പെട്ട നോമ്പുകൾ റമദാൻ കഴിഞ്ഞതിന് ശേഷം നോറ്റു വീട്ടാനും അനുവാദമുണ്ട്. ആർത്തവകാരികൾക്കും പ്രസവരക്തം വന്നു കൊണ്ടിരിക്കുന്ന കാലയളവിലും റമദാനിൽ നോമ്പ് നോൽക്കാൻ പാടില്ല. മറിച്ച് അവർ ഈ അവസ്ഥകളിൽ നോമ്പ് ഒഴിവാക്കുകയും, നഷ്ടപ്പെട്ട നോമ്പുകൾ പിന്നീട് നോറ്റു വീട്ടുകയുമാണ് വേണ്ടത്.
2- ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും തങ്ങളുടെ ശരീരത്തിന് ഉപദ്രവം സംഭവിക്കുമെന്നോ, കുഞ്ഞുങ്ങൾക്ക് പ്രയാസമുണ്ടാകുമെന്നോ ഭയമുണ്ടെങ്കിൽ നോമ്പ് ഒഴിവാക്കുകയും, പിന്നീട് നോറ്റുവീട്ടുകയും ചെയ്യാവുന്നതാണ്.
3- നോമ്പുകാരൻ മറന്നു കൊണ്ട് ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുകയും, പിന്നീട് അക്കാര്യം ഓർമ്മയിൽ വരികയും ചെയ്താൽ അവന്റെ നോമ്പ് സാധുവാണ്. കാരണം മറവിയോ അബദ്ധമോ ഭീഷണിയോ കാരണത്താൽ ചെയ്തു പോയ കാര്യങ്ങൾ അല്ലാഹു പൊറുത്തു കൊടുത്തിരിക്കുന്നു. മുഹമ്മദ് നബി -ﷺ- യുടെ ഉമ്മത്തിന് അല്ലാഹു നൽകിയ ഇളവുകളിലൊന്നാണത്. ഭക്ഷണം മറന്നു കൊണ്ട് കഴിച്ചു തുടങ്ങിയ വ്യക്തി ഓർമ്മ വന്നാൽ ഉടനടി അവന്റെ വായിലുള്ളത് തുപ്പി കളയേണ്ടതുണ്ട്.
***

ഇസ്ലാമിലെ അഞ്ചാമത്തെ സ്തംഭം: ഹജ്ജ്
അല്ലാഹുവിന്റെ ഭവനമായ മസ്ജിദുൽ ഹറാം ആയുസ്സിലൊരിക്കൽ സന്ദർശിക്കുകയും, ഹജ്ജ് നിർവ്വഹിക്കുകയും ചെയ്യുക എന്നത് നിർബന്ധമാണ്. ഒരാൾ ഒന്നിൽ കൂടുതൽ തവണ ചെയ്താൽ അത് ഐഛികമായി പരിഗണിക്കപ്പെടും. എണ്ണിത്തിട്ടപ്പെടുത്തുക സാധ്യമല്ലാത്ത ധാരാളം പ്രയോജനങ്ങൾ ഈ ആരാധനാകർമ്മം കൊണ്ടുണ്ട്.
അതിൽ ഒന്നാമത്തേത്; അല്ലാഹുവിനുള്ള ആരാധനയാണത് എന്നതു തന്നെ. ആത്മാവും ശരീരവും സമ്പത്തും പങ്കുചേരുന്ന മഹത്തരമായ ആരാധനാ കർമ്മമാണത്.
രണ്ടാമത്തെ കാര്യം: ലോകത്തുള്ള മുസ്ലിംകളെല്ലാം അതിന് വേണ്ടി ഒത്തൊരുമിക്കുന്നു എന്നതാണത്. അവരെല്ലാം ഒരേ സ്ഥലത്ത് ഒരുമിച്ചു കൂടുകയും, ഒരേ വസ്ത്രം ധരിക്കുകയും, ഏകനായ ഒരേയൊരു രക്ഷിതാവിനെ മാത്രം ആരാധിക്കുകയും, അവയെല്ലാം ഒരേ സമയത്തിലും സന്ദർഭത്തിലും ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഹജ്ജിന്റെ ഭൂമികയിൽ നേതാവോ അനുയായിയോ, ധനികനോ ദരിദ്രനോ വെളുത്തവനോ കറുത്തവനോ ഇല്ല. എല്ലാവരും അല്ലാഹുവിന്റെ സൃഷ്ടികളും അവന്റെ ദാസന്മാരും മാത്രം. മുസ്ലിംകൾ പരസ്പരം തിരിച്ചറിയാനും സഹകരിക്കാനുമെല്ലാം വഴിയൊരുക്കുന്ന, അല്ലാഹു തങ്ങളെ ഒരുമിച്ചു കൂട്ടാനിരിക്കുന്ന ഒരു പരലോകത്തെ കുറിച്ച് അവർക്ക് ഓർമ്മകളേകുന്ന സന്ദർഭമാണത്. മരണത്തിന് ശേഷമുള്ള

ജീവിതത്തിലേക്ക് നന്മകൾ ഒരുക്കി വെക്കണമെന്ന ബോധ്യം ആ സന്ദർഭവും സാഹചര്യവും അവരുടെ മനസ്സിലേക്ക് പകരുന്നു.

മുസ്ലിംകളുടെ ഖിബ്'ലയായ, എല്ലാ നിസ്കാരങ്ങളിലും ദിശയായി സ്വീകരിക്കാൻ കൽപ്പിക്കപ്പെട്ട കഅ്ബക്ക് ചുറ്റുമുള്ള ത്വവാഫ് -പ്രദക്ഷിണം-, മക്കയിലെ ചില നിശ്ചിത സ്ഥലങ്ങളിൽ നിശ്ചിത സമയങ്ങളിൽ നിലയുറപ്പിക്കുക എന്നത്, അറഫയിലും മുസ്ദലിഫയിലും മിനായിലുമുള്ള നിൽപ്പിലുമെല്ലാം അല്ലാഹുവിനെ ആരാധിക്കുക എന്ന മഹത്തരമായ ഉദ്ദേശ്യലക്ഷ്യമുണ്ട്. അല്ലാഹു കൽപ്പിച്ച വിധത്തിൽ അവയെല്ലാം നിറവേറ്റുക എന്നത് നമ്മുടെ ബാധ്യതയാണ്.

എന്നാൽ ഈ പറയപ്പെട്ട കഅ്ബയോ അതിന് ചുറ്റുമുള്ള സ്ഥലങ്ങളോ വസ്തുക്കളോ ഒന്നും ആരാധിക്കപ്പെടാൻ പാടില്ല. അവയൊന്നും എന്തെങ്കിലുമൊരു ഉപകാരമോ ഉപദ്രവമോ ചെയ്യുകയില്ല. മറിച്ച്, ഇതെല്ലാം അല്ലാഹുവിനുള്ള ആരാധനയുടെ ഭാഗം മാത്രമാണ്. ഉപകാരോപദ്രവങ്ങളെല്ലാം അല്ലാഹുവിന്റെ കയ്യിൽ മാത്രമാണ്. അല്ലാഹു കൽപ്പിച്ചില്ലായിരുന്നെങ്കിൽ ഹജ്ജ് നിർവ്വഹിക്കുക എന്നത് പോലും മുസ്ലിമിന് അനുവദിക്കപ്പെട്ടമായിരുന്നില്ല. കാരണം എല്ലാ ആരാധനാകർമ്മങ്ങളും കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഇസ്ലാമിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്; അവയിലൊന്നു പോലും ആരുടെയെങ്കിലും ചിന്തകളുടെയോ അഭിപ്രായങ്ങളുടെയോ ഫലമായുണ്ടായതല്ല. മറിച്ച് അല്ലാഹു അവന്റെ ഗ്രന്ഥത്തിലും നബി -ﷺ- അവിടുത്തെ ഹദീഥിലും കൽപ്പിച്ചു എന്നതാണ് അവയുടെയെല്ലാം അടിത്തറ. അല്ലാഹു പറയുന്നു: "ആ മന്ദിരത്തിൽ (കഅ്ബ) എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരുടെ ആശ്രയം ഇല്ലാത്തവനാകുന്നു." (ആലു ഇംറാൻ:97) (33)

ആയുസ്സിൽ ഒരിക്കൽ ഉംറ നിർവ്വഹിക്കുക എന്നതും ഇതു പോലെ നിർബന്ധമാണ്. ഹജ്ജിനോടൊപ്പമോ അല്ലാത്ത വേളകളിലോ ഇത് നിർവ്വഹിക്കാം. മദീനയിലെ നബി -ﷺ- യുടെ മസ്ജിദ് സന്ദർശിക്കുക എന്നത് ഹജ്ജിനോടൊപ്പമോ അല്ലാത്ത സന്ദർഭങ്ങളിലോ നിർബന്ധമല്ല. മറിച്ച്, പുണ്യകരമായ, സുന്നത്തുകളിൽ പെട്ട പ്രവർത്തിയാണത്. ഉപേക്ഷിക്കുന്നവൻ ശിക്ഷക്ക് അർഹനാണെന്ന് പറയാൻ കഴിയും വിധത്തിൽ അത് വാജിബല്ല. 'ആരെങ്കിലും ഹജ്ജ് നിർവ്വഹിക്കുകയും, എന്നെ സന്ദർശിക്കാതിരിക്കുകയും ചെയ്താൽ അവൻ എന്നോട് പരുഷത പുലർത്തിയിരിക്കുന്നു' എന്ന അർത്ഥത്തിൽ പ്രചരിക്കപ്പെട്ട ഹദീഥാകട്ടെ; സ്ഥിരപ്പെടാത്ത ഹദീഥാണ്. അല്ല! നബി -ﷺ- യുടെ മേൽ കെട്ടിച്ചമക്കപ്പെട്ട ഹദീഥുകളുടെ കൂട്ടത്തിലാണ് അതിന് സ്ഥാനമുള്ളത്. (34)

നബി -ﷺ- യുടെ മസ്ജിദിലേക്ക് പുണ്യം പ്രതീക്ഷിച്ചു കൊണ്ട് യാത്രയാകാം; മസ്ജിദിലേക്ക് എത്തുകയും, അവിടെ രണ്ട് റക്അത്ത് തഹിയ്യത്ത് നിസ്കരിക്കുകയും ചെയ്താൽ നബി -ﷺ- യുടെ ഖബ്ർ സന്ദർശിക്കുക എന്നത് അവന്റെ മേൽ സുന്നത്താണ്. ഈ സന്ദർഭത്തിൽ "അല്ലാഹുവിന്റെ റസൂലേ! (അല്ലാഹുവിന്റെ പക്കൽ നിന്നുള്ള) രക്ഷ താങ്കളുടെ മേൽ ഉണ്ടാകട്ടെ!" എന്ന് അടക്കത്തോടെയും ശബ്ദം താഴ്ത്തി കൊണ്ടും അവന് പറയാവുന്നതാണ്. നബി -ﷺ- യിൽ നിന്ന് എന്തെങ്കിലും കാര്യം ആവശ്യപ്പെടുക എന്നത് അവന് പാടില്ല. മറിച്ച്, ഈ സലാമിന് ശേഷം അവൻ അവിടെ നിന്ന് പിരിഞ്ഞു പോകണം. ഇപ്രകാരമാണ് നബി -ﷺ- തന്റെ ഉമ്മത്തിനോട് കൽപ്പിച്ചത്; അത് തന്നെയാണ് സ്വഹാബികൾ പ്രവർത്തിച്ച മാർഗവും.

എന്നാൽ നബി -ﷺ- യുടെ ഖബ്റിനരികിൽ നിലയുറപ്പിക്കുകയും, നിസ്കാരത്തിൽ നിൽക്കുന്നത് പോലെ ഭയഭക്തിയോടെ അവിടെ സമയം ചെലവഴിക്കുകയും, നബി -ﷺ- യിൽ നിന്ന് തങ്ങളുടെ കാര്യങ്ങൾ ചോദിച്ചു വാങ്ങുകയും, അവിടുത്തോട് സഹായതേട്ടവും (ഇസ്തിഗാഥ) മറ്റും നടത്തുകയും, അവിടുത്തെ അല്ലാഹുവിലേക്കുള്ള മദ്ധ്യസ്ഥനാക്കുകയുമെല്ലാം ചെയ്യുന്നവർ യഥാർത്ഥ ബഹുദൈവാരാധനയാണ് ചെയ്യുന്നത്. നബി -ﷺ- ക്ക് ഇക്കൂട്ടരുമായി യാതൊരു ബന്ധവുമില്ല. അതിനാൽ നബി -ﷺ- യോടോ മറ്റാരെങ്കിലോടുമോ ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നത് ഓരോ മുസ്ലിമും കരുതിയിരിക്കണം. നബി -ﷺ- യുടെ ഖബ്ർ സന്ദർശിച്ചതിന് ശേഷം അബൂബക്ർ സിദ്ധീഖ് -رضي الله عنه-, ഉമർ ബ്നുൽ ഖത്താബ് -رضي الله عنه- എന്നിവരുടെ ഖബ്റുകളും അവന് സന്ദർശിക്കാം. ശേഷം ബഖീഇലെ ഖബ്റുകളും ശുഹദാക്കളുടെ ഖബ്റുകളും അവന് സന്ദർശിക്കാം. ഇതാണ് മുസ്ലിംകളുടെ ഖബ്ർ സന്ദർശിക്കേണ്ടതിന്റെ ഇസ്ലാമിക മര്യാദ. മരിച്ചവരോട് സലാം അറിയിക്കുകയും, അവർക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും, മരണത്തെ കുറിച്ച് ചിന്തിക്കുകയും അവിടെ നിന്ന് പിരിഞ്ഞു പോവുകയും ചെയ്യുക എന്ന് ചുരുക്കം.

ഇതാണ് ഹജ്ജിന്റെയും ഉംറയുടെയും ചുരുങ്ങിയ രൂപം.

തന്റെ ഹജ്ജിന് വേണ്ടി ശുദ്ധമായ സമ്പത്താണ് ഓരോ ഹാജിയും തിരഞ്ഞെടുക്കേണ്ടത്. നിഷിദ്ധമായ സമ്പത്ത് അവൻ അകറ്റിനിർത്തണം. കാരണം അത്തരം സമ്പത്ത് കൊണ്ട് ഹജ്ജ് ചെയ്യുന്നത് അവന്റെ ഹജ്ജും പ്രാർത്ഥനകളും തള്ളപ്പെടാൻ വരെ കാരണമായേക്കാം. നബി -ﷺ- യുടെ ഹദീഥ് ഈ വിഷയത്തിൽ വന്നിട്ടുണ്ട്. "നിഷിദ്ധ സമ്പാദ്യത്തിൽ നിന്നും വളർന്ന മാംസത്തിന് നരകമാണ് ഏറ്റവും അർഹമായത്." (35) സച്ചരിതരായ, തൗഹീദും വിശ്വാസവും ദൃഢതയുള്ളവരെ യാത്രയിൽ ഒപ്പം കൂട്ടാനും അവൻ ശ്രദ്ധ വെക്കണം.

***

മീഖാതുകൾ

ഹജ്ജിനും ഉംറക്കും വരുന്നവർ മീഖാതിൽ എത്തിയാൽ അവിടെ വെച്ച് ഇഹ്റാം ധരിക്കണം. വിമാനത്തിലാണ് വരുന്നത് എങ്കിൽ മീഖാത്ത് എത്താൻ സമയം അടുത്താൽ ഇഹ്റാം കെട്ടണം; മീഖാത്തിലൂടെ ഇഹ്റാമിലല്ലാതെ കടന്നു പോകരുത് എന്നർത്ഥം. നബി -ﷺ- ജനങ്ങൾക്ക് നിശ്ചയിച്ചു നൽകിയ മീഖാതുകൾ അഞ്ചെണ്ണമാണ്. അവ താഴെ പറയാം:

1- ദുൽ ഹുലൈഫഃ (അബ്യാറു അലി) ; മദീനക്കാരുടെ മീഖാത്ത് ഇതാണ്.

2- ജുഹ്ഫഃ (റാബിഗ് എന്ന സ്ഥലത്തിന് അടുത്താണിത്) സിറിയ, ഈജിപ്ത്, മൊറോക്കോ തുടങ്ങിയ ഭാഗത്ത് നിന്നുള്ളവർക്ക് ഈ മീഖാത്താണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

3- ഖർനുൽ മനാസിൽ (സയ്ല് / വാദീ മുഹ്‌രിം) നജ്ദുകാരുടെയും ത്വാഇഫുകാരുടെയും അവരുടെ ദിശയിലൂടെ വരുന്നവർക്കുമുള്ള മീഖാത്ത് ഇവിടെയാണ്.

4- ദാതു ഇർഖ് ; ഇറാഖുകാരുടെ മീഖാത്ത് ഇവിടെയാണ്.

5- യലംലം: യമനകാരുടെ മീഖാത്ത് ഈ പ്രദേശത്താണ്.
ഈ പറയപ്പെട്ട മീഖാതുകളുടെ ഭാഗത്തു കൂടെ ഒരാൾ ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് കൊണ്ട് യാത്ര ചെയ്താൽ അവന് അവിടെ വെച്ച് ഇഹ്റാം കെട്ടാം; ഈ മീഖാതിന്റെ ദിശയിലല്ല അവൻ താമസിക്കുന്നത് എങ്കിലും. മക്കക്കാരും, മീഖാതിനും മക്കക്കും ഇടയിലുള്ള നാട്ടുകളിൽ താമസിക്കുന്നവരും തങ്ങളുടെ വീട്ടുകളിൽ വെച്ച് തന്നെ ഇഹ്റാം കെട്ടിയാൽ മതി.

***

ഇഹ്റാം കെട്ടുന്നതിന്റെ രൂപം
ഇഹ്റാം കെട്ടാൻ ഉദ്ദേശിക്കുന്ന വ്യക്തി ശരീരം ശുദ്ധിയാക്കുകയും, വൃത്തി വരുത്തുകയും, സുഗന്ധം പൂരട്ടുകയും ചെയ്യൽ പുണ്യകരമാണ്. ശേഷം മീഖാതിൽ വെച്ച് കൊണ്ട് ഇഹ്റാം കെട്ടുക; വിമാനത്തിൽ ഉംറക്കായി വരുന്ന വ്യക്തി തന്റെ നാട്ടിൽ നിന്ന് തന്നെ ഒരുങ്ങുകയും, ശേഷം മീഖാതിന്റെ സ്ഥാനം അടുത്തെത്തുകയോ അതിന് മുകളിലൂടെ പോവുകയോ ചെയ്യുമ്പോൾ നിയ്യത്ത് വെക്കുകയും, തൽബിയ്യത്ത് ഉച്ചരിക്കുകയും ചെയ്യണം. (36) പുരുഷന്മാരുടെ ഇഹ്റാമിന്റെ വസ്ത്രം അവയവങ്ങൾക്കനുസൃതമായ തുന്നലുകളില്ലാത്ത ഒരു മുണ്ടും മേൽമുണ്ടുമാണ്. ഇത് കൊണ്ട് അവൻ തന്റെ ശരീരം മുഴുവൻ ചുറ്റുകയും മൂടുകയും വേണം; തല മറക്കാൻ പാടില്ല എന്നത് ഈ സന്ദർഭത്തിൽ പ്രത്യേകം ഓർക്കുക. സ്ത്രീകൾക്ക് ഇഹ്റാമിന് പ്രത്യേക വസ്ത്രമില്ല. മറിച്ച്, ശരീരം മുഴുവൻ മറക്കുന്നതും വിശാലമായതുമായ ഏതു വസ്ത്രവും അവൾക്ക് ധരിക്കാം. ജനങ്ങൾ കണ്ടാൽ താൽപ്പര്യം ജനിപ്പിക്കാത്ത രീതിയിലുള്ള വസ്ത്രമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇഹ്റാമിലുള്ള സ്ത്രീകൾ കൈകളിലോ മുഖത്തോ തുന്നിപ്പിടിപ്പിച്ച വസ്ത്രം ധരിക്കാൻ പാടില്ല. നിഖാബോ ഗ്ലൗസുകളോ പാടില്ലെന്നർത്ഥം. പുരുഷന്മാരെ കാണേണ്ട സാഹചര്യം വന്നാൽ തലയിലുള്ള തട്ടം കൊണ്ട് മുഖം അവൾ മറച്ചു പിടിക്കണം; നബി -ﷺ- യുടെ പത്നിമാരായ ഉമ്മഹാതുൽ മുഅ്മിനീങ്ങളും സ്വഹാബീ വനിതകളും ഇപ്രകാരമായിരുന്നു ചെയ്തിരുന്നത്.
ഇഹ്റാമിന്റെ വസ്ത്രം ധരിച്ച ശേഷം ഉംറക്ക് നിയ്യത്ത് വെക്കുകയും, "അല്ലാഹുവേ! നിനക്ക് വേണ്ടി ഞാൻ ഉംറ ചെയ്യാനായി വന്നെത്തിയിരിക്കുന്നു" എന്ന അർത്ഥം വരുന്ന പ്രാർത്ഥന പറയുകയും ചെയ്യുക. അതിനെത്തുടർന്ന് ഹജ്ജ് നിർവഹിക്കുകയും (തമത്തുഅ്) ചെയ്യുക. (37) ഹജ്ജിന്റെ രൂപങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത് തമത്തുആണ്. നബി -ﷺ- സ്വഹാബികളോട് അത് കൽപ്പിക്കുകയും ശക്തമായി നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. അവിടുത്തെ കൽപ്പന നിറവേറ്റാൻ മടിച്ചു നിന്നവരുടെ കാര്യത്തിൽ അവിടുന്ന് കോപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബലിമൃഗങ്ങൾ ഒപ്പമുണ്ടെങ്കിൽ അവൻ ഹജ്ജ് ഖിറാനിന്റെ രൂപത്തിലാണ് നിർവ്വഹിക്കേണ്ടത്; നബി -ﷺ- അപ്രകാരമാണ് ചെയ്തത്. (38) ഹജ്ജ് ഖിറാനായി നിർവ്വഹിക്കുന്നവർ "അല്ലാഹുവേ! നിനക്ക് വേണ്ടി ഞാൻ ഹജ്ജും ഉംറയും ചെയ്യാനായി വന്നെത്തിയിരിക്കുന്നു" എന്നാണ് പറയേണ്ടത്. പെരുന്നാൾ ദിവസം ബലിമൃഗത്തെ അറുക്കുന്നത് വരെ അവൻ ഇഹ്റാമിൽ നിന്ന് വിരമിക്കാൻ പാടില്ല.
ഇഹ്റാദായി ഹജ്ജ് നിർവ്വഹിക്കുന്ന വ്യക്തി "അല്ലാഹുമ്മ ലബ്ബൈക്ക ഹജ്ജൻ" (അല്ലാഹുവേ! നിനക്ക് വേണ്ടി ഞാൻ ഹജ്ജിനായി വന്നെത്തിയിരിക്കുന്നു) എന്നാണ് പറയേണ്ടത്.

***

ഇഹ്റാം കെട്ടിയവർ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ
ഇഹ്റാമിന്റെ നിയ്യത്ത് വെക്കുന്നത് മുതൽ പിന്നീട് ചെയ്യാൻ പാടില്ലാത്ത ചില കാര്യങ്ങളുണ്ട്; അവ താഴെ പറയാം:
1- ലൈംഗികബന്ധവും, അതിലേക്ക് നയിക്കുന്ന കാര്യങ്ങളിൽ പെട്ട ചുംബനവും ലൈംഗികതൃഷ്ണയോടെയുള്ള സ്പർശനവും സംസാരവും. വിവാഹാലോചന നടത്തുക, വിവാഹക്കരാറിൽ ഏർപ്പെടൽ തുടങ്ങിയ കാര്യങ്ങളോ, വിവാഹം കഴിക്കുക, വിവാഹം ചെയ്തുകൊടുക്കുക പോലുള്ളവയോ ഈ സന്ദർഭത്തിൽ പാടില്ല.
2- മുടി വടിക്കുകയോ, വെട്ടുകയോ ചെയ്യാൻ പാടില്ല.
3- നഖം വെട്ടാൻ പാടില്ല.
4- പുരുഷന്മാർ തലയോട് ചേർന്നു നിൽക്കുന്ന തരത്തിലുള്ള തൊപ്പിയോ മറ്റോ കൊണ്ട് തല മറക്കാൻ പാടില്ല. എന്നാൽ കുട ചൂടുന്നതിലോ കൂടാരത്തിന്റെ തണലിൽ നിൽക്കുന്നതോ വാഹനത്തിൽ കയറുന്നതിനോ തടസ്സമില്ല.
5- സുഗന്ധം പുരട്ടുകയോ, സുഗന്ധം മണക്കുകയോ ചെയ്യരുത്.
6- കരയിലെ മൃഗങ്ങളെ വേട്ടയാടുകയോ, വേട്ടയാടാൻ വേണ്ടി മറ്റൊരാൾക്ക് കാണിച്ചു കൊടുക്കുകയോ ചെയ്യരുത്.
7- പുരുഷന്മാർ അവയവങ്ങൾക്കനുസൃതമായി തുന്നിയ വസ്ത്രം തീർത്തും ധരിച്ചു കൂടാ. സ്ത്രീകൾ അവരുടെ മുഖവും കൈകളും മറക്കാൻ തുന്നിയ വസ്ത്രം ഉപയോഗിച്ചു കൂടാ. പുരുഷന്മാർക്ക് ചെരുപ്പ് ധരിക്കാം; അത് ലഭിച്ചില്ലെങ്കിൽ അവർക്ക് ഷൂസ് ഉപയോഗിക്കാം.
മേൽ പറഞ്ഞ കാര്യങ്ങളിൽ ഏതെങ്കിലും അറിവില്ലാതെയോ മറന്നു കൊണ്ടോ ഒരാൾ ചെയ്തു പോയാൽ ഓർമ്മ വരുകയോ കാര്യം പഠിക്കുകയോ ചെയ്താൽ അത് ഉടനടി മാറ്റണം; അവൻ പ്രായശ്ചിത്തമായി ഒന്നും ചെയ്യേണ്ടതില്ല.
ഇഹ്റാം കെട്ടിയ വ്യക്തി കഅ്ബയുടെ അരികിൽ എത്തിയാൽ ആദ്യം ത്വവാഫുൽ ഖുദൂം നിർവ്വഹിക്കണം; (39) ഏഴ് ചുറ്റലുകളാണ് ഈ ത്വവാഫിൽ ചെയ്യേണ്ടത്. ഹജറുൽ അസ്വദിന്റെ നേരെ നിന്നതിന് ശേഷം ത്വവാഫ് ആരംഭിക്കണം. ഇത് ഉംറയുടെ ത്വവാഫിലാണ് പരിഗണിക്കപ്പെടുക. ത്വവാഫിന്റെ സന്ദർഭത്തിൽ പഠിപ്പിക്കപ്പെട്ട പ്രത്യേകം പ്രാർത്ഥനകളില്ല; മറിച്ച് അവൻ അല്ലാഹുവിനെ സ്മരിക്കുകയും, അവന് വേണ്ട കാര്യങ്ങൾ പ്രാർത്ഥിക്കുകയുമാണ് ചെയ്യേണ്ടത്. (40) ത്വവാഫിന് ശേഷം മഖാമു ഇബ്റാഹീമിന്റെ പിറകിലായി രണ്ട് റക്അത്തുകൾ നിസ്കരിക്കുക (41). ഈ സ്ഥലത്ത് തന്നെ സാധിക്കുമെങ്കിൽ അതാണ് നല്ലത്; പ്രയാസകരമാണെങ്കിൽ ഹറമിന്റെ ഏതു ഭാഗത്തും അവന് നിസ്കരിക്കാവുന്നതാണ്. അതിന് ശേഷം സഅ്യിന്റെ ഭാഗത്തേക്ക് പുറപ്പെടുകയും, (42) സ്വഫാ കുന്നിന് മുകളിലേക്ക് കയറുകയും ചെയ്യുക. സ്വഫായുടെ മുകളിൽ എത്തിയാൽ ഖിബ്‌ലക്ക് നേരെ തിരിയുകയും, തക്ബീർ ചൊല്ലുകയും, ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുകയും, അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുക. ശേഷം മർവയുടെ ഭാഗത്തേക്ക് നടക്കുകയും, അതിന്റെ മുകളിൽ കയറുകയും, ഖിബ്‌ലക്ക് നേരെ തിരിഞ്ഞു കൊണ്ട് തക്ബീർ ചൊല്ലുകയും, അല്ലാഹുവിനെ സ്മരിക്കുകയും അവനോട് ദുആ നടത്തുകയും ചെയ്യുക. പിന്നീട് സ്വഫായിലേക്ക് തന്നെ മടങ്ങുകയും, ഈ രൂപത്തിൽ ഏഴ് തവണ സഅ്യ് നിർവ്വഹിക്കുകയും ചെയ്യുക. സ്വഫാഇൽ നിന്ന് മർവായിലേക്കുള്ള പോക്ക് ഒരു തവണയും, അവിടെ നിന്ന്

മർവായിലേക്ക് തിരിച്ച് വരുന്നത് ഒരു പോക്കുമായാണ് കണക്കാക്കേണ്ടത്. ശേഷം മുടി വെട്ടുക; സ്ത്രീകൾ അവരുടെ മുടിയുടെ അറ്റത്ത് നിന്ന് വിരലറ്റങ്ങളുടെ നീളത്തോളം മാത്രം മുടിയെടുത്താൽ മതി. ഇതോടെ മുത്‌അത്തിനെ സംബന്ധിച്ചിടത്തോളം അവൻ്റെ ഉംറ പൂർത്തീകരിച്ചു. ശേഷം അവന് ഇഹ്റാമിൽ നിന്ന് വിരമിക്കാം; അതിന് ശേഷം ഇഹ്റാമിൻ്റെ സന്ദർഭത്തിൽ അവന് നിഷിദ്ധമായിരുന്ന എല്ലാ കാര്യങ്ങളും പ്രവർത്തിക്കാൻ അനുവാദമുണ്ട്.

സ്ത്രീകൾക്ക് ആർത്തവം ആരംഭിക്കുകയോ, അവൾ ഇഹ്റാമിന് മുൻപോ ശേഷമോ പ്രസവിക്കുകയോ ചെയ്താൽ പിന്നീട് ഖിറാനാണ് അവൾ നിർവ്വഹിക്കേണ്ടത്. മറ്റുള്ള ഹാജിമാർ ചെയ്യുന്നത് പോലെ ഹജ്ജിനും ഉംറക്കുമായി അവൾ നിയ്യത്ത് വെക്കുക. കാരണം ആർത്തവവും നിഫാസും (പ്രസവരക്തം വരുന്ന കാലം) ഇഹ്റാം വെക്കുന്നതിന് തടസ്സമല്ല. ഹജ്ജിൻ്റെ മശാഇറുകളിൽ നിൽക്കുന്നതിനും അത് തടസ്സമല്ല. മറിച്ച്, കഅ്ബ ത്വവാഫ് ചെയ്യുക എന്നത് മാത്രമാണ് അവർക്ക് വിലക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ഹാജിമാർ ചെയ്യുന്ന എല്ലാ കർമ്മങ്ങളും അവൾക്ക് ചെയ്യാം; ത്വവാഫ് ഒഴികെ. ശുദ്ധിയാകുന്നത് വരെ അത് മാത്രം വൈകിക്കുകയും, ശുദ്ധി ആയതിന് ശേഷം അത് നിർവ്വഹിക്കുകയുമാണ് അപ്പോൾ ചെയ്യേണ്ടത്. ഇനി ജനങ്ങൾ ഇഹ്റാം കെട്ടുന്നതിന് മുൻപും, അവർ മിനായിലേക്ക് പുറപ്പെടുന്നതിന് മുൻപും അവൾ ശുദ്ധിയായി എങ്കിൽ ശുദ്ധിയുടെ കുളി നിർവ്വഹിക്കുകയും, ശേഷം ത്വവാഫും സഅ്‌യും നിർവ്വഹിക്കുകയും, മുടിയിൽ നിന്ന് മുൻപ് വിശദീകരിച്ചതു പോലെ വെട്ടുകയും, ശേഷം ഉംറയിൽ നിന്ന് തഹല്ലുൽ ആവുകയും ചെയ്യുക. ശേഷം ജനങ്ങളോടൊപ്പം ദുൽഹിജ്ജ എട്ടാം ദിവസം ഹജ്ജിന് വേണ്ടി ഇഹ്റാം കെട്ടുക. അവൾ ശുദ്ധിയാകുന്നതിന് മുൻപാണ് ജനങ്ങൾ ഇഹ്റാം കെട്ടുന്നത് എങ്കിൽ അതോടെ അവൾ ഖിറാനിലേക്ക് മാറും. അവൾ ഇഹ്റാമിൽ തന്നെ തുടരുകയും ജനങ്ങളോടൊപ്പം തൽബിയത് ചൊല്ലുകയും, ഹാജിമാർ ചെയ്യുന്നതെല്ലാം നിർവ്വഹിക്കുകയും, അവരോടൊപ്പം മിനായിലേക്ക് പുറപ്പെടുകയും, അറഫയിലും മുസ്ദലിഫയിലും നിൽക്കുകയും, ജംറയിൽ കല്ലെറിയുകയും ബലി നൽകുകയും പെരുന്നാൾ ദിവസം മുടിയിൽ നിന്ന് എടുക്കുകയും ചെയ്യുക. പിന്നീട് ആർത്തവത്തിൽ നിന്ന് ശുദ്ധിയായതിന് ശേഷം കുളിക്കുകയും, ഹജ്ജിൻ്റെ ത്വവാഫും സഅ്‌യും നിർവ്വഹിക്കുകയും ചെയ്യുക.

ഈ ഒരു ത്വവാഫ് തന്നെ അവളുടെ ഹജ്ജിനും ഉംറക്കും ഒരേ സമയം മതിയാകുന്നതാണ്. ആഇശാ -رضي الله عنها- ക്ക് സമാനമായ അവസ്ഥയുണ്ടാവുകയും, അവർ നബി ﷺ യോട് കാര്യം അറിയിക്കുകയും ചെയ്തപ്പോൾ അവിടുന്ന് ശുദ്ധിയായതിന് ശേഷം ഹജ്ജിനും ഉംറക്കും വേണ്ടി ഒരു തവണ (ഏഴു വീതം) ത്വവാഫും സഅ്‌യും നിർവ്വഹിച്ചത് മതിയാകും എന്നാണ് പറഞ്ഞത്. കാരണം ഖിറാനിൻ്റെ രൂപത്തിൽ ഹജ്ജ് നിർവ്വഹിക്കുമ്പോൾ അവർ ഇഫ്റാദിൻ്റെ ആളുകളെ പോലെ ഒരു ത്വവാഫും സഅ്‌യും ചെയ്താൽ മതിയാകും. (43) നബി ﷺ ഇക്കാര്യം ആഇശാ -رضي الله عنها- യോട് വ്യക്തമായി പറഞ്ഞു കൊടുക്കുകയും, അവിടുന്ന് അപ്രകാരം ചെയ്തു കാണിക്കുകയുമുണ്ടായിട്ടുണ്ട്. മറ്റൊരു ഹദീഥിൽ അവിടുന്ന് പറഞ്ഞു: "ഉംറ ഹജ്ജിനുള്ളിൽ ഉൾപ്പെട്ടിരിക്കുന്നു; ഖിയാമത്ത് നാളു വരെ." അല്ലാഹുവിനാണ് കൂടുതൽ അറിയുക.

ദുൽഹിജ്ജ എട്ടാം ദിവസം എത്തിയാൽ ഹാജിമാർ ഇഹ്റാം കെട്ടണം. മീഖാത്തിൽ നിന്ന് ഇഹ്റാം കെട്ടിയതു പോലെ അവരുടെ മക്കയിലുള്ള ഭവനങ്ങളിൽ നിന്നാണ് ഇഹ്റാം കെട്ടേണ്ടത്. ഇഹ്റാമിൻ്റെ വസ്ത്രം ധരിച്ച ശേഷം ഹജ്ജിൻ്റെ നിയ്യത്ത് കരുതുകയും, "അല്ലാഹുമ്മ ലബ്ബൈക്ക ഹജ്ജൻ" (അല്ലാഹുവേ! നിനക്ക് വേണ്ടി ഹജ്ജിനായി ഞാൻ വന്നെത്തിയിരിക്കുന്നു) എന്ന് പറയുകയും, അതിന് ശേഷം -മുൻപ് വിവരിച്ച് കഴിഞ്ഞ- ഇഹ്റാമിൻ്റെ വേളയിലെ നിഷിദ്ധങ്ങൾ അകറ്റി നിർത്തുകയും ചെയ്യുക. മുസ്ദലിഫയിൽ നിന്ന് മിനായിലേക്ക് പെരുന്നാൾ ദിവസം തിരിച്ചെത്തുന്നതു വരെ ഇക്കാര്യം പാലിക്കണം. (44) അതിന് ശേഷം ജംറതുൽ അഖബയിൽ എറിയുകയും, പുരുഷനാണെങ്കിൽ തല വടിക്കുകയും, സ്ത്രീയാണെങ്കിൽ മുടിയിൽ നിന്ന് കുറച്ച് എടുക്കുകയും ചെയ്യണം.

എട്ടാം ദിവസം ഇഹ്റാം കെട്ടിയാൽ ഹാജിമാർ പിന്നീട് മിനായിലേക്ക് തിരിക്കണം. അവിടെ രാത്രി കഴിച്ചു കൂട്ടുകയും, എല്ലാ നിസ്കാരങ്ങളും അതിൻ്റെ സമയങ്ങളിൽ തന്നെ -ജംഅ് ചെയ്യാതെ- ചുരുക്കി ഖസ്റായി (രണ്ട് റക്അത്തായി) നിസ്കരിക്കുകയും വേണം. അറഫാ ദിവസത്തിൽ സൂര്യൻ ഉദിച്ചാൽ ഹാജിമാരോടൊപ്പം നംറയിലേക്ക് പുറപ്പെടുകയും, അവിടെ കഴിച്ചു കൂട്ടുകയും ചെയ്യുക. അങ്ങനെ ഇമാമിനോടൊപ്പം ദ്വുഹ്റും അസ്വ്റും ജംഉം ഖസ്വ്റുമാക്കി നിസ്കരിക്കുക. ശേഷം സൂര്യൻ മദ്ധ്യത്തിൽ നിന്ന് തെറ്റിയതിന് ശേഷം അറഫയിലേക്ക് തിരിക്കുകയും ചെയ്യുക. ഒരാൾ മിനായിൽ നിന്ന് നേരിട്ട് അറഫയിലേക്ക് പോവുകയും, അവിടെ കഴിച്ചു കൂട്ടുകയും ചെയ്താൽ അതും മതിയാകുന്നതാണ്. അറഫയുടെ പരിധിക്കുള്ളിൽ വരുന്ന ഏത് സ്ഥലത്തും നിൽക്കാം.

അറഫയിൽ സാധ്യമാകുന്നിടത്തോളം അല്ലാഹുവിന് ദിക്ർ ചൊല്ലുകയും, പ്രാർത്ഥിക്കുകയും, പാപമോചനം നടത്തുകയും ചെയ്യുക. ഖിബ്'ലയിലേക്കാണ് ഈ സന്ദർഭത്തിൽ തിരിയേണ്ടത്; അല്ലാതെ പർവ്വതത്തിലേക്കല്ല. കാരണം പർവ്വതം അറഫയുടെ ഒരു ഭാഗം മാത്രമാണ്; അവിടേക്ക് കയറുക എന്നതിൽ പ്രത്യേകം പുണ്യമൊന്നുമില്ല. അവിടെയുള്ള കല്ലുകൾ തൊട്ടുമുത്തുക എന്നതും മറ്റും അനുവദനീയമല്ല; മറിച്ച് നിഷിദ്ധമായ ബിദ്അത്തുകളിലാണ് അത് ഉൾപ്പെടുക.

സൂര്യൻ അസ്തമിക്കുന്നത് വരെ ഹാജിമാർ അറഫയിൽ നിന്ന് പോകരുത്. അസ്തമയ ശേഷം മുസ്ദലിഫയിലേക്കാണ് പോകേണ്ടത്. അവിടെ എത്തിയാൽ മഗ്രിബും ഇശാഉം ഇശാ നിസ്കാരത്തിൻ്റെ സമയത്തേക്ക് പിന്തിച്ച് കൊണ്ട് നിസ്കരിക്കുകയും, അന്ന് മുസ്ദലിഫയിൽ രാപ്പാർക്കുകയും ചെയ്യുക. ഇശാ രണ്ട് റക്അത്തുകൾ മാത്രമാണ് നിസ്കരിക്കേണ്ടത്. പുലരി ഉദിച്ചാൽ സുബ്ഹ് നിസ്കരിക്കുകയും അല്ലാഹുവിനെ സ്മരിക്കുകയും, ശേഷം സൂര്യോദയത്തിന് മുൻപ് മിനായിലേക്ക് പുറപ്പെടുകയും ചെയ്യുക. മിനായിൽ എത്തിയാൽ സൂര്യോദയത്തിന് ശേഷം ജംറതുൽ അഖബയിൽ കല്ലെറിയണം; ഏഴു ചെറിയ ചരൽക്കല്ലുകളാണ് അവിടെ എറിയേണ്ടത്. തീരെ ചെറുതോ വളരെ വലുതോ ആകാൻ പാടില്ല അവ. ചെരുപ്പുകളും മറ്റും ഈ സന്ദർഭത്തിൽ എടുത്തെറിയുക എന്നത് അനുവദനീയമല്ല; മറിച്ച് പിശാചിൻ്റെ കുതന്ത്രങ്ങളിൽ പെട്ടു പോയവർ ചെയ്യുന്ന വിവരക്കേടുകളാണ് അതെല്ലാം. (45) പിശാചിനെ ദേഷ്യം പിടിപ്പിക്കാൻ ഒരാൾ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നുവെങ്കിൽ അവൻ നബി ﷺ യെ പിൻപറ്റുകയാണ് വേണ്ടത്. അവിടുന്ന് വിലക്കിയത് ഉപേക്ഷിക്കുകയുമാണ് അവൻ ചെയ്യേണ്ടത്.

ജംറയിൽ കല്ലെറിഞ്ഞ ശേഷം ഹാജിമാർ തങ്ങളുടെ ബലിമൃഗങ്ങളെ അറുക്കണം. അതിന് ശേഷം അവർക്ക് തല വടിക്കാം. സ്ത്രീകൾ തലമുടിയിൽ നിന്ന് ഒരു ചെറിയ ഭാഗം വെട്ടിയാൽ മതി. പുരുഷന്മാർക്കും തലമുടി ചെറുതാക്കാൻ അനുവാദമുണ്ടെങ്കിലും തല വടിക്കുന്നതാണ് മൂന്നിരട്ടി ശ്രേഷ്ഠകരം. ഇതോടു കൂടി ഇഹ്റാം അവസാനിച്ചു; ഇതുവരെ

നിഷിദ്ധമായിരുന്ന കാര്യങ്ങൾ അതോടെ അനുവദനീയമാകും. ഭാര്യയുമായി ബന്ധപ്പെടുക എന്നത് ഒഴികെ. ശേഷം മക്കയിലേക്ക് നീങ്ങുകയും ഹജ്ജിന്റെ ത്വവാഫും സഅ്‌യും നിർവഹിക്കുകയും ചെയ്യുക. ഇതുവരെ നിഷിദ്ധമായിരുന്നതെല്ലാം അവന് അതോടെ അനുവദനീയമാകും. ഭാര്യയുമായി ബന്ധപ്പെടുക എന്നത് ഉൾപ്പെടെ അനുവദനീയമാകും. ശേഷം മിനായിലേക്ക് തന്നെ തിരിച്ചു പോവുകയും അവിടെ ബാക്കി ദിവസം കഴിച്ചു കൂട്ടുകയും, അതിന് ശേഷമുള്ള രണ്ട് പകലും രാത്രികളും -നിർബന്ധമായും- കഴിച്ചു കൂട്ടുകയും ചെയ്യുക. ദുൽഹിജ്ജ പതിനൊന്നിനും പന്ത്രണ്ടിനും സൂര്യൻ മദ്ധ്യത്തിൽ നിന്ന് തെറ്റിയ ശേഷം ജംറകളിൽ കല്ലെറിയണം. മിനായോട് ഏറ്റവും അടുത്തുള്ള ജംറതുസ്സുഗ്‌റായിൽ തുടങ്ങി, ശേഷം വുസ്ത്വായിലും, പിന്നീട് ഈദ് ദിവസം എറിഞ്ഞ ജംറത്തുൽ കുബ്‌റായിലും ഇപ്രകാരം കല്ലെറിയണം. ഓരോ ജംറകളിലും ഏഴ് കല്ലുകളാണ് എറിയേണ്ടത്. ഓരോ ഏറിലും അല്ലാഹു അക്ബർ എന്ന് തക്ബീർ മുഴക്കണം. മിനായിലെ തന്റെ ഭവനത്തിൽ നിന്ന് പുറപ്പെടുമ്പോൾ തന്നെ അവന് എറിയാനുള്ള കല്ലുകൾ കയ്യിൽ കരുതാവുന്നതാണ്. (46) മിനായിൽ താമസിക്കാൻ സാധിക്കാത്തവർക്ക് ടെന്റുകൾ അവസാനിക്കുന്ന സ്ഥലത്ത് കഴിച്ചു കൂട്ടാവുന്നതാണ്.

ദുൽഹിജ്ജ പന്ത്രണ്ടിന് ജംറയിൽ കല്ലെറിഞ്ഞ ശേഷം മിനായിൽ നിന്ന് പിരിഞ്ഞു പോകാൻ ഉദ്ദേശിച്ചാൽ ഒരാൾക്ക് അന്ന് പിരിഞ്ഞു പോകാവുന്നതാണ്. പതിമൂന്നാമത്തെ ദിവസം വരെ കാത്തിരിക്കുന്നതാണ് കൂടുതൽ ശ്രേഷ്ഠം. മക്കയിൽ നിന്ന് തിരിച്ചുള്ള യാത്ര ഉദ്ദേശിച്ചാൽ വിടവാങ്ങൽ ത്വവാഫ് നിർവ്വഹിക്കുകയും, ശേഷം ഉടനെ യാത്ര തിരിക്കുകയും ചെയ്യുക. ഹജ്ജിന്റെ സന്ദർഭത്തിൽ ത്വവാഫും സഅ്‌യും നിർവ്വഹിച്ചിട്ടുണ്ട് എങ്കിൽ ആർത്തവകാരികളും പ്രസവശേഷമുള്ള സ്ത്രീകളും ഹജ്ജിന്റെ വിടവാങ്ങൽ ത്വവാഫ് നിർവ്വഹിക്കേണ്ടതില്ല.

ബലിയർപ്പണം ഹാജിമാർക്ക് വേണമെങ്കിൽ ദുൽഹിജ്ജ 11, 12, 13 എന്നീ ദിവസങ്ങളിലേക്ക് നീട്ടിവെക്കാവുന്നതാണ്; മിനായിൽ നിന്ന് ഇറങ്ങുന്നത് വരെ ഹജ്ജിന്റെ ത്വവാഫും സഅ്‌യും നീട്ടിവെച്ചാൽ അതും അനുവദനീയമാണ്. എന്നാൽ കൂടുതൽ ശ്രേഷ്ഠം മുൻപ് വിവരിച്ച രൂപമാണ്.

അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ, മുഹമ്മദ് നബിﷺ യിലും അവിടുത്തെ കുടുംബത്തിനും അനുചരൻമാരിലും അവന്റെ ശാന്തിയും സമാധാനവും സദാ വർഷിക്കുമാറാകട്ടെ.

***

വിശ്വാസം (ഈമാൻ)

അല്ലാഹുവിലും അവന്റെ ദൂതനിലും ഇസ്ലാമിന്റെ അഞ്ച് സ്തംഭങ്ങളിലും വിശ്വസിക്കുന്നതിനോടൊപ്പം ഒരു മുസ്ലിം നിർബന്ധമായും വിശ്വസിക്കേണ്ട ചില കാര്യങ്ങൾ വേറെയുമുണ്ട്. മലക്കുകളിലും (47) അല്ലാഹുവിന്റെ ദൂതന്മാർക്ക് മേൽ അവൻ അവതരിപ്പിച്ച ഗ്രന്ഥങ്ങളിലും (48) വിശ്വസിക്കണം; വേദഗ്രന്ഥങ്ങളിൽ അവസാനത്തേതും മുൻഗ്രന്ഥങ്ങളെ ദുർബലപ്പെടുത്തി കൊണ്ട് വന്നതുമായ വിശുദ്ധ ഖുർആനിലുള്ള വിശ്വാസം അതിൽ പെട്ടതാണ്. അല്ലാഹുവിന്റെ ദൂതന്മാരിൽ -അവരിൽ ആദ്യത്തെയാൾ മുതൽ അവസാനത്തെയാളായ മുഹമ്മദ് നബി -ﷺ- വരെയുള്ളവരിലും- വിശ്വസിക്കണം. കാരണം അവരുടെയെല്ലാം സന്ദേശവും മതവും ഒരേയൊരു മതമായ ഇസ്ലാം മാത്രമായിരുന്നു. അവരെ നിയോഗിച്ചവൻ ലോകങ്ങളുടെ രക്ഷിതാവായ ഏകനായ അല്ലാഹു തന്നെയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പേരെടുത്ത് പറഞ്ഞ, മുൻകാല സമൂഹങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ദൂതന്മാരിൽ വിശ്വസിക്കുന്നവരാണ് മുസ്ലിംകൾ. അതോടൊപ്പം മുഹമ്മദ് നബി -ﷺ- അവരിൽ അന്തിമപ്രവാചകനാണെന്നും, അവിടുത്തെ അല്ലാഹു സർവ്വ മനുഷ്യരിലേക്കുമായി നിയോഗിച്ചതാണെന്നും, അവിടുത്തെ നിയോഗമനത്തിന് ശേഷം സർവ്വ മനുഷ്യരും അവിടുത്തെ ജനതയിൽ പെടുമെന്നും, എല്ലാ മതങ്ങളിലുമുള്ളവരും അവിടുത്തെ വിശ്വസിക്കുക എന്നത് നിർബന്ധമാണെന്നും ഓരോ മുസ്ലിമും വിശ്വസിക്കുന്നു. കാരണം ഭൂമിയിലുള്ള സർവ്വ മനുഷ്യരും മുഹമ്മദ് നബി -ﷺ- യുടെ ഉമ്മത്തിൽ ഉൾപ്പെടുന്നവരാണ്; അവരെല്ലാം അവിടുത്തെ പിൻപറ്റാൻ ബാധ്യസ്ഥരുമാണ്.

മൂസാ -عليه السلام- യോ ഈസാ -عليه السلام- യോ അല്ലാഹുവിന്റെ മറ്റേതു ദൂതന്മാരോ ആകട്ടെ, അവർക്കാർക്കും മുഹമ്മദ് നബി -ﷺ- യെ പിൻപറ്റാത്തവരുമായോ ഇസ്ലാം സ്വീകരിക്കാത്തവരുമായോ ഒരു ബന്ധവുമില്ല. കാരണം ഒരു മുസ്ലിം എല്ലാ ദൂതന്മാരെയും വിശ്വസിക്കുകയും, അവരെയെല്ലാം പിൻപറ്റുകയും ചെയ്യുന്നു. എന്നാൽ മുഹമ്മദ് നബി -ﷺ- യെ പിൻപറ്റാത്തവർ എല്ലാ നബിമാരെയും നിഷേധിക്കുകയും കളവാക്കുകയും ചെയ്തിരിക്കുന്നു. ഏതെങ്കിലുമൊരു നബിയെയോ റസൂലിനെയോ തങ്ങൾ പിൻപറ്റുന്നുണ്ട് എന്ന് അവർ വാദിച്ചാൽ തന്നെയും അത് മതിയാവുകയില്ല എന്നതിനുള്ള തെളിവുകൾ രണ്ടാമത്തെ അദ്ധ്യായത്തിൽ ഖുർആൻ വചനങ്ങൾ മുൻനിർത്തി നാം വിവരിച്ചിട്ടുണ്ട്.

മുഹമ്മദ് നബി -ﷺ- പറയുന്നു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവൻ തന്നെ സത്യം! ഈ സമുദായത്തിൽ പെട്ട ഏതൊരാൾ - അവൻ യഹൂദനോ ക്രൈസ്തവനോ ആകട്ടെ -; അവൻ എന്നെ കുറിച്ച് കേൾക്കുകയും, ശേഷം ഞാൻ അയക്കപ്പെട്ട കാര്യത്തിൽ (ഇസ്ലാമിൽ) വിശ്വസിക്കാതെ മരണപ്പെടുകയും ചെയ്യുവെങ്കിൽ അവൻ നരകക്കാരിൽ പെട്ടവനാകാതിരിക്കുകയില്ല." (49)

ഇതോടൊപ്പം മരണത്തിന് ശേഷമുള്ള പുനരുജ്ജീവിതത്തിലും വിചാരണയിലും സ്വർഗനരകങ്ങളിലും വിശ്വസിക്കുക എന്നത് ഓരോ മുസ്ലിമിന്റെയും മേൽ നിർബന്ധമാണ്. അല്ലാഹുവിന്റെ വിധിയിലും അവൻ വിശ്വസിക്കേണ്ടതുണ്ട്.

വിധിയിലുള്ള വിശ്വാസം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്:

അല്ലാഹു എല്ലാ കാര്യങ്ങളും അറിഞ്ഞിരിക്കുന്നു എന്നും, ആകാശഭൂമികളെ സൃഷ്ടിക്കുന്നതിന് മുൻപ് തന്നെ അവൻ തന്റെ സൃഷ്ടികളുടെ പ്രവർത്തനങ്ങൾ അറിഞ്ഞിരിക്കുന്നുവെന്നും, അവൻ അറിഞ്ഞ ഈകാര്യം അവന്റെ അരികിലുള്ള ലൗഹുൽ മഹ്ഫൂദ്വ് എന്ന ഗ്രന്ഥത്തിൽ അവൻ രേഖപ്പെടുത്തിയിരിക്കുന്നു എന്നും വിശ്വസിക്കലാണ്. അതോടൊപ്പം അല്ലാഹു ഉദ്ദേശിച്ചത് മാത്രമേ സംഭവിക്കുകയുള്ളൂ എന്നും, അവൻ ഉദ്ദേശിക്കാത്തത് സംഭവിക്കില്ലെന്നും അവൻ വിശ്വസിക്കണം. അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചത് അവനെ അനുസരിക്കുന്നതിന് വേണ്ടിയാണെന്നും, അവർക്ക് തന്നെ അനുസരിക്കേണ്ട രൂപം അവൻ വിവരിച്ചു നൽകുകയും, കൽപ്പനകളും വിലക്കുകളും അവർക്ക് അറിയിച്ചു നൽകിയിട്ടുണ്ടെന്നും, അല്ലാഹുവിന്റെ കൽപ്പനകൾ പ്രവർത്തിക്കാനോ ഉപേക്ഷിക്കാനോ ഉള്ള ശേഷിയും തീരുമാനവും അവർക്ക് നൽകിയിട്ടുണ്ടെന്നും വിശ്വസിക്കുന്നതും വിധിവിശ്വാസത്തിന്റെ ഭാഗം തന്നെ. മനുഷ്യർ ചെയ്ത നന്മകളുടെ പേരിലാണ് അവർക്ക് പ്രതിഫലം ലഭിക്കുന്നതെന്നും,

തിന്മകൾ പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് അവർക്ക് ശിക്ഷ ലഭിക്കുന്നതെന്നും ഇതിൽ നിന്ന് മനസ്സിലാക്കുകയും ചെയ്യാം.

മനുഷ്യർക്ക് ഉദ്ദേശ്യവും തിരഞ്ഞെടുപ്പും ഉണ്ട് എന്ന് പറഞ്ഞല്ലോ? എന്നാൽ അവരുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന് കീഴിലാണ് വരിക. മനുഷ്യർക്ക് തീരുമാനമെടുക്കാനോ ഉദ്ദേശ്യം നിർണ്ണയിക്കാനോ സാധിക്കാത്ത കാര്യങ്ങളിൽ -ഉദാഹരണത്തിന് അബദ്ധങ്ങൾ സംഭവിക്കുന്നതിലും ഭീഷണിയാൽ ചെയ്യേണ്ടി വരുന്നതിലും മറവി സംഭവിക്കുന്നതിലുമെല്ലാം- അല്ലാഹുവിന്റെ വിധിപ്രകാരമാണ് കാര്യങ്ങൾ സംഭവിക്കുന്നത്. മനുഷ്യർക്ക് ദാരിദ്ര്യമോ സമ്പന്നതയോ രോഗമോ ദുരിതങ്ങളോ ബാധിക്കുന്നത് അല്ലാഹുവിന്റെ വിധിപ്രകാരമാണെന്നർത്ഥം. ഈ കാര്യങ്ങളിൽ അല്ലാഹു മനുഷ്യരെ ശിക്ഷിക്കുകയോ ചോദ്യം ചെയ്യുകയോ ഇല്ല. മറിച്ച്, അവനെ ബാധിച്ച പ്രയാസങ്ങളിലും ദാരിദ്ര്യത്തിലും രോഗങ്ങളിലും അവൻ ക്ഷമിക്കുകയാണെങ്കിൽ -അല്ലാഹുവിന്റെ വിധിയിൽ അവൻ തൃപ്തി പുലർത്തുകയാണെങ്കിൽ- അവന് അതിന്റെ പേരിൽ അല്ലാഹു പ്രതിഫലം നൽകുകയാണ് ചെയ്യുക.

ഇത്രയും പറഞ്ഞതെല്ലാം വിധിവിശ്വാസത്തിന്റെ ഭാഗമായി ഓരോ മുസ്ലിമും നിർബന്ധമായും വിശ്വസിച്ചിരിക്കേണ്ട കാര്യങ്ങളാണ്.

അല്ലാഹുവിൽ ഏറ്റവും ശക്തമായ വിശ്വാസമുള്ളതും, അവനോട് ഏറ്റവും സാമീപ്യമുള്ളതും, സ്വർഗത്തിൽ ഏറ്റവും ഉന്നതമായ പദവി ലഭിക്കുന്നതും ഇഹ്സാൻ എന്ന പദവി എത്തിപ്പിടിച്ച മുഹ്സിനീങ്ങൾക്കാണ്. അല്ലാഹുവിനെ ആരാധിക്കുകയും, അവനെ അങ്ങേയറ്റം ആദരിക്കുകയും, അവന് കീഴൊതുങ്ങുകയും, അവനെ നോക്കിക്കാണുന്നതു പോലെ ആരാധിക്കുകയും, രഹസ്യത്തിലോ പരസ്യത്തിലോ അവനെ ധിക്കരിക്കാതെ ജീവിക്കുകയും ചെയ്യുന്നവരാണവർ. തങ്ങൾ എവിടെയാണെങ്കിലും അല്ലാഹു തങ്ങളെ കാണുന്നുണ്ടെന്നും, അവന് ഒരു കാര്യവും മറന്നു പോവുകയില്ലെന്നും, തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും വാക്കുകളും ഉദ്ദേശ്യങ്ങളും അല്ലാഹു അറിഞ്ഞു കൊണ്ടിരിക്കുന്നുണ്ടെന്നും അവർക്ക് ദൃഢബോധ്യമുണ്ട്. അല്ലാഹുവിന്റെ കൽപ്പനകൾ അവർ അനുസരിക്കുകയും, അവന്റെ വിലക്കുകൾ അവർ ഉപേക്ഷിക്കുകയും ചെയ്യുന്നു. എന്തെങ്കിലുമൊരു തെറ്റ് -അല്ലാഹുവിന്റെ കൽപ്പനക്ക് വിരുദ്ധമായി അവരിൽ നിന്ന് സംഭവിച്ച പോയാൽ തന്നെയും- അവർ ഉടനെത്തന്നെ അല്ലാഹുവിലേക്ക് സത്യസന്ധമായി പശ്ചാത്തപിച്ച മടങ്ങുകയും, തങ്ങളുടെ പക്കൽ നിന്ന് സംഭവിച്ച തെറ്റിൽ ആത്മാർത്ഥമായി ഖേദിക്കുകയും, അല്ലാഹുവിനോട് പാപമോചനം തേടുകയും, ആ തെറ്റിലേക്ക് ഇനിയൊരിക്കലും തിരിച്ച പോകില്ലെന്ന ഉറച്ച തീരുമാനം സ്വീകരിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു, മുഹ്സിനീങ്ങളോടും ഒപ്പമാകുന്നു." (നഹ്ല്: 128)

***

ഇസ്ലാം സമ്പൂർണ്ണമാണ്!

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: "ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു, മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു." (മാഇദഃ: 3) അല്ലാഹു പറയുന്നു: "തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു." (ഇസ്റാഅ്:9) വിശുദ്ധ ഖുർആനെക്കുറിച്ച് അല്ലാഹു പറയുന്നു: "എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്കു നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്." (നഹ്ല്: 89) നബി(ﷺ) പറയുന്നു: "പ്രകാശപൂരിതമായ വഴിയിലാണ് ഞാൻ നിങ്ങളെ വിട്ടേച്ച് പോകുന്നത്; അതിന്റെ രാത്രികൾ പകലുകൾ പോലെയാണ്. നശിച്ചവനല്ലാതെ എന്റെ കാലശേഷം ആ വഴിയിൽ നിന്ന് തെറ്റിപ്പോവുകയില്ല." (50) നബി -ﷺ- പറഞ്ഞു: "നിങ്ങൾക്കിടയിൽ രണ്ട് കാര്യങ്ങൾ ഞാൻ വിട്ടേച്ച് പോയിരിക്കുന്നു. നിങ്ങളവ രണ്ടും മുറുകെ പിടിക്കുന്നിടത്തോളം വഴിപിഴക്കുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനും അവന്റെ നബിയുടെ ചര്യയുമാകുന്നു അത്." (51)

മേൽ പറഞ്ഞ ആയത്തുകളുടെ ചുരുങ്ങിയ വിശദീകരണം ഇപ്രകാരമാണ്:

ഒന്നാമത്തെ ആയത്തിൽ ഇസ്ലാം മതം അല്ലാഹു പൂർത്തീകരിച്ചിരിക്കുന്നു എന്ന് അവൻ അറിയിക്കുന്നു. അതിൽ ഇനി യാതൊരു കുറവും ഉണ്ടാവുകയില്ല. എന്തെങ്കിലുമൊരു കാര്യം അതിൽ ഇനി വർദ്ധിപ്പിക്കാനുമില്ല. എല്ലാ കാലഘട്ടത്തിലേക്കും എല്ലാ നാട്ടിലേക്കും ഈ മതം പ്രായോഗികമാണ്. അല്ലാഹു മുസ്ലിംകൾക്ക് ഈ മതത്തിലൂടെ അവന്റെ അനുഗ്രഹങ്ങൾ പൂർത്തീകരിച്ചു നൽകിയിരിക്കുന്നു. സമ്പൂർണ്ണവും ലളിതവുമായ ഈ മതം നബിമാരിൽ അന്തിമനായ മുഹമ്മദ് നബി -ﷺ- യിലൂടെ അല്ലാഹു ജനങ്ങൾക്കായി നൽകിയിരിക്കുന്നു. ഇസ്ലാമിന് അല്ലാഹു വിജയം നൽകുകയും, അതിന്റെ ശത്രുക്കളെ പരാജയപ്പെടുത്തുകയും ചെയ്തതിന് ശേഷമായിരുന്നു ഈ പ്രഖ്യാപനം; അല്ലാഹു ഈ മതം തൃപ്തിപ്പെട്ടിരിക്കുന്നു എന്നും, ഇനിയൊരിക്കലും അവൻ ഇത് പിൻപറ്റിയവരോട് കോപിക്കില്ലെന്നും, മറ്റൊരു മതവും ഒരാളിൽ നിന്നും അവൻ സ്വീകരിക്കുന്നതല്ലെന്നും ഇതോടെ ബോധ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

രണ്ടാമത്തെ ആയത്തിൽ വിശുദ്ധ ഖുർആനിനെ കുറിച്ചാണ് അല്ലാഹു വിവരിക്കുന്നത്. മനുഷ്യരുടെ നിഖില മേഖലകളെയും സ്പർശിക്കുന്ന സത്യസന്ധമായ വിവരണവും മതപരവും ഭൗതികവുമായ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരവും ഈ ഗ്രന്ഥം ഉൾക്കൊണ്ടിരിക്കുന്നു. ഏതൊരു നന്മയുണ്ടോ; അതെല്ലാം ഖുർആൻ മനുഷ്യരെ അറിയിച്ചിരിക്കുന്നു. ഏതൊരു തിന്മയുണ്ടോ; അതിൽ നിന്നെല്ലാം ഇസ്ലാം മനുഷ്യരെ താക്കീത് ചെയ്തിരിക്കുന്നു. ഏതൊരു വിഷയമോ പ്രശ്നമോ ആകട്ടെ; ആധുനികമോ പൗരാണികമോ ആകട്ടെ; അവക്കെല്ലാമുള്ള നീതിപൂർവ്വകമായ പരിഹാരം വിശുദ്ധ ഖുർആനിലുണ്ട്. വിശുദ്ധ ഖുർആനിന്റെ പരിഹാരങ്ങൾക്ക് വിരുദ്ധമായ ഏതൊരു പരിഹാരവും യഥാർത്ഥത്തിൽ വ്യക്തമായ വിവരക്കേടും അതിക്രമവും മാത്രമാണ്.

വിജ്ഞാനവും വിശ്വാസവും രാഷ്ട്രീയവും ഭരണസംവിധാനവും വിധിവിലക്കുകളും മാനസികമോ സാമൂഹികമോ സാമ്പത്തികമോ ആയ വിജ്ഞാനീയങ്ങളും ക്രിമിനൽ നിയമസംവിധാനങ്ങളും ഇസ്ലാം ഉൾക്കൊണ്ടിരിക്കുന്നു. മനുഷ്യർക്ക് വേണ്ടതെല്ലാം അതിലുണ്ടെന്ന് ചുരുക്കം. അവയെല്ലാം അല്ലാഹു ഖുർആനിലൂടെയും മുഹമ്മദ് നബി -ﷺ- യുടെ ഹദീഥിലൂടെയും ഏറ്റവും കൃത്യമായി വിവരിച്ചിരിക്കുന്നു എന്നർത്ഥം. ഇക്കാര്യമാണ് അല്ലാഹു പ്രസ്തുത മേൽ പറഞ്ഞ ആയത്തിലൂടെ അറിയിച്ചത്: "എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടാണ് നിനക്കു നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്." (നഹ്ല്: 89)

ഇനിയുള്ള അദ്ധ്യായങ്ങളിൽ ഇസ്ലാമിന്റെ പൂർണ്ണതയും അതിന്റെ സമഗ്രമായ മാർഗദർശനവും വിവരിക്കുന്ന ചില വിശദീകരണങ്ങൾ ചുരുങ്ങിയ രൂപത്തിൽ നൽകാം.

***

# അദ്ധ്യായം നാല്: ഇസ്ലാമിന്റെ മാർഗം

1- വിജ്ഞാനം.

അല്ലാഹു മനുഷ്യരോട് കൽപ്പിച്ചിട്ടുള്ള ആദ്യത്തെ നിർബന്ധ ബാധ്യത അറിവ് നേടുക എന്നതാണ്. അല്ലാഹു പറയുന്നു: "ആകയാൽ അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. (അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിച്ച പുരുഷന്മാർക്കും വിശ്വാസിനികൾക്കും വേണ്ടി (പാപമോചനംതേടുകയും) ചെയ്യുക. നിങ്ങളുടെ പോക്കുവരവും നിങ്ങളുടെ താമസവും അല്ലാഹു അറിയുന്നുണ്ട്." (മുഹമ്മദ്: 19) അല്ലാഹു പറയുന്നു: "നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നല്കപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു." (മുജാദില: 11) അല്ലാഹു പറയുന്നു: "(നബിയേ) പറയുക: എന്റെ റബ്ബേ! എനിക്ക് നീ വിജ്ഞാനം വർദ്ധിപ്പിച്ചു നൽകേണമേ!" (ത്വാഹാ:114) അല്ലാഹു പറയുന്നു: "നിങ്ങൾക്ക് അറിയില്ലെങ്കിൽ നിങ്ങൾ ഉൽബോധനം നൽകപ്പെട്ട (അറിവുള്ളവരോട്) ചോദിക്കുക." (അമ്പിയാഅ്: 7) നബി -ﷺ- പറഞ്ഞതായി സ്ഥിരപ്പെട്ട ഹദീഥിൽ ഇപ്രകാരം കാണാം: "മതവിജ്ഞാനം അന്വേഷിക്കുക എന്നത് ഓരോ മുസ്ലിമിന്റെയും മേൽ നിർബന്ധമാണ്." (52) നബി -ﷺ- പറഞ്ഞു: "പൂർണ്ണചന്ദ്രനുള്ള രാത്രിയിൽ ചന്ദ്രന് നക്ഷത്രങ്ങളുടെ മേലുള്ള ശ്രേഷ്ഠത പോലെയാണ് മതപണ്ഡിതന് കേവലാരാധനകളിൽ മുഴുകിയ ഒരാളേക്കാൾ ശ്രേഷ്ഠതയുള്ളത്." (53)

ഒരു മുസ്ലിം നിർബന്ധമായും പഠിക്കേണ്ട വിജ്ഞാനങ്ങൾ രണ്ട് രൂപത്തിലുണ്ട്.

ഒന്ന്: എല്ലാ മനുഷ്യന്റെ മേലും നിർബന്ധമാകുന്ന വിജ്ഞാനങ്ങൾ. സ്ത്രീയും പുരുഷനും ഒരു പോലെ ഇത് പഠിക്കുക എന്നത് നിർബന്ധമാണ്. ഇത്തരം വിജ്ഞാനീയങ്ങളെ കുറിച്ച് അജ്ഞതയുണ്ടാവുക എന്നത് ഒരാൾക്കും അനുവദനീയമല്ല. അല്ലാഹുവിനെ അറിയുക, അവന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- യെ അറിയുക, ഇസ്ലാം ദീനിലെ ഒഴിച്ചുകൂടാൻ പറ്റാത്ത കാര്യങ്ങളെക്കുറിച്ച് അറിവുണ്ടാവുക എന്നതാണ് ഈ വിജ്ഞാനത്തിൽ ഉൾപ്പെടുക. (54)

രണ്ട്: മുസ്ലിം സമൂഹത്തിൽ ഒരു വിഭാഗമാളുകൾ പഠിച്ചാൽ മറ്റുള്ളവരുടെ മേലുള്ള ബാധ്യത ഒഴിയുന്ന വിധത്തിലുള്ള വിജ്ഞാനങ്ങൾ. ഈ വിജ്ഞാനങ്ങൾ പഠിച്ച ഒരു കൂട്ടമാളുകൾ സമൂഹത്തിലുണ്ടെങ്കിൽ ബാക്കിയുള്ളവർക്ക് അവ പഠിക്കുക എന്നത് സുന്നത്താണ്. നിർബന്ധമില്ല. ഇസ്ലാമിക വിജ്ഞാനീയങ്ങൾ പഠിപ്പിക്കാനും, മതവിധികൾ പുറപ്പെടുവിക്കാനും, വിവാഹം പോലുള്ള വിഷയങ്ങളിൽ വിധി പറയാനും സാധ്യമാകുന്ന വിധത്തിലുള്ള വിജ്ഞാനമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. മുസ്ലിംകൾക്ക് ആവശ്യമായി വരുന്ന തൊഴിലുകളും നിർമ്മാണ രീതികളും ഒരു സമൂഹമെന്ന നിലക്ക് അവർക്ക് അനിവാര്യമായും ആവശ്യമുള്ള കാര്യങ്ങളും പഠിക്കുക എന്നതും ഈ പറഞ്ഞതിൽ ഉൾപ്പെടും. ഈ കാര്യങ്ങളിൽ കുറവ് സംഭവിക്കുമ്പോൾ അനുയോജ്യരായ ആളുകളെ ഉയർത്തി കൊണ്ടുവരിക എന്നത് മുസ്ലിം ഭരണാധികാരിയുടെ മേലുള്ള നിർബന്ധ ബാധ്യതയാണ്.

2- വിശ്വാസം.

സർവ ജനങ്ങളും അല്ലാഹുവിന്റെ അടിമകൾ മാത്രമാണെന്നും, അല്ലാഹുവിനെ ആരാധിക്കുക എന്നത് അവരുടെ മേലുള്ള ബാധ്യതയാണെന്നും, അല്ലാഹുവിലേക്ക് ഒരു മദ്ധ്യസ്ഥനും വേണ്ടതില്ലെന്നും, തങ്ങളുടെ ആരാധനകൾ അല്ലാഹുവിന് നേരിട്ട് സമർപ്പിക്കാൻ അവർക്ക് സാധിക്കുമെന്നും പ്രബോധനം നടത്താൻ നബി -ﷺ- യോട് അല്ലാഹു കൽപ്പിച്ചിട്ടുണ്ട്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ അർത്ഥം വിശദീകരിച്ച് കൊണ്ട് ഇക്കാര്യങ്ങൾ നാം മുൻപ് വിവരിക്കുകയും ചെയ്തു. അല്ലാഹുവിന്റെ മേൽ മാത്രം ഭരമേൽപ്പിക്കാനും, അവനെയല്ലാതെ മറ്റാരെയും ഭയക്കാതിരിക്കാനും, അവനിൽ മാത്രം പ്രതീക്ഷ വെക്കാനും അല്ലാഹു അവരോട് കൽപ്പിച്ചു. (55) കാരണം അല്ലാഹു മാത്രമാണ് ഉപകാരോപദ്രവങ്ങൾ ചെയ്യാൻ സാധിക്കുന്നവൻ. അല്ലാഹുവും അവന്റെ ദൂതനും റബ്ബിനെ കുറിച്ച് അറിയിച്ചു തന്നതു പോലെ, അവൻ മാത്രമാണ് പൂർണ്ണതയുടെ വിശേഷണങ്ങൾ ഉള്ളവനും. ഇക്കാര്യമെല്ലാം നാം മുൻപ് വിശദീകരിച്ചു കഴിഞ്ഞതാണ്.

3- ജനങ്ങൾ തമ്മിലുള്ള പരസ്പരബന്ധം.

സൽകർമ്മിയായ ഒരു മനുഷ്യനാകാനാണ് അല്ലാഹു ഓരോ മുസ്ലിമിനോടും കൽപ്പിച്ചിട്ടുള്ളത്. നിഷേധത്തിന്റെ ഇരുട്ടുകളിൽ നിന്ന് ഇസ്ലാമിന്റെ വെളിച്ചത്തിലേക്ക് മനുഷ്യരെ വഴിനയിക്കാൻ അവൻ പരിശ്രമിക്കേണ്ടതുണ്ട്. ഈ ഗ്രന്ഥം രചിക്കാനും ഇത് പ്രചരിപ്പിക്കാനും എനിക്ക് പ്രേരണയായതും ഇതേ ചിന്തയാണ്; നമ്മുടെ മേലുള്ള ഈ നിർബന്ധബാധ്യതയിൽ ഒരു പങ്കെങ്കിലും നിർവ്വഹിക്കണമെന്ന ആഗ്രഹമാണ് ഇതിന് പിന്നിലുള്ളത്.

ഒരു മുസ്ലിമിന് അപരനോടുള്ള ബന്ധം അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ അടിത്തറയിലാണ് നിലകൊള്ളേണ്ടത്. അല്ലാഹുവിന്റെ ദാസന്മാരായ, സച്ചരിതരും സൽകർമ്മികളുമായ, അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നവരെ സ്നേഹിക്കുകയാണ് അവൻ ചെയ്യേണ്ടത്; അവനുമായി യാതൊരു കുടുംബബന്ധവും ഇല്ലെങ്കിലും ഒരു മുസ്ലിം അവനെ സ്നേഹിച്ചിരിക്കണം. അല്ലാഹുവിനെ നിഷേധിക്കുകയും, അല്ലാഹുവിന്റെയും റസൂലിന്റെയും കൽപ്പനകളെ ധിക്കരിക്കുകയും ചെയ്യുന്നവരെ അവൻ വെറുക്കണം; അവർ ജനങ്ങളിൽ അവന് ഏറ്റവുമടുത്ത ബന്ധമുള്ളവരാണെങ്കിലും. ഇതാണ് അകന്നു നിൽക്കുന്ന മനുഷ്യരെ അടുപ്പിക്കാനുള്ള ഇസ്ലാമിന്റെ പരിഹാരം. തറവാടിന്റെയോ രാജ്യത്തിന്റെയോ ഭൗതിക നേട്ടങ്ങളുടെയോ പേരിലുള്ള ബന്ധമല്ല അത്; അത്തരം ബന്ധങ്ങളെല്ലാം വളരെ വേഗം അവസാനിക്കുകയും നശിച്ചു പോവുകയും ചെയ്യും.

അല്ലാഹു പറയുന്നു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കളോ പുത്രന്മാരോ സഹോദരന്മാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും." (മുജാദില: 22) അല്ലാഹു പറയുന്നു:

"തീർച്ചയായും അല്ലാഹുവിന്റെയടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയർ നിങ്ങളിൽ ഏറ്റവും ധർമ നിഷ്ഠ പാലിക്കുന്നവനാകുന്നു." (ഹുജുറാത്: 13)

അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരാൾ അല്ലാഹുവിന്റെ ശത്രുക്കളെ സ്നേഹിക്കുന്നതല്ലെന്നും, അവർ ഉറ്റബന്ധുക്കളാണെങ്കിൽ പോലും ഈ നിലപാടിൽ വ്യത്യാസമുണ്ടാകില്ലെന്നും ഒന്നാമത്തെ ആയത്തിൽ അല്ലാഹു അറിയിക്കുന്നു.

ജനങ്ങളിൽ അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയനും ഏറ്റവും പ്രിയങ്കരനമായിട്ടുള്ളത് അല്ലാഹുവിനെ അനുസരിക്കുന്നവനാണ് എന്നും, അവനേത് വർഗത്തിലോ ഏതു നിറത്തിലോ പെട്ടവനാണെങ്കിലും അതിൽ വ്യത്യാസമില്ലെന്നും രണ്ടാമത്തെ ആയത്തിൽ അല്ലാഹു വിവരിക്കുന്നു.

ശത്രുവിനോടായാലും കൂട്ടുകാരനോടായാലും നീതി പുലർത്തണമെന്നാണ് അല്ലാഹുവിന്റെ കൽപ്പന. അതിക്രമം ചെയ്യുക എന്നത് അവൻ സ്വന്തത്തിന് മേൽ നിഷിദ്ധമാക്കിയിരിക്കുന്നു. തന്റെ അടിമകൾക്കിടയിലും അനീതി അവൻ നിഷിദ്ധമാക്കിയിരിക്കുന്നു. വിശ്വസ്തതയും സത്യസന്ധതയും പുലർത്തണമെന്നും, ചതിക്കുന്നത് നിഷിദ്ധമാണെന്നും, മാതാപിതാക്കളോട് നന്മയിൽ വർത്തിക്കാനും, കുടുംബബന്ധം ചേർക്കാനും, ദരിദ്രരോട് നന്മയിൽ വർത്തിക്കാനും, നന്മകളിൽ പരസ്പരം സഹകരിക്കാനും പങ്കുചേരാനും, മൃഗങ്ങളോടാണെങ്കിൽ പോലും നന്മ ചെയ്യാനും അവയെ ഉപദ്രവിക്കരുതെന്നും അല്ലാഹു മുസ്ലിംകളോട് കൽപ്പിച്ചിരിക്കുന്നു. (56) എന്നാൽ ഉപദ്രവകാരികളായ ജീവികളിൽ പെട്ട കടിക്കുന്ന നായയെയും (57) സർപ്പത്തെയും തേളിനെയും എലിയെയും പരുന്തിനെയും പല്ലിയെയും കൊന്നു കളയാം; അവയുടെ ഉപദ്രവം തടുക്കുന്നതിന് വേണ്ടിയാണ് ഇത്. എന്നാൽ അവയെ പീഡിപ്പിക്കുക പാടില്ല.

4- വിശ്വാസിയായ മനുഷ്യന് വേണ്ട ഹൃദയ ശുദ്ധീകരണവും ധർമ്മബോധവും.

ഓരോ മനുഷ്യനും എവിടെയായിരുന്നാലും അല്ലാഹു അവനെ വീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ട് എന്നും, അവരുടെ എല്ലാ പ്രവർത്തനങ്ങളും അവൻ അറിയുന്നുണ്ട് എന്നും, അവരുടെ ഉദ്ദേശ്യങ്ങളും മനസ്സിലുള്ളതും അവൻ അറിയുന്നുവെന്നും, അവരുടെ പ്രവർത്തനങ്ങളും വാക്കുകളും അവൻ കൃത്യമായി രേഖപ്പെടുത്തി വെക്കുന്നുവെന്നും വിശുദ്ധ ഖുർആനിലെ അനേകം ആയത്തുകളിലൂടെ അല്ലാഹു അറിയിച്ചിരിക്കുന്നു. അല്ലാഹുവിന്റെ മലക്കുകൾ മനുഷ്യരോടൊപ്പം എപ്പോഴുമുണ്ട്. അവരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുകയും അവരിൽ നിന്ന് രഹസ്യമോ പരസ്യമോ ആയി സംഭവിക്കുന്നതെല്ലാം രേഖപ്പെടുത്തി വെക്കുകയും ചെയ്യുക എന്നതാണ് അവരുടെ ദൗത്യം. മനുഷ്യർ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങൾക്കും അവർ പറയുന്ന എല്ലാ വാക്കുകൾക്കും നാളെ അല്ലാഹു അവരെ വിചാരണ ചെയ്യുന്നതാണ്. ഭൗതികമായ ഈ ജീവിതത്തിൽ അല്ലാഹുവിനെ ധിക്കരിച്ചാൽ മനുഷ്യരെ കാത്തിരിക്കുന്ന കഠിനമായ ശിക്ഷയുണ്ട് എന്ന താക്കീത് അവൻ പലയിടങ്ങളിലും അറിയിച്ചിരിക്കുന്നു. അല്ലാഹുവിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിയെ സംബന്ധിച്ചിടത്തോളം തിന്മകളിൽ നിന്ന് വിട്ടുനിൽക്കാനുള്ള ഏറ്റവും ശക്തമായ പ്രേരണ ഇതിലുണ്ട്. തിന്മകളിൽ നിന്നും മ്ലേഛവൃത്തികളിൽ നിന്നും ധിക്കാരങ്ങളിൽ നിന്നും അല്ലാഹുവിനെ ഭയന്നു കൊണ്ട് അവർ വിട്ടുനിൽക്കാൻ ഈ വിശ്വാസം കാരണമാകുന്നു.

എന്നാൽ അല്ലാഹുവിനെ ഭയമില്ലാതെ, സാധ്യമാകുമ്പോഴെല്ലാം തിന്മകൾ ചെയ്തു കൂട്ടുന്ന മനുഷ്യർക്ക് ഈ ഭൂമിലോകത്തിൽ അല്ലാഹു നിശ്ചയിച്ച ശിക്ഷാനടപടികളുണ്ട്. നന്മ കൽപ്പിക്കാനും തിന്മ വിരോധിക്കാനും മുസ്ലിംകളോട് കൽപ്പിച്ചതിനൊപ്പം, അവന്റെ കണ്മുന്നിൽ കാണപ്പെടുന്ന തിന്മകളെ കുറിച്ച് നാളെ അവൻ ചോദ്യം ചെയ്യപ്പെടുന്നതാണ് എന്നു കൂടി അല്ലാഹു അവനെ ബോധ്യപ്പെടുത്തിയിരിക്കുന്നു. അതിനാൽ സാധിക്കുമെങ്കിൽ തന്റെ മുൻപിൽ തിന്മ ചെയ്യുന്നവനെ കൈ കൊണ്ട് തടയുക എന്നത് അവന്റെ മേൽ നിർബന്ധമാണ്; അതിനാവില്ലെങ്കിൽ നാവു കൊണ്ട് അതിനെതിരെ പറയേണ്ടതുണ്ട്. ഇതിനെല്ലാം പുറമെ മുസ്ലിം ഭരണാധികാരികൾക്കും (58) അല്ലാഹു കൽപ്പനകളും നിർദേശങ്ങളും നൽകിയിട്ടുണ്ട്; തിന്മകൾ പ്രവർത്തിക്കുന്നവർക്കുള്ള ശിക്ഷാവിധികൾ അല്ലാഹു അവതരിപ്പിച്ചത് ഭരണാധികാരികൾ അവ നടപ്പിലാക്കാൻ വേണ്ടിയാണ്. തിന്മകളുടെ തോതനുസരിച്ചുള്ള ശിക്ഷകളാണ് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. ഇവ വിശുദ്ധ ഖുർആനിലൂടെയും നബി -ﷺ- യുടെ ഹദീഥുകളിലൂടെയും വിവരിക്കപ്പെട്ടിട്ടുണ്ട്. ഈ ശിക്ഷാനടപടികൾ ഒരു രാജ്യത്ത് നടപ്പാക്കപ്പെടുന്നുവെങ്കിൽ അവിടെ നീതിയും സമാധാനവും സ്വസ്ഥതയും വളരുമെന്നതിൽ യാതൊരു സംശയവുമില്ല.

5- സാമൂഹികമായ സഹകരണവും സഹവർതിത്വവും.

ഭൗതികവും ആത്മീയവുമായ കാര്യങ്ങളിൽ പരസ്പരം സഹകരിക്കണമെന്ന് അല്ലാഹു മുസ്ലിംകളോട് കൽപ്പിച്ചിരിക്കുന്നു. സകാത്തിനെ കുറിച്ചും ദാനധർമ്മങ്ങളെ കുറിച്ചുമുള്ള അദ്ധ്യായത്തിൽ ഇക്കാര്യം നാം ചുരുങ്ങിയ രൂപത്തിൽ വിവരിച്ചിട്ടുണ്ട്. ഏതു തരത്തിലും മറ്റുള്ളവരെ ഉപദ്രവിക്കുന്നത് ഇസ്ലാമിൽ നിഷിദ്ധമാണ്. വഴികളിലുള്ള ചെറിയ ഉപദ്രവങ്ങൾ വരെ ഇസ്ലാം വിലക്കിയിരിക്കുന്നു. വഴിയിൽ എന്തെങ്കിലുമൊരു പ്രയാസം കണ്ടാൽ അത് നീക്കം ചെയ്യാൻ മുസ്ലിമിനോട് കൽപ്പിക്കുക മാത്രമല്ല, അതിന് മഹത്തരമായ പ്രതിഫലമുണ്ട് എന്ന വാഗ്ദാനവുമുണ്ട്. അതേ സമയം, വഴിയിൽ ഉപദ്രവങ്ങൾ സൃഷ്ടിക്കുക എന്നതിന് കടുത്ത ശിക്ഷയും അവൻ താക്കീത് നൽകിയിരിക്കുന്നു.

തന്റെ സ്വന്തത്തിന് ഇഷ്ടപ്പെടുന്ന കാര്യം തന്റെ സഹോദരനും ഇഷ്ടപ്പെടുക എന്നത് അല്ലാഹു വിശ്വാസികളുടെ മേൽ നിർബന്ധമാക്കിയിരിക്കുന്നു. തനിക്ക് വെറുക്കുന്ന കാര്യം തന്റെ സഹോദരനും വെറുക്കുക എന്നതും അവന്റെ മേലുള്ള ബാധ്യതയാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ നന്മയിലും ധർമ്മനിഷ്ഠയിലും പരസ്പരം സഹകരിക്കുക; നിങ്ങൾ തിന്മയിലും ശത്രുതയിലും പരസ്പരം സഹകരിക്കരുത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്." (മാഇദ: 2) അല്ലാഹു പറയുന്നു: "സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക." (ഹുജുറാത്: 10) അല്ലാഹു പറയുന്നു: "അവരുടെ സ്വകാര്യ സംഭാഷണത്തിൽ അധികത്തിലും നൻമയില്ല. ദാനം ചെയ്യാനോ സദാചാരം കൊണ്ടോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കൽപിച്ചവനൊഴികെ. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ആരത് ചെയ്താലും അവന് മഹത്തായ പ്രതിഫലം നാം നൽകുന്നതാണ്." (നിസാഅ്: 114) മുഹമ്മദ് നബി -ﷺ- പറയുന്നു: "നിങ്ങളാരും വിശ്വാസികളാവുകയില്ല; താൻ തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ." നബി -ﷺ- തന്റെ ജീവിതത്തിന്റെ അവസാന കാലയളവിൽ, ഹജ്ജതുൽ വദാഇൽ നടത്തിയ മഹത്തരമായ പ്രഭാഷണത്തിൽ -മുൻപ് പലപ്പോഴായി പഠിപ്പിച്ച കാര്യം ഊന്നിയൂന്നി കൊണ്ട്- പറഞ്ഞു: "ജനങ്ങളേ! അറിയുക! തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ഏകനാണ്. നിങ്ങളുടെ പിതാവും ഏകനാണ്. അറിയുക! അറബിക്ക് അനറബിയുടെ മേലെയോ, അനറബിക്ക് അറബിയുടെ

മേലെയോ, വെളുത്തവന് കറുത്തവന് മേലെയോ, കറുത്തവന് വെളുത്തവന്റെ മേലെയോ യാതൊരു ശ്രേഷ്ഠതയുമില്ല; തഖ്‌വയുടെ (ധർമ്മനിഷ്ഠയുടെ) അടിസ്ഥാനത്തിലല്ലാതെ. ഞാൻ എത്തിച്ചു തന്നില്ലയോ?!" സ്വഹാബികൾ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതർ എത്തിച്ചു തന്നിരിക്കുന്നു." (61) നബി -ﷺ- പറഞ്ഞു: "തീർച്ചയായും നിങ്ങളുടെ രക്തവും സമ്പാദ്യവും അഭിമാനവും നിങ്ങൾക്ക് മേൽ പവിത്രമാണ്; നിങ്ങളുടെ ഈ ദിവസത്തിനുള്ള പവിത്രത പോലെ, നിങ്ങളുടെ ഈ നാടിനുള്ള പവിത്രത പോലെ, നിങ്ങളുടെ ഈ മാസത്തിനുള്ള പവിത്രത പോലെ... നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ കണ്ടുമുട്ടുന്നത് വരെയും (അപ്രകാരം തന്നെ). ഞാൻ എത്തിച്ചു തന്നില്ലയോ?!" സ്വഹാബികൾ പറഞ്ഞു: "അതെ." ശേഷം നബി -ﷺ- തന്റെ വിരൽ ആകാശത്തേക്ക് ഉയർത്തി കൊണ്ട് പറഞ്ഞു: "അല്ലാഹുവേ! നീ സാക്ഷ്യം വഹിക്കുക." (62)

6- ആഭ്യന്തര രാഷ്ട്രീയം.

മുസ്ലിംകൾക്ക് നേതൃത്വം കൊടുക്കുന്ന ഒരു ഭരണാധികാരിയെ നിശ്ചയിക്കണം എന്നത് അല്ലാഹുവിന്റെ കൽപ്പനയാണ്. ഈ ഭരണാധികാരിക്ക് കീഴിൽ അവർ ഒരുമിക്കുകയും, അദ്ദേഹത്തിന്റെ പിറകിൽ ഭിന്നിക്കാതെ ഒറ്റ സമൂഹമായി നിലകൊള്ളുകയും വേണം. തങ്ങളുടെ ഭരണാധികാരിയെയും നേതാക്കളെയും അനുസരിക്കാൻ അവർ ബാധ്യസ്ഥരാണ്; ഭരണാധികാരി തിന്മ ചെയ്യാൻ കൽപ്പിച്ചാലല്ലാതെ. സ്രഷ്ടാവിനെ ധിക്കരിച്ചു കൊണ്ട് ഒരു സൃഷ്ടിക്കും അനുസരണമില്ല.

ഇസ്ലാമികമായ ചിഹ്നങ്ങൾ പ്രകടിപ്പിച്ചു കൊണ്ടും, അതിലേക്ക് ക്ഷണിച്ചു കൊണ്ടും നിലകൊള്ളാൻ കഴിയാത്ത രാജ്യങ്ങളിൽ നിന്ന് ഇസ്ലാമിക നാടുകളിലേക്ക് പലായനം ചെയ്യണമെന്നതും അല്ലാഹുവിന്റെ കൽപ്പനകളിൽ പെട്ടതാണ്. (63) എല്ലാ കാര്യങ്ങളിലും ഇസ്ലാമിക വിധിവിലക്കുകൾ നടപ്പിലാക്കപ്പെടുന്ന, മുസ്ലിമായ ഭരണാധികാരിയുടെ കീഴിലുള്ള രാജ്യങ്ങളാണ് ഇത് കൊണ്ട് ഉദ്ദേശ്യം.

രാജ്യാതിർത്തികളോ വർഗീയ ചേരിതിരിവുകളോ ഇസ്ലാമിലില്ല. ഇസ്ലാം മാത്രമാണ് ഓരോ മുസ്ലിമിന്റെയും പൗരത്വം. അവരെല്ലാം അല്ലാഹുവിന്റെ അടിമകളും, ഭൂമി മുഴുവൻ അവന്റേതുമാണ്. അതിലെവിടെയും യാതൊരു തടസ്സവുമില്ലാതെ അവന് സഞ്ചരിക്കാം. എന്നാൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചു കൊണ്ടായിരിക്കണം അവൻ എവിടെയാണെങ്കിലും ജീവിക്കുന്നത് എന്ന ഒരൊറ്റ നിബന്ധന മാത്രമേ അവൻ പാലിക്കേണ്ടതുള്ളൂ. ഏതെങ്കിലുമൊരു കാര്യത്തിൽ അല്ലാഹുവിന്റെ വിധിക്ക് വിരുദ്ധമായി അവൻ നിലകൊണ്ടാൽ അല്ലാഹുവിന്റെ വിധി അവന്റെ കാര്യത്തിൽ നടപ്പിലാക്കപ്പെടുകയും, ഇസ്ലാമിക വിധിവിലക്കുകൾ പ്രാവർത്തികമാക്കപ്പെടുകയും, ശിക്ഷാവിധികൾ സ്വീകരിക്കപ്പെടുകയും ചെയ്യും. (64) ഇതിലൂടെ മാത്രമേ നിർഭയത്വം രൂപപ്പെടുകയും ജനങ്ങളുടെ അവസ്ഥ നേരായ വിധത്തിലാവുകയും ചെയ്യുകയുള്ളൂ. മനുഷ്യ ജീവന് സുരക്ഷയുണ്ടാകാനും, അവരുടെ അഭിമാനം കാക്കപ്പെടാനും, അവരുടെ സമ്പാദ്യവും നന്മകളും നിലനിൽക്കാനും ഇത് അനിവാര്യമാണ്. അതിലാണ് സർവ്വ നന്മയുമുള്ളത്. ഇസ്ലാമിക വിധിവിലക്കുകളിൽ നിന്ന് തെറ്റുന്നതിലാണ് എല്ലാ വിധത്തിലുള്ള തിന്മയുമുള്ളത്.

അല്ലാഹു മനുഷ്യരുടെ ബുദ്ധിയെ സംരക്ഷിച്ച രൂപം നോക്കൂ; ലഹരി വസ്തുക്കളിൽ നിന്നും മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നും അവൻ മുസ്ലിംകളെ തടഞ്ഞിരിക്കുന്നു. (65) മദ്യപിക്കുന്നവർക്ക് ഇസ്ലാമിൽ നിശ്ചയിക്കപ്പെട്ട ഹദ്ദുകളുണ്ട്. നാൽപ്പത് അടി മുതൽ എൺപത് അടി വരെ നൽകപ്പെടുക എന്നതാണത്. മദ്യപാനിയെ അതിൽ നിന്ന് അകറ്റുന്നതിനും, അവന്റെ ബുദ്ധിയെ സംരക്ഷിക്കുന്നതിനും, ജനങ്ങൾക്ക് അവനെ കൊണ്ടുണ്ടാകുന്ന പ്രയാസത്തിൽ നിന്ന് സംരക്ഷണം ഒരുക്കുന്നതിനും വേണ്ടിയാണ് ഈ വിധിവിലക്കുകൾ.

മുസ്ലിംകളുടെ ജീവന് അല്ലാഹു സംരക്ഷണം നൽകിയ വിധം നോക്കൂ; അന്യായമായി അതിക്രമം ചെയ്യുവരോട് പ്രതിക്രിയാ നടപടി സ്വീകരിക്കപ്പെടണം. കൊലപാതകിയെ വധിക്കുക എന്ന വിധി അതിന്റെ ഭാഗമാണ്. മുറിവുകളേൽപ്പിച്ചാലും സമാനമായ പ്രതിക്രിയയുണ്ട്. ഇതോടൊപ്പം ഓരോ മുസ്ലിമിനും സ്വന്തം ശരീരവും അഭിമാനവും സമ്പത്തും സംരക്ഷിക്കാനുള്ള അനുവാദവുമുണ്ട്. അല്ലാഹു പറയുന്നു: "ബുദ്ധിമാന്മാരേ, (അങ്ങനെ) തുല്യശിക്ഷ നല്കുന്നതിലാണ് നിങ്ങളുടെ ജീവിതത്തിന്റെ നിലനിൽപ്പ്. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനു വേണ്ടിയത്രെ (ഈ നിയമനിർദേശങ്ങൾ)." (ബഖറ: 179) അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "ആരെങ്കിലും തന്റെ സമ്പത്ത് സംരക്ഷിക്കുന്നതിന് വേണ്ടി കൊല്ലപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്. ആരെങ്കിലും തന്റെ മതം സംരക്ഷിക്കുന്നതിന് വേണ്ടി കൊല്ലപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്. ആരെങ്കിലും തന്റെ ജീവൻ സംരക്ഷിക്കാൻ വേണ്ടി കൊല്ലപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്. ആരെങ്കിലും തന്റെ കുടുംബത്തെ സംരക്ഷിക്കാൻ വേണ്ടി കൊല്ലപ്പെട്ടാൽ അവനും രക്തസാക്ഷിയാണ്." (66)

മുസ്ലിംകളുടെ അഭിമാനത്തിന് അല്ലാഹു സംരക്ഷണം നൽകിയ രൂപം നോക്കൂ; ഒരു മുസ്ലിമിന്റെ അഭാവത്തിൽ അവനെതിരെ -അന്യായമായി- അവന് ഇഷ്ടമില്ലാത്ത കാര്യം സംസാരിക്കുന്നതും അല്ലാഹു നിഷിദ്ധമാക്കി. വ്യഭിചാരം, സ്വവർഗരതി എന്നിങ്ങനെയുള്ള സദാചാരവിരുദ്ധമായ തിന്മകൾ ഒരാൾക്കെതിരെ ആരോപിക്കുമ്പോൾ മതപരമായി നിശ്ചയിക്കപ്പെട്ട നിബന്ധനകൾ പാലിക്കുകയും, ഉറപ്പ് വരുത്തുകയും ചെയ്തിട്ടില്ലെങ്കിൽ അതിന് അല്ലാഹു ശിക്ഷാവിധി നിശ്ചയിക്കുകയും ചെയ്തു.

ഇസ്ലാമിൽ അനുവദിക്കപ്പെട്ട രൂപത്തിലല്ലാതെ പിതൃപരമ്പരകൾ കൂടിക്കലർന്നു പോകുന്നതിൽ നിന്നും അല്ലാഹു സംരക്ഷണമേകി. (67) വ്യഭിചാരത്തെ കഠിനമായ രൂപത്തിൽ വിരോധിച്ചു കൊണ്ടും, അതിനെ ഏറ്റവും വലിയ തിന്മകളിലൊന്നായി എണ്ണിക്കൊണ്ടും മനുഷ്യരുടെ അഭിമാനത്തെ ഇസ്ലാം കാത്തുസൂക്ഷിക്കുന്നു. ഒരാൾ വ്യഭിചരിച്ചു എന്ന കാര്യം സ്ഥിരപ്പെട്ടാൽ കഠിനമായ ശിക്ഷയാണ് അതിന് പകരമായി അല്ലാഹു വിധിച്ചിരിക്കുന്നത്.

മനുഷ്യരുടെ സമ്പത്തിനും അല്ലാഹു സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു. മോഷണവും വഞ്ചനയും ചൂതാട്ടവും കൈക്കൂലിയും... നിഷിദ്ധമായ മറ്റേതു ഇടപാടുകളും അല്ലാഹു വിലക്കിയിരിക്കുന്നു. മോഷ്ടിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നവർക്ക് വേദനാജനകവും ഭീതിതവുമായ ശിക്ഷകളും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ശിക്ഷാവിധി നടപ്പിലാകാനുള്ള നിബന്ധനകൾ പാലിക്കപ്പെട്ടാൽ അവന്റെ കൈ ഛേദിച്ചു കളയുക എന്നതാണ് പ്രസ്തുത വിധി. എന്നാൽ മോഷണം സ്ഥിരപ്പെടുകയും, നിശ്ചയിക്കപ്പെട്ട നിബന്ധനകൾ പൂർത്തിയാവുകയും ചെയ്തിട്ടില്ലെങ്കിൽ ഈ തെറ്റിൽ നിന്ന് താക്കീത് നൽകുന്ന വിധത്തിലുള്ള ശിക്ഷയാണ് നൽകേണ്ടത്.

ഈ പറയപ്പെട്ട ശിക്ഷാവിധികളെല്ലാം അല്ലാഹുവിന്റെ വിധിവിലക്കുകളാണ്; എല്ലാം അറിയുന്നവനും സർവ്വ യുക്തിജ്ഞനുമായ റബ്ബിന്റെ വിധിയാണത്. തന്റെ സൃഷ്ടികളുടെ അവസ്ഥകൾക്ക് ഏറ്റവും അനുയോജ്യമായത് എന്താണ് എന്ന് ഏറ്റവും നന്നായി അറിയുന്നവൻ അവനാണ്. അവരുടെ കാര്യത്തിൽ ഏറ്റവും കാരുണ്യമുള്ളതും അവൻ തന്നെ. മേൽ പറഞ്ഞ തെറ്റുകൾ ചെയ്യുന്ന

വ്യക്തികളുടെ പാപം പൊറുക്കപ്പെടാൻ ഇത്തരം ശിക്ഷാവിധികൾ കാരണമാണ് എന്നതിനൊപ്പം, സമൂഹത്തെ അവരുടെ ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷിക്കാനും അവ സഹായകമാണ്. സമൂഹത്തിലേക്ക് ഒന്നടങ്കം പടർന്നു പിടിക്കുന്ന രോഗം ബാധിച്ച കൈകൾ നീക്കം ചെയ്യാൻ വിസമ്മതിക്കുന്നവനെ പോലെയാണ് ഇസ്ലാമിലെ ഈ ശിക്ഷാവിധികളെ എതിർക്കുന്നവരുടെ അവസ്ഥ. കൊലപാതകിയെ കൊല്ലുന്നതും മോഷ്ടാവിന്റെ കൈ ഛേദിക്കുന്നതും അവരുടെ കണ്ണിൽ അതിക്രമമത്രെ! (68) എന്നാൽ തങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി നിരപരാധികളെ കൊന്നൊടുക്കുന്നത് പോലും അവർക്ക് നല്ലതായി അനുഭവപ്പെടുകയും ചെയ്യും.

7- അന്തർദേശീയം.

മുസ്ലിമീങ്ങൾ പൊതുവായും, അവരിലെ ഭരണാധികാരികൾ പ്രത്യേകിച്ചും ഇസ്ലാമിനെ കുറിച്ച് അറിയാത്ത ജനങ്ങളെ ഈ മതത്തിലേക്ക് ക്ഷണിക്കണം എന്നത് അല്ലാഹുവിന്റെ കൽപ്പനയാണ്. അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിക്കുക എന്ന അന്ധകാരത്തിൽ നിന്ന് അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ പ്രകാശത്തിലേക്ക് അവരെ നയിക്കാൻ വേണ്ടിയാണത്. ഈ ജീവിതത്തിന്റെ ഭൗതിക സുഖങ്ങളിൽ മതിമറന്നു പോവുകയും, മുസ്ലിംകൾ അനുഭവിക്കുന്ന ആത്മീയമായ സൗഭാഗ്യത്തിന്റെ വില തിരിച്ചറിയാതെ മരണം വരിക്കുകയും ചെയ്യുന്നതിൽ നിന്ന് മനുഷ്യരെ രക്ഷപ്പെടുത്താൻ അത് അനിവാര്യമാണ്. ഒരു മുസ്ലിം സ്വയം നന്നാവുന്നതോടൊപ്പം മറ്റു മനുഷ്യർക്കെല്ലാം അവൻ തന്റെ നന്മ പകർന്നു നൽകാൻ ശ്രമിക്കണം എന്ന റബ്ബിന്റെ കൽപ്പനയുടെ ഭാഗമാണത്. മനുഷ്യരെ അന്ധകാരങ്ങളിൽ നിന്ന് രക്ഷപ്പെടുത്താനുള്ള ഈ അദ്ധ്യാപനം മറ്റു മതങ്ങളിൽ നിന്ന് ഇസ്ലാമിനെ വേറിട്ടു നിർത്തുകയും ചെയ്യുന്നു. മറ്റു പല മനുഷ്യനിർമ്മിത പ്രത്യയശാസ്ത്രങ്ങളും മനുഷ്യനോട് നല്ലൊരു പൗരനാകാൻ മാത്രമാണ് കൽപ്പിക്കുന്നത്. എന്നാൽ ഇസ്ലാം മറ്റുള്ളവരുടെ നന്മയും ലക്ഷ്യം വെക്കുന്നു. ഇസ്ലാമിന്റെ പരിപൂർണ്ണതയും നന്മയും ബോധ്യപ്പെടുത്തുന്ന, മറ്റു ചിന്താഗതികളുടെ വഴികേടും പരാജയവും ബോധ്യപ്പെടുത്തുന്ന പാഠങ്ങളിലൊന്നാണിത്.

അതോടൊപ്പം ഇസ്ലാമിന്റെയും മുസ്ലിംകളുടെയും ശത്രുക്കൾക്കെതിരെ സാധ്യമായ തയ്യാറെടുപ്പുകൾ നടത്താനും അല്ലാഹു മുസ്ലിംകളോട് കൽപ്പിച്ചിരിക്കുന്നു. ഇത് ഇസ്ലാമിന്റെയും മുസ്ലിംകളുടെയും സംരക്ഷണത്തിന് ആവശ്യമാണെന്നതോടൊപ്പം, ഇസ്ലാമിനെതിരെ നിലകൊള്ളുന്ന ശത്രുക്കളെ ഭയപ്പെടുത്താൻ ആവശ്യവുമാണ്. മുസ്ലിംകളല്ലാത്തവരുമായി കരാറുകളിലേർപ്പെടുക എന്നതും അല്ലാഹു മുസ്ലിംകൾക്ക് അനുവാദം നൽകിയ കാര്യമാണ്. ഇസ്ലാമിക മതവിധികളുടെ വെളിച്ചത്തിൽ ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കാൻ അല്ലാഹു അവരെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ശത്രുക്കളുമായാണെങ്കിൽ പോലും, ഏർപ്പെട്ട കരാറുകൾ ലംഘിക്കുന്നത് നിഷിദ്ധമാണ്; എന്നാൽ ശത്രു കരാർ ലംഘിച്ചുവെങ്കിൽ മുസ്ലിംകൾക്കും ആ കരാർ അതോടെ അസാധുവാകും.

ഇസ്ലാമിനെതിരെയുള്ള ശത്രുക്കളുമായി യുദ്ധം ചെയ്യുന്നതിന് മുൻപ് അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കണം; അവർ അതിന് വിസമ്മതിച്ചാൽ അവരിൽ നിന്ന് ജിസ്യ ആവശ്യപ്പെടുകയും, അല്ലാഹുവിന്റെ വിധിക്ക് കീഴൊതുങ്ങാൻ അവരോട് കൽപ്പിക്കുകയും വേണം. (69) അതും അവർ വിസമ്മതിക്കുകയാണെങ്കിൽ കുഴപ്പങ്ങൾ ബാക്കി നിൽക്കാത്ത വിധം -ദീൻ പൂർണ്ണമായും അല്ലാഹുവിന് ആകുന്നത് വരെ- അവരോട് യുദ്ധത്തിൽ ഏർപ്പെടണം. (70)

യുദ്ധത്തിന്റെ സന്ദർഭങ്ങളിൽ കുട്ടികളെയോ സ്ത്രീകളെയോ വൃദ്ധരെയോ ആരാധനാലയങ്ങളിൽ ഒതുങ്ങിക്കൂടിയ പുരോഹിതരെയോ വധിക്കുന്നത് നിഷിദ്ധമാണ്. എന്നാൽ അവർ തങ്ങളുടെ നിർദേശങ്ങളിലൂടെയോ പ്രവർത്തിയിലൂടെയോ യുദ്ധത്തിൽ ഏർപ്പെട്ടാൽ അവരെ വധിക്കാൻ അനുവാദമുണ്ട്. തടവുകാരോട് മാന്യമായി മാത്രമേ പെരുമാറാൻ പാടുള്ളൂ. ഇത്രയും പറഞ്ഞതിൽ നിന്നെല്ലാം മനസ്സിലാക്കാവുന്ന ഒരു പ്രധാനപാഠമുണ്ട്; ഇസ്ലാമിലെ യുദ്ധം കേവല അധികാരത്തിന് വേണ്ടിയോ അടിച്ചമർത്തലിന് വേണ്ടിയോ അല്ല. മറിച്ച് സത്യം പ്രചരിപ്പിക്കുകയും ജനങ്ങളോട് കരുണ കാണിക്കുകയും ചെയ്യുക എന്നതാണ് അതിന്റെ പിന്നിലെ ഉദ്ദേശ്യം. സൃഷ്ടികളെ ആരാധിക്കുന്നതിൽ നിന്ന് സർവ്വതിനെയും സൃഷ്ടിച്ച ഏകനായ ആരാധ്യനെ മാത്രം ആരാധിക്കുക എന്നതിലേക്ക് ജനങ്ങളെ കൊണ്ടുവരിക എന്നതാണ് അതിന്റെ പിന്നിലെ ലക്ഷ്യം.

8- സ്വാതന്ത്ര്യം.

ഒന്ന്: വിശ്വാസപരമായ സ്വാതന്ത്ര്യം.

ഇസ്ലാമിക ഭരണത്തിന് കീഴിലുള്ള അമുസ്ലിംകൾക്ക് വിശ്വാസപരമായ സ്വാതന്ത്ര്യം ഇസ്ലാം വകവെച്ചു നൽകിയിരിക്കുന്നു. അതിന് മുൻപ് അവർക്ക് ഇസ്ലാമിനെ കുറിച്ച് വിവരിച്ചു നൽകുകയും, ഇസ്ലാമിലേക്ക് അവരെ ക്ഷണിക്കുകയും ചെയ്യുന്നതാണ്. അവർ ഇസ്ലാം സ്വീകരിച്ചാൽ അതിലാണ് അവർക്കുള്ള സർവ്വ സൗഭാഗ്യവും വിജയവുമുള്ളത്. എന്നാൽ തങ്ങളുടെ ദീനിൽ തന്നെ നിലകൊള്ളാനാണ് അവർ തീരുമാനിക്കുന്നത് എങ്കിൽ ദൗർഭാഗ്യവും നരകശിക്ഷയുമാണ് അവർ തിരഞ്ഞെടുത്തിരിക്കുന്നത്. ഈ വിശദീകരണം നൽകുന്നതോടെ അവർക്ക് മേലുള്ള തെളിവ് സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന് മുൻപിൽ ഇനിയൊരു ന്യായം അവർക്കില്ല. തങ്ങളുടെ വിശ്വാസത്തിൽ തന്നെ നിലയുറപ്പിച്ചു കൊണ്ട് അവർക്ക് ഇസ്ലാമിക രാജ്യത്ത് ജീവിക്കാം; പക്ഷേ നിന്ദ്യരായ നിലയിൽ ജിസ്യ നൽകിക്കൊണ്ടായിരിക്കണം അവർ ജീവിക്കേണ്ടത്. ഇസ്ലാമിക ഭരണത്തിന് കീഴൊതുങ്ങി കൊണ്ടും, തങ്ങളുടെ നിഷേധപരമായ ആരാധനാരീതികൾ പുറമേക്ക് പ്രകടമാക്കാതെയും അവർക്ക് കഴിയാം.

എന്നാൽ ഇസ്ലാം സ്വീകരിച്ച ഒരു വ്യക്തിക്ക് അത് ഉപേക്ഷിക്കാനും, മറ്റൊരു മതം സ്വീകരിക്കാനും പാടില്ല. അങ്ങനെ അവൻ ഇസ്ലാമിനെ ഉപേക്ഷിച്ചാൽ അതിന് വധശിക്ഷയാണുള്ളത്. കാരണം സത്യം തിരിച്ചറിഞ്ഞതിന് ശേഷം അത് ഉപേക്ഷിച്ചതോടെ അവന് ഇസ്ലാമിക രാജ്യത്ത് തുടരാനുള്ള അവകാശം നഷ്ടമായിരിക്കുന്നു. അവന്റെ മുൻപിൽ പശ്ചാത്താപവും ഇസ്ലാമിലേക്ക് മടങ്ങി വരിക എന്നതുമല്ലാതെ മറ്റൊരു വഴിയുമില്ല. (71)

ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന തരത്തിലുള്ള ഏതെങ്കിലും പ്രവർത്തി ചെയ്തു കൊണ്ടാണ് അവൻ മതം ഉപേക്ഷിച്ചത് എങ്കിൽ അതിൽ നിന്ന് അവൻ അല്ലാഹുവിനോട് പശ്ചാത്തപിച്ചു മടങ്ങുകയും, അതിനോട് വെറുപ്പ് പുലർത്തുകയും, അല്ലാഹുവിനോട് പാപമോചനം തേടുകയുമാണ് വേണ്ടത്.

ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന കാര്യങ്ങൾ അനേകമുണ്ട്; അതിൽ ഏറ്റവും പ്രസക്തമായ ചിലത് താഴെ പറയാം:

അല്ലാഹുവിൽ പങ്കുചേർക്കൽ; ഉദാഹരണത്തിന് അല്ലാഹുവിനോടൊപ്പം മറ്റൊരു ആരാധ്യനെ കൂടി സ്വീകരിക്കുക എന്നത്, അല്ലെങ്കിൽ അല്ലാഹുവിനും മനുഷ്യനും ഇടയിൽ ഒരു മദ്ധ്യസ്ഥനെ നിശ്ചയിക്കുകയും ആ മദ്ധ്യസ്ഥനോട് പ്രാർത്ഥിക്കുകയും സഹായം തേടുകയും ചെയ്യുക എന്നത്. ഇവിടെ അല്ലാഹുവിന് പുറമെ സ്വീകരിക്കപ്പെടുന്ന ആരാധ്യൻ എൻ്റെ ആരാധ്യനാണെന്ന് ഒരാൾ വ്യക്തമായി പറയുകയോ മറ്റോ വേണ്ടതില്ല; മറിച്ച് ഒരാളെ ആരാധ്യനാക്കുന്ന വിധത്തിലുള്ള പ്രവർത്തനം അവൻ്റെ പക്കൽ നിന്നുണ്ടായാൽ തന്നെയും അത് മതിയാകുന്നതാണ്. ഉദാഹരണത്തിന് ജാഹിലിയ്യാ കാലഘട്ടത്തിലെ ബഹുദൈവാരാധകരെ നോക്കൂ; അവർ വിഗ്രഹങ്ങളെ ആരാധിക്കുകയും, ഈ വിഗ്രഹങ്ങൾ സച്ചരിതരായ മനുഷ്യരെ സൂചിപ്പിക്കുന്ന അടയാളങ്ങളാണെന്ന് വിശ്വസിക്കുകയും, അവരോട് ശുപാർശ തേടുകയുമാണ് ചെയ്തിരുന്നത്. അല്ലാഹുവിനോടൊപ്പം എല്ലാ അർത്ഥത്തിലും തുല്യതയുള്ള ഒരു ആരാധ്യനാണ് തങ്ങളുടെ ആരാധ്യവസ്തുക്കൾ എന്നൊന്നും അവർ പറഞ്ഞിരുന്നില്ല. ഒരാൾ ഇതു പോലെയാണ് തൻ്റെ വിശ്വാസം എന്ന് നേർക്കുനേരെ പറഞ്ഞാൽ അവൻ ബഹുദൈവാരാധകനാണ് എന്നതു പോലെ, അവൻ ഇക്കാര്യം നേർക്കുനേരെ അംഗീകരിക്കാതെ ചെയ്താലും അവൻ ബഹുദൈവാരാധകൻ തന്നെ. ഉദാഹരണത്തിന് ഇക്കാലഘട്ടത്തിൽ തങ്ങളും മുസ്ലിമീങ്ങളാണെന്ന് അവകാശപ്പെടുന്ന ചിലർ ചെയ്യുന്നത് പോലെ; അവർ തൗഹീദിലേക്ക് തങ്ങളെ ക്ഷണിക്കുന്നവരെ തള്ളിപ്പറയുകയും, ശിർക് എന്നാൽ ബിംബത്തിന് സുജൂദ് ചെയ്യൽ മാത്രമാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഒരാൾ മറ്റൊരു വസ്തുവിനെ ചൂണ്ടി ഇത് എൻ്റെ ദൈവമാണെന്ന് പറഞ്ഞാലും ഇല്ലെങ്കിലും ശിർക് സംഭവിച്ചാൽ അവൻ ഇസ്ലാമിൽ നിന്ന് പുറത്തു പോകും.

മദ്യം കുടിക്കുകയും, അതിൻ്റെ പേര് മാറ്റിപ്പറയുകയും ചെയ്യുന്നവരെ പോലെയാണ് ശിർക് ചെയ്യുകയും, അതിന് വേറെ പേര് നൽകുകയും ചെയ്യുന്നവർ. ഇത്തരക്കാരുടെ അവസ്ഥ മുൻപ് നാം വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അല്ലാഹു പറയുന്നു: "അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ നീ ആരാധിക്കുക. അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികല്പിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച." (സൂറ സുമർ: 2-3)

അല്ലാഹു പറയുന്നു: "അവനാകുന്നു നിങ്ങളുടെ രക്ഷിതാവ്; സർവ്വ അധികാരവും അവന്റേത് മാത്രമാകുന്നു. നിങ്ങൾ അവന് പുറമെ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈന്തപ്പഴക്കുരുവിൻ്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപ്പിൻ്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല." (ഫാത്വിർ: 13-14)

1- ബഹുദൈവാരാധകരെ ഒരാൾ കാഫിറാണെന്ന് വിധിക്കാതിരുന്നാൽ അതും ഇസ്ലാമിൽ നിന്ന് പുറത്താകാൻ കാരണമാണ്. ഉദാഹരണത്തിന് യഹൂദരോ നസ്വാറാക്കളോ മതനിഷേധികളോ അഗ്നിയാരാധകരോ അല്ലാഹു അവതരിപ്പിച്ചത് കൊണ്ടല്ലാതെ വിധിക്കുന്ന ദുർമൂർത്തികളോ കാഫിറുകളല്ലെന്ന് ഒരാൾ വിധിച്ചാൽ അത് ഈ പറഞ്ഞതിൽ പെടുന്നതാണ്. അല്ലാഹു ഒരു വിഭാഗത്തെ കാഫിർ എന്ന് വിശേഷിപ്പിച്ചതിന് ശേഷം അപ്രകാരം പറയാൻ അവൻ വിസമ്മതിച്ചാൽ അവനും കാഫിർ തന്നെയാണ്.

2- മാരണം; ബഹുദൈവാരാധനയുടെ വഴികളിലേക്ക് എത്തിക്കുന്ന പ്രവർത്തിയാണത്. ആരെങ്കിലും മാരണം ചെയ്യുകയോ അതിനെ കുറിച്ച് അറിഞ്ഞതിന് ശേഷം അക്കാര്യം തൃപ്തിപ്പെടുകയോ ചെയ്താൽ അവൻ കാഫിറാണ്.

3- ഇസ്ലാമല്ലാത്ത മറ്റേതെങ്കിലും മതമോ വിധിവിലക്കുകളോ പ്രത്യയശാസ്ത്രമോ ഇസ്ലാമിനേക്കാൾ നല്ലതാണെന്നോ, നബി -ﷺ- യുടെ വിധിയേക്കാൾ നല്ലതാണ് മറ്റാരുടെയെങ്കിലും വിധിയെന്നോ ഒരാൾ വിശ്വസിച്ചാൽ... അതല്ലെങ്കിൽ അല്ലാഹുവിൻ്റെ വിധിയല്ലാത്തത് കൊണ്ട് വിധിക്കാം എന്ന് ഒരാൾ വിശ്വസിച്ചാൽ അത് ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന കാര്യമാണ്.

4- നബി -ﷺ- യോട് വെറുപ്പ് കാണിക്കുകയോ, അവിടുത്തെ ദീനിൽ പെട്ടതാണെന്ന് ബോധ്യപ്പെട്ട ഒരു കാര്യത്തോട് വെറുപ്പ് കാണിക്കുകയോ ചെയ്യുന്നത് ഇസ്ലാമിൽ നിന്ന് പുറത്തു പോകാൻ കാരണമാകും.

5- അല്ലാഹുവിൻ്റെ ദീനിൽ പെട്ടതാണെന്ന വ്യക്തമായ ബോധ്യമുള്ള ഒരു കാര്യത്തെ പരിഹസിച്ചാൽ അത് കുഫ്റാണ്. (72)

6- ഇസ്ലാമിന് വിജയം ലഭിക്കുന്നതിലുള്ള അനിഷ്ടവും, അതിൻ്റെ പരാജയത്തിലുള്ള സന്തോഷവും.

7- കാഫിറുകളെ സ്നേഹിച്ചു കൊണ്ടും സഹായിച്ചു കൊണ്ടും അവരോട് ആത്മബന്ധം പുലർത്തി കൊണ്ടും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കൽ.

8- ഇസ്ലാമിക വിധിവിലക്കുകൾ ബാധകമല്ലാത്ത ചിലരുണ്ടെന്ന വിശ്വാസം. ഏതെങ്കിലുമൊരു കാര്യത്തിൽ ഇസ്ലാമിക വിധിവിലക്കുകളിൽ നിന്ന് പുറത്തു കടക്കാൻ ഒരാൾക്കും അവകാശമില്ലെന്ന് ബോധ്യപ്പെട്ടതിന് ശേഷം ആരെങ്കിലും ഇപ്രകാരം വാദിച്ചാൽ അവൻ ഇസ്ലാമിൽ നിന്ന് പുറത്തു പോകും.

9- അല്ലാഹുവിൻ്റെ മതമായ ഇസ്ലാമിൽ നിന്ന് തിരിഞ്ഞു കളയൽ. ഒരാൾ ഇസ്ലാം പിൻപറ്റി ജീവിക്കേണ്ടതിനെ കുറിച്ച് ബോധ്യം വരുത്തപ്പെട്ടതിന് ശേഷവും അത് പഠിക്കുകയോ പ്രാവർത്തികമാക്കുകയോ ചെയ്യാതെ അതിൽ നിന്ന് തിരിഞ്ഞു കളഞ്ഞാൽ അവൻ ഇസ്ലാമിൽ നിന്ന് പുറത്തു പോകും.

10- ഇസ്ലാമിലെ വിധിവിലക്കുകളിൽ പെട്ട കാര്യമാണെന്ന് ഏവരും ഏകോപിച്ച -ഒരാൾക്കും അവ്യക്തതയുണ്ടാകാൻ സാധ്യതയില്ലാത്ത- ഒരു കാര്യത്തെ നിഷേധിച്ചാൽ അവൻ ഇസ്ലാമിൽ നിന്ന് പുറത്തു പോകും. ഈ പറഞ്ഞ കാര്യങ്ങൾക്ക് നവാഖിദുൽ ഇസ്ലാം എന്നാണ് പറയുക. ഇവയെല്ലാം ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്നതിന് കാരണമാകും എന്നതിനുള്ള തെളിവുകൾ ഖുർആനിലും സുന്നത്തിലും അനേകം വന്നിട്ടുണ്ട്.

രണ്ട്: അഭിപ്രായ സ്വാതന്ത്ര്യം.

ഇസ്ലാമിക മതവിധികൾക്ക് വിരുദ്ധമാകാത്തിടത്തോളം മനുഷ്യർക്ക് അല്ലാഹു അഭിപ്രായ സ്വാതന്ത്ര്യം അനുവദിച്ചു നൽകിയിട്ടുണ്ട്. ആരുടെ മുൻപിലാണെങ്കിലും സത്യം ബോധ്യപ്പെട്ടത്താൻ അല്ലാഹു ഓരോ മുസ്ലിമിനോടും കൽപ്പിച്ചിരിക്കുന്നു; അക്കാര്യത്തിൽ അല്ലാഹുവിന് പുറമെ ഒരാളുടെയും ആക്ഷേപം അവൻ ഭയക്കേണ്ടതില്ല. മുസ്ലിം

ഭരണാധികാരികളോട് ഗുണകാംക്ഷ വെച്ച് പുലർത്താനും, തിന്മകളിൽ നിന്ന് അകന്ന നിൽക്കാനും, അസത്യത്തിലേക്ക് ക്ഷണിക്കുന്നവർക്ക് മറുപടി നൽകാനും അവരെ അതിൽ നിന്ന് വിലക്കാനും അല്ലാഹു അവരോട് കൽപ്പിച്ചിരിക്കുന്നു. ഇതെല്ലാം മനുഷ്യരുടെ അഭിപ്രായങ്ങൾക്ക് ഇസ്ലാമിക മതവിധികൾ നൽകിയ ആദരവിന്റെ അടയാളമാണ്. എന്നാൽ അല്ലാഹുവിന്റെ മതവിധികൾക്ക് വിരുദ്ധമാകുന്ന തരത്തിലുള്ള അഭിപ്രായങ്ങൾ പുറത്തു പറയാൻ ഇസ്ലാമിക ഭരണകൂടത്തിൽ ഒരാൾക്കും അനുവാദമില്ല. കാരണം ജനങ്ങളെ നാശത്തിലേക്കും തകർച്ചയിലേക്കും സത്യത്തിനെതിരെ പോരാട്ടം നയിക്കാനും മാത്രമേ അത് കാരണമാവുകയുള്ളൂ.

മൂന്ന്: വ്യക്തി സ്വാതന്ത്ര്യം.

പരിശുദ്ധമായ ഇസ്ലാമിക മതവിധികളുടെ ഉള്ളിൽ നിന്നു കൊണ്ടുള്ള വ്യക്തി സ്വാതന്ത്ര്യം ഇസ്ലാം അനുവദിച്ചു നൽകിയിട്ടുണ്ട്. പുരുഷനാകട്ടെ സ്ത്രീയാകട്ടെ, അവർക്കും മറ്റുള്ളവർക്കും ഇടയിലുള്ള ഇടപാടുകളിൽ അവർ സ്വതന്ത്രരാണ്. കച്ചവടത്തിന്റെ ഭാഗമായുള്ള കൊടുക്കൽ വാങ്ങലുകളിലും, സമ്മാനങ്ങളും വഖ്ഫുകളും വിട്ടുവീഴ്ചകളുമെല്ലാം ചില ഉദാഹരണങ്ങൾ. തന്റെ ഇണയെ തിരഞ്ഞെടുക്കാനും പുരുഷനും സ്ത്രീക്കും അനുവാദമുണ്ട്. അവരിൽ ഒരാളെയും ഇന്നയാളെ വിവാഹം കഴിക്കു എന്ന് നിർബന്ധിക്കാൻ പാടില്ല. എന്നാൽ മതനിഷ്ഠയുടെ കാര്യത്തിൽ തനിക്ക് യോജിക്കാത്ത ഒരു പുരുഷനെയാണ് ഏതെങ്കിലും സ്ത്രീ തിരഞ്ഞെടുക്കുന്നത് എങ്കിൽ ആ വിവാഹം മാത്രം അനുവദിക്കപ്പെടുകയില്ല. അവളുടെ ശ്രേഷ്ഠതയും വിശ്വാസവും കാത്തുസൂക്ഷിക്കുന്നതിന് വേണ്ടിയാണത്. അവളുടെയും അവളുടെ കുടുംബത്തിന്റെയും പ്രയോജനത്തിന് വേണ്ടി കൂടിയാണത്.

സ്ത്രീയെ സംബന്ധിച്ചിടത്തോളം, അവളോട് രക്തബന്ധത്തിലോ രക്ഷാകർതൃത്വത്തിലോ ഏറ്റവുമടുത്ത ബന്ധം ആർക്കാണോ ഉള്ളത് അവരാണ് അവളുടെ വിവാഹക്കരാർ നിറവേറ്റേണ്ടത്. കാരണം സ്ത്രീ സ്വയം വിവാഹം കഴിക്കുക എന്നതിൽ വ്യഭിചാരത്തോട് ഒരു സാദൃശ്യമുണ്ട്. അതിനാൽ സ്ത്രീയുടെ രക്ഷാധികാരി ഭർത്താവിനോട് 'ഇന്ന സ്ത്രീയെ നിങ്ങൾക്ക് ഞാൻ വിവാഹം ചെയ്തു തന്നിരിക്കുന്നു' എന്ന് പറയുകയും, വരൻ 'ഞാൻ ഈ വിവാഹം സ്വീകരിച്ചിരിക്കുന്നു' എന്നു പറയുകയും ചെയ്യണം. ഈ വിവാഹക്കരാറിന് രണ്ട് പേർ സാക്ഷികളായും വേണം.

അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകൾ ലംഘിക്കാൻ മുസ്ലിമിന് അനുവാദമില്ല. കാരണം അവനും അവൻ ഉടമപ്പെടുത്തുന്ന സർവ്വതും യഥാർത്ഥത്തിൽ അല്ലാഹുവിന്റേതാണ്. അതിനാൽ അവന്റെ ഇടപാടുകളെല്ലാം അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് അനുയോജ്യമായ വിധത്തിലായിരിക്കണം. അല്ലാഹുവിന്റെ വിധിവിലക്കുകളാകട്ടെ, മനുഷ്യർക്ക് കാരുണ്യമാണ്. അത് മുറുകെ പിടിക്കുന്നവർ നേർമാർഗത്തിൽ എത്തുകയും സൗഭാഗ്യം സിദ്ധിക്കുകയും ചെയ്തിരിക്കുന്നു. ആരെങ്കിലും അതിന് എതിരാകുന്നു എങ്കിൽ അവൻ ദൗർഭാഗ്യം വരിക്കുകയും, നശിക്കുകയും ചെയ്തിരിക്കുന്നു. ഇതു കൊണ്ടാണ് വ്യഭിചാരത്തെയും സ്വവർഗരതിയെയുമെല്ലാം അല്ലാഹു കഠിനമായ രൂപത്തിൽ വിലക്കിയത്. ആത്മഹത്യയും അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ മാറ്റം വരുത്തുന്നതുമെല്ലാം വിലക്കിയതും ഇതേ കാരണം കൊണ്ടുതന്നെ.

മീശ ചെറുതാക്കലും നഖം വെട്ടലും ഗുഹ്യസ്ഥാനത്തുള്ള രോമങ്ങൾ വടിച്ചു കളയലും കക്ഷത്തിലെ രോമങ്ങൾ നീക്കം ചെയ്യലും ചേലാകർമ്മം ചെയ്യലുമെല്ലാം അല്ലാഹു മനുഷ്യരോട് കൽപ്പിച്ചതും ഇതിന് വേണ്ടി തന്നെ.

അല്ലാഹുവിന്റെ ശത്രുക്കളുടെ പ്രത്യേക രൂപഭാവാദികൾ സ്വീകരിക്കുന്നതും അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു. കാരണം അവരോട് സദൃശ്യപ്പെടുക എന്നതും, അവരുടെ പ്രകടമായ അടയാളങ്ങളെ സ്നേഹിക്കുക എന്നതും അവരോട് പരിപൂർണ്ണമായി സദൃശ്യരാകുന്നതിലേക്കും അവരെ സ്നേഹിക്കുന്നതിലേക്കും നയിക്കുന്നതാണ്.

യഥാർത്ഥ ഇസ്ലാമിക ആദർശത്തിന്റെ പ്രതിനിധിയായി ഓരോ മുസ്ലിമും മാറേണ്ടതുണ്ട്. മറ്റു ജനങ്ങളുടെ ചിന്തകളും അഭിപ്രായങ്ങളുമല്ല അവനിൽ സ്വാധീനം ചെലുത്തേണ്ടത്. മനോഹരമായ മാതൃകയായി ഓരോ മുസ്ലിമും മാറണം എന്ന് ചുരുക്കം; അവനൊരിക്കലും അന്ധമായ അനുകരണത്തിന്റെ വക്താവായിക്കൂടാ.

എന്നാൽ ഭൗതികമായ നിർമ്മിതികളുടെയും ശാസ്ത്രീയ നേട്ടങ്ങളുടെയും കാര്യത്തിൽ ഇസ്ലാമിന്റെ നിർദേശം വ്യക്തമാണ്; അത്തരം കാര്യങ്ങൾ പഠിക്കുകയും മനസ്സിലാക്കിയെടുക്കുകയും വേണം. ഒരു അമുസ്ലിമിന്റെ പക്കൽ നിന്നാണ് അത്തരം വിജ്ഞാനങ്ങൾ വന്നെത്തിയതെങ്കിലും അവ സ്വീകരിക്കേണ്ടതുണ്ട്. കാരണം മനുഷ്യർക്ക് ഭൗതികമായ ഈ വിജ്ഞാനങ്ങളെല്ലാം നൽകുന്നവൻ അല്ലാഹുവാണ്. അല്ലാഹു പറയുന്നു: "മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു." (അലഖ്: 5)

ഈ നിർദേശങ്ങളെല്ലാം നോക്കൂ; ഗുണകാംക്ഷയുടെയും നന്മ വരുത്തുന്നതിന്റെയും ഏറ്റവും നല്ല പാഠങ്ങൾ ഇവയിലെല്ലാമുണ്ട്. മനുഷ്യന്റെ സ്വാതന്ത്ര്യം പ്രയോജനകരമായ വഴിയിലേക്ക് ഇതിലൂടെ നയിക്കപ്പെടുന്നു. അവന്റെ ആദരവ് കാത്തുസൂക്ഷിക്കപ്പെടുകയും, മനുഷ്യമനസ്സുകളുടെ ഉപദ്രവങ്ങളിൽ നിന്ന് അവൻ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.

നാല്: സ്വകാര്യത.

മുസ്ലിമിന്റെ സ്വകാര്യതക്ക് വലിയ പ്രാധാന്യമുണ്ട്. അവന്റെ സ്വകാര്യയിടത്തേക്ക് അനുവാദമില്ലാതെ മറ്റൊരാളും പ്രവേശിച്ചു കൂടാ. അവന്റെ വീട്ടിലേക്കും ഭവനത്തിലേക്കും അനുവാദമില്ലാതെ എത്തിനോക്കാൻ പോലും പാടില്ല.

അഞ്ച്: സമ്പാദനം.

മനുഷ്യന് സമ്പാദിക്കാനും ചെലവഴിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്; ഇസ്ലാമിക മതവിധികളുടെ ഉള്ളിൽ നിന്നു കൊണ്ട് തന്നെയാണ് ഈ പ്രവർത്തനങ്ങളും ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യനോട് ജോലി ചെയ്യാനും സമ്പാദ്യം അന്വേഷിക്കാനും അല്ലാഹു കൽപ്പിച്ചിട്ടുണ്ട്. അവന്റെ സ്വന്തം കാര്യങ്ങളും അവന്റെ കുടുംബത്തിന്റെ ചെലവുകളും നോക്കി നടത്താൻ അത് ആവശ്യമാണ്. അതോടൊപ്പം തന്റെ സമ്പാദ്യം നന്മകളുടെ മാർഗത്തിൽ ചെലവഴിക്കാനും അവന് സാധ്യമാകും. എന്നാൽ നിഷിദ്ധമായ മാർഗങ്ങളിലൂടെ ഒരു സമ്പാദ്യവും അവൻ നേടിയെടുക്കരുത് എന്ന വിലക്കും ഒപ്പമുണ്ട്. പലിശയും ലോട്ടറിയും കൈക്കൂലിയും മോഷണവും മാരണത്തിലൂടെയും വ്യഭിചാരത്തിലൂടെയും സ്വവർഗരതിയിലൂടെയുമുള്ള സമ്പാദനങ്ങളും നിഷിദ്ധമായ വഴികളാണ്. നിഷിദ്ധവസ്തുക്കൾ വിറ്റതിലൂടെ ലഭിക്കുന്ന സമ്പാദ്യവും അതിൽ പെടും; ഉദാഹരണത്തിന് ജീവനുള്ള വസ്തുക്കളുടെ ചിത്രവും രൂപവും നിർമ്മിച്ചു കൊണ്ട് ഉണ്ടാക്കുന്ന സമ്പാദ്യം നിഷിദ്ധമാണ്. (73) മദ്യമോ പന്നിമാംസമോ സംഗീതോപകരണങ്ങളോ വിൽക്കരുത്. ഗാനമേളകളിലൂടെയോ ഡാൻസുകളിലൂടെയോ സമ്പാദിക്കരുത്. ഇത്തരം സമ്പാദന മാർഗങ്ങളെല്ലാം നിഷിദ്ധമാണെന്നതു പോലെ, ഇത്തരം കാര്യങ്ങളിൽ സമ്പത്ത് ചെലവഴിക്കുന്നതും നിഷിദ്ധം തന്നെ. അല്ലാഹു അനുവദിച്ച വഴികളിലല്ലാതെ സമ്പത്ത് ചെലവഴിക്കുക എന്നത് ഒരു മുസ്ലിമിന് അനുവദനീയമല്ല. ഈ

പറഞ്ഞതെല്ലാം സമ്പാദനത്തിലും ചെലവഴിക്കലിലുമുള്ള ഏറ്റവും മനോഹരമായ ഗുണകാംക്ഷയും ഉപദേശങ്ങളുമാണ്. മനുഷ്യൻ അവന്റെ സമ്പാദ്യത്തിലൂടെ ധന്യതയുള്ളവനാകാനും, സൗഭാഗ്യ ജീവിതം നയിക്കാനും ഈ നിർദേശങ്ങൾ അവന് സഹായകമാണ്.

ഒൻപത്: കുടുംബം.

കുടുംബങ്ങളെ ഏറ്റവും കൃത്യമായ വിധത്തിൽ അല്ലാഹു ഇസ്ലാമിക മതവിധികളിലൂടെ സംവിധാനിച്ചിരിക്കുന്നു. ഈ മാർഗം മുറുകെ പിടിക്കുന്നവർക്ക് സൗഭാഗ്യത്തിന്റെ വഴികൾ എത്തിപ്പിടിക്കാൻ സാധിക്കുന്നതാണ്. മാതാപിതാക്കളോട് നന്മയിൽ വർത്തിക്കണമെന്നും, അവരോട് നല്ല വാക്കുകൾ സംസാരിക്കണമെന്നും, അവർ വിദൂരത്താണെങ്കിൽ നിരന്തരമായി അവരെ സന്ദർശിച്ചു കൊണ്ടിരിക്കണമെന്നും, അവരെ സേവിക്കുകയും അവരുടെ കാര്യങ്ങൾ നിറവേറ്റി കൊടുക്കുകയും ചെയ്യണമെന്നും, അവർ ദരിദ്രരാണെങ്കിൽ അവരുടെ ചെലവുകൾ ഏറ്റെടുക്കണമെന്നും അവർക്ക് താമസസൗകര്യം ഒരുക്കി നൽകണമെന്നും അല്ലാഹു കൽപ്പിച്ചിരിക്കുന്നു. മാതാപിതാക്കളെ അവഗണിക്കുന്നവർക്ക് ശക്തമായ താക്കീതും അല്ലാഹു നൽകിയിരിക്കുന്നു. അവരോട് നന്മയിൽ വർത്തിക്കുന്നവർക്ക് മഹത്തരമായ പ്രതിഫലവും അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. ഇതോടൊപ്പം ഇസ്ലാമിൽ വിവാഹം കൽപ്പിക്കപ്പെടുകയും, അതിന്റെ പിന്നിലെ ലക്ഷ്യം ഖുർആനിലൂടെയും ഹദീഥിലൂടെയും വിശദീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

***

വിവാഹത്തിന് പിന്നിലെ ലക്ഷ്യം

1- ലൈംഗികവിശുദ്ധി കാത്തുസൂക്ഷിക്കാനും നിഷിദ്ധവൃത്തികളിൽ നിന്ന് അകന്നു നിൽക്കാനും ഏറ്റവുമധികം സഹായിക്കുന്ന കാര്യമാണ് വിവാഹം. നിഷിദ്ധത്തിലേക്ക് കണ്ണു നീങ്ങാതിരിക്കാനും അത് സഹായിക്കുന്നു.

2- ഭാര്യാഭർത്താക്കന്മാർക്ക് സമാധാനവും സ്വസ്ഥതയും നേടിത്തരുന്ന വഴികളിലൊന്നാണ് വിവാഹം. കാരണം അവർക്ക് രണ്ടു പേർക്കുമിടയിൽ വിവാഹത്തിലൂടെ അല്ലാഹു സ്നേഹവും കാരുണ്യവും നിശ്ചയിക്കുന്നതാണ്.

3- മുസ്ലിംകളുടെ സംഘബലം വർദ്ധിക്കാനും, മതപരമായ രൂപത്തിൽ ശുദ്ധിയും നന്മയുമുള്ള മക്കൾ വളർന്നു വരാനും വിവാഹം കാരണമാകുന്നു.

4- വിവാഹത്തിലൂടെ ഭാര്യയും ഭർത്താവും പരസ്പരം സഹകരിക്കുകയും, അവർക്ക് അനുയോജ്യമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയും, അവരുടെ പ്രകൃതത്തിന് യോജിച്ച വിധമുള്ള ജീവിതം നയിക്കുകയും ചെയ്യുന്നു.

പുരുഷൻ വീട്ടിൽ നിന്ന് പുറത്തു പോവുകയും ജോലി ചെയ്യുകയും ചെയ്യുന്നു; അതിലൂടെ തന്റെ ഇണയെയും കുഞ്ഞുങ്ങളെയും പോറ്റാനുള്ള സമ്പാദ്യം അവൻ കണ്ടെത്തുന്നു. സ്ത്രീ അവളുടെ വീട്ടിനുള്ളിലെ ദൗത്യം നിറവേറ്റുന്നു. അവൾ ഗർഭം ധരിക്കുകയും കുഞ്ഞുങ്ങൾക്ക് മുല കൊടുക്കുകയും, കുട്ടികളെ നോക്കിവളർത്തുകയും ചെയ്യുന്നു. ഭർത്താവിന് അവൾ ഭക്ഷണം ഒരുക്കുകയും, വീടും വിരിപ്പും സൂക്ഷിക്കുകയും ചെയ്യുന്നു. വീട്ടിലേക്ക് ക്ഷീണിതനും ദുഃഖിതനുമായി കയറി വരുന്നവൻ തന്റെ ഭാര്യയോടും മക്കളോടും ചേർന്നിരിക്കുന്നതോടെ വിഷമങ്ങൾ നീങ്ങിയവനും തളർച്ച മാറിയവനുമായി മാറുന്നു. എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും ആശ്വാസവും പകരുന്ന ജീവിതമാണത്! ഭർത്താവ് സമ്പാദിക്കുന്നതിനോടൊപ്പം -അദ്ദേഹത്തിന്റെ തൃപ്തിയോടെ- ഭാര്യക്കും ചില സമ്പാദന മാർഗങ്ങളിൽ ഏർപ്പെടാവുന്നതാണ്. അതിലൂടെ അവൾക്ക് സ്വയം സമ്പാദ്യം കണ്ടെത്താനും, അവളുടെ ഭർത്താവിനെ സഹായിക്കാനും സാധ്യമാണ്. എന്നാൽ അന്യപുരുഷന്മാരിൽ നിന്ന് അകന്നു കൊണ്ടും അവരോട് കൂടിക്കലരാത്ത വിധത്തിലുമായിരിക്കണം ഇത്തരം ജോലികൾ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഉദാഹരണത്തിന്, അവളുടെ വീട്ടിലോ കൃഷിയിടത്തിലോ, ഭർത്താവിന്റെയോ അവരുടെ കുടുംബത്തിന്റെയോ കൃഷിയിടത്തിലോ അവൾക്ക് ജോലി ചെയ്യാം. എന്നാൽ അന്യപുരുഷന്മാരുമായി കൂടിക്കലരുന്ന വിധത്തിൽ ഓഫീസുകളിലോ കമ്പനികളിലോ മറ്റോ ജോലി ചെയ്യുന്നത് സ്ത്രീകൾക്ക് അനുവദനീയമല്ല. ഇത്തരം ജോലികൾ ചെയ്യാൻ സ്ത്രീയെ അവളുടെ ഭർത്താവോ പിതാവോ കുടുംബമോ അനുവദിക്കരുത്. കാരണം അതിലൂടെ അവളും അവളടങ്ങുന്ന സമൂഹവും നിരവധി കുഴപ്പങ്ങളിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള സാധ്യതയുണ്ട്. സ്ത്രീകൾ വീട്ടിൽ കഴിയുന്നിടത്തോളം അവൾ സുരക്ഷിതയാണ്; അതിക്രമികളുടെ കൈകൾ അവളിലേക്ക് വന്നെത്തുകയില്ല. വൃത്തികെട്ട ലക്ഷ്യങ്ങളോടെ ഒരു കണ്ണും അവളെ വീക്ഷിക്കുകയില്ല. എന്നാൽ അവൾ ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിയാൽ അവളുടെ അഭിമാനം നഷ്ടമാവുകയും, ചെന്നായ്ക്കൾക്കിടയിൽ പെട്ട ഒരു ആട്ടിൻകുട്ടിയുടെ അവസ്ഥയിൽ അവൾ അകപ്പെടുകയും ചെയ്തേക്കാം. സമയം കുറച്ചങ്ങു നീങ്ങുമ്പോഴേക്ക് അവളുടെ അഭിമാനവും ആദരവും അവർ പിച്ചിച്ചീന്തുന്നതിലേക്ക് വരെ അത് വഴിയൊരുക്കിയേക്കാം. പുരുഷന് ഒന്നിലധികം വിവാഹം കഴിക്കാൻ അല്ലാഹു അനുവാദം നൽകിയിട്ടുണ്ട്; നാല് വരെ ഇണകളെ അവന് സ്വീകരിക്കാം. എന്നാൽ അവന് സാധ്യമാകുന്ന കാര്യങ്ങളിലെല്ലാം അവർക്കിടയിൽ നീതി പാലിച്ചിരിക്കണം എന്നത് നിർബന്ധമാണ്. ഭവനവും ചെലവിന് നൽകലും രാത്രി പങ്കിടലുമെല്ലാം അവർക്കിടയിൽ ഒരു പോലെ വീതം വെക്കപ്പെടണം. എന്നാൽ ഹൃദയത്തിലുള്ള സ്നേഹത്തിന്റെ കാര്യത്തിൽ തുല്യത സാധ്യമല്ല എന്നതിനാൽ അത് നിബന്ധനയല്ല. കാരണം സ്നേഹം നിയന്ത്രിക്കുക എന്നത് മനുഷ്യന് സാധ്യമല്ലല്ലോ?! അതിനാൽ അതിലുള്ള ഏറ്റക്കുറച്ചിലുകളുടെ പേരിൽ അവൻ ആക്ഷേപാർഹനല്ല. ഇക്കാര്യം അല്ലാഹു വിശുദ്ധ ഖുർആനിലൂടെ ഓർമ്മപ്പെടുത്തിയത് നോക്കൂ: "നിങ്ങൾ എത്രയെല്ലാം പരിശ്രമിച്ചാലും നിങ്ങളുടെ ഭാര്യമാർക്കിടയിൽ നീതി പാലിക്കാൻ നിങ്ങൾക്ക് സാധ്യമല്ല." (നിസാഅ്: 129) ഇവിടെ ഉദ്ദേശിക്കുന്നത് സ്നേഹവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണ്. ഇക്കാര്യത്തിൽ നീതി പുലർത്താൻ സാധിക്കുന്നില്ല എന്നത് ബഹുഭാര്യത്വത്തിന് തടസ്സമല്ല. കാരണം അത് മനുഷ്യർക്ക് സാധ്യമായ കാര്യമല്ല. അല്ലാഹു അവന്റെ ദൂതന്മാർക്കും നീതി പുലർത്താൻ സാധ്യമാകുന്ന പുരുഷന്മാർക്കും ബഹുഭാര്യത്വം അനുവദിച്ചിരിക്കുന്നു എന്ന് ചുരുക്കം. കാരണം മനുഷ്യർക്ക് പ്രയോജനകരമായത് ഏതാണെന്ന് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹുവാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും നന്മയുള്ളത് മാത്രമേ അവൻ കൽപ്പിച്ചിട്ടുള്ളൂ. നേരായ ജീവിതം നയിക്കുന്ന ഒരു പുരുഷന് അവന്റെ ശാരീരികവും പ്രകൃതിപരവുമായ പ്രത്യേകതകളാൽ നാല് ഇണകളെ വരെ കൊണ്ടുനടക്കുക സാധ്യമാണ്. അവർക്ക് ചാരിത്ര്യം പകരാനും അവന് സാധിക്കുന്നതാണ്. എന്നാൽ ക്രൈസ്തവരും ആധുനികത ബാധിച്ച ചിലരും ആവശ്യപ്പെടുന്നത് പോലെ, ഏകഭാര്യത്വം സ്വീകരിക്കപ്പെട്ടാൽ പ്രശ്നങ്ങളാണ് ഉടലെടുക്കുക; അതിൽ ചില പ്രശ്നങ്ങൾ മാത്രം താഴെ വിവരിക്കാം.

ഒന്ന്: അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ അനുസരിച്ചും ഭയപ്പെട്ടും കൊണ്ട് ജീവിക്കുകയും ചെയ്യുന്ന ഒരു പുരുഷന് തനിക്ക് അനുവദിക്കപ്പെട്ട ഒരു കാര്യം തടയപ്പെടുന്നു എന്നത് മാനസിക പ്രയാസം സൃഷ്ടിച്ചേക്കാം. കാരണം ഒരു ഭാര്യ മാത്രമേ ഉള്ളൂവെങ്കിൽ, അവളുടെ ഗർഭകാലത്തിന്റെ അവസാനത്തിലും, രോഗവേളയിലും ആർത്തവ കാലത്തും പ്രസവരക്തമുള്ളപ്പോഴും അവളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ അവന് സാധിക്കുകയില്ല. ജീവിതത്തിന്റെ ഒരു ഘട്ടം ഭാര്യയില്ലാതെ ജീവിക്കുന്നതിന് സമാനമാണ് ഈ അവസ്ഥ. ഭാര്യയുമായുള്ള ജീവിതം സന്തോഷകരവും തൃപ്തികരവുമാണെങ്കിലുള്ള അവസ്ഥയാണ് ഈ പറഞ്ഞത്; എന്നാൽ അതല്ല സ്ഥിതിയെങ്കിൽ കാര്യം കൂടുതൽ പ്രയാസത്തിലായിരിക്കും.

രണ്ട്: അല്ലാഹുവിനെ ധിക്കരിക്കുകയും, വഞ്ചന കാണിക്കുകയും ചെയ്യുന്ന ഒരുവനാണ് ഭർത്താവ് എങ്കിൽ അവൻ തന്റെ ഭാര്യയിൽ നിന്ന് അകന്ന് പോവുകയും, വ്യഭിചാരത്തിലേക്ക് നീങ്ങുകയും ചെയ്തേക്കാം. ഇതു കൊണ്ടാണ് ബഹുഭാര്യത്വം വേണ്ടെന്നു പറയുന്ന ധാരാളം പേർ വ്യഭിചാരത്തിലേക്ക് ഒരു മടിയുമില്ലാതെ ചെന്നെത്തുന്നത്. അതിലൂടെ ഒരു നിയന്ത്രണവുമില്ലാത്ത 'ബഹുഭാര്യത്വമാണ്' അവർ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ ഈ പറഞ്ഞതിനെല്ലാം പുറമെ, അവൻ ഇസ്ലാമികമായ ബഹുഭാര്യത്വത്തെ നിഷേധിക്കുകയും അതിനെ ആക്ഷേപിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അവൻ ഇസ്ലാമിൽ നിന്ന് തന്നെ പുറത്തു പോവുകയും ചെയ്യുന്നതാണ്.

മൂന്ന്: വിവാഹവും കുഞ്ഞുങ്ങളെ ലഭിക്കുക എന്നതും അനേകം സ്ത്രീകളുടെ സ്വപ്നമാണ്; പക്ഷേ അവരിൽ പലർക്കും അത് നൽകപ്പെടാതിരിക്കാൻ ബഹുഭാര്യത്വം തടയപ്പെടുന്നത് കാരണമാകും. സൽകർമ്മിണിയും ചാരിത്ര്യവതിയുമായ സ്ത്രീകൾ ഭർത്താവില്ലാതെ ദരിദ്രരും നന്മകൾ തടയപ്പെട്ടവരുമായി ജീവിതം നയിക്കേണ്ടി വരും. മറ്റു ചിലർ വൃത്തികേടുകളിലേക്കും, ദുഷിച്ച പുരുഷന്മാരുടെ കൈകളിലെ കളിപ്പാവകളായി തീരുന്നതിലേക്കും നയിക്കപ്പെടാനും അത് വഴിയൊരുക്കും.

പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളുണ്ട് എന്നത് അറിയപ്പെട്ട കാര്യമാണ്. കാരണം പൊതുവെ മരണം പുരുഷന്മാരിലാണ് അധികമുണ്ടാവുക. യുദ്ധങ്ങളിലും അപകടകരമായ തൊഴിലുകളിലും അവരാണല്ലോ അധികവും പങ്കുചേരുക?! സ്ത്രീകളാകട്ടെ, പ്രായപൂർത്തി എത്തിയ കാലം മുതൽ തന്നെ വിവാഹത്തിന് തയ്യാറായിരിക്കും. പക്ഷേ പുരുഷന്മാരിൽ എല്ലാവർക്കും അതിന് സാധ്യമാകണമെന്നില്ല. മഹ്ർ നൽകാൻ ശേഷിയില്ലാത്തതു കൊണ്ടും, വിവാഹജീവിതം നയിക്കാനുള്ള സാഹചര്യമില്ലാത്തത് കൊണ്ടും വിവാഹം നീട്ടിവെക്കുന്ന ധാരാളം പുരുഷന്മാരെ നാം കാണാറുണ്ടല്ലോ?! ഇതു കൊണ്ടൊക്കെയാണ് ബഹുഭാര്യത്വം എന്ന നിയമത്തിലൂടെ ഇസ്ലാം സ്ത്രീകളെ സംരക്ഷിക്കുകയാണ് ചെയ്തത് എന്ന് നാം പറയുന്നത്. ഈ മഹത്തരമായ നന്മക്കെതിരെ പോരാടുന്നവർ സ്ത്രീകളുടെയും ശ്രേഷ്ഠതകളുടെയും നബിമാരുടെ മാർഗത്തിന്റെയും ശത്രുക്കളാണ്. ബഹുഭാര്യത്വം എന്നത് നബിമാരുടെ ചര്യയാണ്. കാരണം അവർ സ്ത്രീകളെ വിവാഹം കഴിക്കുകയും, ഇസ്ലാമിക മതവിധികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് ഒന്നിലധികം ഭാര്യമാരുടെ കൂടെ കൂടെ ജീവിക്കുകയും ചെയ്തവരാണ്.

തന്റെ ഭർത്താവ് മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുന്നത് സ്ത്രീകൾക്ക് തൃപ്തികരമാവില്ലല്ലോ എന്ന് ചോദിക്കുന്നവരുണ്ടാകാം; അത് കേവലം വൈകാരികമായ കാര്യം മാത്രമാണ് എന്നതാണ് അതിനുള്ള മറുപടി. അതൊരിക്കലും ഇസ്ലാമിക വിധിവിലക്കുകൾക്ക് എതിരായി പറയുക സാധ്യമല്ല. വിവാഹത്തിന് മുൻപ് തനിക്കൊപ്പം മറ്റൊരാളെ വിവാഹം കഴിക്കരുത് എന്ന് നിബന്ധന വെക്കാൻ ഭാര്യക്ക് അനുവാദമുണ്ട് എന്ന കാര്യം കൂടി ഇതോടൊപ്പം ഓർമ്മപ്പെടുത്തട്ടെ; ഇക്കാര്യം അംഗീകരിച്ചു കൊണ്ടാണ് ഒരാൾ വിവാഹം കഴിക്കുന്നത് എങ്കിൽ ഈ നിബന്ധന പാലിക്കാൻ അവൻ ബാധ്യസ്ഥനാണ്. ശേഷം ഒരാൾ ബഹുഭാര്യത്വം സ്വീകരിക്കാൻ ഉദ്ദേശിച്ചാൽ സ്ത്രീക്ക് വേണമെങ്കിൽ തന്റെ ഭർത്താവിനോടൊപ്പം തുടരാം; അതല്ലെങ്കിൽ അവൾക്ക് വിവാഹബന്ധം വേർപ്പെടുത്താം. അവൾക്ക് അവൻ നൽകിയ മഹ്റിൽ നിന്ന് എന്തെങ്കിലുമൊന്ന് ഇതിന്റെ പേരിൽ തിരിച്ചു വാങ്ങാൻ പാടില്ല.

ഭാര്യാഭർത്താക്കന്മാർക്കിടയിൽ അഭിപ്രായഭിന്നതകൾ ഉടലെടുക്കുമ്പോൾ അല്ലാഹു വിവാഹമോചനം എന്ന വിധി മുന്നിൽ വെച്ചിരിക്കുന്നു. ദമ്പതികളിൽ ഒരാൾക്ക് മറ്റൊരാളോടൊപ്പം തുടരാൻ തൃപ്തിയില്ലെങ്കിൽ, തങ്ങളുടെ ജീവിതം പ്രയാസകരമായി തുടരാൻ അവർ ഉദ്ദേശിക്കുന്നില്ലെങ്കിൽ... തങ്ങൾക്ക് തൃപ്തിയുള്ള ഇണയുമായി ഇനിയുള്ള കാലവും, മുസ്ലിമായി മരിച്ചാൽ അതിന് ശേഷം പരലോകത്തും ജീവിക്കാൻ അവർ ആഗ്രഹിക്കുന്നു എങ്കിൽ... (75) അവർക്ക് ത്വലാഖിലേക്ക് നീങ്ങാം.

10- ആരോഗ്യം.

ഇസ്ലാമിക വിധിവിലക്കുകളിൽ -ഖുർആനിലും സുന്നത്തിലും- മനുഷ്യരുടെ ആരോഗ്യവുമായി ബന്ധപ്പെട്ട അടിത്തറകൾ വ്യക്തമായി വിവരിക്കപ്പെട്ടിരിക്കുന്നു. മാനസികവും ശാരീരികവുമായ അനേകം രോഗങ്ങളെ കുറിച്ചും, അവക്കുള്ള ചികിത്സകളെ കുറിച്ചും വിശദമായ വിവരണങ്ങൾ ഇസ്ലാമിക പ്രമാണങ്ങളിൽ കാണാൻ കഴിയും. അല്ലാഹു പറയുന്നു: "സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു." (ഇസ്റാഅ്: 82) മുഹമ്മദ് നബി -ﷺ- പറയുന്നു: "ഒരു മരുന്ന് ഇറക്കിയിട്ടല്ലാതെ അല്ലാഹു യാതൊരു രോഗവും ഇറക്കിയിട്ടില്ല. (മരുന്നിനെ കുറിച്ച്) അറിഞ്ഞവൻ അത് അറിഞ്ഞു; അറിയാതെ പോയവൻ അറിയാതെ പോവുകയും ചെയ്തു." (76)

നബി -ﷺ- പറഞ്ഞു: "നിങ്ങൾ ചികിത്സ തേടുക; നിഷിദ്ധമായത് കൊണ്ട് നിങ്ങൾ ചികിത്സ തേടരുത്." (77) ഇബ്നുൽ ഖയ്യിം (റഹി) രചിച്ച സാദുൽ മആദ് എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ഇത്തരം ചികിത്സാവിധികളുടെ വിശദീകരണങ്ങൾ കാണാം. ഇസ്ലാമിനെയും നബി -ﷺ- യുടെ ചരിത്രത്തെയും വിലയിരുത്തിയ ഏറ്റവും പ്രാമാണികവും സമഗ്രവുമായ ഗ്രന്ഥങ്ങളിലൊന്നാണത്.

11- കച്ചവടം, കൃഷി, നിർമ്മാണം, വ്യവസായം, ജനങ്ങൾക്ക് ആവശ്യമായ വെള്ളവും ഭക്ഷണവും പൊതുസേവനങ്ങളും, അവരുടെ നഗരങ്ങളും ഗ്രാമങ്ങളും സംരക്ഷിക്കാൻ വേണ്ട ക്രമീകരണങ്ങളും, പരിസരശുദ്ധിയും, കളവിനും വഞ്ചനക്കുമുള്ള ശിക്ഷയും മറ്റുമെല്ലാം ഇസ്ലാം കൃത്യമായും സമഗ്രമായും വിവരിച്ചിരിക്കുന്നു.

12- മറഞ്ഞിരിക്കുന്ന ശത്രുക്കളെ കുറിച്ചുള്ള വിവരണവും, അവരുടെ ഉപദ്രവങ്ങളിൽ നിന്നുള്ള രക്ഷയുടെ വഴിയും. മനുഷ്യരെ നാശത്തിലേക്ക് നയിക്കുന്ന, ഇഹപരലോകങ്ങളിൽ അവനെ നഷ്ടക്കാരനാക്കുന്ന ശത്രുക്കളെ കുറിച്ചും അല്ലാഹു ഖുർആനിലൂടെ അറിയിച്ചിട്ടുണ്ട്. ഈ ശത്രുക്കളെ പിൻപറ്റിയാൽ അവൻ അപകടത്തിലാകുമെന്ന് അല്ലാഹു താക്കീത് നൽകിയിരിക്കുന്നു. അവരിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗവും അതോടൊപ്പം അവൻ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. മനുഷ്യന്റെ ശത്രുക്കൾ ഇനി പറയുന്നവരാണ്:

മനുഷ്യന്റെ ഒന്നാമത്തെ ശത്രു ശപിക്കപ്പെട്ട പിശാചാണ്. മനുഷ്യരുടെ ശത്രുക്കളെ ഇളക്കി വിടുന്നതും, മനുഷ്യനെതിരെ അവനെ തിരിച്ചു വിടുന്നതും ഇവനാണ്. നമ്മുടെ പിതാവായ ആദമിന്റെയും മാതാവായ ഹവ്വാഇന്റെയും ശത്രുവായിരുന്ന അവൻ. അവരെ രണ്ട് പേരെയും സ്വർഗത്തിൽ നിന്ന് പുറത്താക്കിയതും അവൻ തന്നെ. അന്ത്യനാൾ വരെ പിശാചും മനുഷ്യനും തമ്മിലുള്ള ഈ ശത്രുത തുടരുന്നതാണ്. അല്ലാഹ‌ുവിനെ നിഷേധിക്കുകയും, അതിലൂടെ തന്നോടൊപ്പം നരകത്തിൽ മനുഷ്യർ ശാശ്വതനാവുകയും ചെയ്യുന്നതിലേക്ക് മനുഷ്യരെ നയിക്കുക എന്നതാണ് അവന്റെ ലക്ഷ്യം. അല്ലാഹു നാമേവരെയും കാത്തുരക്ഷിക്കട്ടെ! ആരെയെങ്കിലും അല്ലാഹുവിനെ നിഷേധിക്കുന്ന അവസ്ഥയിലേക്ക് എത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ തിന്മകളിലും നിഷിദ്ധവൃത്തികളിലും അവനെ കൊണ്ടെത്തിക്കാൻ പിശാച് പരിശ്രമിച്ചു കൊണ്ടിരിക്കും; അതിലൂടെ മനുഷ്യർക്ക് അല്ലാഹുവിന്റെ കോപം വരുത്തി വെക്കുക എന്നതാണ് അവന്റെ ഉദ്ദേശ്യം.

പിശാച് മനുഷ്യന്റെ രക്തം സഞ്ചരിക്കുന്ന ഭാഗത്തു കൂടെയെല്ലാം സഞ്ചരിക്കും. മനുഷ്യന്റെ മനസ്സിൽ അവൻ ദുർമന്ത്രണം നടത്തുകയും, അവനെ അനുസരിച്ചാൽ തിന്മകൾ മനുഷ്യന് ഭംഗിയാക്കി കൊടുക്കുകയും ചെയ്യുന്നതാണ്. എന്തെങ്കിലും തിന്മ ചെയ്യണമെന്ന ചിന്ത വരികയോ, പിശാചിന്റെ ഭാഗത്ത് നിന്നുള്ള കോപം ബാധിക്കുകയോ ചെയ്താൽ അവനിൽ നിന്ന് അല്ലാഹുവിൽ അഭയം തേടുക എന്നതാണ് അവന്റെ ഉപദ്രവത്തിൽ നിന്നുള്ള ഏകരക്ഷാമാർഗം. 'അഊദു ബില്ലാഹി മിനശ്ശയ്ത്വാനി റജീം' (ആട്ടിയകറ്റപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിൽ രക്ഷ തേടുന്നു) എന്ന് അവൻ പറയട്ടെ. പിശാചിന്റെ ദുർബോധനങ്ങൾക്ക് വഴങ്ങി കോപിക്കുകയോ തിന്മകളിലേക്ക് അവൻ മുന്നിട്ടുകയോ ചെയ്യരുത്. തിന്മയിലേക്ക് നയിക്കുന്ന മനസ്സിലുള്ള പ്രേരണ പിശാചിന്റെ ഭാഗത്ത് നിന്നുള്ളതാണെന്ന് തിരിച്ചറിയുകയും, അവന്റെ ലക്ഷ്യം നിന്റെ നാശമാണെന്ന് മനസ്സിലാക്കുകയും, അവനിൽ നിന്ന് അകലം പാലിക്കാൻ വേണ്ടത് ചെയ്യുകയുമാണ് നിനക്കുള്ള വഴി. അല്ലാഹു പറയുന്നു: "തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടി മാത്രമാണ്." (ഫാത്വിർ: 6)

രണ്ടാമത്തെ ശത്രു മനുഷ്യന്റെ ദേഹേഛയാണ്. സത്യം നിരസിക്കാനും തള്ളിക്കളയാനും അവന്റെ മനസ്സിൽ ഉണ്ടാകുന്ന താൽപ്പര്യം അതിന്റെ ഭാഗമാണ്. അല്ലാഹുവിന്റെ വിധി തള്ളിക്കളയാനുള്ള തോന്നലും അതിൽ നിന്നുണ്ടാകുന്നത് തന്നെ. കാരണം മനുഷ്യരിൽ ചിലരുടെ ആഗ്രഹങ്ങൾക്കും താൽപ്പര്യങ്ങൾക്കും വിരുദ്ധമായത് ഈ വിധിവിലക്കുകളിൽ ഉണ്ടായിരിക്കും. സത്യത്തിനും നീതിക്കും മുകളിൽ വികാരങ്ങൾക്ക് സ്ഥാനം നൽകുക എന്നതും ദേഹേഛയുടെ ഭാഗമാണ്. ഈ ശത്രുവിൽ നിന്ന് രക്ഷ തേടാനുള്ള വഴിയും അല്ലാഹുവിനോട് രക്ഷ ചോദിക്കുക എന്നത് തന്നെ. തന്റെ ദേഹേഛയുടെ ഉപദ്രവത്തിൽ നിന്നും, അതിനെ പിൻപറ്റുന്നതിൽ നിന്നും അവൻ രക്ഷ ചോദിക്കുക. മറിച്ച്, സത്യം മാത്രം പറയുകയും അത് മാത്രം സ്വീകരിക്കുകയും ചെയ്യാൻ -അതിൽ ചില പ്രയാസങ്ങളും കയ്പ്പേറിയ അനുഭവങ്ങളും നേരിടേണ്ടി വന്നാലും ഉറച്ചു നിൽക്കാൻ- അവൻ തീരുമാനമെടുക്കുക. അതോടൊപ്പം പിശാചിൽ നിന്ന് അവൻ അല്ലാഹുവിനോട് രക്ഷ ചോദിക്കുകയും ചെയ്യുക.

മൂന്നാമത്തെ ശത്രു തിന്മയിലേക്ക് പ്രേരണ നൽകുന്ന മനുഷ്യന്റെ മനസ്സ് തന്നെയാണ്. നിഷിദ്ധമായ ദേഹേഛകൾ ചെയ്യാനുള്ള മനസ്സിന്റെ താൽപ്പര്യം അതിൽ നിന്നുണ്ടാകുന്നതാണ്. വ്യഭിചാരവും മദ്യപാനവും റമദാൻ മാസത്തിലെ പകലിൽ പ്രത്യേകിച്ചൊരു ഒഴിവുകഴിവുമില്ലാതെ ഭക്ഷണം കഴിക്കാനുള്ള ആഗ്രഹവുമെല്ലാം അതിന്റെ ഭാഗം തന്നെ. തന്റെ സ്വന്തം മനസ്സിന്റെ ഉപദ്രവത്തിൽ നിന്ന് അല്ലാഹുവിനോട് രക്ഷ ചോദിക്കുക എന്നതാണ് ഇവിടെയും ഏറ്റവും പ്രധാനപ്പെട്ട വഴി. നിഷിദ്ധമായ ദേഹേഛകൾ ചെയ്യാതെ ക്ഷമിച്ചു നിലകൊള്ളുകയും, അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചു കൊണ്ട് അതിൽ നിന്ന് മനസ്സിനെ പിടിച്ചു വെക്കുകയും ചെയ്യുക. കഴിക്കാൻ ആഗ്രഹവും താൽപ്പര്യവുമുള്ള ചില ഭക്ഷണപാനീയങ്ങൾ ശരീരത്തിന് ഉപദ്രവം വരുത്തുമെന്ന ഭയം കാരണത്താൽ കഴിക്കാതെ ക്ഷമിക്കുന്നതിന് സമാനമാണത്. അല്ലാഹു നിഷിദ്ധമാക്കിയ ദേഹേഛകൾ പ്രവർത്തിക്കുന്നതിലൂടെയുള്ള ആസ്വാദനം ഉടനടി നീങ്ങിപ്പോകുമെന്നും, അതിന് ശേഷം വരാനിരിക്കുന്നത് നീണ്ട ഖേദത്തിന്റെയും നിരാശയുടെയും കാലമാണെന്നുമുള്ള ചിന്ത അവനുണ്ടായിരിക്കുകയും ചെയ്യട്ടെ.

നാലാമത്തെ ശത്രു: മനുഷ്യ പിശാചുക്കളാണ്. പിശാചിന്റെ കുതന്ത്രത്തിൽ വീണു പോയ മനുഷ്യരാണവർ. അവർ തിന്മകൾ സ്വയം പ്രവർത്തിക്കുകയും, തങ്ങളോടൊപ്പമുള്ളവർക്ക് ഈ തിന്മകൾ അലങ്കൃതമാക്കി കൊടുക്കുകയും ചെയ്യുന്നു. ഈ ശത്രുവിൽ നിന്ന് രക്ഷപ്പെടാനുള്ള വഴി ഇത്തരക്കാരെ കരുതിയിരിക്കുക എന്നതും, അവരിൽ നിന്ന് അകലം പാലിക്കുക എന്നതും, അവരുമായി കൂടിയിരിക്കാതിരിക്കുക എന്നതുമാണ്.

13- ഉന്നതമായ ലക്ഷ്യവും സൗഭാഗ്യകരമായ ജീവിതവും. മനുഷ്യന്റെ ലക്ഷ്യം ഈ ഭൗതിക ജീവിതമല്ല. അതിലുള്ള നശ്വരമായ സുഖാനുഭവങ്ങളുമല്ല. മറിച്ച് അനശ്വരമായ ഒരു ഭാവിക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് മാത്രമാണിവിടം. മരണത്തിന് ശേഷമുള്ള പാരത്രിക ജീവിതമാണത്. സത്യസന്ധമായ വിശ്വാസം പുലർത്തുന്ന ഓരോ മുസ്ലിമും ഈ ജീവിതത്തിൽ പരിശ്രമിക്കുന്നത് അതിന് വേണ്ടിയാണ്. പരലോകത്തേക്കുള്ള വഴിയും, അവിടേക്കുള്ള കൃഷിയിടവുമാണിവിടം എന്ന് അവന് ബോധ്യമുണ്ട്; ഈ കാണുന്നതൊന്നുമല്ല പരമമായ ലക്ഷ്യം എന്നും അവനറിയാം.

അല്ലാഹുവിന്റെ വാക്ക് അവനെപ്പോഴും ഓർക്കുന്നു: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (ദാരിയാത്: 56) അല്ലാഹു പറഞ്ഞു: "(അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളെക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു. അല്ലാഹുവെ മറന്നുകളഞ്ഞ ഒരു വിഭാഗത്തെ പോലെ നിങ്ങളാകരുത്. തന്മൂലം അല്ലാഹു അവർക്ക് അവരെ പറ്റി തന്നെ ഓർമ്മയില്ലാതാക്കി. അക്കൂട്ടർ തന്നെയാകുന്നു ദുർമാർഗികൾ. നരകാവകാശികളും സ്വർഗാവകാശികളും സമമാകുകയില്ല. സ്വർഗാവകാശികൾ തന്നെയാകുന്നു വിജയം നേടിയവർ." (ഹശ്ർ: 18-20) അല്ലാഹു പറയുന്നു: "ആരെങ്കിലും ഒരു ഉറുമ്പിന്റെ കാലടിപ്പാടിനോളം നന്മ ചെയ്താൽ അവനതും കാണുന്നതാണ്. ആരെങ്കിലും ഒരു ഉറുമ്പിന്റെ കാലടിപ്പാടിനോളം തിന്മ ചെയ്താൽ അവനതും കാണുന്നതാണ്." (സൽസല:7-8)

അല്ലാഹുവിന്റെ ഖുർആനിലെ മേൽ പറഞ്ഞ വചനങ്ങളും സമാനമായ മറ്റനേകം വചനങ്ങളും ഓരോ മുസ്ലിമിന്റെയും ചിന്തയിൽ നിരന്തരമായി നിലകൊള്ളുന്നു. തങ്ങളെ അല്ലാഹു സൃഷ്ടിച്ചതിന്റെ പിന്നിലുള്ള ലക്ഷ്യമാണ് അവയിലെല്ലാം

വിവരിക്കപ്പെട്ടിരിക്കുന്നത് എന്ന് അവന് ബോധ്യമുണ്ട്. അവരെ കാത്തിരിക്കുന്ന, യാതൊരു സംശയവുമില്ലാത്ത ഒരു ലോകം വരാനിരിക്കുന്നുണ്ട് എന്ന് അവർക്ക് ദൃഢനിശ്ചയമുണ്ട്. അല്ലാഹുവിന് മാത്രം ആരാധനകൾ നിഷ്കളങ്കമാക്കി കൊണ്ടും, അവന് തൃപ്തികരമായ പ്രവർത്തനങ്ങൾ പ്രവർത്തിച്ചു കൊണ്ടും അതിന് വേണ്ടി അവൻ തയ്യാറെടുക്കുന്നു. നന്മകൾ ചെയ്യുന്നത് ഈ ലോകത്ത് അല്ലാഹുവിന്റെ ആദരവും, മരണശേഷം അല്ലാഹുവിന്റെ ഉന്നതമായ പ്രതിഫലവും നേടിത്തരുന്നതാണ് എന്ന് അവന് വ്യക്തമായ ബോധ്യമുണ്ട്. ഭൂമിയിൽ മനോഹരമായ ഒരു ജീവിതം നയിക്കാനും, അല്ലാഹുവിന്റെ സംരക്ഷണത്തിലും സ്നേഹത്തിലും കഴിയാനും, അവനിൽ നിന്നുള്ള പ്രകാശത്തോടെ കാര്യങ്ങളെ വീക്ഷിക്കാനും അവന് സാധിക്കുന്നു... അല്ലാഹു കൽപ്പിച്ച ആരാധനകൾ അവൻ നിർവ്വഹിക്കുന്നു. അല്ലാഹുവുമായി രഹസ്യസംഭാഷണം നടത്തുന്നതിലൂടെ അവൻ ഏറ്റവും മനോഹരമായ അനുഭവം ആസ്വദിക്കുകയും, തന്റെ ഹൃദയം കൊണ്ടും നാവു കൊണ്ടും അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ മനസ്സിന്റെ സമാധാനം അനുഭവിക്കുകയും ചെയ്യുന്നു.

അവന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും അവൻ അപരനെ സഹായിക്കുന്നു. ആദരണീയരായ മനുഷ്യർ അവന്റെ നന്മകളെ അംഗീകരിക്കുകയും അവന് സന്തോഷം പകരുകയും ഹൃദയത്തിന് വിശാലത നൽകുകയും ചെയ്യുന്ന തരത്തിൽ അവന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നന്മകളോട് നന്ദികെട്ട രൂപത്തിൽ പ്രതികരിക്കുന്ന അധമരെയും അസൂയക്കാരെയും അവൻ കാണുന്നുണ്ട് എങ്കിലും അവരോട് പോലും നന്മ ചെയ്യാൻ അവന് സാധിക്കുന്നു. നകാരണം അല്ലാഹുവിന്റെ പ്രതിഫലവും അവന്റെ തിരുവദനം ദർശിക്കണമെന്ന ആഗ്രഹവുമല്ലാതെ മറ്റൊന്നും അവന്റെ പ്രവർത്തനങ്ങൾക്ക് പിറകിലെ ലക്ഷ്യമായിരുന്നില്ല. അല്ലാഹുവിന്റെ മതത്തോടും അതിന്റെ വക്താക്കളോടും ദേഷ്യം വെച്ചു പുലർത്തുന്ന ദുഷ്ടന്മാരിൽ നിന്ന് പരിഹാസവും ഉപദ്രവങ്ങളും നേരിടേണ്ടി വന്നാൽ കഴിഞ്ഞു പോയ ദൂതന്മാരുടെ ചരിത്രമാണ് അവന് ഓർമ്മ വരിക. അല്ലാഹുവിന്റെ മാർഗത്തിലാണ് താൻ നിലകൊള്ളുന്നത് എന്ന തിരിച്ചറിവോടെ ഇസ്ലാമിനെ സ്നേഹിച്ചു കൊണ്ടും അതിൽ ഉറച്ചു നിന്നു കൊണ്ടും അവൻ മുന്നോട്ടു തന്നെ കുതിക്കും! ഇസ്ലാമിനും മുസ്ലിമീങ്ങൾക്കും പ്രയോജനം ചെയ്യുന്ന പ്രവർത്തനങ്ങളുമായി ഓഫീസുകളിലും കൃഷിയിടങ്ങളിലും മാർക്കറ്റിലും അവൻ ജോലി ചെയ്യുന്നു. അതിലൂടെ അവന്റെ നിഷ്കളങ്കമായ പ്രവർത്തനത്തിനും നല്ല ഉദ്ദേശ്യത്തിനും പരലോകത്ത് പ്രതിഫലം ലഭിക്കുമെന്ന പ്രതീക്ഷ അവനുണ്ട്. തനിക്കും തന്റെ കുടുംബത്തിനും നല്ല സമ്പാദ്യം ഒരുക്കി വെക്കണം എന്ന ഉദ്ദേശ്യത്തോടെയായിരുന്നല്ലോ അവൻ ഈ ജോലിക്ക് ഇറങ്ങിപ്പുറപ്പെട്ടത്. തന്റെ സമ്പാദ്യത്തിൽ നിന്ന് അവൻ ദരിദ്രർക്ക് ദാനം നൽകുകയും ചെയ്യാറുണ്ട്, എത്ര ധന്യമായ ഹൃദയത്തിന്റെ ഉടമയാണവൻ. എത്ര മാത്രം നന്മ നിറഞ്ഞ മനസ്സോടെ അഭിമാനമുള്ള ജീവിതമാണവൻ നയിക്കുന്നത്?! അല്ലാഹുവിൽ നിന്നുള്ള പ്രതിഫലമാണ് അവന്റെ പ്രതീക്ഷ! പണിയെടുക്കുന്ന ശക്തരായ വിശ്വാസികളെ അല്ലാഹു സ്നേഹിക്കുന്നു എന്ന തിരിച്ചറിവ് അവന് സന്തോഷം പകരുന്നു! ഭക്ഷണം കഴിക്കുമ്പോഴും വെള്ളം കുടിക്കുമ്പോഴും ഉറങ്ങുമ്പോഴുമെല്ലാം അവൻ കൃത്യമായ പരിധികൾക്കുള്ളിലാണ്. അല്ലാഹുവിനെ അനുസരിച്ചുള്ള ജീവിതം നയിക്കാൻ വേണ്ടിയാണ് അവന്റെ എല്ലാ പ്രവർത്തനങ്ങളും! ഭാര്യയുമായുള്ള അവന്റെ പെരുമാറ്റം നോക്കൂ; അവളുടെ ചാരിത്ര്യം നിലനിർത്താനും അവന്റെ ചാരിത്ര്യം നിലനിർത്താനും വേണ്ട രൂപത്തിൽ അവൻ ജീവിതം നയിക്കുന്നു. അല്ലാഹു നിഷിദ്ധമാക്കിയതിലേക്ക് അവരുടെ കൈകളെത്തുന്നില്ല. അല്ലാഹുവിനെ ആരാധിക്കുന്ന സന്താനങ്ങൾ അവരിലൂടെ വളർന്നു വരുന്നു. ആ മക്കൾ തങ്ങളുടെ മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോഴും മരണശേഷവും അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. അവന്റെ നന്മകൾക്കുള്ള തുടർച്ചയാണ് ആ മക്കൾ! അവരിലൂടെ മുസ്ലിംകളുടെ എണ്ണം വർദ്ധിക്കുകയും, അത് അല്ലാഹുവിങ്കൽ പ്രതിഫലം ലഭിക്കാൻ അവന് കാരണമാവുകയും ചെയ്യുന്നു. അല്ലാഹു തനിക്ക് നൽകുന്ന അനുഗ്രഹങ്ങൾക്കെല്ലാം അവൻ നന്ദി പറയുകയും, തന്റെ രക്ഷിതാവിനെ അനുസരിക്കാനുള്ള മാർഗമായി അവയെ അവൻ ഉപയോഗപ്പെടുത്തുകയും, ഇതെല്ലാം തന്റെ റബ്ബിൽ നിന്നുള്ളതാണെന്ന് അവൻ അംഗീകരിക്കുകയും ചെയ്യുന്നു; അനുഗ്രഹങ്ങൾ അവന് അല്ലാഹുവിങ്കൽ പ്രതിഫലത്തിനുള്ള വഴിയായി മാറുന്നു അതോടെ! എന്തെങ്കിലും പ്രയാസങ്ങളോ, പട്ടിണിയോ ഭയമോ രോഗമോ പ്രതിസന്ധികളോ ബാധിച്ചാൽ അല്ലാഹുവിൽ നിന്നുള്ള പരീക്ഷണമാണ് ഇതെല്ലാം എന്ന് അവൻ തിരിച്ചറിയുകയും, തന്റെ ക്ഷമയും അല്ലാഹുവിന്റെ വിധിയിലുള്ള തൃപ്തിയും പ്രകടമാകുന്നതിന് വേണ്ടി അല്ലാഹു നിശ്ചയിച്ചതാണ് ഇതെല്ലാം എന്നും അവന് മനസ്സിലാകുന്നു. (78) അങ്ങനെ അവൻ ക്ഷമ കൈക്കൊള്ളുകയും, അല്ലാഹുവിന്റെ വിധിയിൽ തൃപ്തിയടയുകയും, എല്ലാ സന്ദർഭങ്ങളിലും അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചു കൊണ്ട് അവനെ സ്തുതിച്ചു കൊണ്ടിരിക്കുകയും, ക്ഷമാശീലർക്ക് അല്ലാഹു വാഗ്ദാനം ചെയ്ത പ്രതിഫലം അതിലൂടെ അവൻ നേടിയെടുക്കുകയും ചെയ്യും. പ്രയാസങ്ങളെല്ലാം അവന് ഇതോടെ ലളിതമായി തീരുന്നു! ശമനം ആഗ്രഹിച്ചു കൊണ്ട് കയ്പ്പുള്ള മരുന്ന് കുടിച്ചിറക്കുന്ന രോഗിയുടേതിന് സമാനമാണ് അവന്റെ സ്ഥിതി.

നോക്കൂ! ഈ രൂപത്തിൽ, അല്ലാഹു കൽപ്പിച്ച രീതിയിൽ ഒരു മുസ്ലിം ഇഹലോകത്ത് ജീവിച്ചാൽ എത്ര ഉന്നതമായ ആത്മാവിന്റെ ഉടമയായിരിക്കും അവൻ. ഉറപ്പായും സംഭവിക്കാനിരിക്കുന്ന ഒരു യഥാർത്ഥ ലോകത്തിന് വേണ്ടി അവൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഈ ജീവിതത്തിൽ കാണപ്പെടുന്ന ഒരു കലർപ്പുകളും ബാധിക്കാത്ത ഒരു ലോകം അവനെ കാത്തിരിക്കുന്നു. അവിടെ മരണത്തിന്റെ വിലങ്ങുകളില്ല. സംശയമില്ല! ഇഹലോകത്തും അവൻ സൗഭാഗ്യവാൻ തന്നെ. പരലോകത്തും അവൻ ഭാഗ്യം സിദ്ധിച്ചവൻ തന്നെ. അല്ലാഹു പറയുന്നു: "ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തികൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും." (ഖസ്വസ്: 83) അല്ലാഹു പറഞ്ഞതെത്ര സത്യമാണ്! "ഏതൊരു പുരുഷനാകട്ടെ സ്ത്രീയാകട്ടെ, (അല്ലാഹുവിലും അവന്റെ ദൂതനിലും അന്ത്യനാളിലും) വിശ്വാസമുള്ളവനായി കൊണ്ട് അവർ സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം അവർക്ക് നാം വിശിഷ്ടമായ ഒരു ജീവിതം തീർച്ചയായും നല്കുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിന് ഏറ്റവും ഉത്തമമായ പ്രതിഫലം തീർച്ചയായും നാം അവർക്ക് നല്കുകയും ചെയ്യും." (നഹ്ൽ: 97) ഈ ആയത്തിലും സമാനമായ മറ്റു ആയത്തുകളിലും അല്ലാഹു അറിയിച്ചതിന്റെ രത്നച്ചുരുക്കം ഇപ്രകാരമാണ്: അല്ലാഹുവിന്റെ തൃപ്തി പ്രതീക്ഷിച്ചു കൊണ്ട് ഈ ലോകത്ത് നന്മകൾ പ്രവർത്തിക്കുന്ന പുരുഷനും സ്ത്രീക്കും അല്ലാഹു ഉടനടി നൽകുന്ന പ്രതിഫലവും പിന്നീട് നൽകുന്ന മറ്റൊരു പ്രതിഫലവുമുണ്ട്. ഉടനെ ലഭിക്കുന്ന ഇഹലോക ജീവിതത്തിലെ സൗഭാഗ്യങ്ങൾ തന്നെ. നേരത്തെ നാം വിവരിച്ച സൗഭാഗ്യപൂർണമായ ജീവിതം! പരലോകത്തുള്ളതാകട്ടെ, അനശ്വരമായ സുഖാനുഗ്രഹങ്ങളുടെ സ്വർഗമാണ്. നബി -ﷺ- പറഞ്ഞത് നോക്കൂ: "മുഅ്മിനിന്റെ കാര്യം അത്ഭുതം തന്നെ! അവന്റെ എല്ലാ കാര്യവും അവന് നന്മയാണ്.

അതൊരു മുഅ്മിനിന് അല്ലാതെ ഉണ്ടാവുകയില്ല. അവനൊരു സന്തോഷം ബാധിച്ചാൽ അവൻ അല്ലാഹുവിന് നന്ദി കാണിക്കും; അതോടെ അതവനൊരു നന്മയായി മാറും. അവനൊരു പ്രയാസം ബാധിച്ചാൽ അവൻ ക്ഷമിക്കും; അപ്പോൾ അതും അവന് നന്മയായി മാറും." (79)

ഇത്രയും പറഞ്ഞതിൽ നിന്ന് ഒരു കാര്യം മനസ്സിലാക്കാം; ഇസ്ലാമിൽ മാത്രമാണ് ശരിയായ ചിന്തയും കൃത്യമായ ബുദ്ധിയും യുക്തിയുമുള്ളത്. നന്മ തിന്മകളെ അളക്കാനുള്ള ഏറ്റവും കൃത്യമായ അളവുകോലുകളും, നീതിപൂർവ്വകമായ ജീവിതമാർഗവും ഈ മതം മാത്രമേ പഠിപ്പിച്ചിട്ടുള്ളൂ. മനഃശാസ്ത്രപരമായും, സാമൂഹികമോ രാഷ്ട്രീയമോ സാമ്പത്തികമോ വിദ്യാഭ്യാസപരമോ ആയ മേഖലകളിൽ മനുഷ്യർ കൊണ്ടുവന്ന സകല പ്രത്യയശാസ്ത്രങ്ങളും ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിലാണ് വിലയിരുത്തപ്പെടേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ അവയെല്ലാം തിരുത്തപ്പെടുകയും വേണം. കാരണം ഇസ്ലാമിന് വിരുദ്ധമായ ഒരു കാര്യവും വിജയം നേടുകയില്ല. മറിച്ച്, ദൗർഭാഗ്യത്തിന്റെയും ഇഹപരലോകങ്ങളിലെ നഷ്ടത്തിന്റെയും വഴി മാത്രമേ അവയെല്ലാം മനുഷ്യർക്ക് തുറന്നു നൽകുകയുള്ളൂ.

***

# ചില ആശയക്കുഴപ്പങ്ങൾക്ക് മറുപടി

ഇസ്ലാമിന് ചീത്തപ്പേരുണ്ടാക്കുന്നത് ജനങ്ങളിൽ രണ്ട് വിഭാഗമാണ്:

1- ഇസ്ലാമിലേക്ക് സ്വയം ചേർത്തി പറയുകയും, ഞങ്ങൾ മുസ്ലിംകളാണെന്ന് അവകാശപ്പെടുകയും ചെയ്യുന്ന, എന്നാൽ തങ്ങളുടെ വാക്കുകളിലും പ്രവർത്തികളിലും ഇസ്ലാമിന് വിരുദ്ധമായി മാത്രം മുന്നോട്ട് ഗമിക്കുന്നവർ. അവർ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ഇസ്ലാമുമായി യാതൊരു ബന്ധവുമില്ല. അവർ ഇസ്ലാമിന്റെ പ്രതിനിധികളല്ല; ഇസ്ലാമിലേക്ക് അവരുടെ പ്രവർത്തനങ്ങൾ ചേർത്തു പറയുന്നത് ശരിയുമല്ല. അവരിൽ ചിലരാണ്:

വിശ്വാസപരമായ കാര്യങ്ങളിൽ പിഴവു സംഭവിച്ച കൂട്ടർ; ഖബ്റുകളെ പ്രദക്ഷിണം നടത്തുകയും, മരിച്ചവരോട് തങ്ങളുടെ ആവശ്യങ്ങൾ തേടുകയും, അവർക്ക് തങ്ങൾക്ക് ഉപകാരം ചെയ്യാനും ഉപദ്രവങ്ങൾ തടുക്കാനും സാധിക്കുമെന്ന് ധരിക്കുകയും ചെയ്യുന്നവർ.

2- മതനിഷ്ഠയിലും സ്വഭാവമര്യാദകളിലും കുറവു വരുത്തുന്നവർ:

അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങൾ ഉപേക്ഷിക്കുകയും, നിഷിദ്ധവൃത്തികളായ വ്യഭിചാരത്തിലും മദ്യപാനത്തിലും മറ്റും മുഴുകുകയും ചെയ്യുന്നവർ... അല്ലാഹുവിന്റെ ശത്രുക്കളെ സ്നേഹിക്കുകയും അവരുമായി സാദൃശ്യം പുലർത്താൻ ശ്രമിക്കുകയും ചെയ്യുന്നവർ... (ഇവർ ഇസ്ലാമിന്റെ സൽപ്പേരിന് കോട്ടം വരുത്തുന്നു).

3- ഇസ്ലാമിന്റെ സൽപ്പേരിന് കോട്ടം സൃഷ്ടിക്കുന്ന അടുത്ത വിഭാഗം ദുർബല വിശ്വാസം മാത്രം വെച്ചു പുലർത്തുന്ന ചില മുസ്ലിംകളാണ്. ഇസ്ലാമിക വിധിവിലക്കുകൾ പാലിക്കുന്നതിൽ അവർ വളരെ പിറകിലാണ്. നിർബന്ധ കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ അവർക്ക് കുറവുകളുണ്ട്; അവ അവർ പൂർണ്ണമായി ഉപേക്ഷിച്ചിട്ടില്ലെങ്കിലും. ഇതു പോലെ മറ്റു നിഷിദ്ധവൃത്തികൾ അവർ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്; എന്നാൽ വലിയ ബഹുദൈവാരാധനയിലോ നിഷേധത്തിലോ ഉൾപ്പെടുന്ന കാര്യങ്ങൾ അവർ ചെയ്യുന്നില്ല. ഇതോടൊപ്പം നിഷിദ്ധമായ പല ജീവിതശൈലികളും അവർ പുലർത്തുന്നുണ്ടായിരിക്കും; ഇസ്ലാമാകട്ടെ അവയെ തള്ളിപ്പറയുകയും വൻപാപങ്ങളിൽ പെട്ടതായി അവയെ എണ്ണുകയും ചെയ്യുന്നുണ്ടായിരിക്കും. കളവു പറയുക, വഞ്ചന കാണിക്കുക, വാഗ്ദത്തം ലംഘിക്കുക, അസൂയ പുലർത്തുക തുടങ്ങിയ കാര്യങ്ങൾ ഈ പറഞ്ഞതിൽ പെടും. മേൽ പറയപ്പെട്ട വിഭാഗങ്ങളെല്ലാം ഇസ്ലാമിന്റെ പേര് മോശമാക്കുന്നു എന്നതിൽ സംശയമില്ല. കാരണം ഇസ്ലാമിനെ കുറിച്ച് തീർത്തും ധാരണയില്ലാത്ത അമുസ്ലിംകൾ ഇത് കണ്ടാൽ ധരിക്കുക; ഇസ്ലാം അനുവാദം നൽകിയത് കൊണ്ടാണ് ഇവർ ഇതെല്ലാം പ്രവർത്തിക്കുന്നത് എന്നായിരിക്കും.

രണ്ടാമതൊരു വിഭാഗം കൂടി ഇസ്ലാമിനെതിരെ പ്രവർത്തിക്കുന്നുണ്ട്. അവർ ഇസ്ലാമിന്റെ ശത്രുക്കളും വിദ്വേഷികളുമായ അല്ലാഹുവിന്റെ ശത്രുക്കളാണ്. ഓറിയന്റലിസ്റ്റുകളും യഹൂദരും ക്രൈസ്തവ സുവിശേഷ പ്രവർത്തകരും അവരുടെ മാർഗത്തിൽ ചരിക്കുന്നവരും ഈ കൂട്ടത്തിലാണ് ഉൾപ്പെടുക. ഇസ്ലാമിന്റെ പൂർണ്ണതയും വിശാലതയും സൗന്ദര്യവും അതിന്റെ വേഗത്തിലുള്ള പ്രചാരണവും അവരുടെ ഉറക്കം കെടുത്തിയിരിക്കുന്നു. ഇസ്ലാം ശുദ്ധപ്രകൃതിയുടെ മതമാണ് എന്നതിനാൽ അത് മനുഷ്യപ്രകൃതം ഉടനടി സ്വീകരിക്കും; മുസ്ലിമല്ലാത്ത ഏതൊരാളും മനസ്സിൽ അനുഭവിക്കുന്ന അനിശ്ചിതത്വങ്ങളെയും തന്റെ മതവിശ്വാസത്തെ കുറിച്ചുള്ള അതൃപ്തിയെയും പരിഹരിക്കാൻ ഇസ്ലാമിന് വളരെ വേഗമാണ് സാധിക്കുന്നത്. കാരണം അല്ലാഹു നിശ്ചയിച്ച ശുദ്ധപ്രകൃതിക്ക് വിരുദ്ധമാണ് അവർ സ്വീകരിച്ചിട്ടുള്ള എല്ലാ മതവിശ്വാസങ്ങളും ചിന്താഗതികളും. യഥാർത്ഥ മുസ്ലിമായി ജീവിക്കുന്ന മനുഷ്യർ മാത്രമാണ് തന്റെ മതവിശ്വാസം കൊണ്ട് സൗഭാഗ്യപൂർണ്ണമായ ജീവിതം നയിക്കുന്നുള്ളൂ. കാരണം ലോകങ്ങളുടെ സ്രഷ്ടാവ് മനുഷ്യർക്ക് വേണ്ടി നിശ്ചയിച്ച മതമാണത്. അതിനാൽ ഓരോ യഹൂദ നസ്വാറാക്കളിൽ പെട്ടവരോടും നാം പറയട്ടെ; നിങ്ങളുടെ മക്കളെല്ലാം ഇസ്ലാമിന്റെ ശുദ്ധപ്രകൃതിയുമായായാണ് ജനിച്ചത്. എന്നാൽ അവരുടെ മാതാപിതാക്കളുടെ മോശം തീരുമാനങ്ങൾ മൂലം മാത്രമാണ് അവർ അതിൽ നിന്ന് തെന്നിത്തെറിച്ചകന്നു പോയത്.

ഓറിയന്റലിസ്റ്റുകളും ക്രൈസ്തവ പാതിരിമാരും ഇസ്ലാമിനും ഇസ്ലാമിന്റെ പ്രവാചകൻ മുഹമ്മദ് നബി -ﷺ- ക്കും നേരെ തൊടുത്തു വിടുന്ന കള്ളത്തരങ്ങൾ അനേകമുണ്ട്.

1- ചിലപ്പോൾ അവിടുത്തെ പ്രവാചകത്വത്തെ അവർ കളവാക്കാൻ ശ്രമിക്കുന്നു.

2- അതല്ലെങ്കിൽ നബി -ﷺ- യെ അവർ ആക്ഷേപങ്ങൾ കൊണ്ട് പൊതിയാൻ ശ്രമിക്കുന്നു. എന്നാൽ എല്ലാ ന്യൂനതകളിൽ നിന്നും കുറവുകളിൽ നിന്നും അവിടുന്ന് പരിശുദ്ധരാണെന്ന കാര്യം അല്ലാഹു ബോധ്യപ്പെടുത്തിയിരിക്കുന്നു; അവർക്കത് തൃപ്തികരമല്ലെങ്കിലും.

3- ഇസ്ലാമിലെ നീതിനിറഞ്ഞ വിധിവിലക്കുകളെ മോശമായി അവതരിപ്പിക്കുക എന്നതാണ് മറ്റു ചിലപ്പോൾ അവർ സ്വീകരിക്കുന്ന വഴി. എല്ലാം അറിയുന്നവനും അതീവ യുക്തിമാനുമായ അല്ലാഹു നിശ്ചയിച്ച മതവിധികളിൽ നിന്ന് മനുഷ്യരെ അകറ്റാൻ വേണ്ടിയാണ് അവരിതെല്ലാം ചെയ്തു കൊണ്ടിരിക്കുന്നത്.

എന്നാൽ അല്ലാഹു അവരുടെ കുതന്ത്രങ്ങളെ തകർക്കുന്നതാണ്. കാരണം അവർ സത്യത്തിനെതിരെയാണ് പടപൊരുതാൻ ശ്രമിക്കുന്നത്. സത്യമാകട്ടെ, അത് വിജയം മാത്രമേ നേടുകയുള്ളൂ. അതൊരിക്കലും മറ്റൊന്നിന് മുൻപിലും പരാജിതമാവില്ല. "അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. (അല്ലാഹുവിനെയും അവന്റെ ദൂതനെയും) നിഷേധിക്കുന്നവർക്ക് അത് അനിഷ്ടകരമായാലും. അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു. സന്മാർഗവും സത്യമതവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു. അതിനെ എല്ലാ മതത്തിനും മീതെ വിജയിപ്പിക്കുന്നതിന് വേണ്ടി. മുശ്രിക്കുകൾക്ക് അരോചകമായിരുന്നാലും ശരി." (സ്വഫ്ഫ്: 8-9)

രണ്ട്: ഇസ്ലാമിന്റെ പ്രമാണങ്ങൾ.

ബുദ്ധിയുള്ള മനുഷ്യരേ! ഇസ്ലാമിനെ അതിന്റെ യഥാർത്ഥ സ്രോതസ്സിൽ നിന്ന് പഠിക്കണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ... വിശുദ്ധ ഖുർആൻ നീ പാരായണം ചെയ്യുക. നബി -ﷺ- യിൽ നിന്ന് സ്ഥിരപ്പെട്ട ഹദീഥുകളും വായിക്കുക. സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്ലിം, മുവത്വ മാലിക്, മുസ്നദ് അഹ്മദ്, സുനനു അബീദാവൂദ്, സുനനുന്നസാഈ, സുനനു തിർമിദി, സുനനു ഇബ്നി മാജഃ, സുനനുദ്ദാരിമീ... ഇങ്ങനെ ഹദീഥുകൾ രേഖപ്പെടുത്തപ്പെട്ട അനേകം ഗ്രന്ഥങ്ങളുണ്ട്. അതോടൊപ്പം ഇബ്നു ഹിശാമിന്റെ സീറത്തുന്നബവിയ്യഃ എന്ന ഗ്രന്ഥം നബി -ﷺ- യുടെ ചരിത്രം മനസ്സിലാക്കാൻ വേണ്ടി വായിക്കുക. ഇബ്നു കഥീർ രചിച്ച തഫ്സീറുൽ ഖുർആനിൽ അദ്വീം, ഇബ്നുൽ ഖയ്യിം രചിച്ച സാദുൽ മആദ് എന്നിങ്ങനെ ഇസ്ലാമിക പണ്ഡിതന്മാർ രചിച്ച മറ്റനേകം ഗ്രന്ഥങ്ങൾ വേറെയുമുണ്ട്. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ, ഇമാം മുഹമ്മദ് ബ്നു അബ്ദിൽ വഹ്ഹാബ് തുടങ്ങി തൗഹീദിന്റെയും പ്രബോധനത്തിന്റെയും മാർഗത്തിൽ ചരിച്ച ഇസ്ലാമിക ലോകത്തെ പണ്ഡിതന്മാർ അനേകമുണ്ട്. അറബ് ഉപദ്വീപിൽ ഇസ്ലാമിന്റെ ശരിയായ സന്ദേശവും തൗഹീദിന്റെ പ്രകാശവും പ്രചരിപ്പിച്ച, മുഹമ്മദ് ബ്നു സഊദിന്റെ ഭരണസഹായത്തോടെ അതിനായി പോരാടിയ മഹാപണ്ഡിതനാണ് മുഹമ്മദ് ബ്നു അബ്ദിൽ വഹ്ഹാബ്. ഹിജ്റ പന്ത്രണ്ടാം നൂറ്റാണ്ട് മുതൽ അതിന്റെ ചരിത്രം ആരംഭിച്ചതായി കാണാം.

എന്നാൽ ഇസ്ലാമിലേക്ക് ചേർത്തിപ്പറയുന്ന ഓറിയന്റലിസ്റ്റ് സാഹിത്യകാരന്മാരിൽ നിന്നോ, മറ്റേതെങ്കിലും പിഴച്ച കക്ഷികളിൽ നിന്നോ ഈ മതത്തെ പഠിക്കാൻ നീ ശ്രമിക്കരുത്. ഇസ്ലാമിന് വിരുദ്ധമായി നിലകൊള്ളുന്നവരും, അതിന്റെ അദ്ധ്യാപനങ്ങളെ വക്രീകരിക്കാൻ ശ്രമിക്കുന്നവരുമാണ് അവർ. നബി -ﷺ- യുടെ സ്വഹാബികളെ ആക്ഷേപിക്കുകയും, അവരിൽ ചിലരെ ചീത്തപറയുകയും അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിച്ച യഥാർത്ഥ പണ്ഡിതന്മാരായ ഇബ്നു തൈമിയ്യയെയും ഇബ്നുൽ ഖയ്യിമിനെയും ഇബ്നു അബ്ദിൽ വഹ്ഹാബിനെയും പോലുള്ളവരെ കുറിച്ച് കള്ളങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങളാണ് അവരിൽ പലരും രചിച്ചത്. അത്തരം ഗ്രന്ഥങ്ങളിൽ വഞ്ചിതനായി പോകുന്നതും, അവ വായിക്കുന്നതും നീ കരുതിയിരിക്കുക.

മൂന്ന്: ഇസ്ലാമിലെ വിഭിന്ന ചിന്താഗതികൾ:

എല്ലാ മുസ്ലിംകളും ഒരേയൊരു മാർഗത്തിൽ നിലകൊള്ളുന്നവരാകണം; അത് ഇസ്ലാമിന്റെ മാർഗമാണ്. അതിന്റെ സ്രോതസ്സ് എന്നു പറയുന്നതാകട്ടെ, ഖുർആനും നബി -ﷺ- യുടെ ഹദീഥുകളുമാണ്. എന്നാൽ ഇസ്ലാമിൽ മദ്ഹബുകൾ എന്ന പേരിൽ അറിയപ്പെടുന്ന നാല് മദ്ഹബുകളുണ്ട്; ഹനഫീ, മാലികീ, ശാഫിഈ, ഹമ്പലീ മദ്ഹബുകൾ എന്നറിയപ്പെടുന്ന ഈ നാല് പദങ്ങൾ ഇസ്ലാമിക കർമ്മശാസ്ത്രവുമായി ബന്ധപ്പെട്ട നാല് രീതികളെയാണ് ഉദ്ദേശിക്കുന്നത്. ഈ നാല് കർമ്മശാസ്ത്ര മദ്ഹബുകൾക്കും ഇടയിൽ ഉടലെടുത്ത അഭിപ്രായവ്യത്യാസങ്ങൾ ശാഖാപരമായ വിഷയങ്ങളിലുള്ള വീക്ഷണ വ്യത്യാസങ്ങൾ മാത്രമാണ്. ഇത്തരം കാര്യങ്ങളിലെല്ലാം ഖുർആനിനും സുന്നത്തിനും യോജിക്കുന്ന വീക്ഷണം സ്വീകരിക്കണമെന്നാണ് ഓരോ മദ്ഹബിലെയും പണ്ഡിതന്മാർ തങ്ങളുടെ ശിഷ്യന്മാരെ പഠിപ്പിച്ചത്. തങ്ങളുടെ വാക്കുകൾക്ക് വിരുദ്ധമായിട്ടാണെങ്കിലും, സത്യം മറ്റൊരു ഇമാമിന്റെ പക്കലാണെങ്കിലും അത് സ്വീകരിക്കണമെന്നായിരുന്നു അവരെല്ലാം ഉപദേശിച്ചത്.

നാലിൽ ഏതെങ്കിലുമൊരു മദ്ഹബ് നിർബന്ധമായും സ്വീകരിക്കാൻ ഏതെങ്കിലുമൊരു മുസ്ലിം ബാധ്യസ്ഥനല്ല. മറിച്ച്, ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുക എന്നതാണ് അവന്റെ മേലുള്ള ബാദ്ധ്യത. എന്നാൽ ഈ മദ്ഹബുകൾ പിൻപറ്റുന്നു എന്ന് വാദിക്കുന്ന ഇക്കാലഘട്ടത്തിലെ പലരും യഥാർത്ഥത്തിൽ വിശ്വാസപരമായ പല വ്യതിയാനങ്ങളും വെച്ചു പുലർത്തുന്നു എന്നതാണ് സങ്കടകരം. ഖബറുകൾ പ്രദക്ഷിണം വെക്കുക, അതിൽ കിടക്കുന്നവരോട് സഹായം തേടുക, അല്ലാഹുവിന്റെ വിശേഷണങ്ങൾക്ക് അതിന്റെ യഥാർത്ഥ അർഥം പറയാതെ വ്യാഖ്യാനിക്കുക, അവയുടെ പ്രത്യക്ഷാർത്ഥത്തിൽ നിന്ന് അവയെ മാറ്റിമറിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ മദ്ഹബിന്റെ ഇമാമുമാരുടെ നിലപാടുകൾക്ക് വിരുദ്ധമാണ്. കാരണം നാല് മദ്ഹബിന്റെയും ഇമാമുമാർ സ്വീകരിച്ചത് അവർക്ക് മുൻപുള്ള സച്ചരിതരായ സലഫുകളുടെ മാർഗമാണ്.

നാല്: ഇസ്ലാമിൽ നിന്ന് പുറത്തു പോയ കക്ഷികൾ:

ഇസ്ലാമിൽ നിന്ന് പുറത്തു പോയ ചില കക്ഷികൾ ഇസ്ലാമിക ലോകത്തുണ്ട്. ഞങ്ങളും മുസ്ലിംകളാണ് എന്ന് ഈ കക്ഷികളിൽ പെട്ടവർ വാദിക്കുന്നുണ്ട് എങ്കിലും അവർ യഥാർത്ഥത്തിൽ മുസ്ലിംകളല്ല. കാരണം അല്ലാഹുവിനെ നിഷേധിക്കുകയും അവന്റെ ദൃഷ്ടാന്തങ്ങളെയും ഏകത്വത്തെയും തള്ളിപ്പറയുന്നവരുമാണ് അവർ. അവയിൽ ചില കക്ഷികളെ താഴെ പരിചയപ്പെടുത്താം.

1- ബാത്വിനിയ്യഃ കക്ഷി.

ദൈവം അവന്റെ സൃഷ്ടികളിൽ അലിഞ്ഞു ചേർന്നിരിക്കുന്നു, പുനർജന്മം എന്നിങ്ങനെയുള്ള ചിന്താഗതികൾ വെച്ചു പുലർത്തുന്ന കൂട്ടരാണിവർ. ഇസ്ലാമിക പ്രമാണങ്ങൾക്ക് നബി -ﷺ- നൽകിയ പ്രത്യക്ഷാർത്ഥങ്ങളല്ലാതെ ആന്തരികമായ മറ്റു അർത്ഥങ്ങളുണ്ട് എന്നത് അവരുടെ വിശ്വാസങ്ങളിൽ പെട്ടതാണ്. (82) മുസ്ലിം സമൂഹം ഏകോപിച്ച അർത്ഥങ്ങൾക്ക് വരെ വിരുദ്ധമാണ് ഇവർ തങ്ങളുടെ തോന്നലുകൾക്ക് അനുസരിച്ച് പ്രമാണങ്ങൾക്ക് നൽകുന്ന ഇത്തരം വിശദീകരണങ്ങൾ. (82) ബാത്വിനിയ്യഃ കക്ഷിയുടെ ഉൽഭവത്തിന്റെ കാരണം പേർഷ്യൻ രാജ്യങ്ങളിലുണ്ടായ ഇസ്ലാമിക വളർച്ചയെ തടയിടുക എന്ന ഗൂഢോദ്ദേശ്യമായിരുന്നു. ഇസ്ലാമിന്റെ ശക്തമായ പ്രചാരണത്തിൽ അരിശം പൂണ്ട യഹൂദരും മജൂസികളും മതനിഷേധികളായ തത്വശാസ്ത്രജ്ഞരും ഒരുമിച്ചു കൂടുകയും, മുസ്ലിംകൾക്കിടയിൽ ഭിന്നത സൃഷ്ടിക്കാൻ വേണ്ട ഒരു ചിന്താഗതിയുടെ ഉത്ഭവത്തെ കുറിച്ച് കൂടിയാലോചിക്കുകയും, അതിന്റെ ഫലമായി രൂപം കൊള്ളുകയും ചെയ്ത ചിന്താഗതിയാണിത്. വിശുദ്ധ ഖുർആനിന്റെ അർത്ഥങ്ങളെ കുറിച്ച് അനാവശ്യ തർക്കങ്ങൾ ഉടലെടുക്കുകയും, അതിലൂടെ മുസ്ലിംകൾ ഭിന്നിക്കുകയും ചെയ്യുമെന്നതായിരുന്നു ഇതിന്റെ നിർമ്മാതാക്കൾ ആഗ്രഹിച്ചത്. അങ്ങനെ നാശകാരിയായ ഈ

ചിന്താഗതി രൂപം കൊള്ളുകയും, അതിലേക്ക് അവർ ജനങ്ങളെ ക്ഷണിക്കുകയും, അവർ തങ്ങൾ അഹ്ലൽ ബൈതിന്റെ (നബികുടുംബം) ആളുകളാണെന്ന് വാദിക്കുകയും ചെയ്തു. ഇതെല്ലാം സാധാരണക്കാരായ ജനങ്ങളെ വഴിതെറ്റിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. ഈ ചിന്താഗതിയിലൂടെ അനേകം പാമരജനങ്ങളെ അവർ വഴിതെറ്റിക്കുകയും, സത്യമാർഗത്തിൽ നിന്ന് അവരെ പിഴപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2- ഖാദിയാനിയ്യാക്കൾ; ഗുലാം അഹ്മദ് ഖാദിയാനി എന്ന വ്യക്തിയിലേക്ക് ചേർത്തി കൊണ്ടാണ് ഈ കക്ഷി അറിയപ്പെടുന്നത്. പ്രവാചകത്വം വാദിച്ചതിന്റെ പേരിലാണ് ഇയാൾക്ക് കുപ്രസിദ്ധി ലഭിച്ചത്. ഇന്ത്യയിലെ പാമരജനങ്ങൾ ഇയാൾക്ക് പിറകിൽ തടിച്ചു കൂടുകയും, ഇയാളുടെ ആശയം സ്വീകരിക്കാൻ ജനങ്ങളെ ക്ഷണിക്കുകയും ചെയ്തു പോന്നു. അക്കാലഘട്ടത്തിൽ ഇന്ത്യയെ കോളനിവൽക്കരിച്ചിരുന്ന ബ്രിട്ടീഷുകാരുടെ കളിപ്പാവകളായിരുന്നു ഇക്കൂട്ടർ. ഖാദിയാനിക്കും അയാളുടെ അനുയായികൾക്കും വലിയ സഹായങ്ങൾ അവർ ചെയ്തു പോന്നു. വിവരമില്ലാത്ത ധാരാളം ജനങ്ങൾ ഈ വഴികേടുകളിൽ പെട്ടുപോയിട്ടുണ്ട്. ഇസ്ലാമിന്റെ തകർച്ചക്കു വേണ്ടിയും, മുസ്ലിംകളെ ഈ ദീനിന്റെ വലയത്തിൽ നിന്ന് പുറത്തു കൊണ്ടുവരാനും വേണ്ടി കഠിന പരിശ്രമത്തിൽ ഏർപ്പെട്ടിട്ടുള്ള കക്ഷിയാണ് ഖാദിയാനികൾ. തന്റെ പ്രവാചകത്വ വാദത്തിന് തെളിവു നൽകാൻ വേണ്ടി ഇയാൾ ചില ഗ്രന്ഥങ്ങൾ രചിക്കുകയും ഇസ്ലാമിക പ്രമാണങ്ങളെ തനിക്ക് തോന്നിയ പോലെ അയാൾ വ്യാഖ്യാനിക്കുകയും ചെയ്തു. ഇസ്ലാമിലെ യുദ്ധവുമായി ബന്ധപ്പെട്ട വിധിവിലക്കുകൾ ദുർബലപ്പെടുത്തപ്പെട്ടിരിക്കുന്നു എന്ന ചിന്താഗതി ഇയാൾ പ്രചരിപ്പിച്ചിരുന്നു.

എല്ലാ മുസ്ലിംകളും ബ്രിട്ടീഷുകാർക്ക് കീഴൊതുങ്ങണമെന്ന് ഉദ്ഘോഷണം നടത്താൻ വേണ്ടി മാത്രമായി ഖാദിയാനി ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ജനങ്ങളിൽ അനേകം പേരെ വഴികേടിലാക്കിയതിന് ശേഷം 1908 ലാണ് ഈ മനുഷ്യന്റെ ജീവിതം അവസാനിച്ചത്. അയാളുടെ പ്രബോധനം പിൽക്കാലഘട്ടത്തിൽ ഹകീം നൂറുദ്ദീൻ എന്ന വ്യക്തി ഏറ്റെടുക്കുകയും, ഈ ചിന്താഗതി അതിന്റെ നേതാക്കളുടെ നിയന്ത്രണത്തിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

3- ബാത്വിനിയ്യ കക്ഷികളിൽ എണ്ണപ്പെടേണ്ട മറ്റൊരു വിഭാഗം ബഹാഇകളാണ്. ക്രിസ്താബ്ദം പത്തൊമ്പതാം നൂറ്റാണ്ടിൽ ഇറാനിൽ രൂപം നൽകപ്പെട്ട ഈ പിഴച്ച കക്ഷിയുടെ ഉപജ്ഞാതാവ് അലി മുഹമ്മദ് എന്ന വ്യക്തിയാണ്. മുഹമ്മദ് അലി ശീറാസീ എന്നാണ് ഇയാളുടെ പേര് എന്നും അഭിപ്രായമുണ്ട്. ശിയാക്കളിലെ ഇഥ്നാ അശരികളിൽ പെട്ട വ്യക്തിയായിരുന്നു ഇയാൾ. താൻ മഹ്ദിയാണ് എന്ന വാദം ഉന്നയിച്ചു കൊണ്ട് ആദ്യം അവരിൽ നിന്ന് വേറിട്ടു നിന്ന ഇയാൾ, പിന്നീട് അല്ലാഹു എന്നിൽ അലിഞ്ഞു ചേർന്നിരിക്കുന്നു എന്നായിരുന്നു ജൽപ്പിച്ചത്! ജനങ്ങളുടെ ദൈവമായി സ്വയം പരിചയപ്പെടുത്തിയ ഈ ധിക്കാരി പിന്നീട് പുനരുത്ഥാനത്തെയും വിചാരണയെയും സ്വർഗനരകങ്ങളെയും നിഷേധിച്ചു. ഔന്നത്യവാനായ റബ്ബ് ഇത്തരം നിഷേധികളായ ധിക്കാരികളുടെ കെട്ടിച്ചമക്കലുകളിൽ നിന്നെല്ലാം ഉന്നതനാകുന്നു. കാലക്രമേണ തനിനിഷേധികളായ ബ്രാഹ്മണരുടെയും ബുദ്ധരുടെയും വിശ്വാസം സ്വീകരിച്ച ശീറാസി യഹൂദരും നസ്വാറാക്കളും മുസ്ലിംകളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന് ജൽപിക്കുകയും, അന്തിമ പ്രവാചകനായ മുഹമ്മദ് നബി -ﷺ- യുടെ പ്രവാചകത്വത്തെ നിഷേധിക്കുകയും ഇസ്ലാമിലെ അനേകം വിധിവിലക്കുകളെ തള്ളിപ്പറയുകയും ചെയ്തു. ഇയാളുടെ കാലശേഷം, ശീറാസിയുടെ വലങ്കയ്യായിരുന്ന ബഹാഅ് എന്ന വ്യക്തി ഇയാളുടെ ആശയം പ്രചരിപ്പിക്കുകയും, ജനങ്ങൾക്കിടയിൽ ഇയാൾക്കുള്ള പ്രചാരം വർദ്ധിക്കുകയും ചെയ്തു. ഈ ബഹാഇലേക്ക് ചേർത്തി കൊണ്ടാണ് ബഹാഇകൾ എന്ന പേര് പ്രചരിച്ചത്.

4- ഇസ്ലാമിൽ നിന്ന് പുറത്തു പോയ മറ്റൊരു വലിയ കക്ഷി കൂടിയുണ്ട്. ഇവർ തങ്ങൾ മുസ്ലിംകളാണെന്ന് വാദിക്കുകയും, നിസ്കരിക്കുകയും നോമ്പെടുക്കുകയും ഹജ്ജ് നിർവ്വഹിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ പോലും അവർക്ക് ഇസ്ലാമുമായി ബന്ധമില്ല. ജിബ്രീൽ -عليه السلام- അല്ലാഹു ഏൽപ്പിച്ച സന്ദേശത്തിന്റെ കാര്യത്തിൽ വഞ്ചന കാണിച്ചിട്ടുണ്ട് എന്നും, അലി -رضي الله عنه- വിന് എത്തിക്കേണ്ട സന്ദേശം മുഹമ്മദ് നബി -ﷺ- ക്ക് എത്തിച്ചു നൽകുകയാണ് ചെയ്തത് എന്നും അവർ വാദിക്കുന്നു. അലി -رضي الله عنه- തന്നെയാണ് അല്ലാഹു എന്ന് വാദിക്കുകയും, അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സന്താനപരമ്പരയെയും പത്നിയായിരുന്ന ഫാത്വിമ -رضي الله عنها- യെയും അവരുടെ മാതാവ് ഖദീജയെയും -رضي الله عنها- ആദരിക്കുന്നതിൽ അതിരു കവിയുകയും ചെയ്യുന്നു ഇക്കൂട്ടർ. അവരിൽ ചിലർ ഈ പറഞ്ഞവരെല്ലാം അല്ലാഹുവിനോടൊപ്പമുള്ള ദൈവങ്ങളാണെന്നും, അവർ തെറ്റുകൾ സംഭവിക്കുന്നതിൽ നിന്ന് സുരക്ഷിതരാണെന്നും, അല്ലാഹുവിങ്കൽ അവർക്കുള്ള സ്ഥാനം മുഹമ്മദ് നബി -ﷺ- യേക്കാൾ ഉയർന്നതാണെന്നും വരെ വാദിച്ചിട്ടുണ്ട്.

മുസ്ലിംകളുടെ പക്കൽ ഇപ്പോഴുള്ള ഖുർആനിൽ അനേകം കൂട്ടിക്കടത്തലുകളും മാറ്റത്തിരുത്തലുകളും സംഭവിച്ചിട്ടുണ്ട് എന്നും, തങ്ങൾക്ക് പ്രത്യേകമായി മറ്റൊരു മുസ്ഹഫ് ഉണ്ട് എന്നും ഇവർ വാദിക്കുന്നു. തങ്ങൾക്ക് മാത്രമായി ചില പ്രത്യേക വചനങ്ങളും അദ്ധ്യായങ്ങളും അവർ നിർമ്മിച്ചുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം നബി -ﷺ- കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠതയുള്ളത് അബൂബക്ർ സിദ്ധീഖ് -رضي الله عنه- വിനും, ഉമർ ബ്നുൽ ഖത്താബ് -رضي الله عنه- വിനുമാണെങ്കിൽ ഈ വിഭാഗം അവരെ രണ്ടു പേരെയും ചീത്ത വിളിക്കാനും അധിക്ഷേപിക്കാനും മത്സരിക്കുന്ന കൂട്ടരാണ്. വിശ്വാസികളുടെ മാതാവായ ആഇശ -رضي الله عنها- യെയും ഇവർ കഠിനമായി അധിക്ഷേപിക്കുന്നു. അലി -رضي الله عنه- നോടും അദ്ദേഹത്തിന്റെ സന്താനങ്ങളോടും സന്തോഷവേളയെന്നോ സങ്കടത്തിന്റെ നേരമെന്നോ വ്യത്യാസമില്ലാതെ സഹായം തേടുകയും, അല്ലാഹുവിന് പുറമെ അവരെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് ഇക്കൂട്ടർ. അലി -رضي الله عنه- വും അദ്ദേഹത്തിന്റെ സന്താനങ്ങളും ഈ വാദങ്ങളിൽ നിന്നും അവ പ്രചരിപ്പിക്കുന്നവരിൽ നിന്നും പരിശുദ്ധരാണ്. അല്ലാഹുവിന്റെ മേൽ കളവ് കെട്ടിച്ചമക്കുകയും, അവന്റെ വചനങ്ങളെ ദുർവ്യാഖ്യാനിക്കുകയും, അല്ലാഹുവിന്റെ സൃഷ്ടികളെ അവനോടൊപ്പമുള്ള ആരാധ്യന്മാരായി അവരോധിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഇക്കൂട്ടർ പറയുന്ന വാദങ്ങളിൽ നിന്ന് അല്ലാഹു പരമപരിശുദ്ധൻ തന്നെ!

ഇത്രയും നാം പറഞ്ഞത് ഇസ്ലാമിലേക്ക് സ്വയം ചേർത്തി പറയുന്ന, നിഷേധികളായ കക്ഷികളെ കുറിച്ചാണ്. അതിനാൽ -ബുദ്ധിയുള്ള മുസൽമാനേ!- ഇത്തരം പിഴച്ച കക്ഷികളെ നീ കരുതിയിരിക്കുക. ഇസ്ലാമെന്നാൽ കേവലം അവകാശവാദങ്ങളല്ലെന്ന് നീ തിരിച്ചറിയുക. മറിച്ച് വിശുദ്ധ ഖുർആനും തിരുസുന്നത്തും പഠിച്ചു മനസ്സിലാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമ്പോഴാണ് ഒരാൾ യഥാർത്ഥ മുസ്ലിമാകുന്നത്. അതിനാൽ ഖുർആനും സുന്നത്തും നീ നന്നായി പഠനവിധേയമാക്കുക. അതിൽ യഥാർത്ഥ സന്മാർഗവും, പ്രകാശവും നേരായ വഴിയും

നിനക്ക് കണ്ടെത്താൻ സാധിക്കും. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൻ്റെ സ്വർഗത്തിലേക്കും അവിടെയുള്ള സുഖാനുഗ്രഹങ്ങളിലേക്കും എത്തിപ്പെടാനുള്ള വഴി നിനക്കത് കാണിച്ചു നൽകും.

***

രക്ഷയിലേക്കുള്ള ക്ഷണം

ബുദ്ധിയുള്ള മനുഷ്യരേ! നീ പുരുഷനോ സ്ത്രീയോ ആകട്ടെ; ഇപ്പോഴും നീ ഇസ്ലാമിലേക്ക് പ്രവേശിച്ചിട്ടില്ലെങ്കിൽ രക്ഷയിലേക്കും സൗഭാഗ്യത്തിലേക്കുമായി ഞാൻ നിന്നെ ക്ഷണിക്കട്ടെ.

മരണ ശേഷം ഖബ്റിലും, ശേഷം നരകാഗ്നിയിലും നിന്നെ കാത്തിരിക്കുന്ന ശിക്ഷയിൽ നിന്ന് സ്വയം രക്ഷപ്പെടുക.

അല്ലാഹുവിനെ നിൻ്റെ റബ്ബായും, മുഹമ്മദ് നബി -ﷺ- യെ അവൻ്റെ ദൂതനായും, ഇസ്ലാമിനെ മതമായും നീ തൃപ്തിപ്പെടുക; സത്യസന്ധമായ ഹൃദയത്തോടെ ഉച്ചരിക്കുക: 'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്.' (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല. മുഹമ്മദ് നബി -ﷺ- അല്ലാഹുവിൻ്റെ ദൂതനാകുന്നു.) അഞ്ചു നേരത്തെ നിസ്കാരംനിർവഹിക്കുകയും, നിൻ്റെ സമ്പത്തിലെ സകാത്ത് നൽകുകയും, റമദാൻ മാസത്തിൽ നോമ്പ് അനുഷ്ഠിക്കുകയും, -നിനക്ക് സാധ്യമായ സ്ഥിതിയുണ്ടെങ്കിൽ- അല്ലാഹുവിൻ്റെ ഭവനമായ കഅ്ബയിലേക്ക് ഹജ്ജ് നിർവ്വഹിക്കുകയും ചെയ്യുക.

അല്ലാഹുവിനുള്ള നിൻ്റെ സമർപ്പണം (ഇസ്ലാം) നീ പ്രഖ്യാപിക്കുക; അതിലല്ലാതെ നിനക്ക് രക്ഷയോ സൗഭാഗ്യമോ ഇല്ല. (84)

അല്ലാഹുവിൻ്റെ മേൽ ശപഥം ചെയ്തു കൊണ്ട് ഞാൻ പറയട്ടെ; ഇസ്ലാം എന്ന ഈ മതമല്ലാതെ സത്യമതമായി മറ്റൊന്നില്ല. ഇതല്ലാത്ത മറ്റൊരു മതവും അല്ലാഹു ഒരാളിൽ നിന്നും സ്വീകരിക്കുകയില്ല. അല്ലാഹുവിനെയും അവൻ്റെ മലക്കുകളെയും സർവ്വ സൃഷ്ടികളെയും സാക്ഷി നിർത്തികൊണ്ട് ഞാൻ പറയട്ടെ; അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല. മുഹമ്മദ് നബി -ﷺ- അല്ലാഹുവിൻ്റെ ദൂതനാകുന്നു. ഇസ്ലാമാകുന്നു ശരിയും യാഥാർത്ഥ്യവും. ഞാൻ മുസ്ലിമീങ്ങളിൽ പെട്ടവനാണെന്ന് ഞാനിതാ പ്രഖ്യാപിക്കുന്നു.

അല്ലാഹു എന്നെ മുസ്ലിമായി മരിപ്പിക്കണമെന്നും, എൻ്റെ സന്താനങ്ങളെയും എൻ്റെ സർവ്വ സഹോദരങ്ങളെയും ഇസ്ലാമിൽ നിലകൊള്ളുന്നവരായി മരിപ്പിക്കണമെന്നും, നമ്മെയെല്ലാം അവൻ്റെ സ്വർഗത്തിൽ നമ്മുടെ നബിയോടൊപ്പം -ﷺ- ഒരുമിച്ചു കൂട്ടണമെന്നും, എല്ലാ റസൂലുകളോടും നബി -ﷺ- യുടെ അനുചരന്മാരോടും അനുയായികളോടുമൊപ്പം നമ്മെ സ്വർഗത്തിൽ പ്രവേശിപ്പിക്കണമെന്നും ഞാൻ അല്ലാഹുവിനോട് തേടുന്നു. ഈ ഗ്രന്ഥം വായിക്കുകയും കേൾക്കുകയും ചെയ്യുന്നവർക്കെല്ലാം ഇത് പ്രയോജനകരമായി തീരണമെന്നും ഞാൻ അവനോട് പ്രാർത്ഥിക്കുന്നു. അല്ലാഹുവേ! ഞാൻ എത്തിച്ചു നൽകിയിരിക്കുന്നു എന്നതിന് നീ സാക്ഷിയാവുക!

والله أعلم، وصلى الله وسلم على نبينا محمد، وعلى آله وصحبه، والحمد لله رب العالمين.

***

ഏതാണ് സത്യമതം?
ആമുഖം
അദ്ധ്യായം ഒന്ന്: ഉന്നതനായ സ്രഷ്ടാവിനെ -അല്ലാഹുവിനെ- (1) അറിയുക
അദ്ധ്യായം രണ്ട്: മുഹമ്മദ് നബി -ﷺ- യെ അറിയുക.
അദ്ധ്യായം മൂന്ന്: ഇസ്ലാമാകുന്ന ശരിയായ മതത്തെ കുറിച്ച് അറിയുക.
അദ്ധ്യായം നാല്: ഇസ്ലാമിന്റെ മാർഗം
ചില ആശയക്കുഴപ്പങ്ങൾക്ക് മറുപടി